വാല്യം 41

വെളിയനാട് ബ്ലോക്ക്

(ആലപ്പുഴ ജില്ല)

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വികസനരേഖ



മുട്ടാർ ഗ്രാമപഞ്ചായത്ത്

THE MUTTAR PANCHAYAT
MUTTAR P.O

മുട്ടാർ ഗ്രാമപഞ്ചായത്ത്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

വികസന റിപ്പോർട്ട്
1996



രാജീവ് ഗാന്ധി

പഞ്ചായത്തീ രാജ് നിയമത്തിന്റെ
കർമ്മസാരഥി.




ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്

ജനകീയാസൂത്രണ
പ്രസ്ഥാനത്തിന്റെ ചെയർമാൻ

(ആദ്യത്തെ മുഖ്യമന്ത്രി)

പ്രഥമ പഞ്ചായത്ത് പ്രസിഡന്റ്



എൻ. ശിവരാമപിള്ള B.A., L.T.

സ്മരണാഞ്ജലി



പുന്നൂസ് ജോസഫ്

കർമ്മ നിരതമായ സേവന പന്ഥാവിൽ ജീവിതം
അർപ്പിച്ച ദിവംഗതനായ പഞ്ചായത്ത് മെംബെർ


പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

പ്രസിഡൻറ്




ത്രേസ്യാമ്മ ഏബ്രഹാം

വൈസ്.പ്രസിഡൻറ്



സെബാസ്റ്റ്യൻ ജോസഫ്

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



വി. എൻ. വിശ്വംഭരൻ

മെമ്പറൻമാർ




മോഹൻ ജോസ് മാത്യു



ലീലാമ്മ ജോസഫ്



വത്സമ്മ ദേവസ്യാ



ശശിധരൻ തങ്കപ്പൻ



പൊന്നമ്മ കെ. ജെ. തൊമ്മി

പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ


ത്രേസ്യാമ്മ ഏബ്രഹാം	- പ്രസിഡൻറ്
സെബാസ്റ്റ്യൻ ജോസഫ്	- വൈസ് പ്രസിഡൻറ്
വി. എൻ. വിശ്വംഭരൻ	- സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
മോഹൻ ജോസ് മാത്യു	- മെമ്പർ - വാർഡ് -3
ലീലാമ്മ ജോസഫ്	- മെമ്പർ - വാർഡ് -4
വത്സമ്മ ദേവസ്യാ	- മെമ്പർ - വാർഡ് -6
ശശിധരൻ തങ്കപ്പൻ	- മെമ്പർ - വാർഡ് -7
പൊന്നമ്മ കെ. ജെ. തൊമ്മി	- മെമ്പർ - വാർഡ് -8

പഞ്ചായത്ത് ജീവനക്കാർ

കെ. ഷൈലമ്മ	- സെക്രട്ടറി	വി. എൽ. മോനിച്ചൻ	- LDC
പി. ശാന്തമ്മ	- H.C	എം. സി. രാജമ്മാൾ	- Peon
തോമസ് ഗിൽറോയി നെറ്റോ	- UDC	വി. നിക്കോളാസ്	- സൈറൺ ഓപ്രേറ്റർ
ജെ. ഗോപാലകൃഷ്ണപിള്ള	- UDC	പി. സരസ്വതിയമ്മ	
സജുമോൻ പത്രോസ്	- LDC		

വികസന റിപ്പോർട്ട് തയ്യാറാക്കാൻ സഹകരിച്ചവർ

1. പി. എസ്. ഈപ്പൻ
2. പി. കെ. വേണുഗോപാൽ
3. കെ. കെ. കൃഷ്ണൻ കുട്ടി
4. കെ. കെ. ശ്രീധരൻ
5. സനൽ കുമാർ
6. പി. എ. തോമസ്
7. അഡ്വ. മുട്ടാർ ഗോപാലകൃഷ്ണൻ
8. കെ. ആർ. വിശ്വംഭരകുറുപ്പ്
9. കെ. ഐ. ചാക്കോ
10. എൻ. റ്റി. ജോസ്
11. ഒ. പി. ജോസഫ്
12. വി. എ. ജോസഫ്
13. ജോസ് ചുങ്കപ്പുര
14. പി. ജെ. വർക്കി
15. ജയിംസ് പത്തിൽ
16. തോമസുകുട്ടി മാത്യു
17. ഭാസ്ക്കര പിള്ള
18. രാജു സേവ്യർ



ഭിന്നശേഷിക്കാരുടെ

മേഖലയിൽ

ജോയി മുട്ടാർ

ഡി.സി. കുര്യൻ മിത്രക്കരി

സി. വി. വർക്കി പാമ്പുന്നയിൽ

എം. വി. ആൻറണി മണലിൽ

കെ. ജി. സുരേഷ് കാവേരിക്കാട്

ചെറിയാൻ കുര്യാക്കോസ് ചീരഞ്ചിറയിൽ

എം. കെ. ഗോപാലകൃഷ്ണൻ മുണ്ടുവേലിൽ

കെ. ഇ. ഭാസ്കരൻകുട്ടി ഗ്രാമ്പിക്കൽ കരടുവംപറമ്പിൽ

താളുകൾ മറിക്കുമ്പോൾ

1. ആമുഖം

പൊതുവിവരങ്ങൾ

സാമൂഹിക സാംസ്ക്കാരിക ചരിത്രപശ്ചാത്തലം

ഭൂ പ്രകൃതിയും വിഭവങ്ങളും

2. പ്രാഥമിക മേഖല (വികസന മേഖലകൾ)

കൃഷിയും ജലസേചനവും

മൃഗസംരക്ഷണം

മത്സ്യ ബന്ധനം

2. ദ്വിതീയ മേഖല

വ്യവസായം

ഊർജ്ജം

ഗതാഗതം

പാർപ്പിടവും സാമൂഹ്യക്ഷേമവും

സേവനങ്ങളും ക്ഷേമപ്രവർത്തനങ്ങളും

ആരോഗ്യം

ജലലഭ്യത, കുടിവെള്ളം

വിദ്യാഭ്യാസം

സംസ്ക്കാരം

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

വനിതാ ക്ഷേമം

സഹകരണ മേഖല

വിഭവസമാഹരണം

ആമുഖം

1992 ഡിസംബർ 20-ാം തീയതി ഇൻഡ്യൻ പാർലമെൻറ് പാസ്സാക്കിയ 73-ാം ഭരണഘടനാ ഭേദഗതി നിർദ്ദേശാനുസരണം രാഷ്ട്രപതിയുടെ അനുമതി ലഭിച്ച മുറയ്ക്ക് 1994 ഏപ്രിൽ 23-ാം തീയതി കേരളാ പഞ്ചായത്തു രാജ് നിയമം നിലവിൽ വന്നു. ഗ്രാമസഭകളിലും നഗരസഭകളിലും ജനകീയ ഭരണസംവിധാനം 73-ാം ഭരണഘടനാ ഭേഗതിയിലൂടെ നടപ്പിലായി. രാഷ്ട്രപിതാവായ മഹാത്മജി സ്വപ്നം കണ്ട ഗ്രാമസ്വരാജ് എന്ന മഹത്തായ ആശയം പ്രാവർത്തികമാകുന്നതിലേക്കുള്ള പ്രാരംഭ നടപടികൾ ആയി.

പദ്ധതി നടത്തിപ്പിൽ ജനങ്ങളുടെ പ്രത്യക്ഷത്തിലുള്ള പങ്കാളിത്തമാണ് ജനകീയാസൂത്രണമെന്ന പ്രക്രിയ കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിൻെറ ഒൻപതാം പദ്ധതി ജനപങ്കാളിത്തത്തോടെ താഴെതട്ടിൽ നിന്നും ആസൂത്രണം ചെയ്യുക എന്ന ഉത്തര വാദിത്വമേറിയ ഘട്ടത്തിലാണ് ഇന്നു നാം നിൽക്കുന്നത്. ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തുക പഞ്ചായത്തു രാജ് സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കായി അനുവദിക്കും എന്നാണ് മുഖ്യമന്ത്രി ഇ. കെ. നായനാർ പറഞ്ഞിരിക്കുന്നത്.

ജനാധിപത്യ ഭരണക്രമത്തിൻെറ അടിസ്ഥാനം പ്രാദേശിക സ്വയംഭരണവും വികസനവുമാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് 1992-ലെ 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ വിപ്ലാവത്മകമായ പഞ്ചായത്തുരാജ് നിലവിൽ വന്നത്. 8-ാം പഞ്ചാവത്സര പദ്ധതിയുടെ അവസാനഘട്ടത്തിൽ എത്തിനിൽക്കുന്ന നാം തിരിഞ്ഞു നോക്കുമ്പോൾ നമുക്ക് അഭിമാനിക്കാവുന്ന ഒട്ടേറെ നേട്ടങ്ങൾ കാണാൻ കഴിയും. 1951-ൽ ഒന്നാം പഞ്ചവത്സര പദ്ധതിയുടെ അടങ്കൽ തുക 2378 കോടി രൂപ ആയിരുന്നത് 8-ാം പദ്ധതിയിൽ 7 ലക്ഷത്തിതൊണ്ണൂറ്റി എണ്ണായിരം രൂപയിൽ എത്തിനിൽക്കുന്നു. 1947 -ൽ മുട്ടുസൂചി മുതൽ ഉടുതുണിവരെ ഇറക്കുമതിയിലൂടെ ലഭ്യമാക്കിയുരുന്ന ഈ രാഷ്ട്രം ഇന്ന് ആഭ്യന്തര ഉപഭോഗാവശ്യങ്ങളുടെ ഭൂരിഭാഗവും സ്വദേശനിർമ്മിത സാധനങ്ങളിലൂടെ നിർവ്വഹിക്കുന്നു. ജനാധിപത്യ വ്യവസ്ഥിതി നിലനിർത്തിക്കൊണ്ടുതന്നെ ശാസ്ത്രസാങ്കേതിക രംഗത്ത് മുന്നാം ലോക രാഷ്ട്രങ്ങളുടെ നേതൃസ്ഥാനത്തേക്ക് ഉയരാൻ കഴിഞ്ഞത് അഭിമാനകരമായ ഒരു നേട്ടമാണ്. ഈ നേട്ടങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് ആസൂത്രണ പ്രക്രിയയിൽ പുതിയൊരു മാറ്റത്തിന് സംസ്ഥാന പ്ലാനിംഗ് ബോർഡും തദ്ദേശ സ്വയംഭരണവകുപ്പും നേതൃത്വം കൊടുക്കുകയാണ്. 1996 ആഗസ്റ്റ് 17-ാം തീയതി ഔപചാരികമായി ഉത്ഘാടനം ചെയ്യപ്പെട്ട ഈ പ്രസ്ഥാനം രണ്ടാംഘട്ടമായ വികസന സെമിനാറിൽ എത്തി നിൽക്കുകയാണ്. ആസൂത്രണ പ്രസ്ഥാനത്തിൻെറ ഒന്നാംഘട്ടത്തിൽ ഗ്രാമസഭകളിൽ നിന്നും കിട്ടിയ നിർദ്ദേശങ്ങളുടേയും വിവിധ സർക്കാർ ഓഫീസുകളിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന വികസന റിപ്പോർട്ട് ചർച്ച ചെയ്യുകയാണ് വികസന സെമിനാറിൻെറ ഉദ്ദേശം.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാംഘട്ടം നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വിജയകരമായി പൂർത്തിയാക്കപ്പെട്ടു. എല്ലാവിഭാഗം ജനങ്ങളെയും രാഷ്ട്രീയത്തിനതീതമായി വികസന കാര്യങ്ങളുടെ ചർച്ചയിൽ പങ്കെടുപ്പിക്കുന്നതിനു സാധിച്ചു. ഈ ഗ്രാമപഞ്ചായത്തിലെ ഒന്നു മുതൽ എട്ടുവരെയുള്ള വാർഡുകളിലെ ഗ്രാമസഭകൾ കൂടി, അവയിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ പഠിച്ച് അവ മുൻഗണനാക്രമത്തിൽ ക്രോഡീകരിച്ചു. അതേ തുടർന്ന് പഞ്ചായത്തടിസ്ഥാനത്തിൽ D. R. P. മാരുടേയും L.R. P. മാരുടേയും ശില്പശാല പഞ്ചായത്താഫീസിൽ വെച്ചുനടന്നു. ശിലപ്ശാലയിൽ നിന്നും ലഭിച്ച നിർദ്ദേശാനുസരണം സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുന്നതിനും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനും വേണ്ടി വിവിധ മേഖലകളിലുള്ള വിദഗ്ദരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗ്രൂപ്പുകൾക്ക് രൂപം നൽകി. ഈ വിദഗ്ധ ഗ്രൂപ്പുകൾ ശേഖരിച്ച വിവരങ്ങൾ വെച്ചുകൊണ്ട് തയ്യാറാക്കപ്പെട്ട സമഗ്രമായ ഒരു വികസന റിപ്പോർട്ടാണിത്. ഈ ഒമ്പതാം പദ്ധതി ജനകീയാസൂത്രണ പദ്ധതി- വികസനരംഗത്ത് ഒരു പുതുപുത്തൻ ചക്രവാളം സൃഷ്ടിക്കുമെന്ന പ്രതീക്ഷയോടുകൂടി ഇതിന്റെ പരിപൂർണ്ണ വിജയ സമാപ്തിക്കായി നമുക്കേവർക്കും തോളോടുതോൾ ചേർന്ന് ഒറ്റക്കെട്ടായി പ്രവർത്തിക്കാം.

വാർഡ് നമ്പർ	യോഗം ചേർന്ന തീയതി	പങ്കെടുത്തവരുടെ എണ്ണം		ആകെ	പങ്കെടുത്ത ഉദ്യോഗസ്ഥർ	എസ്/എസ്.ടി. അംഗങ്ങളുടെ എണ്ണം
		സ്ത്രീ	പു.			
1	5 - 10 - 96	27	92	119	2	10
2	12 - 10 -96	61	149	210	3	15
3	6 - 10 - 96	25	143	168	2	12
4	1 - 10 - 96	72	129	201	4	13
5	28 - 8 - 96	50	102	152	8	11
6	4 - 10 - 96	98	137	235	3	24
7	5 - 10 - 96	43	109	152	4	20
8	8 - 10 - 96	41	115	156	5	16
ആകെ.		417	1809	1393		

പൊതുവിവരങ്ങളും, ഭരണപരമായ ചരിത്രവും

പഞ്ചായാത്തിന്റെ പേര്	-	മുട്ടാർ
റവന്യൂ വില്ലേജ്	-	മുട്ടാർ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	-	മുട്ടാർ
ബ്ലോക്ക് പഞ്ചായത്ത്	-	വെളിയനാട്
താലൂക്ക്	-	കുട്ടനാട്
ജില്ല	-	ആലപ്പുഴ
അസംബ്ലി മണ്ഡലം	-	കുട്ടനാട്
വിസ്തീർണ്ണം	-	10.48 ച. കി.
ജനസംഖ്യ	-	14883
വാർഡുകൾ	-	8 (എട്ട്)
പ്രസിഡൻറ്	-	ത്രേസ്യാമ്മ ഏബ്രഹാം
വൈസ് പ്രസിഡൻറ്	-	സെബാസ്റ്റ്യൻ ജോസഫ്
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ	-	വി. എൻ. വിശ്വംഭരൻ

ഭരണ ചരിത്രം

തിരുകൊച്ചി പ്രദേശത്ത് പഞ്ചായത്തുകൾ രൂപം കൊണ്ട 1950-ൽ, തന്നെ മുട്ടാർ പഞ്ചായത്തും രൂപം കൊണ്ടു. അന്ന് മുട്ടാർ ഗ്രാമം കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ ഉൾപ്പെട്ടിരുന്നതുകൊണ്ട് ആ താലൂക്കിലെ പൂവം ളായിക്കാട് എന്നീ പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് മുട്ടാർ പഞ്ചായത്ത് രൂപം കൊണ്ടത്. കുട്ടനാടു താലൂക്ക് രൂപീകൃതമായപ്പോൾ മുട്ടാർ ആ താലൂക്കിൽ ഉൾപ്പെടുത്തുകയും പൂവം, ളായിക്കാട് പ്രദേശങ്ങൾ ഈ പഞ്ചായത്തിൽ നിന്നും വിടർത്തിയതിനുശേഷം രാമങ്കരി പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന മിത്രക്കരിപ്രദേശം ഇതിനോടു ചേർക്കുകയും ചെയ്തു.

കിഴക്കു മണിമലയാറ് പത്തനംതിട്ട, കോട്ടയം ജില്ലകളെ ഈ പഞ്ചായത്തിൽ നിന്നും വേർതിരിക്കുന്നു. വടക്ക് വെളിയനാട്, രാമങ്കരി പഞ്ചായത്തുകളും, പടിഞ്ഞാറ് രാമങ്കരി പഞ്ചായത്തും തെക്ക് എടത്വാ തലവടി പഞ്ചായത്തുകളുമാണ്. പഞ്ചായത്താഫീസ്, വില്ലേജാഫീസ്, പോസ്റ്റ് ആൻഡ് ടെലഗ്രാഫ് ഓഫീസ് ജനന മരണ രജിസ്റ്റർ ഓഫീസ്, വി. ഇ. ഓഫീസ്, കൃഷി ഭവൻ എന്നീ ഓഫീസുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ശശിധരൻ തങ്കപ്പൻ, പൊന്നമ്മ തോമസ്, വത്സമ്മ ദേവസ്യാ, ലീലാമ്മ ജോസഫ് എന്നിവർ പഞ്ചായത്തു സമിതി അംഗങ്ങളാണ്. മറ്റൊരംഗമായിരുന്ന പുന്നൂസ് ജോസഫ് 29-8-96 ൽ നിര്യാതനായി പകരം മൂന്നാം വാർഡിലെ മെമ്പറായി മോഹൻ ജോസ് മാത്യു തെരഞ്ഞെടുക്കപ്പെട്ടു.

ഈ പഞ്ചായത്തിൽ താഴെ പറയുന്നവർ ഭരണസാരഥ്യം വഹിച്ചിരിക്കുന്നു.

1. എൻ. ശിവരാമപിള്ള
2. പി. റ്റി. ഈപ്പൻ
3. പി. ഡി. ലൂക്ക്
4. പി. ജെ. തൊമ്മി
5. ജോയി മുട്ടാർ
6. അലക്സാണ്ടർ ആൻറണി
7. റ്റി. എ. തോമസ്

അന്തരിച്ച പി. റ്റി. ഈപ്പൻ പ്രസിഡൻറായിരുന്ന കാലത്ത് പഞ്ചായത്താഫീസിന്റെ ഉദ്ഘാടനം 5-5-58-ൽ വകുപ്പുമന്ത്രി പി. കെ. ചാത്തൻ മാസ്റ്റർ നിർവ്വഹിച്ചു.

സാമൂഹിക സാംസ്കാരിക ചരിത്രം

മുട്ടാർ എന്ന പേരിന്റെ ആഗമനം.

മനോഹരിയായ മണിമലയാറിന്റെ മണിമുറ്റത്താണ് മുട്ടാർ-മിത്രക്കരി ഗ്രാമങ്ങൾ. ഈ ഭൂവിഭാഗത്തിന്റെ അധികപങ്കും മനുഷ്യനിർമ്മിതമാണ്.

ചെമ്പകശ്ശേരി രാജാവ് പടയോട്ടം നടത്തി വടക്കു ഭാഗത്തേക്ക് നീങ്ങി. അദ്ദേഹവും സൈന്യങ്ങളും നദീതീരത്തെത്തിയപ്പോൾ, മുത്തുപോലെ തെളിഞ്ഞൊഴുകുന്ന പുഴകണ്ട് 'മുത്താർ' എന്നു വിളിച്ചത് പിൽക്കാലത്ത് ഈ ഗ്രാമത്തിന്റെ പേരായി മാറി, കാലക്രമത്തിൽ മുത്താർ മുട്ടാറിയിത്തീർന്നു. മിത്രൻ എന്ന ഗ്രാമാധിപന്റെ പ്രദേശമായിരുന്നതിനാലാവാം മിത്രക്കരിയെന്നു പേരുണ്ടായത്.

മുട്ടാറിന്റെ ചരിത്രപശ്ചാത്തലത്തിലേക്ക് കടന്നു ചെല്ലുമ്പോൾ, ഒന്നാം നൂറ്റാണ്ടുമുതൽ നിലനിന്നിരുന്ന കുട്ടനാട്ടിലെ 13 പകുതികളിൽ 64 കരകൾ (ഗ്രാമങ്ങൾ) ഉണ്ടായിരുന്നതായും അതിൽ മുട്ടാർ എന്ന ഭൂവിഭാഗം ഉൾപ്പെട്ടിരുന്നതായും ചരിത്രരേഖകളിൽ കാണുന്നു. ഏ.ഡി. 8-ാം നൂറ്റാണ്ടിൽ ഒരു അജ്ഞാത നാമാവ് രചിച്ച ''പെരിപ്ലസ് ഓഫ് ദി എരിത്രിയൻ സീ'' (ചെങ്കടലിലൂടെയുള്ള ഭൂപര്യടനം) എന്ന ഗ്രന്ഥത്തിലും 'പ്ലിനിയുടെ ഒരു ഗ്രന്ഥത്തിലും ഒന്നാം നൂറ്റാണ്ടിലെ കുട്ടനാടിനെപ്പറ്റി പരാമർശമുണ്ട്. അങ്ങനെ 2000 വർഷം പഴക്കമുള്ള നമ്മുടെ നാട് ചരിത്രമുറങ്ങുന്ന ഒരു ഭൂവിഭാഗമാണ്. ഖാണ്ഡവദഹനവും ഇവിടെയാണ് നടന്നതെന്നും ഒരു ഐതിഹ്യം ഉണ്ട്.

എന്നാൽ ഏ.ഡി. 8-ാം നൂറ്റാണ്ടിൽ കുട്ടനാട് എന്നവൻകാട് അഗ്നിക്കിരയായുവുകയും പിന്നീടുള്ള കുറെ നൂറ്റാണ്ടുകൾ മരുഭൂമിയായി കിടക്കുകയും ചെയ്തു. അന്നുതൊട്ട് ചുട്ടനാടെന്നറിയപ്പെട്ടിരുന്ന ഈ ഭൂവിഭാഗം പിൽക്കാലത്ത് കുട്ടനാടായിത്തീർന്നു. കുട്ടനാട് പൊതുവേ കരിപ്രദേശങ്ങളായതിനുകാരണവും ഈ അഗ്നിബാധയാണെന്നു വിശ്വസിക്കപ്പെടുന്നു.

ഒരു പുരാതന ഗ്രന്ഥാവലിയിൽ മുട്ടാറിനെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തിക്കാണുന്നു. '' 64 ഗ്രാമങ്ങൾ എന്നു നിശ്ചയിച്ചതിൽ ഒന്നായ ശ്രീവല്ലഭ ഗ്രാമാധികാരികൾക്കുള്ളൊരു ദേശമെന്നു കണ്ട താങ്കൾക്കുള്ള ചാത്തൻ കരിദേശത്തു നിന്നും പടിഞ്ഞാട്ട് ചെമ്പകശ്ശേരി ചെങ്ങന്നൂർ ഗ്രാമാധികാരികൾക്കുള്ള 'വിത്തുറക്കരി'ക്കും (മിത്രക്കരി) കിഴക്കേ അറ്റം മുതൽ കരികേറിക്കിടക്കുന്നു മരുഭൂമി.....'' ടി ഗ്രന്ഥാവലിയിൽ തന്നെ മറ്റൊരിടത്ത് മുട്ടാറിനെപ്പറ്റി പറയുന്നതിപ്രകാരമാണ്. ''ചേരിക്കലിനും കിഴക്ക് ചാത്തൻകരിക്കും പടിഞ്ഞാറ് ആറൊഴുകിനിന്ന മുറിമുട്ടാറ് എന്ന് പേരും കല്പിച്ചു.

മുട്ടാർ എന്ന ഭൂപ്രദേശത്തെപ്പറ്റിവിവരിക്കുന്ന ഒരു പ്രധാനരേഖയാണ് തിരുവല്ല ചെപ്പേട് അതിൽ ഇപ്രകാരം പറയുന്നു.

''മുട്ടാറ്റിൽ ക്കൊറ്റൻ കരിയാൽ ചെല്ലുന്തിരുപമിർതു ഇരുനാഴി വിത്തെഴുപത്തൊം പറൈ.....വെൺപൊലിനാടും മുട്ടാറ്റിൽ മെൽ എണ്ണാഴിപ്പറൈയാൽ നൂറ്റിരൂപത്തൊം പറൈ വിത്തു കൊടുക്ക കടവിയർ''. ഈ പരാമർശത്തിൽ നിന്നും മുട്ടാർ വെൺപോലിനാടിന്റെ ഭാഗമായിരുന്നുവെന്ന് സിദ്ധിക്കുന്നു. മേൽ പ്രസ്താവിച്ചതിൽ നിന്നെല്ലാം മുട്ടാർ എന്ന ഗ്രാമാംഗന ചരിത്രാതീത കാലം മുതൽ തന്നെ പ്രശസ്തയും പ്രമുഖയും ആണെന്നു കാണാം.

മുട്ടാറിന്റെ ചരിത്രം- ഐതിഹ്യങ്ങളിലൂടെ

പഴമക്കാർ പരമ്പരയായി പറഞ്ഞുപോരുന്ന പല ഐതിഹ്യ കഥകളും ഈ ഗ്രാമത്തെക്കുറിച്ചുണ്ട്. അവയിലൊന്ന് ഇപ്രകാരമാണ്.

തുകലശ്ശേരി ഒരു ഘോരവനമായിരുന്ന കാലഘട്ടത്തിൽ അവിടെ മനുഷ്യമാംസം ഭക്ഷിക്കുന്ന തുകലാസുരൻ എന്നൊരാൾ ജീവിച്ചിരുന്നു. ജനങ്ങളെ അയാളിൽ നിന്നും രക്ഷിക്കുന്നതിനായി സാക്ഷാൽ മഹാവിഷ്ണു ഒരു ബ്രാഹ്മണന്റെ വേഷത്തിലെത്തുകയും തുകലാസുരന്റെ അവയവങ്ങൾ വെട്ടിമാറ്റി നാലുപാടും എറിയുകയും ചെയ്തു. അപ്പോൾ കാൽമുട്ടു വന്നുവീണ സ്ഥലമാണ് മുട്ടാറായി അറിയപ്പെടുന്നത്. മറ്റൊന്ന്, അക്കാലത്ത് ഈ ഗ്രാമത്തിലെ പ്രബലരായിരുന്ന കുന്നുതറ കൈമളും കാഞ്ഞിരക്കാട്ടു കൈമളും തമ്മിൽ നിലത്തെ സംബന്ധിച്ച് തർക്കം മൂത്തപ്പോൾ, കാഞ്ഞിരക്കാട്ടുകൈമളും ആൾക്കാരും ചേർന്ന് മണിമലയാറിന് മുട്ടിട്ട് നദിയുടെ ഗതി ഒറ്റരാത്രികൊണ്ട് വെട്ടിമാറ്റി ഇതിനായി നദിയിൽ മുട്ടിട്ടതിനാലാണ് പിൽക്കാല

ത്ത് മുട്ടാർ എന്ന പേരുവന്നത്.

നായർ, ഈഴവർ, ക്രൈസ്തവർ, പുലയർ, പറയർ, മണ്ണാർ, വിശ്വകർമ്മജർ, വേളാർ, ക്ഷുരകർ, എന്നീ വിഭാഗങ്ങളിൽപ്പെട്ടവർ ഈ പഞ്ചായത്തിൽ അധിവസിക്കുന്നു.

ആരാധനലയങ്ങൾ

ഈ നാടിന്റെ സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ സമൂലമായ പരിവർത്തനങ്ങൾ വരുത്തുന്നതിൽ കാര്യമായ പങ്കുവഹിച്ചത് ഈ നാട്ടിലെ മതസ്ഥാപനങ്ങളായ ഹൈന്ദവക്ഷേത്രങ്ങളും ക്രൈസ്തവ ദേവാലയങ്ങളുമാണ്.

ഈ ഗ്രാമത്തിലെ പുരാതന പ്രസിദ്ധമായ ഹൈന്ദവ ആരാധനാലയമാണ് മിത്രക്കരി ഭഗവതിക്ഷേത്രം ഈ ക്ഷേത്രത്തിന്റെ ഒരു സവിശേഷത ഇവിടുത്തെ ശ്രീകോവിലിൽ ഒരേ ദേവിയുടെ രണ്ടു പ്രതിഷ്ഠകൾ ഉണ്ടെന്നുള്ളതാണ്. ഇതിനു പിന്നിൽ പല ഐതിഹ്യങ്ങളും പ്രചാരത്തിലുണ്ട്. ഈ ക്ഷേത്രത്തിന്റെ ഉടമാവകാശം ചെങ്ങന്നൂർ പാണ്ടനാട് മിത്രമഠം ഭട്ടതിരിമാർക്കാണ്. ഇവിടുത്തെ പ്രസിദ്ധമായ ഉത്സവം മേടമാസം ഒന്നാം തീയതി മുതൽ 12 വരെ ആഘോഷിക്കുന്ന പത്താമുദയമഹോത്സവമാണ്. ഇവിടുത്തെ പ്രധാന വഴിപാടുകൾ തൂക്കവും ഗരുഡനുമാണ്. ഈ ക്ഷേത്രത്തിൽ എണ്ണതൊട്ട് ശുദ്ധീകരിക്കാൻ കൊടുങ്ങല്ലൂരിൽ നിന്നും കൊണ്ടുവരപ്പെട്ട ക്രിസ്തീയ കുടുംബമാണ് പീടിയേക്കൽ ചാത്തനാട്ടു കാവുക്ഷേത്രവും ആരാധനസ്ഥലമാണ്. മുട്ടാറിലെ കുട്ടുമ്മേൽ ഗണപതിക്ഷേത്രം കൊല്ലവർഷം 861-ൽ സ്ഥാപിക്കപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. വിഘ്നേശ്വരനായ ഗണപതി പ്രതിഷ്ഠക്കൊപ്പം വാഗ്ദേവതയായ സരസ്വതിയുടേയും പ്രതിഷ്ഠ ഈ ക്ഷേത്രത്തിലുണ്ട്. ഇപ്പോൾ ഈ ക്ഷേത്രം ദേവസ്വം ബോർഡിന്റെ അധീനതയിലാണ്.

പ്രസിദ്ധമായ കൊച്ചു കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം കൊല്ലവർഷം 899-ൽ സ്ഥാപിക്കപ്പെട്ടതാണ്. കുഴിക്കാട്ട് ഭട്ടതിരി കൊടുങ്ങല്ലൂരിൽ ഭജനയിരുന്ന് ദേവിയെ ആയുധത്തിൽ ആവാഹിച്ച് മുട്ടാറിൽ പ്രതിഷ്ഠിച്ചു. ഈ പ്രതിഷ്ഠ നടത്തിയത് മേടം പത്തിനായിരുന്നതു കൊണ്ടാണ് ഈ ക്ഷേത്രത്തിലെ പ്രധാന ഉത്സവം മേടം പത്തിനുതന്നെ ആഘോഷിച്ചുവരുന്നത്. കൊടുങ്ങല്ലൂരിൽ നിന്നും കൊണ്ടവരപ്പെട്ട ഭൂതഗണങ്ങളെ കുടിയിരുത്തുന്നതിനാവശ്യമായ സ്ഥലം ക്ഷേത്രദർശനവശത്തു തന്നെ സംഭാവന ചെയ്തത് പാറേൽ കുടുംബക്കാരാണ്. ക്ഷേത്രത്തിന്റെ വടക്കുഭാഗത്ത് 50 വാരയകലെ ഒരു കാവും പ്രതിഷ്ഠയുമുണ്ടായിരുന്നു. ക്ഷേത്രപ്രവേശന വിളംബരത്തിനു മുൻപ് അധ:കൃതർക്ക് വഴിപാടുകൾ അർപ്പിക്കുന്നതിനുള്ള സ്ഥലമായിരുന്നു അത്. ഈ ക്ഷേത്രത്തിൽ വിളക്കു കത്തിക്കുന്നതിനുപയോഗിക്കുന്ന എണ്ണതൊട്ടു ശുദ്ധീകരിക്കുന്നതിന് കൊണ്ടുവരപ്പെട്ട ക്രൈസ്തവരാണ് കോടിക്കൽ കുടുംബക്കാർ. അന്നുമുതലാണ് ഇവിടുത്തെ ക്രൈസ്തവാധിവാസമാരംഭിക്കുന്നത്.

ശ്രീ നാരായണ ഗുരുദേവന്റെ പാദസ്പർശമേറ്റ മാലത്തുശ്ശേരിൽ കാവിനുസമീപം ശിവലിംഗ പ്രതിഷ്ഠയുള്ള ത്രീശൂല നാരീശ്വരക്ഷേത്രം സ്ഥിതിചെയ്യുന്നു. മേടം പത്തിന് പത്താമുദയ മഹോത്സവം ഇവിടെ ആഘോഷിക്കുന്നു. ചേരമർ വിഭാഗത്തിന്റെ വകയായ നങ്ങ്യാകരിത്തറ കാവിൽ വിളക്കുവെയ്പും മറ്റുചടങ്ങുകളും നടക്കുന്നു.

മുട്ടാറിലെ പുരാതന പ്രസിദ്ധമായ സെൻറ് ജോർജ്ജ് ദൈവാലയം കൊല്ലവർഷം 1026-ൽ സ്ഥാപിതമായി. ഈ ഇടവകയുടെ മദ്ധ്യസ്ഥനായ വിശുദ്ധ ഗീവറുഗീസിന്റെ തിരുനാൾ മേടമാസം 22-ാം തീയതിയും, ഇവിടുത്തെ പ്രധാന തിരുനാളായ പരിശുദ്ധ കന്യകാമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ ഫെബ്രുവരി 2-ാം തീയതിയും ആഘോഷിക്കുന്നു.

മറ്റൊരിടവക ദൈവാലയമായ സെൻറ് തോമസ് പള്ളി (കുമരംചിറ പള്ളി) 1909-ൽ സ്ഥാപിതമായി. ഇടവക മദ്ധ്യസ്ഥനായ വി. തോമ്മാ ശ്ലീഹായുടെ തിരുനാൾ ഈസ്റ്ററിനുശേഷമുള്ള ആദ്യത്തെഞായറാഴ്ചയും (പുതുഞായർ) പ്രധാന തിരുനാളായ വിശുദ്ധ അന്തോനീസിന്റെ മദ്ധ്യസ്ഥ തിരുനാൾ മകരമാസത്തിലെ ആദ്യചൊവ്വാഴ്ചയും ആഘോഷിച്ചുപോരുന്നു. എല്ലാ ആദ്യചൊവ്വാഴ്ചകളിലും വിശുദ്ധന്റെ അനുഗ്രഹം തേടി നൂറുകണക്കിനു വിശ്വാസികൾ ഇവിടെ എത്താറുണ്ട്. ഇതിനോടകം ക്രിസ്ത്യാനികളുടെ ഒരു തീർത്ഥാടന കേന്ദ്രമായി ഇതുമാറിക്കഴിഞ്ഞിരിക്കുന്നു.

മിത്രക്കരിയിലെ പ്രധാന ക്രൈസ്തവ ദൈവാലയമായ സെൻറ് സേവ്യേഴ്സ് പള്ളി ബഹുമാനപ്പെട്ട ചെമ്പുന്നേര പീലിപ്പോസച്ചന്റെ അശ്രാന്തപരിശ്രമഫലമായി 1887-ൽ സ്ഥാപിതമായി. പള്ളിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി 40 പറ നിലവും അദ്ദേഹം സംഭാവനചെയ്തു. ഈ പള്ളിയിലെ വി. ശൗര്യാർ പുണ്യവാളന്റെ തിരുനാൾ എല്ലാ വർഷവും ഏപ്രിൽ 30 -ാം തീയതി ആഘോഷിച്ചു വരുന്നു.

ഇവിടെയുള്ള തിരികുടുംബദൈവാലയം 1996-ൽ സ്ഥാപിക്കപ്പെട്ട മറ്റൊരിടവകയാണ്. മുട്ടാറിന്റെ തെക്കുപടിഞ്ഞാറുള്ള ആശ്രമദേവാലയം 1996 ൽ ഇടവക

പള്ളിയായി ഉയർത്തി മുട്ടാറിന്റെ തെക്കുഭാഗത്ത് മാർ ത്തോമ്മാ സഭയുടെ ഒരു പ്രാർത്ഥനാലയവും വടക്കുഭാഗത്ത് രക്ഷാസൈന്യം വക ഒരു ആരാധനാമഠവും തിരുഹൃദയമഠവും മിത്രക്കരിയിൽ ഒരു കർമ്മലീത്താമഠവും സ്ഥാപിതമായിട്ടുണ്ട്.

ഈ നാടും ദേശീയപ്രസ്ഥാനവും

ദേശീയപ്രസ്ഥാനംഭാരതമാകെ പടർന്നുപന്തലിച്ചപ്പോൾ ഈ ഗ്രാമത്തിലും അതിന്റെ പടഹധ്വനികളുയർന്നു. ഇക്കാലത്ത് മിത്രക്കരിയിൽ നാലുപറ കെ. എൻ. ഭരതനും മുട്ടാറിൽ വെട്ടുപറമ്പിൽ ഡോ. ഫ്രഞ്ചിക്കോസ് തോമസും സമരനിരയുടെ മുൻപന്തിയിൽ നിന്ന് അറസ്റ്റുവരിച്ച ദേശ സ്നേഹികളാണ്.

സ്വാന്ത്ര്യസമരത്തോടനുബന്ധിച്ച് ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റേയും സ്റ്റേറ്റു കോൺഗ്രസിന്റേയും പ്രവർത്തനങ്ങളിൽ ഈ നാട്ടിലെ ഭൂരിഭാഗം ജനങ്ങളും പങ്കെടുത്തു. ഗാന്ധിജിയുടെ നിർദ്ദേശങ്ങൾക്കൊത്ത് നികുതിനിഷേധ പ്രസ്ഥാനത്തിലും, നിസഹകരണ പ്രസ്ഥാനത്തിലും അർപ്പണ ബോധത്തോടെ ഈ നാട്ടിലെ ജനങ്ങൾ പങ്കെടുത്തിട്ടുണ്ട്. വിദേശവസ്ത്ര ബഹിഷ്ക്കരണ പ്രസ്ഥാനത്തോടനുബന്ധിച്ചുണ്ടായ ചർക്കയുപയോഗിച്ചുള്ള നൂൽനൂൽപ്പും വസ്ത്ര നിർമ്മാണവും ഈ നാടിന്റെ വിവിധഭാഗങ്ങളിൽ നിലനിന്നിരുന്നു.

ട്രേഡ് യൂണിയനുകളും കർഷക സംഘവും

മുതലാളി തൊഴിലാളി ഭേദം കൂടാതെ കർഷകരും കർഷകതൊഴിലാളികളും ഒരുകുടുംബത്തിലെ അംഗങ്ങളെപോലെ കഴിഞ്ഞിരുന്ന കാലഘട്ടത്തിൽ, കാർഷിക മേഖലയിലുണ്ടായ തൊഴിൽ പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിലേയ്ക്കു സർക്കാരിന്റെ ശ്രദ്ധ ആകർഷിക്കുന്നതിനും കർഷകരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി കർഷകർ സംഘടിച്ചുരൂപീകരിച്ചതാണ് അപ്പർ കുട്ടനാട് കർഷകസംഘം. ഈ സംഘത്തിന്റെ ഏറ്റവുംപ്രധാനപ്പെട്ട ശക്തികേന്ദ്രമായിരുന്നു മുട്ടാർ. ഇതേ കാലഘട്ടത്തിൽ തന്നെ ഈ പ്രദേശങ്ങളിലെ കർഷകതൊഴിലാളികളും വിവിധ ട്രേഡുയൂണിയനുകളുടെ കീഴിൽ സംഘടിതരായി ഇരുകൂട്ടരും അവകാശ സമരങ്ങൾ സംഘടിപ്പിച്ചു. ഒരു കാലഘട്ടത്തിൽ ഈ അവകാശ സമരങ്ങൾ പരസ്പര സംഘട്ടനങ്ങൾക്കുവരെ വഴിതെളിച്ചു. ഇന്ന് കർഷക-കർഷകതൊഴിലാളി ബന്ധം വളരെ മെച്ചപ്പെട്ട നിലയിലാണ്.

ഗതാഗതം

ഏതാണ്ട് 50 വർഷങ്ങൾക്കു മുൻപ് ഈ നാട്ടിലെ ആളുകളുടെ ഏക യാത്രാവലംബം വള്ളങ്ങൾ മാത്രമായിരുന്നു അക്കാലത്ത് ഈ നാട്ടിലെ ആളുകൾ ചങ്ങനാശ്ശേരി, എടത്വാ, ആലപ്പുഴ എന്നീ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തിരുന്നത് കമ്പനി വള്ളങ്ങളിലായിരുന്നു. മൂന്നും നാലും മണിക്കൂറുകൾ വേണ്ടിയിരുന്നു ലക്ഷ്യസ്ഥാനത്തെത്തുവാൻ. അതുപോലെതന്നെ വിദ്യാർത്ഥികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു വേണ്ടിയും മേൽപ്പറഞ്ഞ സ്ഥലങ്ങളെ ആശ്രയിക്കേണ്ടിയിരുന്നു. യാത്രാ സൗകര്യങ്ങൾ ഒട്ടും തന്നെയില്ലാതിരുന്ന ആ കാലഘട്ടത്തിൽ കൊച്ചുവള്ളങ്ങൾ തുഴഞ്ഞും കിലോമീറ്ററുകൾ നടന്നും കമ്പനിവള്ളങ്ങൾ കയറിയും വളരെയേറെ ബുദ്ധിമുട്ടുകൾ സഹിച്ച് വിദ്യ അഭ്യസിച്ചിരുന്ന വിദ്യാർത്ഥികളുടെ, വിദ്യാഭ്യാസത്തിനുള്ള അഭിനിവേശത്തെ എത്ര പുകഴ്ത്തിയാലും അധികമാവില്ല.

ഇന്ന് ബോട്ട് സർവ്വീസുകളും ബസ്സ് സർവ്വീസുകളും ഒരു പരിധിവരെ ഈ നാട്ടിലെ ആളുകളുടെ യാത്രാക്ലേശം ലഘൂകരിച്ചിട്ടുണ്ട്.

ആരോഗ്യം

വെള്ളത്താൽ ചുറ്റപ്പെട്ട് മറ്റു പ്രദേശങ്ങളിൽ നിന്ന് ഒറ്റപ്പെട്ടു കിടന്ന മുട്ടാർ മിത്രക്കരി പ്രദേശങ്ങൾ വിദ്യാഭ്യാസപരമായും സുമുഹൃമായും പിന്നോക്കാവസ്ഥയിലായിരുന്നു എങ്കിലും ആളുകൾ അധികവും കഠിനാദ്ധ്വാനികളും പ്രകൃതിയോടിണങ്ങി ജീവിക്കുന്നവരുമായതിനാൽ അരോഗദൃഢഗാത്രരായിരുന്നു. കാലാവസ്ഥയുടെ മാറ്റകേറ്റങ്ങളിൽ ചില പകർച്ച വ്യാധികളും ഉദരരോഗങ്ങളും ത്വക്ക് രോഗങ്ങളും ഒക്കെ ഈ നാട്ടിലും ഉണ്ടായിരുന്നു അതിനൊക്കെ പ്രതിവിധിതേടിയിരുന്നത് പ്രകൃതി ദത്തമായ ഔഷധച്ചെടികളിലൂടെയായിരുന്നു മിക്ക വീടുകളിലും തുളസിയും പനിക്കൂർക്കയും, ആരുതയും, വെറ്റിലയും, ഇഞ്ചിയും, കച്ചോലവും, മാതളനാരകവും ഒക്കെ നട്ടു വളർത്തിയിരുന്നു ഇതിനു പുറമെ മുക്കൂറ്റി, മുയൽ ചെവിയൻ, കിഴുകാനെല്ലി, ചുണ്ട, തുമ്പ, അമൃത്, ആര്യവേപ്പ് തുടങ്ങിയ സസ്യങ്ങളും ധാരാളം ഉണ്ടായിരുന്നു. ഇവയിൽ പലതിന്റെ ഇലയും, തണ്ടും, വേരും, പൂവും, കായും ഒക്കെ കൊണ്ടുള്ള ഔഷധങ്ങൾ മുത്തശ്ശിമാർ രൂപപ്പെടുത്തി മക്കളെയും, കൊച്ചുമക്കളേയും ചികിത്സിച്ചിരുന്നു. തേങ്ങാപാലു വറ്റിച്ചെടുത്ത വെളിച്ചെണ്ണയും ധാരാളമായി ഉപയോഗിച്ചിരുന്നു.

ഇങ്ങനെയുള്ള ചികിത്സ ഫലിക്കാതെ വന്നാൽ

പരമ്പരാഗത വൈദ്യൻമാരുടെ നാട്ടുചികിത്സ നടത്തിയിരുന്നു. അക്കാലത്ത് രോഗ നിർണ്ണയത്തിലെ അപാകത മൂലവും, പകർച്ച വ്യാധികളുടെ ആക്രമണം മൂലവും ധാരാളം ആളുകൾ മരിച്ചിരുന്നു. കാലം മുന്നോട്ടു നീങ്ങിയ പ്പോൾ ഹോമിയോപ്പതിചികിത്സകൾ ചുരുക്കമായി നാട്ടിൽ ഉണ്ടായി. അലോപ്പതി ഡോക്ടർമാരുടെ സേവനം ലഭിക്കാൻ തിരുവല്ലാ, ചങ്ങനാശ്ശേരി എന്നീ പട്ടണങ്ങളിൽ എത്തേണ്ടിയിരുന്നു. പിന്നീട് എടത്വാ പുളിങ്കുന്ന് എന്നീ പ്രദേശങ്ങളിലും ആശുപത്രികൾ ഉണ്ടായി. വള്ളങ്ങളിൽ ഈ പ്രദേശങ്ങളിൽ എത്തി ചികിത്സലഭിച്ചു രക്ഷപ്പെടുക ദുഷ്കരമായിരുന്നതിനാൽ അപൂർവ്വം ആളുകൾ മാത്രമേ മരണത്തിൽ നിന്നും രക്ഷ പെട്ടിരുന്നുള്ളു.

അക്കാലഘട്ടത്തിൽ സ്ത്രീകൾക്ക് പ്രസവശുശ്രൂഷ ലഭിച്ചിരുന്നത് നാട്ടുപതിച്ചി (വയറ്റാട്ടിമാർ) മാരിൽ നിന്നായിരുന്നു. അവരുടെ സേവനം അന്നൊരനുഗ്രഹമായിരുന്നെങ്കിലും; അവരുടെ അജ്ഞത പലരുടേയും മരണത്തിനും പലതീരാരോഗങ്ങൾ പലർക്കും ഉണ്ടാകുന്നതിനും ഇടയാക്കിയിട്ടുണ്ട്.

വിദ്യാസമ്പന്നരായ ആളുകൾ നാട്ടിലുണ്ടായതോടുകൂടി ആധുനിക ചികിത്സാ സൗകര്യങ്ങളുടെ ആവശ്യം ബോധ്യപ്പെട്ടു. അങ്ങനെ ഈ നാട്ടുകാരുടെ ശ്രമഫലമായി 1950 -ൽ രൂപപ്പെട്ടതാണ് മുട്ടാറിലെ സെൻറ് ജോസഫ്സ് ഹോസ്പിറ്റൽ. ഇപ്പോൾ തിരുഹൃദയ സിസ്റ്റേഴ്സിൻെറ ചുമതലയിൽ പ്രവർത്തിക്കുന്ന ഹോസ്പിറ്റൽ ഈ നാടിൻെറ ആരോഗ്യപരിപാലനരംഗത്ത് വലിയ ഒരു മുതൽ കൂട്ടാണ്. അതോടൊപ്പംതന്നെ മിത്രക്കരിയിൽ പ്രവർത്തിക്കുന്ന ഗവൺമെൻറ് പൊതുജനാരോഗ്യ കേന്ദ്രവും മുട്ടാറിലെ മാതൃശിശുസംരക്ഷണ കേന്ദ്രവും ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് വളരെ സഹായകരമായിത്തീർന്നിട്ടുണ്ട്.

വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും സംരക്ഷണവും കുടിവൈദ്യന്മാരിലും പച്ചമരുന്നുകളിലും ഒതുങ്ങിനിന്നിരുന്ന നീണ്ട ഒരു കാലഘട്ടത്തിലെ കഥകൾ ഈ നാടിനു പറയാനുണ്ട്. എന്നാൽ ഏതാണ്ട് ഇരുപതു വർഷങ്ങളോളമായി ഇവിടെ പ്രവർത്തിക്കുന്ന മൃഗാശുപത്രിയും ഈ നാടിന് വളരെ ഉപകാരപ്രദമായിട്ടുണ്ട്.

വസ്ത്രരംഗത്തുണ്ടായ മാറ്റങ്ങൾ

പുരാതനകാലത്ത് ഈ നാട്ടിലെ ആളുകൾ വെള്ളവും വള്ളവുമായി ബന്ധപ്പെട്ടു കഴിഞ്ഞിരുന്നതിനാലും പുറനാടുകളുമായി വലിയ ബന്ധം ഇല്ലാതിരുന്നതിനാലും വേഷവിതാനങ്ങളിൽ ശ്രദ്ധതീരെ കുറവായിരുന്നു. ഒരു കുറിയമുണ്ടും തോർത്തും പുരുഷൻമാർക്കും, ഒറ്റമുണ്ടും റൗക്കയും അല്ലെങ്കിൽ മുണ്ടും ചട്ടയും അല്ലെങ്കിൽ മുണ്ടും മുലക്കച്ചയും സ്ത്രീകൾക്കും-ഒക്കെയായി നടന്നിരുന്ന ഒരു കാലഘട്ടത്തിൽ നിന്ന് പടിപടിയായ പുരോഗതിയിലൂടെയാണ് ഇന്ന് പാൻറ്സും ഷർട്ടും, സാരിയും ബ്ലൗസ്സും, മിഡിയും ടോപ്പും, ചുരിദാറും മറ്റുമായി നാം വളർന്നത്. അന്നൊക്കെ സ്കൂൾ കുട്ടികൾ ഒരു കുറിയമുണ്ടോ, നിക്കറോ മാത്രമേ ഉപയോഗിച്ചിരുന്നുള്ളു. ഉയർന്ന ക്ലാസ്സിൽ ഒരു ടൗവ്വൽ കൂടി പിടലിക്കു കെട്ടുമായിരുന്നു. കൊച്ചുപെൺകുട്ടികൾക്ക് ഒറ്റമുണ്ടോ, പാവാടയോ മാത്രമായിരുന്നു വേഷം അല്പം മുതിർന്നവർ റൗക്കയോ കൊച്ചു ചട്ടയോ ഉപയോഗിച്ചിരുന്നു.

അന്നത്തെ കുട്ടികൾ സ്ലേറ്റും പുസ്തകവും പുട്ടിലിനകത്തിട്ടു പോയിരുന്നപ്പോൾ, ഈ പുട്ടിൽ ബാഗിനും കുടയ്ക്കും ഉപയുക്തമായിരുന്നു. വലിയ ആളുകളും മഴയിൽ നിന്നും വെയിലിൽ നിന്നും രക്ഷപ്പെടാൻ ഉപയോഗിച്ചിരുന്നതും കൈത ഓലയിൽ നിന്നും നെയ്തെടുത്ത പുട്ടിൽ തന്നെയായിരുന്നു. പിൽക്കാലത്ത് ശീലക്കുടയും, മടക്കുകുടയും, ഒടിച്ചു മടക്കികുടയും ഒക്കെയായി മാറിയിട്ടുണ്ട്.

പാർപ്പിടം

പത്തൊൻപതാം നൂറ്റാണ്ടിൻെറ മദ്ധ്യദശകങ്ങളിൽ ഈ ഗ്രാമത്തിലെ 35 ശതമാനത്തിലധികം വരുന്ന ആളുകളും കുടികിടപ്പുകാരും ഭൂരഹിതരുമായിരുന്നു. പലരുടേയും താമസം ചെറ്റകുടിലുകളിലും മൺകൂരകളിലുമായിരുന്നു. ഭൂ ഉടമകളും, ഇടത്തരക്കാരും രണ്ടുമുറികളും അടുക്കളയുമായോ, രണ്ടുമുറികളും അടുക്കളയും അറയുമായോ, ഒരു മുറി അഥവാ രണ്ടു ചെറിയ മുറികളുള്ള മേടകളോടുകൂടിയ വീടുകളിലോ ഒക്കെയാണ് താമസിച്ചിരുന്നത്. ഇവയിൽ 95 ശതമാനവും ഓലമേഞ്ഞ വീടുകളായിരുന്നു.

സ്വാതന്ത്ര്യലബ്ധിക്കു ശേഷമുണ്ടായ പുരോഗതിയുടെ ഫലമായി വന്ന മാറ്റങ്ങളിൽപെട്ട് വീടുകൾ പടിപടിയായി ഓടുമേഞ്ഞവയായിത്തീർന്നു. ഇതോടൊപ്പം ഭൂ പരിഷ്ക്കരണ നിയമപ്രകാരം കുടികിടപ്പവകാശം ലഭിച്ചപ്പോൾ ഭൂരിപക്ഷം പേരും ഭൂ ഉടമകളായിതീർന്നെങ്കിലും, കുടികിടപ്പുകാരിൽ പലരും കുറെക്കാലത്തേയ്ക്കെങ്കിലും ഒരു കൂരയ്ക്കു കീഴിൽ രണ്ടും മൂന്നും കുടുംബങ്ങൾ താമസിക്കുന്ന വീടുകൾ ആയിത്തീർന്നിരുന്നു.

പഞ്ചവത്സരപദ്ധതികളുടെ ഫലമായി കാർഷിക ഉല്പാദനരംഗത്തുണ്ടായ വിപ്ലവകരമായ മാറ്റവും (10

മേനിയിൽ നിന്ന് 40 മേനിയിലേക്ക്) ഉല്പന്നങ്ങൾക്കുണ്ടായ വില വർദ്ധനവും കർഷകരുടേയും കർഷകതൊഴിലാളികളുടേയും സാമ്പത്തികസ്ഥിതിയിൽ ഗണ്യമായ വർദ്ധനവുണ്ടാക്കി. അതോടൊപ്പം കൃഷിഭൂമി കർഷകനിലേയ്ക്കു കൈമാറ്റം ചെയ്യപ്പെട്ട കാർഷിക ബന്ധബില്ലും പലരുടേയും സാമ്പത്തിക വളർച്ചയ്ക്കു വഴിയൊരുക്കി ഈ മാറ്റങ്ങളോടനുബന്ധിച്ച് ഭൂരഹിതരായ പലരും ഭൂവുടമകളാകുകയും ചെറ്റകുടിലുകളും മൺകുടിലുകളും മാറി കല്ലുകെട്ടി ബലപ്പെടുത്തി ഓടുമേഞ്ഞ വീടുകളായി. ഗവൺമെൻറും, സാമൂഹ്യ സംഘടനകളും നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതികളും ഈ രംഗത്ത് നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ പുരോഗതിയും ഗൾഫ് നാടുകളിലെ തൊഴിലവസരങ്ങളുംനാടിൻെറ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തിയതോടെ കൂടുതൽ സൗകര്യങ്ങളോടുകൂടിയ വാർപ്പു കെട്ടിടങ്ങൾ ഉയർന്നുവന്നു. ഇവയിൽ പലതും ഇരുനിലകളുമാണ്.

കാർഷിക പുരോഗതി

മുട്ടാറിൻെറ കാർഷികപുരോഗതി മനസ്സിലാവണമെങ്കിൽ ഈ നാടിൻെറ പൂർവ്വചരിത്രത്തിലേയ്ക്കൊരെത്തിനോട്ടമാവശ്യമാണ്. മണിമലയാറിന് മുട്ടാർ ഭാഗത്ത് ആഴവും പരപ്പും കുറവായിരുന്ന കാലഘട്ടത്തിൽ ആളുകൾ അക്കരെയിക്കരെ നീന്തിക്കടന്നിരുന്നു. എന്നാൽ മണിമലയാറിനെ ചേരിയിൽ മുട്ടുതീർത്ത് ഗതിമാറ്റിയതിനാൽ വെള്ളപ്പാച്ചിലിൻെറ ശക്തികൂടികരകൾ ഇടിഞ്ഞും, നിലങ്ങൾ തകർന്നും ധാരാളം നാശ നഷ്ടങ്ങൾ ഉണ്ടായി. വെള്ളപ്പൊക്കം ഈ പ്രദേശത്തെ കൃഷിയേയും മറ്റുപജീവനമാർഗ്ഗങ്ങളേയും നശിപ്പിച്ച് ജീവിതം തന്നെ അസാദ്ധ്യമാക്കിതീർത്തു. നമ്മുടെ പൂർവ്വീകരുടെ സാഹസികത കൊണ്ട് ഇതിനെതിരെ കുറെയെല്ലാം പിടിച്ചു നില്ക്കാൻ കഴിഞ്ഞുവെങ്കിലും ഇന്നും അതേ ഭീഷണി നിലനില്ക്കുകയാണ്.

കരിയും കതിരയും നിറഞ്ഞിരുന്ന പുഞ്ചനിലങ്ങൾ കൃഷിക്കുപയുക്തമാക്കിമാറ്റുന്നതിനും കൂലംകുത്തിപായുന്ന മലവെള്ളത്തേയും, ശക്തമായ വേലിയേറ്റത്തേയും പ്രതിരോധിച്ചു നിർത്തുന്നതിനുമുള്ള പുറവരമ്പുകൾ നിർമ്മിക്കുന്നതിന് നമ്മുടെ പൂർവ്വികർ കാണിച്ച സാഹസികത വർണ്ണനാതീതമാണ്. മുപ്പത്തിരണ്ടില 'ചക്രം' ചവുട്ടിക്കറക്കി വെള്ളം വറ്റിച്ചാണ്. അന്നൊക്കെ പുഞ്ചപ്പാടങ്ങളിൽ കൃഷിയിറക്കിയിരുന്നത്. ഈ കാലഘട്ടത്തിൽ കർഷകരും കർഷകതൊഴിലാളികളും തമ്മിലുള്ള ബന്ധം സുദൃഢമായിരുന്നു. കൃഷിഭൂമി കർഷകനിലേയ്ക്കു കൈമാറ്റം ചെയ്യപ്പെട്ട കാർഷിക ബന്ധ ബില്ലു മൂലവും കർഷകത്തൊഴിലാളികൾ സംഘടിതരാവുകയും ചെയ്തതു മൂലവും ഉല്പാദനവർദ്ധനവും വേതന വർദ്ധനവും ഉണ്ടായി. തത്ഫലമായി ഗ്രാമവാസികളുടെ ജീവിത നിലവാരവും മറ്റുസൗകര്യങ്ങളും വർദ്ധിച്ചു.

കാലക്രമത്തിൽ മൺ ചിറകളുടെ സ്ഥാനത്ത് കരിങ്കൽ ചിറകൾ പടുത്തുയർത്തപ്പെട്ടു. ഇലച്ചക്രങ്ങൾക്കു പകരം കരിങ്കൽത്തറകളിൽ മോട്ടോർ പമ്പുകൾ സ്ഥാപിതമായി. പുഴുവേറിൻെറ സ്ഥാനത്ത് കീടനാശിനികൾ പ്രത്യക്ഷപ്പെട്ടു. പത്തുമേനി വിളവു തന്നിരുന്ന ചെമ്പാവ്, കൊച്ചുവിത്ത് മുതലായവയുടെ സ്ഥാനത്ത് നാല്പതും അമ്പതും മേനിവിളവു തരുന്ന ജ്യോതി, ജയ തുടങ്ങിയ വിത്തിനങ്ങൾ പ്രത്യക്ഷപ്പെട്ടു. കന്നുകളുടേയും കലപ്പകളുടേയും സ്ഥാനത്ത് ട്രാക്ടറുകളും ടില്ലറുകളും എത്തി. അങ്ങനെ കാർഷികരംഗത്ത് പല മാറ്റങ്ങളും ഉണ്ടായി. ഇനിയും കാർഷികരംഗത്ത് വിപ്ലവകരമായ പല മാറ്റങ്ങളും ഉണ്ടായെങ്കിൽ മാത്രമേ കർഷകനുകാർഷികരംഗത്തു പിടിച്ചു നില്ക്കാനാവുകയുള്ളൂ.

പൂർണ്ണമായ യന്ത്രവൽക്കരണവും, കർഷകർക്കും, കർഷകത്തൊഴിലാളികൾക്കും വേണ്ടി ക്ഷേമപദ്ധതികളും നടപ്പിലാക്കണം. ഗ്രൂപ്പ് ഫാമിങ്ങ് സൊസൈറ്റികളുടെ പ്രവർത്തനം നവീകരിച്ച് എല്ലാ കൃഷികൾക്കും ബാധകമാക്കി എല്ലാവിധ കർഷകർക്കും പ്രയോജന പ്രദമാക്കിത്തീർക്കേണ്ടതാണ്.

വിദ്യാഭ്യാസപുരോഗതി

ഈ ഗ്രാമത്തിലെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് അവലോകനം നടത്തുമ്പോൾ ആയിരത്തിതൊള്ളായിരത്തിനടുത്ത കാലഘട്ടങ്ങളിൽ ഇവിടെ നിരവധി നിരക്ഷരകുക്ഷികളുണ്ടായിരുന്നു. സമീപ പ്രദേശങ്ങളിൽ വിദ്യാഭ്യാസം വളർച്ച പ്രാപിക്കുന്നതു ഗ്രഹിക്കുവാൻ കഴിഞ്ഞപ്പോൾ, പഠനത്തിനുവേണ്ടിയുള്ള ദാഹം ഈ നാട്ടുകാരെയും പുരോഗതിയുടെ വാതില്ക്കലേക്കും ആനയിച്ചു.

നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ പ്രാരംഭം കുറിക്കുന്നത് നിലത്തെഴുത്താശാൻമാരുടെ കളരികളോടനുബന്ധിച്ചാണ്. പുഴിപ്പരപ്പിൽ അക്ഷരങ്ങൾ എഴുതിച്ച് പിഞ്ചുഹൃദയങ്ങളെ അനുഗ്രഹിച്ച കുടിയാശാൻമാരുടെ സേവനം ഒരിക്കലും മറക്കാനാവാത്തതാണ്. കുടിപ്പള്ളിക്കൂടങ്ങൾ പരിഷ്കൃത ലോകം അവഗണിച്ചിരിക്കുകയാണ്. ആ സ്ഥാനത്ത് അംഗൻവാടികളും നേഴ്സറി വിദ്യാലയങ്ങളും വളർന്നുവരുന്നു. നമ്മുടെ പൂർവ്വികരുടെ ശ്രമഫലമായി ഈ നാട്ടിലുയർന്നുവന്ന സര സ്വതി

ക്ഷേത്രങ്ങൾ താഴെ പറയുന്നവയാണ്.

1. മുട്ടാറിലെ പ്രഥമ പ്രാഥമിക വിദ്യാലയമായ മാലീസ്കൂൾ കൊല്ലവർഷം 1065 -ൽ സ്ഥാപിതമായി. 1080-ൽ ഈ വിദ്യാലയം നായർ സമുദായം സംഭാവന ചെയ്ത മാലിയിൽ പുരയിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു. ഇന്നത്തെ അപ്പർ പ്രൈമറി സ്കൂൾ സ്ഥിതിചെയ്യുന്ന 19 സെൻറു സ്ഥലവും പ്രധാന കെട്ടിടവും മറ്റുപകരണങ്ങളും മുട്ടാർ ദേവസ്വത്തിൽ നിന്നും സംഭാവനയായി കൊടുത്തതിനാലാണ് ഗവൺമെൻറ് ഈ സ്കൂൾ ഏറ്റെടുത്തത്.

2. സെൻറ് ജോർജ്ജ് ദേവായത്തോടനുബന്ധിച്ച് 1908-ൽ സ്ഥാപിതമായതാണ് സെൻറ് ജോർജ്ജ് എൽ.പി.സ്കൂൾ. ഇത് 1941-ൽ ഒരു മലയാളം മിഡിൽ സ്കൂളായി. തുടർന്ന് ഇംഗ്ലീഷ് മിഡിൽ സ്കൂളാവുകയും 1950-ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടപ്പോൾ അതിൻെറ ശിലാസ്ഥാപനം നടത്തിയത് ദൈവദാസൻ മാർ മാത്യൂ കാവുകാട്ടു തിരുമേനിയാണ്.

1940 -ൽ കാഞ്ഞിരക്കാട്ട് സ്ഥാപിതമായ ഒരുസംസ്കൃത വിദ്യാലായം വിദ്യാർത്ഥി ക്ഷാമം മൂലം പിന്നീട് അടയ്ക്കപ്പെട്ടു.

മിത്രക്കരിയിലെ പ്രഥമപ്രാഥമിക വിദ്യാലയമായ ഗവ. എൽ.പി.എസ്. (ഈസ്റ്റ്) 1914 -ൽ സ്ഥാപിതമായി. ഇതേതുടർന്ന് 1915 -ൽ ഗവ. എൽ.പി.എസ്. (വെസ്റ്റ്) സ്ഥാപിതമായി.

മിത്രക്കരിയിൽ 1949 -ൽ സെൻറ് സേവ്യേഴ്സ് അപ്പർ പ്രൈമറി സ്കൂൾ സ്ഥാപിച്ചു 1964 -ൽ ഇത് ഒരു ഗേൾസ് ഹൈസ്കൂളായി ഉയർത്തി. തുടർന്ന് ഇതൊരു മിക്സഡ് ഹൈസ്കൂളായിത്തീർന്നു.

മുട്ടാർ ആശ്രമദേവാലയത്തോടനുബന്ധിച്ച്അമലാ ഇംഗ്ലീഷ് മീഡിയം സ്കൂളും ഐ.റ്റി.സിയും പ്രവർത്തിച്ചുവരുന്നു.

നാടിൻെറ വിവിധ ഭാഗങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിതമായതോടുകൂടി അറിവിൻെറ ചാലുകൾ തുറക്കപ്പെട്ടു. ആ നീരോഴുക്കിൽപ്പെട്ട് അന്ന് ഈ നാട്ടിൽ നിലനിന്നിരുന്ന കുരുതി, കൂടോത്രം, കൊടിവെപ്പ് തുടങ്ങിയ പല അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും ഒലിച്ചുപോയി.

പൊതുവേ നമ്മുടെ ആരാധനാലയങ്ങളും വിദ്യാലയങ്ങളും വൈദികവും ദാർശനികവും ബൗദ്ധികവും, ആകർഷകവുമായ സംസ്ക്കാര വിശേഷങ്ങളുടെ സങ്കലനം കൊണ്ട് ഭാവപുഷ്ക്കലങ്ങളും രൂപോജ്ജ്വലങ്ങളുമായി നിലകൊള്ളുന്നു.

സഹകരണരംഗം

സഹകരണരംഗത്തും ഈ പഞ്ചായത്ത് നല്ല പ്രവർത്തനം കാഴ്ച വെച്ചുകൊണ്ടിരിക്കുകയാണ്. മുട്ടാറിലെ 4048-ാം നമ്പർ സർവ്വീസ് സഹകരണസംഘം 1957 -ൽ പ്രവർത്തനം ആരംഭിച്ചു അതുപോലെതന്നെ മിത്രക്കരിയിൽ പ്രവർത്തിക്കുന്ന 2041-ാം നമ്പർ പുതുക്കരി സർവ്വീസ് സഹകരണ ബാങ്ക് 1936 -ൽ സ്ഥാപിതമായി ചെറിയ തോതിലാരംഭിച്ച ഈ സ്ഥാപനങ്ങൾ വിവിധ കാലഘട്ടങ്ങളിലെ ഡയറക്ടർ ബോർഡുകളുടെ ത്യാഗോജ്വലമായ സേവനങ്ങളുടെ ഫലമായി വളർന്ന് വലുതായി. ബാങ്കിംഗ് സൗകര്യങ്ങൾ ഉൾപ്പെടെയു ള്ള ക്രമീകരണങ്ങളോടുകൂടി പ്രവർത്തിക്കുന്നതുകൊണ്ട് ഈ നാട്ടിലെ കാർഷിക വ്യവസായിക മേഖല വളരെയേറെ പുരോഗമിച്ചു.

മുട്ടാറിൽ കുലാല ബ്രാഹ്മണരുടെ ഒരു മൺപാത്ര വ്യവസായ സഹകരണ സംഘവും, ഹരിജനങ്ങളുടെ ഒരുസഹകരണസംഘവും പ്രവർത്തിച്ചുവരുന്നു. മിത്രക്കരിയിൽ പ്രവർത്തിക്കുന്ന കുലാല ബ്രാഹ്മണരുടെ മൺപാത്ര നിർമ്മാണ വ്യവസായ സഹകരണസംഘം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. നിലച്ചതും നിർജ്ജീവമായിക്കൊണ്ടിരിക്കുന്നതുമായ സഹകരണസംഘങ്ങളെ പുനരുജ്ജീവിപ്പിച്ച് ഉല്പാദന വിതരണ മേഖലകളെ സജീവമാക്കിയാൽ ഈ നാടിൻെറ സാമ്പത്തികാഭിവൃദ്ധിക്ക് അതൊരു മുതൽ കൂട്ടായിരിക്കും.

കലാസാംസ്കാരിക പുരോഗതി.

ഈ നാടിന് പൗരാണികകാലം മുതൽ തന്നെ ഒരു പ്രത്യേക കലാസംസ്കാരം ഉണ്ടായിരുന്നു. പടയണിയും, സർപ്പപ്പാട്ടും, കോലം തുള്ളലും, പാണൻ പാട്ടും, താവതിയും മാർഗ്ഗം കളിയും, പരിചുമുട്ടുകളിയും, ചവിട്ടുനാടകവും, കാക്കാരാശിനാടകവും പാനപ്പാട്ടും. വഞ്ചിപ്പാട്ടും, ചക്രപ്പാട്ടും, ഞാറ്റുപാട്ടും, കഥകളിയും എല്ലാ ഈ നാട്ടിലെ ജനജീവിതത്തിൻെറ അവിഭാജ്യഘടകങ്ങളായിരുന്നു. ഇവയിൽ മിക്കവയും കാലത്തിൻെറ കുത്തൊഴിക്കിൽപ്പെട്ട് നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. ഇവയുടെ പുനരുദ്ധാരണത്തിലും പ്രോത്സാഹനത്തിനും സത്വര ശ്രദ്ധപതിയേണ്ടതാണ്. കേരളത്തിൻെറ തനതുകലയായ കഥകളിയിലും, വ്യക്തിമുദ്രപതിപ്പിച്ച പല കലാകാരൻമാരും ഈ ഗ്രാമപഞ്ചായത്തിലുണ്ട്.

സാഹിത്യരംഗത്ത് പ്രശസ്തരായ ജോയി മുട്ടാർ, ഡി.സി. കുറുപ്പ് മിത്രക്കരി, മുട്ടാർ ശശികുമാർ, സോമൻ മുട്ടാർ എന്നിവരും ദിവംഗതനായ എൻ.സി. മുട്ടാറും

ഈ നാടിന്റെ അഭിമാന ഭാജനങ്ങളാണ്. തിരുവിതാംകൂർ ലെജിസ്ലേറ്റീവ്കൗൺസിലിൽ അംഗമായിരുന്ന ജോസഫ് കുഞ്ഞു പടിയറയെ ഈ നാട്ടിന്റെ ചരിത്രത്തിൽ നിന്ന് ഒഴിവാക്കാനാവില്ല.

സംസ്ഥാന അദ്ധ്യാപക അവാർഡു ജേതാക്കളായ സി.ജെ. തോമസ്, ചെറിയാൻ കുര്യാക്കോസ്, ജോയി മുട്ടാർ എന്നിവരും ഈ നാടിന്റെ അഭിമാനസ്തംഭങ്ങളാണ്. ഈ ഗ്രാമത്തിൽ കായികരംഗത്തെ വളർച്ചക്കുപകരിക്കുന്ന സാഹചര്യങ്ങളുടെ പരിമിതിയും പ്രോത്സാഹനത്തിന്റെ കുറവുമൂലം മുരടിച്ചുപോയി.

ഈ ഗ്രാമപഞ്ചായത്തിൽപ്പെട്ട മിത്രക്കരിയിൽ ഒരു പബ്ലിക് ലൈബ്രറിയും മുട്ടാറിൽ ആർ. യു. എൽ. പബ്ലിക്ക് ലൈബ്രറിയും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

മഹിളാ സമാജങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങിയവ സജീവമായി ഈ നാടിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

ഒരു കാലഘട്ടം വരെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സാമൂഹികസാംസ്കാരിക സംഘടനയാണ് മുട്ടാർ ഗ്രാമോദ്ധരണ സമാജം. ഈ സമാജത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച വായനശാലയാണ് ഇന്ന് പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന ആർ. യു. എൽ. പബ്ലിക്ക് ലൈബ്രറി.

സാമുദായിക സംഘടനകൾ.

നായർ സർവ്വീസ് സൊസൈറ്റിയുടെ 14 സ്ഥാപക നേതാക്കളിൽ പ്രമുഖനാണ് യശ്ശ:ശരീരനായ പനങ്ങോട്ടുകേശവപ്പണിക്കർ. കേശവപണിക്കരും അമ്മാവൻ പരമേശ്വരപ്പണിക്കരും ചേർന്ന് 5000 രൂപാ വിലവരുന്ന 80 പറ നിലം എൻ. എസ്. എസിന് സംഭാവന ചെയ്തു. ഇതാണ് എൻ. എസ്. എസിനു ലഭിച്ച ആദ്യ സമ്പത്ത്. എൻ. എസ്. എസിന്റെ പ്രാരംഭകാലം മുതൽ തന്നെ മുട്ടാറിലും മിത്രക്കരിയിലും കരയോഗത്തിന്റെ ശാഖകൾ സ്ഥാപിക്കപ്പെട്ടു. കൊല്ലവർഷം 1090 ൽ എൻ. എസ്. എസിന്റെ ഒരു മഹാസമ്മേളനത്തിനു വേദിയാകുവാനുള്ള ഭാഗ്യവും മുട്ടാറിനുണ്ടായിട്ടുണ്ട്.

1928-ൽ എസ്.എൻ.ഡി.പി. യോഗം സെക്രട്ടറിയായിരുന്ന റ്റി. കെ. മാധവൻ നേരിട്ട് രജിസ്റ്റർ ചെയ്ത ശാഖകളാണ്, മിത്രക്കരിയിൽ പ്രവർത്തിക്കുന്ന 8-ാം നമ്പർ ശാഖയും മുട്ടാറിൽ പ്രവർത്തിക്കുന്ന 9-ാം നമ്പർ ശാഖയും. ഈ ഗ്രാമപഞ്ചായത്തിൽ വിശ്വകർമ്മമഹാസഭ കേരള ചേരമർ സംഘം, പുലയർ മഹാസഭ എന്നിവകളുടെ ശാഖകളും വളരെ സജീവമായി പ്രവർത്തിച്ചുവരുന്നു. മുട്ടാർ സെന്റ് ജോർജ്ജ് ദേവാലയം സംഭാവന ചെയ്ത സ്ഥലത്താണ് മൃഗാശുപത്രിയും വില്ലേജ് ആഫീസും സ്ഥിതിചെയ്യുന്നത്. മുട്ടാർ എൻ. എസ്.എസ്. കരയോഗം കൊടുത്ത സ്ഥലത്താണ് പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്നത്. പുളിവേലിൽ സാവിത്രിയമ്മ ദാനം ചെയ്ത സ്ഥലത്താണ് പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നത്. മിത്രക്കരി സെൻറ് സേവ്യേഴ്സ് പള്ളി പാരിതോഷികമായി കൊടുത്ത സ്ഥലത്ത് പി. എച്ച്. സെൻററും പാണ്ടനാട് മിത്രമഠക്കാർ നല്കിയ സ്ഥലത്ത് കൃഷിഭവനും മിത്രക്കരി പബ്ലിക്ക് ലൈബ്രറിയും, മിത്രക്കരി എൻ. എസ്.എസ് കരയോഗവും പ്രവർത്തിക്കുന്നു.

പ്രശ്നങ്ങളും പരിഹാരങ്ങളും

കാർഷികമേഖലയിൽ ഉല്പാദനക്ഷമത വർദ്ധിച്ചുവെങ്കിലും ഉല്പാദനച്ചെലവിന്റെ വർദ്ധനവും വെള്ളപ്പൊക്ക ഭീഷണിമൂലം രണ്ടാം കൃഷിക്കുള്ള സാദ്ധ്യത ക്കുറവും കൂടി ആയപ്പോൾ കർഷകനും കർഷകതൊഴിലാളിയ്ക്കും കഷ്ടപ്പാടും സാമ്പത്തികപരാധീനതയും മാത്രം മിച്ചമായി. കുനിൻമേൽ കുരുവെന്നതുപോലെ കാർഷിക മേഖലയിലനുഭവപ്പെടുന്ന തൊഴിലാളിക്ഷാമവും ഈ മേഖലയ്ക്കൊരു ശാപമായി മാറി ഈ സാഹചര്യത്തിൽ പുറംബണ്ടുകൾ കല്ലുകെട്ടി ഉയരം കൂട്ടി എടുക്കുന്ന നടപടി വ്യാപകമാക്കി ത്വരപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതോടൊപ്പം ഈ മേഖല യന്ത്രവൽക്കരിച്ചേ മതിയാവൂ. ഒരു നെല്ലും ഒരു മീനും കൃഷിപദ്ധതി നടപ്പിലാക്കണം. ഇതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ കർഷകനുലഭ്യമാകണം.


ഈ നാട്ടിലെ ആളുകളുടെ സ്ഥിരമായവരുമാനം നാളീകേരത്തിൽ നിന്നാണ്. തെങ്ങിനെ ബാധിച്ചിരുക്കുന്ന മാരകരോഗങ്ങൾ കൊണ്ട് നാളീകേര ഉല്പാദനം അടിക്കടി കുറഞ്ഞുകൊണ്ടിരിക്കുന്നു. തീവ്രമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും വെട്ടിമാറ്റേണ്ടവ വെട്ടിമാറ്റി നല്ലയിനം വെച്ചുപിടിപ്പിക്കുന്നതിനും ആവശ്യമായ സാമ്പത്തികസഹായം നൽകണം. വാഴകൃഷി വ്യാപകമായുള്ള ഈ പ്രദേശങ്ങളിൽ സ്ഥിരമായികാണുന്ന നാമ്പടപ്പ്, ചെല്ലി തുടങ്ങിയ രോഗങ്ങളുടെ വ്യാപനം തടയാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അത്യുല്പാദനശേഷിയുള്ള കാലിവർഗ്ഗങ്ങൾ കർഷകനും ലഭ്യമാക്കി ക്ഷീരോല്പാദന വർദ്ധനവും സാദ്ധ്യമാക്കേണ്ടിയിരിക്കുന്നു. കാലിത്തീറ്റ, വിലകുറച്ചു ലഭ്യമാക്കണം. മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

കാർഷിക വ്യവസായ മേഖലകൾക്കും വീട്ടാവശ്യങ്ങൾക്കും അത്യാവശ്യമായ വൈദ്യുതിയുടെ വിതരണം മെച്ചപ്പെടുത്തണം. കാർഷിക മേഖലയ പ്രതികൂലമായി ബാധിക്കുന്ന കറൻറ് കട്ടിൽ നിന്നും കുട്ടനാടിനെ ഒഴിവാക്കണം. ഈ പഞ്ചായത്തതിർത്തിക്കുള്ളിലുള്ള എല്ലാ വീടുകളിലും ഒരു ഒട്ടോറിക്ഷയെങ്കിലും എത്തതക്കവിധം എല്ലാ നടവഴികളും വികസിപ്പിക്കണം. മുട്ടാർ സെൻട്രൽ റോഡിൽ പഞ്ചായത്തു പടിക്കലെ പാലം അടിയന്തിരമായി പൂർത്തീകരിക്കുകയും ടി റോഡിനു എ. സി. റോഡുമായി ബന്ധിപ്പിക്കുന്ന ഭാഗത്ത് ബസ്സ് ഗതാഗതത്തിന് അനുയോജ്യമായ ഒരു മേജർ കലിങ്കോ പാലമോ നിർമ്മിച്ച് ഈ നാട്ടിലെ ജനങ്ങളുടെ യാത്രസൗകര്യം പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണ്.

ഒരു ടെക്കിനിക്കൽ ട്രെയിനിംഗ് സെൻററും ഹൈസ്കൂളുകളോടനുബന്ധിച്ച് പ്ലസ് ടു ക്ലാസ്സുകളും അനുവദിക്കേണ്ടതാണ്. കായിക വളർച്ചയെലക്ഷ്യമാക്കി സ്കൂളുകളോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങളും, പഞ്ചായത്ത് കളിസ്ഥലവും ശാസ്ത്രീയമായി വികസിപ്പിക്കേണ്ടതാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി ചെറുകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും ആരംഭിക്കേണ്ടതാണ്. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന യുവജന ക്ലബുകൾ, മഹിളാ സംഘങ്ങൾ, ഉപഭോക്തൃ സംരക്ഷണ സമിതി തുടങ്ങിയവയ്ക്കു അർഹമായ പ്രോത്സാഹനവും അംഗീകരാവും നൽകണം. പൊതുജനാരോഗ്യ കേന്ദ്രത്തിൻേറയും, മാതൃശിശുസംരക്ഷണ കേന്ദ്രത്തിൻേറയും പ്രവർത്തനം മൂലം വേണ്ടത്ര പ്രയോജനം സ്ഥലവാസികൾക്കു ലഭിക്കുന്നില്ല. ഈ കേന്ദ്രങ്ങളിൽ ആവശ്യമുള്ളത്ര ഡോക്ടർമാരേയും നേഴ്സുമാരേയും നിയമിക്കേണ്ടതാണ്. കീടനാശിനിപ്രയോഗത്താലും, വെള്ളക്കെട്ടുമൂലവും മറ്റു മലിനീകരണപ്രവർത്തനങ്ങളാലും ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജീർണ്ണാവസ്ഥയിലായിരിക്കുന്ന പഞ്ചായത്തു മന്ദിരം ആധുനിക സൗകര്യങ്ങളോടുകൂടി പുനർനിർമ്മിക്കുകയും അതിനോടനുബന്ധിച്ച് ഒരു സാംസ്കാരിക നിലയവും സ്ഥാപിക്കേണ്ടതുമാണ്. ഇങ്ങനെ നാടിൻെറയും നാട്ടാരുടേയും ഉന്നമനത്തിനുപകരിക്കുന്ന ഒട്ടേറെ കാര്യങ്ങൾ നമുക്കു ചെയ്തു തീർക്കാവുന്നതായുണ്ട്. അതിനായി നമുക്ക് ഒന്നായി പ്രവർത്തിക്കാം. ജാതിമതവർഗ്ഗപരിഗണനകളോ സാമുദായിക രാഷ്ട്രീയ ചേരിതിരുവുകളോ ഈ വികസനപ്രവർത്തനങ്ങളിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കാതിരിക്കട്ടെ!



ഭൂപ്രകൃതിയും വിഭവങ്ങളും

ഏതൊരു പ്രദേശത്തിന്റേയും വികസനത്തിന്റെ മർമ്മപ്രധാനമായ ഘടകങ്ങളാണ് ആ പ്രദേശത്തിന്റെ ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി എന്നിവ. മുട്ടാർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം, ഈ പ്രദേശത്തിന്റെ ഭൂപ്രകൃതി പല സവിശേഷതകളോടും കൂടിയതാണ്. വളരെയധികം പ്രത്യേകതകളോടുകൂടിയ കുട്ടനാടൻ പ്രദേശത്തുൾപ്പെടുന്നു എന്നതാണ് അവയിൽ പ്രധാനമായിട്ടുള്ളത്. ആകെയുള്ള ഭൂപ്രദേശത്തിന്റെ ഏതാണ്ട് $^{2}/_{3}$ ഭാഗവും ജലനിരപ്പിനടിയിലാണ്. ഇങ്ങനെയൊരു ഭൂവിഭാഗം തന്നെ ലോകത്തിൽ അപൂർവ്വമാണ്.

സ്ഥാനം

ആലപ്പുഴ ജില്ലയുടെ കിഴക്കേയറ്റത്ത് കുട്ടനാടു താലൂക്കിൽ ഉത്തര അക്ഷാംശം 9.17^{0} ക്കും 9.4^{0} ക്കും ഇടയിലും പൂർവ്വരേഖാംശം 76.19^{0} ക്കും 76.33^{0} ക്കും ഇടയിലാണ് മുട്ടാർ പഞ്ചായത്തു സ്ഥിതിചെയ്യുന്നത്. ഈ ഗ്രാമം കുട്ടനാട്ടിലെ അപ്പർ കുട്ടനാടുഭാഗത്തുൾപ്പെടുന്നു.

അതിരുകൾ

മണിമലയാറാണ് പഞ്ചായത്തിന്റെ കിഴക്കേ അതിർത്തി. തെക്ക് തലവടി, എടത്വാ, പഞ്ചായത്തുകളും, വെളിയനാട്, രാമങ്കരി എന്നീ പഞ്ചായത്തുകൾ യഥാക്രമം വടക്കും പടിഞ്ഞാറും അതിർത്തികൾ പങ്കിടുന്നു.

ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് തീരസമതലവിഭാഗത്തിലുൾപ്പെടുന്ന ഈ പ്രദേശത്തെ കരഭൂമി, വയലുകൾ എന്നിങ്ങനെ പ്രാദേശികമായി തിരിക്കാവുന്നതാണ്. വയലുകൾക്ക് കരഭൂമിയിൽ നിന്ന് 2 മീറ്ററോളം താഴ്ചയുണ്ട്. എക്കൽ മണ്ണ്, പശമണ്ണ് എന്നിവയാണ് പ്രധാന മണ്ണിനങ്ങൾ. ചില പ്രദേശത്ത് വയലുകൾ അല്പം കുഴിച്ചാൽ ആറ്റുമണ്ണു നിക്ഷേപവും കാണാം.

കരഭൂമി (കൃഷിയുള്ളത്	138.22 ഹെ.	12.35%
വയലുകൾ	981 ഹെ.	87.65 %
മൊത്തവിസ്തീർണ്ണം	1119.22 ഹെ.	

ജലലഭ്യത

മണിമലയാറിനോടു ചേർന്നു കിടക്കുന്ന പ്രദേശമാണ് മുട്ടാർ. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിൽകൂടിയും മണിമലയാറിന്റെ ശാഖകളായ തോടുകൾ ഒഴുകുന്നു തൻനിമിത്തം കൃഷിയാവശ്യങ്ങൾക്കും മറ്റും ധാരാളം ജലം ലഭിക്കുന്നുണ്ട്. ധാരാളം ജലം ആറ്റിൽ നിന്നും തോടുകളിൽ നിന്നും ലഭിക്കുന്നുവെങ്കിലും കുടിക്കാനുള്ള ശുദ്ധജലം ഈ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്നില്ല. ജലവിതരണ സംവിധാനം ഈ ഗ്രാമത്തിലുള്ളതുകൊണ്ട് കുടിവെള്ള പ്രശ്നം ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം രൂക്ഷമല്ല: അപൂർവ്വമായി ചിലവർഷങ്ങളിൽ ഇവിടെ ഓരുവെള്ളവും കയറിയിട്ടുണ്ട്.

കാലാവസ്ഥ:

തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റ് അടിച്ചതുടങ്ങുന്നതോടുകൂടി ആരംഭിക്കുന്ന ഇടവപ്പാതി ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങൾ വരെ നീണ്ടു നില്ക്കുന്നു. അതുപോലെതന്നെ വടക്കുകിഴക്കൻ കാലവർഷക്കാറ്റിന്റെ ഫലമായി ഒക്ടോബർ നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. വർഷത്തിൽ ശരാശരി 316 സി. എം. മഴ ലഭിക്കുന്നുണ്ട്. ഇടവപ്പാതി കാലങ്ങളിലും തുലാവർഷക്കാലങ്ങളിലും കിഴക്കു നി

ന്നും കുതിച്ചുവരുന്ന മലവെള്ളത്താൽ ആറുകളും, തോടുകളും നിറഞ്ഞു കവിയുന്നതുമൂലം ഇവിടെ വൻ തോതിൽ വെള്ളപൊക്കമുണ്ടാകുന്നു. വെള്ളപ്പൊക്കക്കെടുതികൾ ഏറ്റവുമധികമനുഭവപ്പെടുന്ന കുട്ടനാടൻ മേഖലകളിലൊന്നാണ് മുട്ടാർ. വെള്ളപൊക്ക കാലങ്ങളിൽ ജനജീവിതം ദുസ്സഹമാണ്. വർഷത്തിന്റെ പകുതിക്കാലത്തോളം വെള്ളപ്പൊക്കക്കെടുതികൾ അനുഭവിക്കാൻ വിധിക്കപ്പെട്ടവരാണ് ഈ ഗ്രാമവാസികൾ.

കൃഷി

വെള്ളപ്പൊക്കം ദുരിതം വിതക്കുന്നതോടൊപ്പം അനുഗ്രഹവും വർഷിക്കാറുണ്ട്. നദിയിലൂടെ ഒഴുകിവരുന്ന എക്കൽ മണ്ണ് ഇവിടുത്തെ കൃഷിയിടങ്ങളെ ഫലഭൂയിഷ്ഠമാക്കുന്നു. ഇവിടുത്തെ മുഖ്യകൃഷി നെല്ലാണ്. അനുകൂലമല്ലാത്ത കാലാവസ്ഥ, വെള്ളപ്പൊക്കം എന്നിങ്ങനെയുള്ള പ്രതികൂല സാഹചര്യങ്ങളെ ചെറുത്തു നിന്നുകൊണ്ടാണ് ഇവിടെ കാർഷിക വൃത്തി സാദ്ധ്യമാകുന്നത്. അനിർവ്വചനീയമായ മനുഷ്യപ്രയത്നത്തിന്റെ കൂട്ടായ്മയിലൂടെ സൃഷ്ടിക്കപ്പെടുന്ന ഭൂവിഭാഗമാണ് ഇവിടുത്തെ കൃഷിയിടങ്ങൾ. ജല നിരപ്പിനടിയിലുള്ള പ്രദേശം ബണ്ടുകെട്ടി ജലാശയങ്ങളിൽ നിന്നു വേർതിരിച്ച് ബണ്ടിനുള്ളിലെ വെള്ളം പുറത്തേക്കു പമ്പുചെയ്തു വറ്റിച്ചാണ് ഇവിടെ നെൽകൃഷി നടത്തുന്നത്.

കരഭൂമിയിലെ പ്രധാനകൃഷി തെങ്ങാണ്. തെങ്ങിന്റെ കൂടെ വീട്ടുവളപ്പുകളിൽ കമുക്, മാവ്, പ്ലാവ് തുടങ്ങിയ ദീർഘകാല വിളകളും വിവിധയിനം വാഴകളും കൃഷിചെയ്യുന്നു. ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഏത്തവാഴ വൻതൊതിൽ കൃഷിചെയ്തു വരുന്നു.

ജാതി, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, കുരുമുളക്, മുതലായ സുഗന്ധ വിളകളും ചുരുക്കമായി കൃഷിചെയ്യുന്നുണ്ട്. കപ്പയും ചില പുരയിടങ്ങളിൽ കൃഷിചെയ്യുന്നു. നവംബർ മാസാരംഭത്തോടുകൂടി പാവൽ, വെണ്ട, പയർ, വഴുതന മുതലായ പച്ചക്കറി വിളകളും കൃഷിയിറക്കാറുണ്ട്. ഈ അടുത്ത കാലത്തായി മാഞ്ചിയം, തേക്ക് മുതലായവയും ധാരാളമായി ഈ ഗ്രാമവാസികൾ നട്ടുവളർത്തുന്നു. അലങ്കാരച്ചെടികളായ ഓർക്കിഡുകൾ, ആന്തൂറിയം മുതലായവയും ചെറിയ തോതിൽ കൃഷിചെയ്തുവരുന്നു.

മേൽപ്പറഞ്ഞ വിളകൾക്കു ഭീഷണിയായി നിൽക്കുന്നത് ഇവിടെയുണ്ടാകുന്ന വെള്ളപ്പൊക്കമാണ്. വെള്ളപ്പൊക്കം മൂലം പല വിളകളുംനശിച്ചുപോകാറുണ്ട്. ഈ നാടിനെ വെള്ളപൊക്കത്തിൽ നിന്നും രക്ഷിച്ചെങ്കിൽ മാത്രമേ ഇവിടുത്തെ കാർഷികമേഖല അഭിവൃദ്ധിപ്രാപിക്കുകയുള്ളൂ. വർഷകാലത്ത് ക്രമാതീതമായി ഇവിടെയെത്തുന്ന മലവെള്ളം ചെക്കുഡാം കെട്ടി തടയുകയും നീരേറ്റുപുറത്തുള്ള ചേരിമുട്ടുതുറക്കുകയും ചെയ്താൽ ഈ പ്രദേശത്തെ വെള്ളപ്പൊക്കം ഒരുപരിധിവരെ കുറയ്ക്കുവാൻ കഴിയും.

ജനപ്രകൃതി

ജനസമ്പത്ത് ഒരു നാടിന്റെ ഏറ്റവും വലിയ വിഭവമാണ്. ആകെ ജനസംഖ്യ 10400 ആണ് (1991 സെൻസ് പ്രകാരം) 5134 പുരുഷൻമാരും 5266 സ്ത്രീകളും. പുരുഷ്ൻമാരെ അപേക്ഷിച്ച് 132 സ്ത്രീകൾ കൂടുതലാണ്. ആകെ കുടുംബങ്ങൾ 2018 ആണ്. വീടൊന്നിന് ശരാശരി 5 ആളുകൾ വീതമുണ്ട് 6 വയസ്സിനു താഴെയുള്ള കുട്ടികൾ 1164 ആണ്. പട്ടികജാതി ജനസംഖ്യ 901 ആണ്. ഇതിൽ 453 പുരുഷൻമാരും 448 സ്ത്രീകളും ആണ്. ആകെ ജനസംഖ്യയിൽ 98 ശതമാനവും സാക്ഷരത നേടിയവരാണ്.

വിദ്യാഭ്യാസ രംഗത്ത് മുന്നോക്കം നില്ക്കുന്ന പഞ്ചായത്തുകളിലൊന്നാണ് മുട്ടാർ. അഭ്യസ്ത വിദ്യാരിൽ ഏറെപ്പേർ തൊഴിലില്ലാത്തവരാണ്.

ജാതിപരമായ ഉച്ചനീചത്വങ്ങൾ ഒരുകാലത്ത് നിലനിന്നിരുന്നെങ്കിലും സാമൂഹിക പരിവർത്തനങ്ങളുടെ ഫലമായി അവയെല്ലാം തച്ചുടയ്ക്കപ്പെട്ടു. വിവാഹം, ശവസംസ്കാരം, ഉത്സവങ്ങൾ, പെരുന്നാളുകൾ തുടങ്ങിയ പൊതു ചടങ്ങുകളിൽ എല്ലാ വിഭാഗംജനങ്ങളും പരസ്പരം സൗഹൃദമനോഭാവത്തോടെ സഹകരിക്കുകയും സംബന്ധിക്കുകയും ചെയ്യുന്നു.

തൊഴിൽ മേഖല.

ഈ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ താഴെപ്പറയുന്ന തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നു.

1. കാർഷികമേഖല (ഭൂരിഭാഗം ആളുകളും)


2. മത്സ്യബന്ധനം
3. സർക്കാർ ജോലി.
4. കെട്ടിടനിർമ്മാണം
5. തെങ്ങുകയറ്റം
6. മരംവെട്ട്
7. കള്ളു ചെത്തു വ്യവസായം
8. കച്ചവടം
9. തയ്യൽ
10. കരകൗശലം

മൃഗസമ്പത്ത്

മിക്ക വീടുകളിലും അത്യുല്പാദന ശേഷിയുള്ള പശു, ആട്, മുതലായ മൃഗങ്ങളെ പാലിന്റെ ആവശ്യത്തിനായി വളർത്തിവരുന്നു. വീടു കാക്കുന്നതിനുവേണ്ടി പട്ടിയേയും, എലി ശല്യത്തിൽ നിന്നും രക്ഷനേടുന്നതിനുവേണ്ടി പൂച്ചയേയും പല വീടുകളിലും വളർത്തുന്നു. നിലം ഉഴുന്നതിനുവേണ്ടി പോത്തുകളെയും ചുരുക്കം ചില വീടുകളിൽ വളർത്തുന്നുണ്ട്. കാളകളേയും മുട്ടാടുകളേയും ഇണ ചേർക്കുന്നതിനുവേണ്ടിയും പ്രത്യേകം ചില വീടുകളിൽ വളർത്തിവരുന്നു.

പക്ഷി സമ്പത്ത്.

വിവിധയിനം കോഴികളെയും മുട്ടയുടേയും ഇറച്ചിയുടേയും ആവശ്യത്തിനായി മിക്കവാറും എല്ലാ വീടുകളിലും വളർത്തുന്നു. കൂട്ടത്തോടെ താറാവിനെ വളർത്തുന്നവരും ഈ ഗ്രാമത്തിൽ ധാരാളം ഉണ്ട്. തത്ത, പ്രാവ്, മാടത്ത മുതലായ പക്ഷികളേയും ചില ആളുകൾ കൗതുകത്തിനായി വളർത്തുന്നു. കൃഷിയിറക്കുന്ന സമയത്ത് ധാരാളം കൊക്കുകളേയും ഈ പ്രദേശത്തുകാണാം. അതുപോലെ തന്നെ ദേശാടന പക്ഷികളായ ഇര്ണ്ടയേയും, നീർകാക്കകളേയും നവംബർ ഡിസംബർ മാസങ്ങളിൽ ഇവിടെ കാണാവുന്നതാണ്.



വികസന മേഖല

1. പ്രാഥമിക മേഖല

കൃഷിയും, ജലസേചനവും

ചുട്ടനാടെന്ന കുട്ടനാടിന്റെ കിഴക്കരികിലുള്ള മുട്ടാർ പഞ്ചായത്ത് മദാലസയായ മണിമലയാറിന്റെ താഡനവും പീഡനവും ഏറ്റുവാങ്ങി നിലനിന്നപ്പോൾ ജൈവസമ്പത്തിനാൽ അനുഗ്രഹീതയായി തീർന്നു. സമുദ്ര നിരപ്പിൽ നിന്നും വളരെ ഉയരമില്ലാത്ത കരഭൂമിയും, സമുദ്ര നിരപ്പിൽ നിന്നും താഴ്ന്നുകിടക്കുന്ന വയലുകളും അവയെച്ചുറ്റികിടക്കുന്ന തോടുകളും നദിയും നിറഞ്ഞ ഈ പ്രദേശം തീരസമതലഭൂവിഭാഗത്തിൽപ്പെടുന്നു. തീരപ്രദേശങ്ങളെ മലനാടുമായി ബന്ധിപ്പിക്കുന്ന ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിന്റെയും തിരുവല്ലാ - തകഴിറോഡിന്റെയും മദ്ധ്യേ, ആലപ്പുഴ- കായംകുളം റെയിൽറോഡിനു കിഴക്കായും സ്ഥിതിചെയ്യുന്ന ഈ പ്രദേശത്തെ പരമ്പരാഗത ജലനിർഗ്ഗമന മാർഗ്ഗങ്ങളിൽ പലതും ഉപയോഗപ്രദമല്ലാതായി തീർന്നിട്ടുണ്ട്. തൻമൂലം നിരന്തരമായി ഉണ്ടാകുന്ന വെള്ളപ്പൊക്കവും കീടരോഗബാധകളുടെ രൂക്ഷതയും ഈ പ്രദേശത്തെ പ്രധാന ഉല്പാദന മേഖലയും തൊഴിൽ മേഖലയുമായ കാർഷിക മേഖലയെ വളരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

ഈ പ്രദേശത്തെ പ്രധാന വിളകൾ നെല്ലും തെങ്ങും ആണ്. ഇടവിളകളായി വാഴ, കൊക്കോ, കിഴങ്ങു വർഗ്ഗങ്ങൾ, കുരുമുളക്, പച്ചക്കറി തുടങ്ങിയവയും കൃഷി ചെയ്യുന്നു. കഴിഞ്ഞകാല പഞ്ചവത്സരപദ്ധതികളുടെ ഫലമായുണ്ടായ ഹരിതവിപ്ലവും ധവളവിപ്ലവും അല്പമൊക്കെ ഈ ഗ്രാമത്തിലും അനുഭവപ്പെട്ടെങ്കിലും ക്ഷാര്യമായ പാരോഗതി ഒരു രംഗത്തും ഉണ്ടായിട്ടില്ല. താറാവു കൃഷിയും, കന്നുകാലിവളർത്തലും വ്യാപകമായി നടക്കുന്നുണ്ട്. മത്സ്യകൃഷിയും, പുഷ്പകൃഷിയും വളരെ അപൂർവ്വമായിയെ ഈ പ്രദേശത്തുള്ളു.

ഭൂ-വിനിയോഗം

ഗ്രാമത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ ഭൂരിഭാഗവും കൃഷിസ്ഥലമാണ്.

പട്ടിക - 1 ഭൂവിനിയോഗം (അവലംബം: കൃഷിഭവൻ)

ക്രമ നം.	ഇനം	വിസ്തൃതി (ഹെക്ടർ)	വിസ്തൃതി (ശതമാനം)
1	കൃഷിഭൂമി	981 . 650	87 . 70
2	കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമി	134 . 380	12 . 00
3	കൃഷിയ്ക്ക് ഉപയുക്തമായ കൃഷിചെയ്യാത്ത ഭൂമി.	3 . 190	. 30
	ആകെ	1119 . 220	100

പട്ടിക-2 കൈവശഭൂമി വിസ്തീർണ്ണം

(അവ:കൃഷിഭവൻ)

ക്രമ ന.	ഭൂപരിധി	കർഷകർഷകർ വിഭാഗം	കർഷക കുടുംബങ്ങളുടെ എണ്ണം
1	1 ഹെ. താഴെ	നാമമാത്ര കർഷകർ	2038
2	1-2ഹെ.	ചെറുകിട കർഷകർ	305
3	2 ഹെ. മുകളിൽ	വൻകിട കർഷകർ	18

ഒരുകാലത്ത് വൻകിട ജന്മിമാരുടെ അധീനതയിലായിരുന്ന കൃഷി ഭൂമി ഭൂപരിഷ്ക്കരണ നിയമത്തിന്റെ ആവിർഭാവത്തോടെ തുണ്ടുകളായി വിഭജിക്കപ്പെട്ടു ചെറുകിട നാമമാത്ര കർഷകരുടെ ഉടമസ്ഥതയിൽ എത്തിച്ചേർന്നു. ഭൂരിഭാഗം കർഷകരും 1 ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ആളോഹരി കൃഷിഭൂമി 0.08 ഹെക്ടറിലും താഴെയാണ്.

പട്ടിക -3 ഭൂ പ്രകൃതിയും മണ്ണിന്റെ ഘടനയും

താഴ്ച - അധികം താഴ്ന്നത്

ചെരിവ് - ഇല്ല

ഘടന - പശമണ്ണ്

നീർവാർച്ച - കുറവ്

പി. എച്ച് - ശരാശരി 4.5 മുതൽ 5 വരെ

തോടുകൾ - 45 ൽ പരം ചെറുതും വലുതുമായ തോടുകൾ ഈ പ്രദേശത്തെ ജലനിർഗമനത്തിനുള്ള മാർഗമായും വേനൽക്കാലത്തും ജലസേചനത്തിനുള്ള ശ്രോതസുകളായും വർത്തിക്കുന്നു.

പ്രധാന വിളകളും അവയുടെ കൃഷിരീതിയും

പ്രധാനമായും നെൽകൃഷി ചെയ്തുവരുന്ന ഈ പ്രദേശത്ത് തെങ്ങും ഇടവിള കൃഷിയും അനുവർത്തിക്കുന്നു. ചുരുക്കം ചില കർഷകർ പരീക്ഷണാർത്ഥം റബർ കൃഷിചെയ്യുന്നു.

പട്ടിക -4 വിളകൾ

വിളകളുടെ പേരുകൾ	വിസ്തതീർണ്ണം	വാർഷിക ഉത്പാദനം	ഉത്പാദന ക്ഷമത(ഹെ.)
നെല്ല്	754. 65	3500 ടൺ	6500 കി.ഗ്രാം.
തെങ്ങ്	140. 00	560,000 എണ്ണം	8750 എണ്ണം
വാഴ	40. 00	800 ടൺ	30 ടൺ
പച്ചക്കറി	20. 00	120 ടൺ	10 ടൺ
റബർ	2	5 ''	.4 ''
കുരുമുളക്	5	1.0 ''	.5 ''
കൊക്കൊ.	2	.25 ''	.5 ''
കിഴങ്ങു വർഗ്ഗങ്ങൾ	5	80 ''	20 ''
കമുക്	3	15 ''	10 ''
ഫലവർഗ്ഗ വൃക്ഷ വിളകൾ	10	50 ''	10 ''

ഓരോ വിളകളുടെ കൃഷിയിലും അവയുടെതായ പ്രശ്നങ്ങളും സങ്കീർണ്ണതകളും നിലനില്ക്കുന്നു. കർഷക കർക്കു സമൂഹത്തിൽ ലഭിച്ചിരുന്ന മാന്യത നഷ്ടപ്പെട്ടതിനാൽ മറ്റു മേഖകളിലേക്ക് തിരിയുന്നതിനിടയായി.

നെൽകൃഷി

സെപ്റ്റംബർ-ഒക്ടോബറിലാരംഭിച്ച് ഫെബ്രുവരി-മാർച്ചിൽ അവസാനിക്കുന്ന പുഞ്ചകൃഷിയാണ് പ്രധാന കൃഷി. ചിലവർഷങ്ങളിൽ ചില പാടശേഖരങ്ങളിൽ വിരിപ്പുകൃഷിക്കാലത്തുള്ള രണ്ടാം കൃഷിയും ചെയ്തു വരുന്നു. എന്നാൽ പൂർണ്ണമായും പ്രകൃതിയെ ആശ്രയിച്ചുള്ള കൃഷിയായതിനാൽ പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം ഉണ്ടാകുന്നതിനുള്ള സാദ്ധ്യതകൊണ്ട് രണ്ടാം കൃഷി ചെയ്യുന്നതിനോട് കർഷകർ വൈമുഖ്യം കാണിക്കുന്നു. പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് സാദ്ധ്യത വർദ്ധിപ്പിക്കുന്നു.

ഒരു കൃഷികഴിഞ്ഞ് വെള്ളം കയറ്റിയിടാറുള്ള പാടശേഖരങ്ങളിലെ ജല നിർഗമനത്തോടുകൂടി ഒരു കൃഷിക്കാലം ആരംഭിക്കുന്നു. ജലനിർഗമനം ഇപ്പോൾ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന പുഞ്ചാ സ്പെഷ്യൽ ഓഫീസിന്റെ, ചുമതലയിലാണ്. ഇതിനുവേണ്ടിവരുന്ന ചെലവ് പൂർണ്ണമായി സർക്കാർ വഹിക്കുന്നു. എന്നു പറയുന്നുവെങ്കിലും ഓരോവർഷവും അധികനേർമ എന്ന പേരിൽ പമ്പിംഗ് നടത്തുന്ന ഇടനിലക്കാരന് കർഷകർ പണം നൽകേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. കൂടാതെ പമ്പിംഗ് ലേലത്തിനായി കർഷകർ എല്ലാവരും ആലപ്പുഴയിൽ എത്തേണ്ടിവരുന്നതും നിയമത്തിന്റെ നൂലാമാലകളും ഈ വ്യവസ്ഥിതിയോട് കർഷകർക്ക് അതൃപ്തി ഉളവാക്കിയിട്ടുണ്ട്. സ്വന്തമായി മോട്ടോർ, പെട്ടി, പറ മുതലായ ജലനിർഗമന സാമഗ്രികൾ രണ്ടു പാടശേഖരങ്ങൾക്ക് മാത്രമേയുള്ളൂ. മോട്ടോറിനു കൃത്യസമയത്തു വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും പകൽ സമയത്തു മുടങ്ങാതെ വൈദ്യുതി ലഭിക്കാതിരിക്കുന്നതും ഈ സംവിധാനത്തിന്റെ പോരായ്മകളാണ്.

നിലമൊരുക്കുന്നതിന് 40 -ൽ പരം പരമ്പരാഗത ഉഴവു തൊഴിലാളികളുണ്ട്. എങ്കിലും ഈ തൊഴിൽ മേഖലയിൽ തുടരുന്നതിന് അവരും തത്പരരല്ല എന്നുള്ളതാണ് വസ്തുത. ഇതുകൂടാതെ ട്രാക്ടർ, പവർ ടില്ലർ എന്നിവ ഉപയോഗിച്ചും നിലം ഒരുക്കുന്നു. എങ്കിലും കൃഷിപണികൾ എല്ലായിടത്തും ഒരേസമയത്ത് നടക്കുന്നതിനാൽ നിലം ഒരുക്കി കിട്ടുന്നതിനായി കർഷകർ കാത്തിരിക്കേണ്ട അവസ്ഥയാണുള്ളത്. ഒരുകാലത്ത് കുളപ്പാല, പൊക്കാളി, കൊച്ചുവിത്ത്, കുഞ്ഞതിക്കിര പോലെയുള്ള നാടൻ വിത്തിനങ്ങളാണു കൃഷി ചെയ്തു വന്നിരുന്നത്. നാടൻ വിത്തിനങ്ങളുടെ വിളവ് തുലോം പരിമിതമായിരുന്നെങ്കിലും അവയുടെ കൃഷി ചെലവ് താരതമ്യേന കുറവായിരുന്നു. കൂടാതെ ജൈവ വളങ്ങളെ മാത്രം ആശ്രയിച്ചുള്ള ഈ കൃഷിരീതി പ്രകൃതിക്ക് ഇണങ്ങിയവയായിരുന്നു. എന്നാൽ വർദ്ധിച്ചുവന്ന ആവശ്യത്തോടൊപ്പം അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ ആവിർഭാവം ഈ മേഖലയിൽ വിപ്ലവകരമായ മാറ്റം വരുത്തി. ഇപ്പോൾ നെൽകൃഷിപ്രദേശം പൂർണ്ണമായും അത്യുത്പാദന ശേഷിയുള്ള വിത്തുകൾ ഉപയോഗിച്ച് കൃഷി ചെയ്തുവരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി പട്ടാമ്പി നെല്ലു ഗവേഷണ കേന്ദ്രം പുറത്തിറക്കിയ ജ്യോതി എന്ന ഇനം വിത്തിനോടാണ് കർഷകർക്ക് കൂടുതൽ പ്രതിപത്തി. ആകെ നെൽകൃഷി സ്ഥലത്തിന്റെ 70% ഭാഗത്ത് ജ്യോതിയും, 20% ഭാഗത്ത് ത്രിവേണിയും 10% ഭാഗത്ത് മറ്റ് ഇനങ്ങങ്ങളുമാണ് ഇപ്പോൾ കണ്ടുവരുന്നത്. ഗുണമേന്മയുള്ള വിത്തിന്റെ ദൗർലഭ്യം പ്രധാന പ്രശ്നമാണ്. വിത്തു വിതരണത്തിനും നിലവിലുള്ള സർക്കാർ സംവിധാനം തികച്ചും അപര്യാപ്തമാണ്. ഒരോ പുഞ്ചകൃഷിക്കും 75 ടണ്ണിലധികം വിത്ത് ആവശ്യമായിരിക്കെ മുൻവർഷങ്ങളിൽ വിവിധ സർക്കാർ ഏജൻസികൾ വിതരണം ചെയ്തതു 50% മാത്രമാണ്.

ജൈവവളങ്ങൾ ഉപയോഗിച്ചുള്ള കൃഷി ഇപ്പോൾ നിലവിലില്ല. എങ്കിലും പാടശേഖരങ്ങളുടെ ജൈവസമ്പത്ത് ഒരു അളവുവരെ ഈ കുറവ് പരിഹരിക്കുന്നു. രാസവളങ്ങളുടെ അമിത ഉപയോഗം മണ്ണിന്റെ, ഘടനയിൽ സാരമായ വ്യതിയാനം വരുത്തുന്നു. എന്നാൽ രാസവളങ്ങളുടെ വിലവർദ്ധന കുറെയൊക്കെ രാസവളങ്ങളുടെ അമിതഉപയോഗം കുറയ്ക്കുന്നുണ്ട്. ശരിയായ മണ്ണുപരിശോധനമൂലം രാസവളങ്ങളുടെ ഉപയോഗം ഇപ്പോൾ ഉള്ളതിലും കുറയ്ക്കുവാൻ സാധിക്കും.

കഴിഞ്ഞ കുറെ വർഷങ്ങളായുള്ള അമിതമായ സസ്യസംരക്ഷണ മരുന്നുകളുടെ ഉപയോഗം അന്തരീക്ഷം വിഷലിപ്തമാക്കിയിട്ടുണ്ട്. എങ്കിലും സംയോജിത കീടരോഗ നിയന്ത്രണം മൂലം അത്യാവശ്യ ഘട്ടത്തിൽ മാത്രം രാസവസ്തുക്കൾ ഉപയോഗിക്കുക എന്ന അവബോധം കർഷകരുടെ ഇടയിൽ വ്യാപിച്ചുവരുന്നു. സഹകരണ മേഖലയിലുള്ള രണ്ടു കേന്ദ്രങ്ങളാണ് വളം, സസ്യസംരക്ഷണ വസ്തുക്കൾ എന്നിവ വിപണനം ചെയ്യുന്നത്. മുൻ വർഷങ്ങളിലെ ഇവയുടെ ഉപഭോഗം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

പട്ടിക - 5

വളത്തിന്റെയും സസ്യസംരക്ഷണ വസ്തുക്കളുടെയും ഉപഭോഗം (അവലംബം: കൃഷിഭവൻ)

വർഷം	വളത്തിന്റെ ഉപഭോഗം (ടൺ)			സസ്യസംരക്ഷണ വസ്തുക്കളുടെ ഉപഭോഗം		
	നൈട്രജൻ	ഫോസ്ഫറസ്	പൊട്ടാഷ്	പൊടിരൂപത്തിലുള്ളത് ടൺ	ലായനി രൂപത്തിലുള്ളത് (ലിറ്റർ)	തരിരൂപത്തിലുള്ളത് ടൺ
1993-94	73.25	38.75	42.10	1.315	618.50	0.410
1994-95	68.52	33.20	36.95	1.110	472.10	0.345
1995-96	61.14	30.23	32.18	0.720	340.15	0.210

കർഷക തൊഴിലാളികളുടെ ദൗർലഭ്യമാണ് ഈ മേഖല നേരിടുന്ന ഏറ്റവുംവലിയ പ്രതിസന്ധി. ജീവിത രീതിയിൽ വന്ന മാറ്റം മൂലം പുതിയതലമുറ ഈ രംഗത്തുനിന്നു പിൻമാറുന്നു. ഓരോ കൃഷി പണിക്കും യഥാസമയത്തു തൊഴിലാളികളെ ലഭിക്കുന്നില്ല. കാർഷിക മേഖലയിലെ തൊഴിൽ ദിനങ്ങൾ ഒരു കൃഷിക്കാലത്തു മാത്രമായി ഒതുങ്ങുന്നതിനാൽ ബാക്കി സമയം മറ്റു മേഖലകൾ തേടിപോകുവാൻ തൊഴിലാളികൾ നിർബന്ധിതരാകുന്നു. ഇപ്പോഴത്തെ ശരാശരി കൂലിനിരക്ക് പുരുഷൻമാർക്ക് 70 രൂപയും സ്ത്രീകൾക്ക് 44 രൂപയുമാണ്. മുൻ വർഷങ്ങളിൽ വിളവെടുപ്പിന് വിദൂര സ്ഥലങ്ങളിൽ നിന്ന് സ്ത്രീ തൊഴിലാളികൾ എത്തി ചേർന്നിരുന്നു. എന്നാൽ ഇപ്പോൾ അതില്ലെന്നു മാത്രമല്ല പ്രാദേശികമായിപ്പോലും തൊഴിലാളികളെ ലഭിക്കുന്നില്ല. ഉൽപന്നത്തിന്റെ സംസ്കരണം, സംഭരണം, വിപണനം എന്നിവയ്ക്ക് കാര്യമായ സൗകര്യം ഇപ്പോഴില്ല. വിളവെടുപ്പ് എല്ലായിടത്തും ഒരേകാലത്തു വരുന്നതിനാൽ ഉൽപന്നത്തിന്റെ വിലയിടിയുന്നു. വില നിലനിർത്തുവാൻ സർക്കാർ സഹായത്തോടെ സഹകരണ സ്ഥാപനങ്ങൾ മുൻ വർഷങ്ങളിൽ നടത്തിയ സംഭരണം ഒരളവുവരെ പ്രയോജനം ചെയ്തിട്ടുണ്ട്. രണ്ടാം കൃഷിയുടെ വിളവെടുപ്പു കാലത്ത് ശക്തമായ മഴയുണ്ടായാൽ ഉൽപന്നം ശരിയായി സംസ്കരിച്ച് സൂക്ഷിക്കുന്നതിന് സംവിധാനമില്ല.

രണ്ടു സഹകരണ സ്ഥാപനങ്ങളും, ഫെഡറൽ ബാങ്കിന്റെ രണ്ടു ശാഖകളുമാണ് പഞ്ചായത്തിലെ കാർഷിക വായ്പ നല്കുന്ന സ്ഥാപനങ്ങൾ. ആലപ്പുഴയിലെ പ്രാഥമിക കാർഷിക വികസന ബാങ്കിന്റെ പ്രവർത്തനം ഈപ്രദേശത്ത് കാര്യമായി ലഭിച്ചിട്ടില്ല.

കാർഷിക യന്ത്രവൽക്കരണം ഭാഗികമായി മാത്രമേ നടപ്പിലായിട്ടുള്ളു. പഞ്ചായത്തിൽ ആകെ 14 പവർ ടില്ലർ, 5 പതിരുപിടിക്കുന്ന യന്ത്രം 100 സ്പ്രേയറുകൾ എന്നിവ മാത്രമെ നിലവിലുള്ളു.

പാടശേഖര നെല്ലുത്പാദക സമിതികൾ

1990-ൽ സംസ്ഥാനത്തുടനീളം പാടശേഖര അടിസ്ഥാനത്തിൽ നെല്ലുത് പാദക സമിതികൾ രൂപീകരിക്കപ്പെട്ടു. ചാരിറ്റബിൾഎൻഡോവ് മെൻറ് ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ഈ സമിതികൾ കാർഷിക രംഗത്ത് വലിയ സാദ്ധ്യതകൾ ഉൾക്കൊള്ളുന്നവയാണ്. 28 പാടശേഖര നെല്ലുത്പാദക സമിതികളാണ് മുട്ടാർ പഞ്ചായത്തിൽ ഇന്നു നിലവിലുള്ളത്. കർഷകരെ യോജിപ്പിച്ചു അവരുടെ ഉന്നമന്നതിന്നായി പ്രവർത്തിക്കുന്നതിനുള്ള മാതൃകാ സംഘടന എന്നതിനു പകരം കൃഷിവകുപ്പിൽ നിന്നുള്ള ആനുകൂല്യങ്ങൾ കൈ പറ്റുന്നതിനുള്ള സംഘടനകൾ മാത്രമായി ഈ സമിതി കൾ ഇന്നു മാറിയിരിക്കയാണ്. നിയമാനുസൃതമായി പൊതുയോഗങ്ങൾ കൂടുകയോ വരവുചിലവു കണക്കുകൾ അവതരിപ്പിക്കുകയോ മിക്ക സമതികളും അനുവർത്തിക്കാറില്ല.

പട്ടിക-6

പാടശേഖര നെല്ലുത്പാദക സമിതികളുടെ വിവരം

(അവലംബം: കൃഷിഭവൻ)

ക്രമ ന.	പാടശേഖര നെല്ലുത്പാദക സമിതിയുടെ പേര്	രജിസ്റ്റർ നമ്പർ	പാടശേഖരത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)	അംഗങ്ങളുടെ എണ്ണം
1	കുന്നത്തും പറമ്പ്	എ.1467/90	17.60	20
2.	ആനാറ്റുപുറം ചൂതടി കിഴക്കേ ബ്ലോക്ക്	എ.1470/90	64.80	65
3.	രാമങ്കരിപ്പടവ്	എ.1301/90	49.60	55
4.	കിഴക്കേ മുണ്ടുവേലിപറമ്പ്	എ.1210/90	14.47	20
5.	അർത്തിശേരി പേരില്ലാമരം പ്രകടാവിരുത്തി	എ.1571/90	29.55	37
6.	കരുവേലിത്തറക്കടവ്	എ.746/91	5.27	4
7.	പള്ളിക്കടവ് ളായിക്കരി	എ.295/91	7.50	10
8.	കുത്തുവാക്ക ഇടമ്പാടി	എ. 1252/90	10.11	28
9.	കലയങ്കരി കരുവാറ്റങ്കുഴി	എ. 445/90	13.76	34
10.	ആലപ്പുറത്തുകാട്	എ.1581/90	60.00	90
11.	കുന്നമ്പള്ളിത്തുരുത്ത്	എ.1306/90	18.80	25
12.	രാമങ്കരിപ്പടവ് പടിഞ്ഞാറേ ബ്ലോക്ക്	എ. 1435/90	4.48	4
13.	കല്ലൂരടി ഇടമ്പാടി	എ. 345/90	21.36	27
14.	ആനാറ്റുപുറം പടിഞ്ഞാറേ ബ്ലോക്ക്	എ. 1469/90	73.60	18
15.	ഇന്ദ്രൻകരി കാച്ചാണിക്കരി	എ. 1386/90	34.42	38
16.	കരുവേലിത്തറ	എ.41/93	6.78	4
17.	തേവലശ്ശേരി	എ. 1619/90	5.15	6
18.	കുമരംചിറ	എ.1466/90	6.40	7
19.	ചേരിക്കലകം	എ.1333/90	89.04	114
20.	120-ഉം $24\frac{3}{4}$ ബണ്ടിനകം	എ. 1610/90	8.29	10
21.	താനത്തുമുട്ടാർ വടക്കു കിഴക്ക്	എ. 1640/90	5.92	8
22.	താനതു മുട്ടാർ കിഴക്ക്	എ.2/91	12.36	9
23.	കുറ്റിവളവ്	എ. 1642/90	2.97	4
24.	പരുത്തിക്കാട്ടുശ്ശേരി	എ. 1348/90	29.09	30
25.	ചെമ്പിലായം	എ. 418/91	23.30	21
26.	കുഴിയനടി	എ.1562/90	103.47	135
27.	മുളവനക്കരി	എ. 1446/90	35.72	35
28.	അമ്പലപ്പള്ള	എ.1233/90	57.58	45

ഒരു നെല്ലും ഒരു മീനും പദ്ധതി.

നെല്ലും മീനും അന്യമല്ല. പുഞ്ചകൃഷിക്കാർക്ക് സമൃദ്ധമായി നെല്ലും ബാക്കി സമയം സുലഭമായി മത്സ്യവും ലഭിച്ചിരുന്നു. അധിക ഉല്പാദനമെന്ന ഉന്നതലക്ഷ്യം ഉയർത്തിപ്പിടിച്ചും സർക്കാർ നേരിട്ടും ഏകോപനമില്ലാത്ത വിവിധ വകുപ്പുകൾ വഴിയും ആത്മാർത്ഥതാരഹിതമായി നടപ്പാക്കുന്ന പദ്ധതികൾ മൂലം ഇന്നു കുട്ടനാട് നശിക്കുകയാണ്. നാടിന്റെ കാലാവസ്ഥക്കു അനുയോജ്യമായതും പ്രകൃതിദത്തവുമായ ശുദ്ധജലവും ഫലഭൂയിഷ്ടമായ മണ്ണും വിദ്ഗ്ദരും വിദ്യാസമ്പന്നരുമായ തൊഴിലാളികളെയും പരമാവധി പ്രയോജനപ്പെടുത്താവുന്നതും പരിസ്ഥിതി പോഷകവും ആയ ''ഒരു നെല്ലും ഒരു മീനും പദ്ധതി'' മുട്ടാറിന്റെ സമ്പദ് വ്യവസ്ഥയിൽ നിർണ്ണായകമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ പര്യാപ്തമായ ഒരു കൃഷി രീതി ആയിരിക്കും എന്നുള്ളതിൽ സംശയമില്ല.

ഈ പ്രതിസന്ധികളെല്ലാം തരണം ചെയ്താലും കൃഷി അത്രലാഭകരമല്ല. എന്നിട്ടും ഈ ബുദ്ധിമുട്ടുകൾ സഹിച്ചും കർഷകർ കാർഷിക രംഗം ഉപേക്ഷിക്കാതെ നില നിർത്തുകയാണ്. അതു കൊണ്ടു തന്നെ വയൽ കാർഷികേതരാവശ്യങ്ങൾക്ക് നികത്തുന്നത് കേരളത്തിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഇവിടെകുറവാണ്. ഈ രംഗത്ത സജീവമായി തുടരുന്നത് 45 വയസ്സിനു മുകളിലുള്ള കർഷകരാണ്. അവർക്ക് നെൽകൃഷി ജീവസന്ധാരണത്തിനുള്ള മാർഗ്ഗമെന്നതിലുപരി ജീവിതചര്യയുടെ ഒരു ഭാഗമാണ്. നെൽകൃഷി മാന്യമായ ഒരു തൊഴിലായി സമൂഹം അംഗീകരിക്കുന്ന പക്ഷം യുവതലമുറയേയും ഈ രംഗത്തേക്ക് ആകർഷിക്കുവാൻ കഴിയും.

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

കാർഷിക ഗ്രാമമായ മുട്ടാർ പഞ്ചായത്തിൽ കാർഷിക വികസനത്തിന് ഊന്നൽ നല്കിക്കൊണ്ടുള്ള വികസനത്തിനേ പ്രസക്തിയുള്ളൂ. സങ്കീർണ്ണമായ പ്രശ്നങ്ങളുള്ള ഈ രംഗത്ത് അവർക്കുള്ള പരിഹാര മാർഗ്ഗങ്ങളും അത്ര ലഘുവല്ല.

1.	കാർഷിക വിജ്ഞാന വ്യാപനരംഗത്ത് കൃഷിവകുപ്പിന്റെ നിലവിലുള്ള സംവിധാനങ്ങളുടെയു അപര്യാപ്തത.	കീടരോഗ നിരീക്ഷണ യൂണിറ്റുകൾ ഓപ്പറേഷൻ റിസർച്ച് പ്രോഗ്രാം തുടങ്ങിയവ പുനർജീവിപ്പിക്കുക. സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിജ്ഞാന വ്യാപനം ഒരു പ്രത്യേക വിഭാഗമായിപ്രവർത്തിപ്പിക്കുക.
2	നെൽകൃഷിക്കാവശ്യമായ ഗുണമേൻമയുള്ള വിത്ത് ലഭ്യമല്ല. വിത്ത് മോശമാകുന്നതിനാൽ കുമിൾ-കീട ബാധ ഉണ്ടാകുന്നു.	ചില നെല്ലുല്പാദന സമിതിളെ വിത്തില്പാദകരായി തിരഞ്ഞെടുത്ത് മതിയായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നല്കണം. National Seeds Corporation - ൽ നിന്ന് ആവശ്യമായ വിത്ത് ലഭ്യമാക്കണം.
3.	നെല്ലുല്പാദക സമിതികളുടെ കാര്യക്ഷമതയില്ലായ്ക.	സമിതികൾ ശാസ്ത്രീയമായി പുന:സംഘടിപ്പിച്ച് കൃഷിവകുപ്പിന്റെ നെൽകൃഷി വികസന പദ്ധതികൾ നടപ്പാക്കണം.
4.	വെള്ളപൊക്കവും പ്രകൃതിക്ഷോഭവും പാടങ്ങളുടെ ആന്തര സംവിധാനം മെച്ചമല്ല. മതിയായ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്. ജല സേചന കുറവും	മുട്ടാറ്റിലെ മുഴുവൻ പാടശേഖരങ്ങളുടെയും പുറംബണ്ടുകൾ കല്ലുകെട്ടി മൺവേല ചെയ്തു ഉയർത്തണം. മോട്ടോർ തറയും ഷെഡും ഉണ്ടാകണം. ആവശ്യമായ ജല നിർഗ്ഗമന മാർഗ്ഗങ്ങൾ (കലുങ്കുകൾ, സ്ലാബുകൾ, തൂമ്പുകൾ) ഉണ്ടാക്കണം. ട്രാക്ടർ റോഡുകൾ നിർമ്മിക്കണം മോട്ടോറിനു സ്ഥിരം കണക്ഷൻ നല്കണം.

5.	മീൻ കൃഷി ആരംഭിച്ചിട്ടില്ല.	ഒരു നെല്ലും ഒരു മീനും പദ്ധതി ആരംഭിക്കണം, മീൻകൃഷി നടത്തുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കണം ഇതിനായി പുറം ബണ്ടുകളും ആന്തരിക സംവിധാനങ്ങളും മെച്ചപ്പെടുത്തണം. മത്സ്യതീറ്റ ഫാക്ടറി ഉണ്ടാവണം. എം. പി. ഡി. ഇ. എ. യുടെ സഹായം ലഭ്യമാക്കണം.
6.	കർഷക തൊഴിലാളികളുടെ ദൗർലഭ്യത	തൊഴിലാളികളുടെ താല്പര്യം സംരക്ഷിച്ചു കൊണ്ടുതന്നെ കാർഷിക യന്ത്രവത്ക്കരണം നടപ്പാക്കണം. (ട്രാക്ടർ, ടില്ലർ, മെതിയെന്ത്രം, കൊയ്ത്ത്യന്ത്രം, മോട്ടോർ പെട്ടി, പറ,പവർ സ്പേയ'ർ etc) ലഭ്യമാക്കണം.
7.	നെൽകൃഷി നഷ്ടമാകുന്നു.	വിള ഇൻഷ്വറൻസ് നടപ്പാക്കണം പഞ്ചായത്തിൽ മൊത്തത്തിൽ ഉണ്ടാകുന്ന കീടബാധ പ്രകൃതിക്ഷോഭവമായി കണക്കാക്കി സഹായം നൽകുക. ഒരു ഗ്രാമീണ വികസന ബാങ്ക് മുട്ടാറ്റിൽ സ്ഥാപിക്കണം. കുറഞ്ഞ പലിശക്ക് മതിയായ വായ്പ നല്കണം. ഉൽപന്നത്തിന് മതിയായ വിലലഭിക്കണം. വിവിധ സർക്കാർ സഹായം യഥാർത്ഥ ഗുണഭോക്താവിന് ലഭ്യമാക്കണം. മണ്ണുപരിശോധനാകേന്ദ്രം ഈ പഞ്ചായത്തിൽ ഉണ്ടാകണം. വളം, വിഷം, സബ് സിഡികൾ വർദ്ധിപ്പിക്കുക. പ്രൊഡക്ഷൻ ബോണസ് വർദ്ധിപ്പിക്കുക. പമ്പിംഗ് ജോലികൾ കൃഷിഭവൻ വഴി ആക്കുക. അധിക നേർമ്മ ഈടാക്കുന്നത് ഒഴിവാക്കുക.
8.	തൊഴിൽ ദിനങ്ങളുടെ കുറവ്.	കർഷക സഹകരണ സംഘങ്ങളുടെ വകയായി നെല്ലുകുത്തു വ്യവസായ ശാലകൾ പ്രവർത്തിപ്പിക്കണം. നെല്ലു സംഭരണ ഗോഡൗണുകൾ ഉണ്ടാക്കി നെല്ലു സംഭരിക്കണം. വിത്തു സംഭരണ ഗോഡൗണുകൾ ഉണ്ടാവണം. പ്രകൃതി ക്ഷോഭത്തിൽ നിന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

തെങ്ങ്

കരഭൂമിയിലെ മുഖ്യവിള തെങ്ങാണ്, തെങ്ങുകൃഷി സജീവ ശ്രദ്ധയാവശ്യമുള്ള മേഖലയാണ്. ഒരു പ്രധാന വിളക്കാവശ്യമായ ശ്രദ്ധയും പരിചരണവും ഈ കൃഷിക്ക് ലഭിക്കുന്നില്ല. കാറ്റു വീഴ്ച ഉല്പാദനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഉല്പാദനവും ഉല്പാദന ചെലവും സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. രോഗം ബാധിച്ച തെങ്ങിൽ നിന്നും ശരിയായ പരിചരണ മുറകൾ മൂലം ഉല്പാദനം ഒരളവുവരെ ലഭ്യമാകുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. അശ്രദ്ധയും, അജ്ഞതയും ഉല്പാദനക്കുറവിന് കാരണമാകുന്നു. എങ്കിലും ഇതിന്റെ നേട്ടങ്ങൾ കർഷകരിൽ എത്തിക്കുവാനുള്ള സംവിധാനം സംജാതമായിട്ടില്ല.

വളപ്രയോഗവും സസ്യസംരക്ഷണ പ്രവർത്തനങ്ങളും കാര്യക്ഷമമായി അനുവർത്തിക്കുന്ന കർഷകർ തുലോം വിരളമാണ്. തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം വിളവെടുപ്പിനെ തന്നെ ബുദ്ധിമുട്ടു സൃഷ്ടിക്കുന്നതിനാൽ സസ്യസംരക്ഷണ പ്രവർത്തനത്തെക്കുറിച്ച് ആ കർഷകർക്ക് ചിന്തിക്കുവാൻ സാധിക്കാതെയിരിക്കുന്നു. തെങ്ങുകയറ്റ യന്ത്രത്തിന്റെ ഉപയോഗം മുട്ടാർ പഞ്ചായത്തിൽ വ്യാപിച്ചിട്ടില്ല. വെളിച്ചെണ്ണ ഒഴികെയുള്ള കേരോല്പന്നങ്ങളും ഉൽപാദിപ്പിക്കപ്പെടുന്നില്ല. പഞ്ചായത്തിൽ മൂന്ന് ഓയിൽ മില്ലുകൾ പ്രവർത്തിക്കുന്നു. തേങ്ങയുടെ വിലയിടിവും കർഷകരെ ഈ കൃഷിയിൽ അശ്രദ്ധരാക്കുന്നു. രോഗബാധിത വൃക്ഷങ്ങൾ വെട്ടിമാറ്റി പകരം തൈകൾ നടുന്നതിനുള്ള സംവിധാനം ഈ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടില്ല. 1994-95 -ൽ രജിസ്റ്റർ ചെയ്ത കേര വികസന സമിതി ഇപ്പോഴും ശൈശവദശയിലാണ്. എട്ടുവാർഡുകളിലും കൂടി 800 അംഗങ്ങളുള്ള സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയാണെങ്കിൽ കർഷകർക്ക് പ്രയോജന പ്രദമായിരിക്കുമെന്നുള്ളതിൽ സംശയമില്ല.

പട്ടിക -7.

തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ (അവലംബം: കൃഷിഭവൻ)

തെങ്ങുകൃഷി വിസ്തീർണ്ണം	തെങ്ങിന്റെ എണ്ണം			രോഗം ബാധിച്ച തെങ്ങ്			
	കായ്ക്കുന്നത്	കായ്ക്കാത്തത്	ആകെ	കാറ്റുവീഴ്ച ചെമ്പൻ ചെല്ലി.	ഓലചീയൽ,	മണ്ടചീയൽ	ആകെ
140	18,500	12,500	31,000	15,000	5,300	400	20,700

പ്രശ്നങ്ങൾ

1. വർദ്ധിച്ചുവരുന്ന കീട രോഗബാധകൾ (കാറ്റുവീഴ്ച, മണ്ടചീയൽ, ചെല്ലിയുടെ
2. കേരോല്പന്നങ്ങളുടെ വിലക്കുറവ്
3. കേരവികസന സമിതിയുടെ കാര്യക്ഷമത ക്കുറവ്.

സാദ്ധ്യതകൾ

5 വർഷം കൊണ്ട് പഞ്ചായത്തിലെ കേര കൃഷിയെ രോഗവിമുക്തമാക്കണം. രോഗബാധിത വൃക്ഷങ്ങൾ വെട്ടിമാറ്റി പകരം നല്ല യിനം ആക്രമണം തുടങ്ങിയവ) തൈകൾ നല്കണം.

കേര വികസന ബോർഡിന്റെ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കണം. സമഗ്ര തെങ്ങുവികസന പദ്ധതി നടപ്പിലാക്കണം. Drip Irrigationm Pump Set കൾ തുടങ്ങിയവയിലൂടെ ജല സേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. Rubber re-planting - ന് subsidy നൽകുന്നതു പോലെ Cocunt re-planting subsidy യോടു കൂടിനടപ്പിലാക്കണം.

കേരോല്പന്നങ്ങൾക്ക് വില ഉറപ്പുവരുത്തണം. കേരോല്പന്ന വ്യവസായങ്ങൾ ആരംഭിക്കണം. ഓയിൽ മില്ലുകൾ തുടങ്ങുകയും ഉല്പന്നങ്ങളുടെ സംഭരണം സംസ്കരണം, വിപണനം ഇവ നടത്തുകയും ചെയ്യണം.

സമിതികൾ പുന:സംഘടിപ്പിച്ച് ആവശ്യമായ നൂതന ശാസ്ത്രീയ സാങ്കേതിക സഹായം നല്കണം. സമിതികൾ വഴി വളം, കീടനശിനികൾ തുടങ്ങിയവ സബസിഡി നിരക്കിൽ മുഴുവൻ കർഷകരും ലഭ്യമാക്കണം.

ഗുണമേൻമയുള്ള തെങ്ങ്, കമുക് ഫലവൃക്ഷങ്ങൾ തുടങ്ങിയവയുടെ തൈകൾ ലഭ്യമാക്കുന്നതിന് നഴ്സറികൾസ്ഥാപിക്കണം. തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് നല്കണം. Pump Set, Motor Rocker Sprayer etc. സൗജന്യ നിരക്കിൽ നല്കണം.

ഇടവിളകൾ

തെങ്ങിന്റെ ഇടവിളകളായിവാഴ, പച്ചക്കറി, കുരുമുളക്, കൊക്കൊ, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവ കൃഷി ചെയ്തുവരുന്നുണ്ട്. സമീപ പ്രദേശങ്ങളേക്കാളധികം വാഴകൃഷിയും, പച്ചക്കറി കൃഷിയും ചെയ്തുവരുന്ന പ്രദേശമാണ് മുട്ടാർ. ആലപ്പുഴ ജില്ലയിൽ വാഴ കൃഷി ആദ്യം ആരംഭിക്കുന്നത് മുട്ടാറ്റിലാണ്. വെള്ളപ്പൊക്കം ഈ കൃഷിയെ കാരമായയി ബാധിക്കുന്നു. സംഘടിന കൃഷിരീതികളോ, വിപണനമോ ഈ രംഗത്ത് നടക്കുന്നില്ല. കർഷകരെക്കാൾ മദ്ധ്യവർത്തികൾ ലാഭം കൊയ്യുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. കുരുമുളക് കൃഷി നിരന്തരമായ വെള്ളപ്പൊക്കം മൂലം പൂർണ്ണമായി നശിച്ചു. കാർഷിക നേഴ്സറികളും, ഉദ്യാനകൃഷിയും ഇനിയും ആരംഭിക്കേണ്ടിയിരിക്കുന്നു.

പച്ചക്കറി കൃഷി പഞ്ചായത്തുമുഴുവൻ വ്യാപകമാ

ക്കുക. ആവശ്യമായ വിത്ത്, വളം, മുതലായനവ സൗജന്യമായി ലഭ്യമാക്കുക നല്ലയിനം വാഴകന്നുകൾ നല്കണം.

പച്ചക്കറി ചന്തകൾ സ്ഥാപിച്ച് മദ്ധ്യവർത്തികളെ ഒഴിവാക്കുക. ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക. കൊക്കൊ കൃഷി വ്യാപകമാക്കുകയും കൊക്കൊ പ്രോസസിംഗ് യൂണിറ്റ് ഈ പഞ്ചായത്തിൽ സ്ഥാപിക്കുകയും ചെയ്യുക. വാഴ, പച്ചക്കറി ഉല്പന്നങ്ങൾ സഹകരണാടിസ്ഥാനത്തിൽ സംഭരിക്കുകയും സംസ്കരിക്കുകയും വിപണനം നടത്തുകയും ചെയ്യുക. കർഷകർക്ക് ആവശ്യമായ ലോൺ കുറഞ്ഞ പലിശക്ക് ലഭ്യമാക്കുക.

കൃഷിഭവൻ

1987 നവംബർ 1 ന് പ്രവർത്തനം ആരംഭിച്ച കൃഷിഭവനിൽ ഒരു കൃഷി ഓഫിസറും രണ്ടു കൃഷി അസിസ്റ്റന്റുമാരുമാണുള്ളത്. വിസ്തൃതമായ പാടശേഖരങ്ങളും കൃഷിയിടങ്ങളും ഉള്ള പഞ്ചായത്തിൽ ഈ ഉദ്യോഗസ്ഥരുടെ എണ്ണം ആവശ്യാനുസരണമില്ല. കാർഷിക മേഖലയിൽ ദിനംപ്രതി ആവിഷ്ക്കരിക്കപ്പെടുന്ന കൃഷിരീതികൾ കർഷകരിൽ എത്തിക്കേണ്ട സാങ്കേതിക വൈദഗ്ധ്യം ലഭിച്ചിട്ടുള്ള ഈ ഉദ്യോഗസ്ഥർക്ക് കടലാസു പണികൾക്കുശേഷം വിജ്ഞാന വ്യാപനത്തിന് സമയം ലഭിക്കുന്നില്ല.

എന്നാൽ മറ്റു വകുപ്പുകളേക്കാൾ കൂടുതൽ ജനപങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തനം ഈ വകുപ്പിനുണ്ടെന്നുള്ളത് ആശാസ്യമാണ്. വിവിധ പദ്ധതികൾ മുഖേന വിവിധ സാമ്പത്തിക സഹായങ്ങൾ നല്കുന്നതിന് ആവശ്യമായ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനു കൃഷിഭവനു സാധിക്കുന്നുണ്ട്.

നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം കുറയുന്നതും ഉല്പാദനത്തോത് താഴ്ന്നുകൊണ്ടിരിക്കുന്നതും ഇന്ന് കേരളം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളാണ്. ജനങ്ങളുടെ മുഖ്യ ആഹാരമായ നെല്ലരിയുടെ ഉല്പാദനകുറവ് രാജ്യത്തിന്റെ ഭാവിയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണ്. കൃഷിക്കാർ ലാഭകരമായ നാണ്യവിളകളുടെ ഉല്പാദനത്തിലേക്ക് തിരിയുന്നതും, നെൽകൃഷി ആദായകരമല്ലാത്തതും ഇതിനുകാരമാണെന്നു പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ശാസ്ത്രീയമായ കൃഷിരീതി നടപ്പിലാക്കുകയും കർഷകർക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം ലഭ്യമാക്കുകയും ചെയ്തെങ്കിലേ ഈ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളു. മണ്ണിനോടുമല്ലടിച്ച് വിയർപ്പു ചിന്തി മണ്ണിൽ പൊന്നുവിളയിച്ചിരുന്ന പഴയ തലമുറക്കാർ ഇന്നത്തെ തലമുറക്ക് അത്ഭുതമായി മാറുന്നു. കർഷകനെയും കർഷകതൊഴിലാളിയും ഒരുമിച്ചിരുന്ന് ഒരുമിച്ചു പാടിയ പാട്ട് നമുക്കും പാടാം.

''ഓൻ പാടം ഓൻ നെല്ല് ഓൻ കൊയ്യും''.

പട്ടിക -8.

നടീൽ വസ്തുക്കളുടെ വിതരണം (അവലംബം കൃഷിഭവൻ)

ഇനം	വർഷം		
	1993 - 94	1994 - 95	1995 - 96
തെങ്ങ്	800 തൈകൾ	375 തൈകൾ	900 തൈകൾ
കുരുമുളക്		2000 ''	2500 ''
കമുക്		175 ''	
പച്ചക്കറി വിത്ത്			
പായ്ക്കറ്റ്	1758 എണ്ണം	1608 എണ്ണം	923 എണ്ണം
ഫലവൃക്ഷ തൈകൾ	137	54	248
കൊക്കൊ			105
നെൽവിത്ത്	500 കി.ഗ്രാം	360 കി.ഗ്രാം.	

മൃഗ സംരക്ഷണം

ഭാരതം പോലെയുള്ള ഒരു കാർഷിക രാജ്യത്ത് മൃഗങ്ങളും അവയിൽ നിന്നു ലഭിക്കുന്ന ഉല്പന്നങ്ങളും വളരെ വിലപ്പെട്ടതാണ്. നല്ലയിനത്തിൽപ്പെട്ട വളർത്തുമൃഗങ്ങൾ കൂടുതൽ ആദായകരമാണ്. ഇൻഡ്യയിലെ മൃഗസമ്പത്ത് - പ്രത്യേകിച്ചും കന്നുകാലികൾ-വിദേശ രാജ്യങ്ങളിലേതിനേക്കാൾ വളരെ താഴെക്കിടയിലാണ്. നമ്മുടെ മൃഗസമ്പത്ത് കൂടുതൽ മെച്ചപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ഗ്രാമതലങ്ങളിൽ ആരംഭിക്കേണ്ടതാണ്.

അരനൂറ്റാണ്ട് മുൻപ് ഈ ഗ്രാമത്തിലെ മിക്കവാറും എല്ലാ വീടുകളിലും വളർത്തുമൃഗങ്ങളായി പശു, ആട്, കാള, പോത്ത്, എരുമ എന്നിവ ഉണ്ടായിരുന്നു. ഇവയിൽ പ്രധാനം പശുക്കളായിരുന്നു. എന്നാൽ അന്നു വളർത്തപ്പെട്ട പശുക്കൾ എല്ലാം തന്നെ നാടൻ ഇനങ്ങളായിരുന്നു. അവയെ പരിചരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ കാണിച്ചിരുന്നില്ല. ഓലകൊണ്ടുണ്ടാക്കിയ 'ചാർത്താ'ണ് പശുക്കളെ കെട്ടാൻ വേണ്ടി ഉപയോഗിച്ചിരുന്നത്. ആകയാൽ ചാണകവും മൂത്രവും നിറഞ്ഞ മലീമസമായ ചുറ്റുപാടുകളിൽ സദാസമയവും പശുക്കൾക്ക് കഴിയേണ്ടിവന്നു. നാടൻ ഇനങ്ങളായിരുന്നതുകൊണ്ട് അവയിൽ നിന്നുള്ള പാലുല്പാദനവും പരിമിതമായിരുന്നു. അന്നത്തെ മുന്തിയ ഇനം നാടൻ പശുക്കളിൽ നിന്നു ലഭിച്ചിരുന്നത് അങ്ങേയറ്റം 4 ഇടങ്ങഴി പാലായിരുന്നു. പാലിന്റെ ഉല്പാദനം കുറവായിരുന്നതുകൊണ്ട് അവയ്ക്ക് വേണ്ടത്ര പരിചരണവും ലഭിച്ചിരുന്നില്ല. പ്രസവം കഴിഞ്ഞുള്ള ഒന്നോ, രണ്ടോ മാസം മാത്രമാണ് പശുക്കളെ കാര്യമായി പരിചരിച്ചിരുന്നത്. ആ കാലഘട്ടത്തിൽ മാത്രം അവയ്ക്കു വേണ്ടുവോളം പോഷക സമൃദ്ധമായ തീറ്റ നൽകിയിരുന്നു. മറ്റുള്ള അവസരങ്ങളിൽ വേണ്ടത്ര തീറ്റയോ വെള്ളമോ അവയ്ക്കു ലഭിച്ചിരുന്നില്ല.

എന്നാൽ ഇന്ന് സ്ഥിതി വളരെയേറെ മാറിയിരിക്കുന്നു. മാട്ടുപ്പെട്ടി എന്ന സ്ഥലത്ത് ആരംഭിച്ച ഇൻഡോ സ്വിസ്സ് പ്രോജക്ടുപോലെയുള്ള ഗോസംവർദ്ധക പദ്ധതികൾകൊണ്ട് ക്ഷീരോല്പാദനം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ക്ഷീരോല്പാദക ഇനമായ ''ജഴ്സി-സിൻഡ്'' എന്ന വിഭാഗത്തിൽപ്പെട്ട പശുക്കളെ ഇന്ന് ഈ ഗ്രാമത്തിലെ പല വീടുകളിലും വളർത്തുന്നു. പുതിയ ഇനങ്ങളിലേയ്ക്കുള്ള മാറ്റത്തോടൊപ്പം പരിപാലന രീതിയിലും കുറെയൊക്കെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. എങ്കിലും പുതിയ ഇനങ്ങളെ അവയുടെ സമീകൃതാഹാരനിഷ്ഠയനുസരിച്ചു വളർത്തുവാൻ സാമ്പത്തിക പരാധീനത അനുവദിക്കുന്നില്ല. അതോടൊപ്പം പരിചരണ രീതികളെക്കുറിച്ചുള്ള അറിവില്ലായ്മയും.

ഇന്ന് പല വീടുകളിലും പുതിയഇനങ്ങളെ വളർത്തുവാൻ തൊഴുത്തുണ്ടെങ്കിലും അവയൊന്നും തന്നെ നിർമ്മിച്ചിരിക്കുന്നത് സാങ്കേതിക ഉപദേശത്തോടു കൂടിയോ ആധുനിക സജ്ജീകരണങ്ങളോടു കൂടിയോ അല്ല. പഴയകാലത്തു നിന്നു വിഭിന്നമായി പശുക്കൾക്ക് ആവശ്യമായ തീറ്റ സമയത്തു തന്നെ നല്കുന്നതിന് കർഷകർ ശ്രദ്ധിക്കാറുണ്ട്. ദിവസവും തൊഴുത്തും പരിസരവും വൃത്തിയാക്കുന്നു, പശുക്കളെ നിത്യേന കുളിപ്പിക്കുന്നു. ചാണകം പ്രത്യേകം കുഴികളിൽ നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഇന്നും പല വീടുകളിലുമില്ല.

അത്യുല്പാദന ശേഷിയുള്ള പശുക്കളുടെ ആഗമനത്തോടുകൂടി ക്ഷീരോല്പാദനം ഈ ഗ്രാമത്തിൽ ക്രമാതീതമായി വർദ്ധിച്ചു. ഏതാണ്ട് 30 വർഷങ്ങൾക്കു മുൻപ് ഉല്പാദിക്കപ്പെട്ടിരുന്ന പാലിന്റെ 300 ഇരിട്ടിയോളം പാല് ഇന്ന് ഉല്പാദിപ്പിക്കപ്പെടുന്നു. അന്ന് ഈ ഗ്രാമത്തിൽ ഉല്പാദിപ്പിക്കപ്പെട്ടിരുന്ന പാലിന്റെ 75 ശതമാനത്തോളം അടുത്തുള്ള ചായക്കടകളിൽ കൊടുത്തിരുന്നു. ബാക്കിയുള്ളത് അടുത്തുള്ള വീട്ടുകാർക്ക് ചില്ലറയായി വിറ്റിരുന്നു. ഇന്ന് ഈ ഗ്രാമത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ 75 % ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്ക് വിൽക്കുന്നു. 10 ശതമാനത്തോളം പാല് അടുത്തുള്ള ചായക്കടക്കാർക്ക് വിൽക്കുന്നു. ബാക്കിയുള്ളത് സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. ഉല്പാദനച്ചെലവും ഉല്പന്നങ്ങൾക്കുലഭിക്കുന്ന വിലയുമായി തട്ടിച്ചു നോക്കുമ്പോൾ ഇപ്പോൾ പാലിനുലഭിക്കുന്ന വില വളരെ കുറവാണെന്നാണ് കർഷകരുടെ അഭിപ്രായം. അതുപോലെ തന്നെ ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന കോഴിമുട്ടകൾക്കും, താറാവിൻ മുട്ടകൾക്കും ന്യായമായ വിലലഭിക്കുന്നില്ല.

ഈ മുട്ടകൾക്ക് ന്യായമായ വില ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

ഇപ്പോൾ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കത്തക്ക സംവിധാനങ്ങൾ ഒന്നു തന്നെ ഇവിടെയില്ല. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ഇവ ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചാൽ മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിയും. അങ്ങനെ കൂടുതലാളുകളെ ഈ രംഗത്തേക്കാകർഷിക്കുവാനും, തൊഴിലില്ലായ്മ ഒരുപരിധിവരെ ലഘൂകരിക്കാനും സാധിക്കും.

പശുക്കളെ കൂടാതെ ആട്, എരുമ, പോത്ത് എന്നിമൃഗങ്ങളെയും ഇവിടെ വളർത്തുന്നു. മുൻകാലങ്ങളിൽ നിലം ഉഴുന്നതിനും, ഒരുക്കുന്നതിനും പൂർണ്ണമായും ആശ്രയിച്ചിരുന്നത് പോത്തിനെയാണ്. എന്നാൽ യന്ത്രവൽക്കരണത്തോടുകൂടി പോത്തിനെ ഉപയോഗിച്ചുള്ള നിലമൊരുക്കൽ സമ്പ്രദായം നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. ഇന്ന് ചുരുക്കം ചില ആളുകൾ മാത്രമേ ഈ രംഗത്ത് അവശേഷിച്ചിട്ടുള്ളു. അവരും ഏതാനുംവർഷങ്ങൾക്കുള്ളിൽ രംഗംവിടാനുള്ള സാദ്ധ്യതയാണുള്ളത്.

ഇവിടെ സ്ഥിതി ചെയ്യുന്ന മൃഗാശുപത്രി 1-4-62 -ൽ വെളിയനാട് എൻ. ഈ എസ്സ്. ബ്ലോക്ക് നിർമ്മിച്ച് മൃഗസംരക്ഷണ വകുപ്പിനു കൈമാറിയതാണ്. സെൻറ് ജോർജ്ജ് പള്ളിക്കാര്യത്തിൽ നിന്നും ദാനം ചെയ്ത പത്തു സെൻറു സ്ഥലത്താണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്. 30-3-91 മുതൽ ഈ മൃഗാശുപത്രിയിൽ ഒരു വെറ്റിനറി സർജന്റെ സേവനം ലഭിച്ചുതുടങ്ങി. എന്നാൽ തുടർച്ചയായി ഇവിടെ സർജന്റെ സേവനം ലഭിക്കുന്നില്ല. പുതിയ ഡോക്ടർ നാളിതുവരെ ചാർജ്ജെടുത്തിട്ടില്ല. ഡോക്ടറുടെ അഭാവം മൂലം ഈ നാട്ടിലെ കർഷകർ അനുഭവിക്കുന്ന ദുരിതത്തിന് അതിരില്ല. ഡോക്ടറുടെ സേവനം തുടർച്ചയായിലഭിക്കുന്നതിനുള്ള സംവിധാനം കഴിവതും വേഗം ഏർപ്പെടുത്തേണ്ടതാണ്.

ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ തസ്തിക നാളിതുവരെ നികത്തിയിട്ടില്ല. ഈ മൃഗാശുപത്രിയുടെ ആരംഭം മുതലുള്ള ഈ തസ്തിക നികത്താതിരിക്കുന്നത് ഈ നാട്ടിലെ കർഷകരോടുള്ള ഒരു വെല്ലുവിളിയായിഞങ്ങൾ കരുതുന്നു. യഥാർത്ഥത്തിൽ ഇപ്പോൾ ഈ ആശുപത്രിയിലുള്ളത് ഒരു അറ്റൻഡർ മാത്രമാണ്. 15-12-86 മുതൽ കൃത്രിമ ബീജസങ്കലനം നടത്തുവാനുള്ള സൗകര്യങ്ങൾ ഈ ആശുപത്രിയിൽ ഏർപ്പെടുത്തി.

ഇന്നത്തെ സാഹചര്യത്തിൽ മൃഗാശുപത്രികെട്ടിടം തികച്ചും അപര്യാപ്തമാണ്. വിള്ളൽ വീണ ഈ കെട്ടിടം എപ്പോൾ വേണമെങ്കിലും നിലംപതിക്കാം കൂടുതൽ സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടം നിർമ്മിക്കേണ്ടത് അനിവാര്യമാണ്. ആശുപത്രിയുടെ പരിസരത്ത് വെള്ളപ്പൊക്കക്കാലത്ത് ഒരു മീറ്റർ ഉയരത്തിൽ വെള്ളമുണ്ടായിരിക്കും പരിസരത്ത് ഗ്രാവലിട്ട് ഉയർത്തിയെങ്കിൽ മാത്രമേ ഈ മൃഗാശുപത്രി പൂർണ്ണമായും പ്രയോജനപ്പെടുകയുള്ളു. മാസംതോറും മുന്നൂറിലധികം പശുക്കളെ ബീജസങ്കലനത്തിനു വേണ്ടി ഇവിടെ കൊണ്ടുവരാറുണ്ട്. ഇപ്പോൾ ഒറ്റ പശുവിനെപോലും സൗകര്യപ്രദമായി നിർത്തുവാനുള്ള സൗകര്യം ഇവിടെയില്ല. ആകയാൽ ബീജസങ്കലനത്തിനു വേണ്ടികൊണ്ടുവരുന്ന പശുക്കളെ നിർത്തുന്നതിനാവശ്യമായ ഷെഡ്ഡുകൾ കഴിവതും വേഗം നിർമ്മിക്കേണ്ടതാണ്. ഇതു കൂടാതെ അർണകളും ഉണ്ടാകേണ്ടിയിരിക്കുന്നു. ചുരുക്കം ചില വീടുകളിൽ കാളകളേയും വളർത്തുന്നുണ്ട്. വിത്തുകാളകളെയും ഒറ്റപ്പെട്ട വീടുകളിൽ വളർത്തുന്നു. എരുമ ഈ ഗ്രാമത്തിൽ പൊതുവേ കുറവാണ്. എരുമയെ വളർത്തുന്ന 12 വീടുകൾ മാത്രമാണിവിടുള്ളത്.

ഇവിടെ 15 ശതമാനം വീടുകളിൽ മാത്രമാണ് ആടുകളെവളർത്തുന്നത്. അവ എല്ലാം തന്നെ നാടൻ ഇനങ്ങളാണ്. അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ ഇവിടെ പ്രചാരത്തിലില്ല.

പട്ടികളേയും, പൂച്ചകളേയും ഓമനമൃഗങ്ങളായി പല വീടുകളിലും വളർത്തുന്നുണ്ട്. പട്ടികളെ കാവല്ക്കാരായും, എലികളെപ്പോലുള്ള ക്ഷുദ്രജീവികളെ നശിപ്പിക്കുന്നതിന് പൂച്ചകളെയും പല വീടുകളിലുംവളർത്തുന്നു. പ്രാവ്, തത്ത, ലൗവ് ബേർഡുകൾ തുടങ്ങിയ പക്ഷികളെയും ഭംഗിക്കും വിനോദത്തിനുമായി ചുരുക്കം ചില വീടുകളിൽ ഇണക്കി വളർത്തുന്നു. മിക്കവാറും എല്ലാ വീടുകളിലും കോഴികളെ വളർത്തുന്നു എല്ലാം നാടൻ ഇനങ്ങളാണ്. താറാവുകളെ കൂട്ടമായി വളർത്തുന്ന ഏതാണ്ട് മുപ്പതോളം കുടുംബങ്ങൾ ഈ ഗ്രാമത്തിലുണ്ട്. മുയലുകളേയും ചുരുക്കം ചില വീടുകളിൽ വളർത്തുന്നു.

ഇവിടെ ഇപ്പോൾ വളർത്തുന്ന മൃഗങ്ങളുടേയും പക്ഷികളുടേയും പട്ടിക -9 ൽ കൊടുത്തിരിക്കുന്നു.

കോഴിവസന്ത, താറാവിനുണ്ടാകുന്ന സാംക്രമിക രോഗങ്ങൾ, പേവിഷബാധ എന്നിവക്കെതിരെയുള്ള വാക്സിനുകൾ സൂക്ഷിക്കുന്നതനുള്ള ശീതികരണികൾ ഇവിടെ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

വളർത്തുമൃഗങ്ങളും പക്ഷികളും.

സങ്കരയിനം പശുക്കൾ	876
നാടൻ ''	318
സങ്കരയിനം കാളകൾ	82
നാടൻ ''	21
സങ്കരയിനം എരുമ	ഇല്ല.
നാടൻ ''	12
പോത്ത്	40
മുട്ടനാട്	80
പെണ്ണാട്	315
പട്ടി	334
സങ്കരയിനം കോഴി	160
നാടൻ ''	14670
താറാവ്	16027
മുയൽ	85
തത്ത	10
മാടത്ത	15
പ്രാവ്	320

പ്രശ്ന വിശകലനം

1. കാലിവളർത്തൽ

ക്ഷീരോല്പാദന ശേഷികൂടിയ സങ്കരവർഗ്ഗ ഇനങ്ങളായ ജേഴ്സി-സിൻഡ്, ബ്രൗൺ-സാഹിവാൽ, സുനന്ദിനി എന്നിവയെ ലഭിക്കുന്നതിന്വളരെയേറെ ബുദ്ധിമുട്ടനുഭവപ്പെടുന്നു. അത്യുല്പാദനശേഷിയുള്ള മൂറാ (Murrah) എന്ന സങ്കരയിനം എരുമകളെ ലഭിക്കുന്നതിനുള്ള സംവിധാനവും ഇവിടെ നിലവിലില്ല. മേൽത്തര സങ്കരയിനങ്ങളെവളർത്തുന്നതിനാവശ്യമായ കാലിപ്പുരകൾ ഇവിടെയില്ല. സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരുടെ ഉപദേശത്തോടുകൂടി കാലിപ്പുരകൾ പണിയിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടിയിരിക്കുന്നു.

2. കോഴിവളർത്തൽ

നാടൻ കോഴികളെ മിക്കവാറും എല്ലാ വീടുകളിലും വളർത്തിവരുന്നു കാലാവസ്ഥയോട് ഇണങ്ങിച്ചേരുവാനുള്ള കഴിവ് ഈ വർഗ്ഗം കോഴികൾക്കുണ്ട്. ഫലപ്രദമായ ചികിത്സയുടെ അഭാവത്താൽ നാടൻകോഴികളും നശിച്ചുകൊണ്ടിരിക്കുന്നു. ഇവയ്ക്കുണ്ടാകുന്ന രോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സ ലഭിക്കുന്നില്ല. രോഗത്തിനെതിരെയുള്ള പ്രതിരോധ നടപടികളും കൈക്കൊള്ളാറില്ല. അത്യുല്പാദനശേഷിയുള്ള വൈറ്റ് ലെഗ്ഹോൺ, റോഡ് ഐലൻഡ് റെഡ്, ബ്ലാക്മിനോർക്ക മുതലായ ഇനങ്ങളെ ലഭിക്കുന്നതിനുള്ള മാർഗ്ഗം ഇവിടെയില്ല. അവയെ ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ കഴിവതും വേഗം ചെയ്യേണ്ടതാണ്.

3. താറാവ് വളർത്തൽ

ഇന്നാട്ടിൽ മുപ്പതു വീട്ടുകാർ യഥാർത്ഥ താറാവുകർഷകരാണ്. നിരവധി വീടുകളിൽ ചെറുതോതിലെങ്കിലും താറാവുകളെവളർത്തിവരുന്നു. താറാവുകളെ വളർത്തുന്നതിന് ശാസ്ത്രീയമായി നിർമ്മിച്ച കൂടുകൾ ആവശ്യമാണ് . കൂടുകളുടെ അശാസ്ത്രീയതയാണ്. പല പകർച്ച വ്യാധികൾക്കും കാരണം. താറാവുകളെ പറ്റമായി വളർത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം കർഷകർക്ക് ലഭിച്ചിട്ടില്ലെന്നതാണ് വസ്തുത. രോഗങ്ങൾക്കെതിരെ പ്രതിരോധ നടപടികൾ കൈക്കൊള്ളാത്തതുമൂലം ധാരാളം താറാവുകൾക്ക് രോഗം പടർന്നുപിടിക്കുകയും പറ്റമായി ചാവുകയും ചെയ്യുന്നു.

4. കാലിത്തീറ്റ

പുരയിടങ്ങളിലെ പുല്ലും, വയലുകളിൽ നിന്നു ശേഖരിക്കുന്ന വൈക്കോലുമാണ്. അടുത്തകാലം വരെ മൃഗങ്ങൾക്കു കൊടുത്തുകൊണ്ടിരുന്നത്. പുരയിടങ്ങളിലെ പുല്ലിന്റെ വളർച്ച പഴയതിൽ നിന്നും വളരെ കുറഞ്ഞിട്ടുണ്ട്. കൃമികീടങ്ങളെ നശിപ്പിക്കുന്നതിനുപയോഗിക്കുന്ന കീടനാശിനിയിൽ കുളിച്ചു നില്ക്കുന്ന വൈക്കോൽ അപകടകാരിയായി പരിണമിച്ചിരിക്കുന്നു. അപകടരഹിതമായ സ്വാഭാവിക കാലിത്തീറ്റ വിരളമായിക്കൊണ്ടിരിക്കുന്നു. കൃത്രിമ കാലിത്തീറ്റ മൃഗങ്ങൾ ഇഷ്ടപ്പെടുന്നു. എന്നാൽ അമിതമായ വിലക്കയറ്റം കർഷകരെ ബുദ്ധിമുട്ടിക്കുന്നു. ഈ നാട്ടിൽ സുലഭമായി ലഭിക്കുന്ന തവിട്, കൊപ്രാപ്പിണ്ണാക്ക്, വാഴമാണം, സംസ്ക്കരിച്ച വൈക്കോൽ എന്നിവ ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കുന്നതിനുള്ള ഒരു ഫാക്ടറി സ്ഥാപിക്കാവുന്നതാണ്. അങ്ങനെയൊരു ഫാക്ടറി

സ്ഥാപിച്ചാൽ ഈ നാട്ടിലെ കാലിത്തീറ്റ ക്ഷാമം ഏറെക്കുറെ പരിഹരിക്കാനാവും.

5. തീറ്റപ്പുല്ല്


കന്നുകാലികളുടെ ഉപയോഗത്തിനായി പുല്ല് കൃഷി ചെയ്യുന്ന രീതി ഇവിടെ നടപ്പിലായിട്ടില്ല. പറമ്പുകളിൽ സാധാരണയായി വളരുന്ന പുല്ല് കന്നുകാലികൾക്കു പറിച്ചു കൊടുക്കുകയാണ് പതിവ്. വയലുകളിൽ നിന്നു പറിച്ചെടുക്കുന്ന കളകളും കന്നുകാലികൾക്ക് കൊടുക്കാറുണ്ട്. മേൽപ്പറഞ്ഞ സ്രോതസ്സുകളെ മാത്രം ആശ്രയിച്ച് ഈ രംഗത്ത് പര്യാപ്തത നേടുകസാദ്ധ്യമല്ല. തീറ്റപ്പുല്ലു കൃഷികൊണ്ടു മാത്രമേ ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാനാവൂ. ആകയാൽ തീറ്റപ്പുല്ലുകൃഷിവ്യാപകമായി ചെയ്യുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടിയിരിക്കുന്നു.പ്രധാനവിളകളായ തെങ്ങ്, വാഴ, എന്നിയുടെ ഇടയിലുള്ള സ്ഥലങ്ങൾ പുല്ലു കൃഷിക്കനുയോജ്യമാണ്. ഈ കൃഷിയെക്കുറിച്ചുള്ള സാങ്കേതിക പരിജ്ഞാനം നൽകുകയും നല്ലയിനം വിത്തുകൾ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

പ്രശ്നങ്ങൾ.

1. മൃഗാശുപത്രിയുടെ ശോച്യാവസ്ഥ
2. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
3. കാലിത്തീറ്റയുടെ വിലക്കൂടുതൽ
4. ക്ഷീര വിപണനത്തിനുള്ള സൗകര്യക്കുറവ്.
5. പാലിന്ന്യായമായ വില ലഭിക്കുന്നില്ല.
6. കോഴി വസന്ത, താറാവുരോഗം എന്നിവ തടയാൻ ഫലപ്രദമായ സംവിധാനമില്ല.
7. അത്യുല്പാദന ശേഷിയുള്ള പശു, ആട്, എരുമ, മുയൽ എന്നിവയെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
8. സങ്കരയിനം കോഴി, താറാവ്, എന്നിവയെ ലഭിക്കുന്നില്ല. കാടപ്പക്ഷികളെ ലഭിക്കുന്നതിനുള്ള സംവിധാനം ഇല്ലായ്മ.
9. കാലികൾക്കുണ്ടാകുന്നകുളമ്പു രോഗം, അകിടുവീക്കം.
10. തൊഴുത്തുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം.
11. പുല്ല്, വൈക്കോൽ എന്നിവയുടെലഭ്യതക്കുറവ്.
12. ബയോ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുതിനുള്ള ധന സഹായം.
13. കോഴി, താറാവ്, മുതലായവയ്ക്കു ഇൻഷ്വറൻസ് ഏർപ്പെടുത്താത്തത്.
14. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാത്തത്.

സാധ്യതകൾ.

1. മൃഗാശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നേരത്തെ പ്രസ്താവിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുക.
2. മൃഗാശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. ഡോക്ടറെയും, ലൈവ് സ്റ്റോക്ക് ഇൻസ് പെക്ടറേയും നിയമിക്കുക.
3. കാലിത്തീറ്റയുടെ വില കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.
4. എല്ലാ വാർഡുകളിലും പാൽ സംഭരണയൂണിറ്റുകൾ സ്ഥാപിക്കുക.
5. പാലിന് ഉല്പാദനച്ചെലവുമായി ബന്ധിപ്പിച്ചുള്ള വില നിശ്ചയിക്കുക.
6. കോഴി വസന്തയും, താറാവുരോഗവും തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
7, അത്യുല്പാദന ശേഷിയുള്ള പശു, ആട്, എരുമ, മുയൽ എന്നിവയെ വിതരണം ചെയ്യുക.
8. ഹാച്ചറികൾ സ്ഥാപിച്ച് നല്ലയിനം കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
9. കുളമ്പുരോഗം, അകിടുവീക്കം മുതലായ രോഗങ്ങൾക്കെതിരെ ഫലപ്രദമായ ചികിത്സകൾ അവലംബിക്കുക.
10. തൊഴുത്തുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുക. തൊഴുത്തു നിർമ്മാണത്തിന് സാങ്കേതിക വിദഗ്ദരുടെ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
11. പുല്ലുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
12. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ധനസഹായത്തിന്റെ സബ്സിഡി വർദ്ധിപ്പിച്ച്, സഹായം ലഭ്യമാക്കുക.
13. കോഴി, താറാവ് മുതലായവയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
14. വളർത്തു പട്ടികൾക്ക് ലൈസൻസ് നിർബ്ബന്ധമാക്കുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.



കടലുമായോ കായലുമായോ കാര്യമായ ബന്ധം ഇല്ലാത്ത ഒരു കുട്ടനാടൻ ഗ്രാമമാണ് മുട്ടാർ എങ്കിലും ജല സമൃദ്ധമാണ്. മണിമലയാറും അതിനോടുബന്ധപ്പെട്ട അഞ്ചു വലിയ തോടുകളും ഏതാനും ചെറുതോടുകളും, കുളങ്ങളും ഉള്ള ഈ പഞ്ചായത്തു പ്രദേശം മത്സ്യസമ്പത്തിന്റെ കാര്യത്തിൽ വളരെ അനുഗ്രഹീതയല്ല. അടുത്ത കാലത്ത് വ്യാപകമായി കാണുന്ന മത്സ്യരോഗം നാടൻ മത്സ്യ സമ്പത്തിന് വലിയ ഭീഷണി സൃഷ്ടിച്ചിരിക്കുകയാണ്. അശാസ്ത്രീയമായ മത്സ്യ ബന്ധനവും മത്സ്യ സമ്പത്തു നശിക്കുന്നതിനു കാരണമാകുന്നുണ്ട്. കീടനാശിനികളുടെ ഉപയോഗം മറ്റൊരുകാരണമാണ്.

നാടൻ വല, ചൂണ്ട, ഒറ്റാൽ തുടങ്ങിയ സ്ഥാനത്ത് നൈലോൺ വലകളും മറ്റുമാണ് ഇന്ന് ഉപയോഗിക്കുന്നത്. നീളൻ വലകളും ചുരുളു വലകളും കാട്ടുവലകളും (എല്ലാം ഉടക്കുകൾ നിറഞ്ഞവ) ഉപയോഗിക്കുമ്പോൾ കൂടുതൽ സ്ഥലം ഉൾക്കൊണ്ട് ആ ഭാഗത്തുള്ള തീരെ ചെറിയവ ഒഴിച്ചുള്ള മത്സ്യങ്ങൾ മുഴുവൻ പിടിക്കപ്പെടുന്നു പഴയകാലത്ത് വീശുവലകളും ചൂണ്ടകളും, ഒറ്റാലും മാത്രം ഉപയോഗിച്ചിരുന്നപ്പോൾ ഇന്നത്തേതിന്റെ പത്തിലൊന്നു ഭാഗം മത്സ്യങ്ങളെ പിടിക്കപ്പെട്ടിരുന്നുള്ളു.

പരമ്പരാഗതമത്സ്യത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞവരുകയാണ്. എന്നാൽ മത്സ്യവിലയിലുണ്ടായ വർദ്ധനവ്, മത്സ്യബന്ധന രംഗത്തേയ്ക്കു കൂടുതൽ ആളുകൾ കടന്നുവരുന്നതിനു ഇടയാക്കിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ ഏതാണ്ട് 10% ആളുകൾ മത്സ്യത്തൊഴിലാളികളാണ്.

വാള, കൂരി, കുറുവാ, കരിമീൻ, ചേറുമീൻ, വരാൽ, കാരി, കൊഞ്ച്, തുളി, തുടങ്ങിയവയാണ് ഇവിടെയും സുലഭമായി ഉണ്ടായിരുന്നത്. അപൂർവ്വമായി വാക, നരിമീൻ തുടങ്ങിയ വൻ മത്സ്യങ്ങളും ഉണ്ടായിരുന്നു. ഇവയിൽ പലതിന്റേയും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

നാടൻ മത്സ്യബന്ധനരംഗം യന്ത്രവൽകൃതമല്ല. പരമ്പരാഗതമാർഗ്ഗങ്ങളാണ് ഉപയോഗിക്കുന്നത്. മത്സ്യകൃഷികാര്യമായി പുരോഗമിച്ചിട്ടില്ല. അപൂർവ്വം ചെറുകിട മത്സ്യകൃഷിക്കാരെ ഇന്നൊള്ളു. മത്സ്യസഹകരണസംഘങ്ങളുടെ പ്രവർത്തനവും ഇല്ല. ഇപ്പോൾ ലഭിക്കുന്ന മത്സ്യങ്ങൾ നാട്ടിൽ വിറ്റഴിക്കപ്പെടുന്നു. കയറ്റുമതി രംഗത്ത് ഉപയുക്തമായിരുന്ന കൊഞ്ചും, തവളയും തുലോം കുറവാണ്. തവളപിടുത്തം, നിരോധിക്കപ്പെട്ടിരിക്കുകയുമാണ്.

നെൽപ്പാടങ്ങളിലെ മത്സ്യകൃഷി പ്രായോഗികമാക്കിയാൽ അത് തൊഴിൽ സാദ്ധ്യതയും വിദേശ നാണ്യലഭ്യതയും വർദ്ധിപ്പിക്കും. ഇപ്പോഴുള്ള ജലാശയങ്ങളിൽ മത്സ്യ വർദ്ധനവും ശരിയായി നടക്കുന്നില്ല. അതിനാൽ മത്സ്യ വികസന കേന്ദ്രങ്ങളിൽ കൂടുതൽ മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച്, പൊതുജലാശയങ്ങളിൽ വിട്ടാൽ, വള രർന്ന് കിട്ടുമ്പോൾ, മത്സ്യ കർഷകരെ ഒരു പരിധിവരെ പരിഹരിക്കപ്പെടും. മത്സ്യ ലഭ്യതവളരെ കുറഞ്ഞുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ മത്സ്യ സംസ്ക്കരണ ത്തേക്കുറിച്ച് ചിന്തിക്കേണ്ട പ്രശ്നമില്ലല്ലോ.

കൃഷിക്കുപയുക്തമല്ലാത്ത ചതുപ്പുസ്ഥലങ്ങളും ഉപയോഗ ശൂന്യമായികിടക്കുന്ന കുളങ്ങളും ഇടത്തോടുകളും മത്സ്യകൃഷിക്ക് ഉപയുക്തമാക്കത്തക്ക വിധം കർഷകരെ പ്രോത്സാഹിപ്പിക്കണം. ഒരു നെല്ലും ഒരു മീനും കൃഷി നടപ്പിലാക്കണം. തണ്ണീർ മുക്കം ബണ്ടിന്റെ ഷട്ടറുകൾ കാലകാലങ്ങളിൽ തുറന്ന് നീരൊഴുക്കു ക്രമീകരിക്കണം. കീടനാശിനികളും മറ്റു വിഷവസ്തുക്കളും നദികളിലും, തോടുകളിലും കലരാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പിലാക്കണം. മത്സ്യബന്ധനം ശാസ്ത്രീയമായി നടത്താൻ ബോധവൽക്കരണം നടത്തണം. മത്സ്യം വളർത്തൽ മത്സ്യബന്ധനം ഈ മേഖലകളിൽ പ്രവർത്തിക്കുന്ന വർക്ക് സാമ്പത്തികവും മറ്റുമായ പ്രോത്സാഹനം നൽകണം. മത്സ്യങ്ങളിൽ വ്യാപകമായി കാണുന്ന രോഗബാധ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കണം.

ദ്വിതീയ മേഖല

വ്യവസായങ്ങളും സാദ്ധ്യതകളും

പ്രശ്നങ്ങൾ-പരിഹാരങ്ങൾ

മുട്ടാർ ഒരു സാധാരണ കർഷക ഗ്രാമമാണ്. 85% ജനങ്ങളും കർഷകരും കർഷകതൊഴിലാളികളുമാണ്. ഭൂരിഭാഗവും ചെറുകിട കർഷകരാണ്. കൃഷിയുടെ അവസരങ്ങളിൽ മുഴുവൻ സമയ അദ്ധ്വാനവും അല്ലാത്തപ്പോൾ അലസജീവിതവുമായി കഴിയുന്ന ഇവർക്ക് വ്യവസായങ്ങളെകുറിച്ച് വ്യക്തമായ ധാരണകളൊന്നും തന്നെയില്ല. അതുകൊണ്ടുതന്നെയായിരിക്കണം ഈ പ്രദേശങ്ങളിൽ കാര്യമായ വ്യവസായങ്ങൾ ഒന്നു തന്നെ ഉണ്ടാകാതിരുന്നത്.

പഴയ കാലഘട്ടങ്ങളിൽ ചിലകുടിൽ വ്യവസായങ്ങളായ പായും, പനമ്പും, കുട്ടയും വട്ടിയും, മുറവും, ഒറ്റാലും, പുഴുക്കുട്ടയും മറ്റും നിർമ്മിച്ചും തൊണ്ടുതല്ലി കയറുപിരിച്ചും, നെല്ലുപുഴുങ്ങി കൈക്കുത്തിരിയാക്കി വില്പന നടത്തിയും ഉപജീവനം നടത്തിയിരുന്നു. ഇതുമാത്രമായിരുന്നു കുടിൽ വ്യവസായം. കുലാല ബ്രാഹ്മണരുടെകുലത്തൊഴിലായ മൺപാത്രനിർമ്മാണ വ്യവസായം വളരെ വിജയകരമായി പ്രവർത്തിച്ചിരുന്നു. ഇവയിൽ മിക്കതും നിന്നുപോകുകയും ചിലത് നിർജ്ജീവാസ്ഥയിൽ എത്തിനിൽക്കുകയും ചെയ്യുന്നു.

കാലത്തിന്റെറ മാറ്റത്തിൽ നെല്ലുകുത്തുമില്ലുകൾ സ്ഥാപിതമായി. ഏതാണ്ട് പതനിഞ്ചോളം നെല്ലുകുത്തുമില്ലുകളും നാല് എണ്ണമില്ലുകളും, ഏതാനും പൊടിമില്ലുകളും മൂന്ന് ബേക്കറികളും, ഒരു സിമൻറ് ഇഷ്ടിക നിർമ്മാണ യൂണിറ്റും മുട്ടാറിൽ നിലവിലുണ്ടെങ്കിലും പ്രശ്നങ്ങൾ ഏറെയാണ്. ശ്രാമ്പിക്കൽ ഹോമിയോ ഗ്ലോബിയുൾസ് ഫാക്ടറിയുംവിജയകരമായി പ്രവർത്തിക്കുന്നു.

1. കാലിത്തീറ്റ ഫാക്റ്ററി

ഒരു ചെറുകിട വ്യാവസായ യൂണിറ്റ് ഏതാണ്ട് 15 ലക്ഷം രൂപയിൽ താഴെ മൂലധനം മുടക്കിയാൽ ഇവിടെ ആരംഭിക്കുവാൻ സാധിക്കും. നെല്ലുകുത്തുമില്ലുകളിൽ നിന്നു കിട്ടുന്ന തവിടും, പൊടിയരിയും, നമ്മുടെ കച്ചിയും, വാഴമാണവും, പഴവർഗ്ഗങ്ങളുടെ തോടും, പുല്ലും ഉണക്കി തേങ്ങാ പിണ്ണാക്കും വേണ്ട അനുപാതത്തിൽ കലർത്തി പൊടിച്ച് ക്രമീകരിച്ചാൽ നല്ല നിലവാരമുള്ള കാലിത്തീറ്റയായി.

2. നാളികേരം ഉപയോഗിച്ച് വിവിധ ഉല്പന്നങ്ങൾ ഉൽപാദിപ്പിക്കുവാൻ കഴിയും

a) കരിക്കിൻ വെള്ളം സംസ്കരിച്ച് ''ഫ്രൂട്ടി'' പോലെയുള്ള പാനീയമാക്കി വിപണനം ചെയ്യാം.

b) കൊപ്രാ ആട്ടി വെളിച്ചെണ്ണ റിഫൈൻഡ് ചെയ്തു ഭംഗിയുള്ള കുപ്പികളിലാക്കി വിപണനംനടത്താം.

c) തേങ്ങാ ചുരണ്ടി ക്രീം പാക്ക്കുറ്റുകളിൽ വില്പനയ്ക്കു തയ്യാർ ചെയ്യാം.

3. ചിരട്ട ഉപയോഗിച്ചു കരകൗശല വസ്തുക്കാം. (കപ്പ്, സ്പൂൺ, ബട്ടൻസ്, ഹെയർ ക്ലിപ്പ് തുടങ്ങിയവ)

4. കയറും കയറുല്പന്നങ്ങളും, ചകിരിമെത്ത, ചവിട്ടി, മുതലായവ നിർമ്മിച്ച് വില്പന നടത്താം.

പഴങ്ങളും പച്ചക്കറികളും മത്സ്യവും മാംസവും, മുട്ടയും ഒക്കെ സംസ്കരിച്ച് ഭക്ഷ്യ വിഭവങ്ങളാക്കി, വിൽക്കുന്ന ഒരു വ്യവസായ ശാല സ്ഥാപിക്കണം. ഇവിടെ നാട്ടിൽ സുലഭമായ ഏത്തക്കായ് ഉപ്പേരികൾ തയ്യാറാക്കിയാൽ കർഷകർക്ക് കൂടുതൽ ലാഭം കൊയ്യാവുന്നതാണ്. റെഡിമെയ്ഡ് സംസ്കാരം നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ രുചികരമായ ഭക്ഷ്യ വിഭവങ്ങൾ കേടുകൂടാതെ കുറെ ദിവസത്തേക്ക് ഉപയോഗിക്കുവാൻ കഴിഞ്ഞാൽ അവയ്ക്കു കൂടുതൽ മാർക്കറ്റുണ്ടാവും

5. അഗ്രോ എൻജിനീയറിംഗ്

കാർഷിക മേഖലയിൽ ത്വരിതഗതിയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അവയുടെ അസംബ്ലിംഗും, റിപ്പയറിംഗും, സ്പെയർ പ്പാർട്ട് നിർമ്മാണവും കൂടി ഉൾപ്പെടുത്തി ഒരു ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കാം.

6. മൺപാത്രങ്ങളുംമറ്റ് കരകൗശല വസ്തുക്കളും നിർമ്മിക്കുന്ന ഒരു ചെറുകിട വ്യവസായ യൂണിറ്റ് നമ്മുടെ നാടിന് പറ്റിയതാണ്.

7. ടൂറിസം

ലോക ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള കുട്ടനാട്ടിലെ ഏറ്റം പ്രകൃതിരമണീയമായ സ്ഥലമാണ് മുട്ടാർ പഞ്ചായത്ത്. ആറും, തോടും, നെല്പാടങ്ങളും, തെങ്ങിൻ തോപ്പുകളും വാഴത്തോട്ടങ്ങളും, നല്ല കുളിനീരും ലഭിക്കുന്ന മുട്ടാർ പ്രദേശത്തുന് അർഹമായ പ്രാധാന്യം പ്രചാരണമാദ്ധ്യമങ്ങളിലൂടെ നേടണം. നല്ല വിശ്രമ വിനോദ കേന്ദ്രങ്ങൾ നിർമ്മിച്ചാൽ ഈ വ്യവ സായത്തിന് വളരെ സാദ്ധ്യതയുണ്ട്.

8. ഇലക്ട്രോണിക് അസംബ്ലിംങ്ങ് യൂണിറ്റ്.

കെൽട്രോൺ പോലെയുള്ള കമ്പനികളുടെ കീഴിൽ ധാരാളം അസംബ്ലിങ്ങ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് അങ്ങനെയുള്ളതോ, സ്വതന്ത്ര യൂണിറ്റോ ആരംഭിക്കുവാൻ സാധിക്കും. ഇലക്ട്രിക്ഉപകരണങ്ങളുടെ അസംബ്ലിംഗ് യൂണിറ്റും രണ്ടിന്റെയും റിപ്പയറിംഗും ഈ യൂണിറ്റിൽ തന്നെ നടത്തുവാനാകും.

9. മുട്ട വിരിക്കുന്ന വ്യവസായ യൂണിറ്റ്

കോഴി, താറാവ് തുടങ്ങിയവയുടെ കൃഷി വ്യാപകമായി നടക്കുന്ന ഈ പ്രദേശങ്ങളിൽ ഇപ്പോഴും പൗരാണിക രീതിയിൽ കോഴികളെ അടവച്ചാണ് മുട്ട വിരിയിക്കുന്നത് ഇത് ഉല്പാദന രംഗത്ത് വൻ നഷ്ടവും ബുദ്ധിമുട്ടും, പണനഷ്ടവും വരുത്തുന്നു. ആയതിനാൽ ഈ പഞ്ചായത്തിൽ ഒരു മുട്ടവിരിയൽ യന്ത്രം സ്ഥാപിച്ചാൽ അത് വിജയകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയും.

10 ഗോബർ ഗ്യാസ് പ്ലാൻറ്.

ഈ നാട്ടിൽ വ്യാപകമായി കന്നുകാലി വളർത്തലുണ്ട്. എന്നാൽ അവയുടെ ചാണകം ഭൂരിഭാഗവും (90%) നശിച്ചുപോവുകയാണ്. വമ്പിച്ച കൂലിച്ചെലവു കാരണം പാടത്ത് ഇത് ഉപയോഗിക്കുന്നില്ല. അത് വെള്ളപ്പൊക്കത്തിൽപ്പെട്ട് ഒഴുകി പരിസരമലിനീകരണം ഉണ്ടാക്കുന്നു. അതിനാൽ ചാണകം സംഭരിച്ച് ഗോബർ ഗ്യാസ് സംഭരണം ചെയ്തു പാചക വാതക സിലണ്ടറുകളിലാക്കി വിതരണം ചെയ്യുന്ന ഒരു യൂണിറ്റ് ഇവിടെ സ്ഥാപിക്കണം. വർദ്ധിച്ചുവരുന്ന ഇന്ധന ദാരിദ്ര്യത്തിന് ഇത് വലിയ ആശ്വാസമായിരിക്കും.

11. മിനറൽ വാട്ടർ യൂണിറ്റ്

വിദേശികൾക്ക് അത്യാവശ്യമായ മിനറൽ വാട്ടർ തയ്യാറാക്കുന്ന ഒരു ഫാക്ടറി മുട്ടാറിൽ സ്ഥാപിച്ചാൽ അത് നല്ല ഒരു ആദായമാർഗ്ഗമായിരിക്കും.

കുടിൽ വ്യവസായങ്ങൾ

മെഴുകുതിരി നിർമ്മാണം, കുട്ട, മുറം, പ്ലാസ്റ്റിക് ഉപകരണങ്ങൾ തഴകൊണ്ടുള്ള വിവിധ വസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കളിക്കോപ്പുകൾ, കരകൗശല വസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണം, കോഴിവളർത്തൽ, കാലിവളർത്തൽ, നേഴ്സറികൾ തുടങ്ങിയവയും വ്യവസായിക മേഖലകളിൽ പരിഗണിക്കപ്പെടാവുന്നവയാണ്.

പ്രശ്നങ്ങൾ

ഇടത്തരം ചെറുകിടകൃഷിക്കാർ മാത്രമുള്ള മുട്ടാറിൽ മൂലധനം സ്വരൂപിക്കുക പ്രയാസമാണ്. സഹകരണാടിസ്ഥാനത്തിൽ ബാങ്ക് ലോണും മറ്റും സംഘടിപ്പിച്ച് തൊഴിൽ ചെയ്യുന്നവർ തന്നെ പ്രവർത്തിച്ചാൽ വിജയിപ്പിക്കാൻ സാധിക്കും. പഞ്ചായത്തും മറ്റ് ഏജൻസികളും സഹായം നൽകിയാൽ ഈ നാട്ടിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കപ്പെടും.

അസംസ്കൃത പദാർത്ഥങ്ങളുടെ ശേഖരണം

നമ്മുടെ നാട്ടിൽ നിന്നും അയൽ നാട്ടുകളിൽ നിന്നും നമുക്ക് അസംസ്കൃത സാധനങ്ങൾ ശേഖരിക്കുവാൻ കഴിയും.

വ്യവസായ ശാലകൾ സ്ഥാപിക്കുവാനുള്ള സ്ഥലം

കൃഷിക്കുപയുക്തമല്ലാത്ത സ്ഥലങ്ങളോ, കാര്യമായി കൃഷി ഇല്ലാത്ത സ്ഥലങ്ങളോ കണ്ടെത്തണം. കെട്ടിടം നിർമ്മിക്കുമ്പോൾ കൂടുതൽ നിലകളുള്ള കെട്ടിടങ്ങളാക്കിയാൽ ഭൂമിയുടെ ദൗർലഭ്യം ഒഴിവാക്കാവുന്നതാണ്.

ഗതാഗതസൗകര്യം, കരമാർഗ്ഗ ഗതാഗത സൗകര്യങ്ങൾ വിപുലമാക്കണം. ജലമാർഗ്ഗത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കണം.

വിദ്യുച്ഛക്തി

കുട്ടനാടൻ മേഖലകളുടെ പ്രത്യേകത കണക്കാക്കി കൂടുതൽ ട്രാൻസ്ഫോർമർ സുരക്ഷിതമായി സ്ഥാപി

ക്കണം പ്രസരണ നഷ്ടം കഴിവതും ഒഴിവാക്കണം കറണ്ടു കട്ടിൽ നിന്നും മോചനം വേണം നദികളിലെ അതിശക്തമായ ഒഴുക്കിന്റെ ശക്തിയിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ വികസിപ്പിച്ച് അപ്പർ കുട്ടനാടിന് അത് ഗുണകരമാണ്. അതുപോലെ സോളാർ യൂണിറ്റുകൾ സ്ഥാപിക്കണം.

വിപണി

നല്ലൊരു പ്രചരണ വിഭാഗം ഉണ്ടാവണം. അതുപോലെ വിതരണമേഖലയിൽ സമർത്ഥരായ ഏജൻറുമാരെ വളർത്തിയെടുക്കണം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വിപണി കണ്ടെത്താൻ കാര്യമായി പ്രവർത്തിക്കണം. ഉല്പന്നങ്ങളുടെ ഗുണമേൻമ ഉറപ്പുവരുത്തണം. അത് വളരെ വേഗം വിപണി കൈയടക്കാൻ സഹായിക്കും.

തൊഴിലാളികൾ

ആത്മാർത്ഥതയും അർപ്പണ ബോധവുമുള്ള പരിശീലനം സിദ്ധിച്ചതൊഴിലാളികളും മാനേജുമെൻറും ഉണ്ടാകുന്നതോടൊപ്പം അവർ പരസ്പരപൂരകങ്ങളായി, ഏകയോഗ ക്ഷേമമായി, പ്രവർത്തിച്ചാൽ നമ്മുടെ നാടിന് ഈ രംഗത്ത് വൻ നേട്ടം കൊയ്യാൻ കഴിയും.

ഈ പഞ്ചായത്തിലെ വനിതകളിൽ നല്ലൊരുപങ്ക് കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ്. 5 % ത്തിൽ താഴെ സ്ത്രീകൾ കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടുകഴിയുന്നു. കുറെ സ്ത്രീകൾ വെറും കുടുംബിനികളായും കഴിയുന്നു. വ്യാവസായിക രംഗത്ത് പ്രവർത്തിക്കുവാൻ കഴിവുള്ള വിദ്യാസമ്പന്നരായ സ്ത്രീകളും ഈ നാട്ടിലുണ്ട്. അവരെ പ്രോത്സാഹിപ്പിച്ചാൽ ഈ നാടിന്റെ സമ്പദ് ഘടനയ്ക്കു സാരമായ മാറ്റം വരുത്തുവാൻ കഴിയും.

അദ്ധ്വാനശീലരായ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും പിൻമുറക്കാർ വിദ്യാസമ്പന്നരുംകൂടിയായപ്പോൾ നമ്മുടെ നാടിന്റെ സാമ്പത്തിക വളർച്ചക്കും തൊഴിൽ സാദ്ധ്യത വർദ്ധിക്കുന്നതിനും വ്യവസായങ്ങൾ കൂടിയേ തീരും.

ഷെഡ്യൂൾഡ് ബാങ്കും സഹകരണ ബാങ്കുകളും പ്രവർത്തിക്കുന്നുണ്ട്. സാമൂഹ്യ സാംസ്കാരിക സംഘടനകൾ ബോധവൽക്കരണ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ജലമാർഗ്ഗമായും കരമാർഗ്ഗമായും അസംസ്കൃത പദാർത്ഥങ്ങളും, ഉല്പന്നങ്ങളും കൊണ്ടുപോകാനും കൊണ്ടുവരാനും സാധിക്കും. ഇതെല്ലാം വ്യവസായവൽക്കരണത്തിനു സഹായകരമായ ഘടകങ്ങളാണ്.

കാലിത്തീറ്റ ചെറുകിടവ്യവസായത്തിന്റെ പ്രോജക്ട് റിപ്പോർട്ട്

സ്ഥലം	കെട്ടിടം	യന്ത്രങ്ങൾ	പ്രവ. മുലധനം	തൊഴിലാളികൾ	അ. പദാർത്ഥം	മറ്റിനം
10 Cents വില-1 ലക്ഷം	26' x 8' 2.25 ലക്ഷം	1.75 ലക്ഷം	10 ലക്ഷം	Direct 15 Indirect 25	കച്ചി, തവിട് പുല്ല്,വാഴമാണം, ഫലവർഗ്ഗങ്ങളുടെ തൊണ്ട് (കൊക്കോ etc) പിണ്ണാക്ക്	

കുടിൽവ്യവസായം പ്രോജക്ട് റിപ്പോർട്ട്

കെട്ടിടം	ഉപകരണങ്ങൾ	പ്രവ. മുലധനം	തൊഴിലാളി	അ. പദാർത്ഥം
8' x 8' വാടക 150/-	1500	5000/-	Direct 5 Indirect-5	വഴുക, ചൂരൽ, ഈറ്റ, മുള,തഴ, കൈതനാമ്പ്, പരുത്തിനാര്, വാഴനാര്, വാഴപിണ്ടി.

ഊർജ്ജം

ഈ ഗ്രാമപഞ്ചായത്തിൽ ഊർജ്ജത്തിന് പ്രധാമായും വിദ്യുച്ഛക്തിയാണ് ഉപയോഗിക്കുന്നത്. പാടശേഖരങ്ങളിൽ കന്നും, മനുഷ്യരും ഉൾപ്പടെയുള്ള ഊർജ്ജവും പരിമിതമായി ഉപയോഗിക്കുന്നു. ഇന്ധനമായി ഉയോഗിക്കുന്നത് അധികവും തെങ്ങിൽ നിന്നും ലഭിക്കുന്ന ഉല്പന്നങ്ങളും, വാഴക്കച്ചി, നെല്ലിന്റെ കച്ചി എന്നീ ഉല്പന്നങ്ങളുമാണ്. കിഴക്കൻ വിറകും കുറെ ഉപയോഗപ്പെടുത്തുന്നു. മണ്ണെണ്ണയുടെ ഉപയോഗം കുറവല്ല, പ്രത്യേകിച്ചും പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ ''കറണ്ടു കട്ട്'' തുടരെയുണ്ടാകുന്ന ഈ കാലഘട്ടങ്ങളിൽ. പാചകവാതകം അപൂർവ്വമായി ഉപയോഗിക്കുന്നുണ്ട്. ഗോവർ ഗ്യാസ് കേവലം ഒരു കുടുംബത്തിൽ ഉപയോഗിക്കുന്നു.

ഈ പഞ്ചായത്തിൽ ഗാർഹിക, കാർഷിക, വ്യാപാര, വ്യാവസായികമേഖലകളിലായി 1676 വൈദ്യുത ഉപഭോക്താക്കളുണ്ട്. ഈ ആവശ്യത്തിനുള്ള വൈദ്യുതി മങ്കൊമ്പിലെ വൈദ്യുതി സബ് സ്റ്റേഷനിൽ നിന്നും, തിരുവല്ലാ വൈദ്യുതിസബ് സ്റ്റേഷനിൽ നിന്നുമാണ് ലഭിക്കുന്നത്. കിടങ്ങറ, പെരിങ്ങര ഈ ഓഫീസുകളുടെ പരിധിയിലാണ് വൈദ്യുതി ലൈനുകൾ. ഈ പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളും വൈദ്യുതീകരിച്ചവയാണ്. വൈദ്യുതി കണക്ഷനുകൾക്ക് അപേക്ഷിച്ചവരിൽ 18 അപേക്ഷകർക്ക് ഇനിയും വൈദ്യുതി കണക്ഷനുകൾ കിട്ടാനുണ്ട്. നാലു ഹരിജൻ കോളനികൾ വൈദ്യുതികരിച്ചിട്ടുണ്ട്. 196-വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുള്ളവയിൽ 26 ട്യൂബ് ലൈറ്റുകൾ ഉണ്ട്. പ്രതിമാസം കറണ്ട് ചാർജ്ജിനത്തിൽ 3133 രൂപ അടയ്ക്കുന്നുണ്ട്. എന്നാൽ അപൂർവ്വം ചില വിളക്കുകളേ കത്താറുള്ളൂ. പലസ്ഥലങ്ങളിലും ബൾബുകളേ ഇല്ല. ഉള്ളവയിൽ പലതും ഉപയോഗശൂന്യവുമാണ്. ട്യൂബ് ലൈറ്റുകളുടെ സ്ഥിതിയും പരിതാപകരമാണ്. ഈ പഞ്ചായത്തിൽ പതിമ്മൂന്നോളം എൽ. റ്റി. ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പല ഭാഗത്തും വോൾട്ടേജ് ക്ഷാംമം അനുഭവപ്പെടുന്നുണ്ട്. നെല്ലുകുത്തുന്നതിനും, ധ്യാന്യങ്ങൾ പൊടിക്കുന്നതിനും, പാടശേഖരങ്ങളിൽ വെള്ളം വറ്റിക്കുന്നതിനും ഒക്കെ മോട്ടോറുകൾ പ്രവർത്തിക്കുമ്പോൾ അതിനുടുത്തുള്ള സ്ഥലങ്ങളിൽ വോൾട്ടേജ് തീരെ കുറഞ്ഞുപോകുന്നുണ്ട്. ഇതിന്റെ ദുരിതം കൂടുതൽ അനുഭവിക്കുന്നത് വിദ്യാർത്ഥികളാണ്. മൊത്തം ഉപഭോഗത്തിന്റെ 35% വൈദ്യുതി വ്യാവസായിക കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു. അപൂർവ്വം വീടുകളിൽ വൈദ്യുതി ഹീറ്ററുകൾ ഉപയോഗിക്കുന്നുണ്ട്. വൈദ്യുതിയുടെ 55% വെളിച്ചത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്.

കൊപ്ര സംസ്കരണത്തിനും, ബേക്കറികൾക്കും നാളീകേരത്തിന്റെ ഉപഉല്പന്നമായ ചിരട്ടയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. മൺപാത്ര നിർമ്മാണരംഗത്ത് ചൂളയിൽ തൊണ്ടും, ചിരട്ടയും മുതലായവയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. ഭക്ഷണം പാകം ചെയ്യുവാൻ തെങ്ങിന്റെ ഉല്പന്നങ്ങളെ കൂടാതെ, മറ്റുവിറകും ഉപയോഗിക്കുന്നുണ്ട്. വിറകിനുള്ള റബർ മരം കിഴക്കൻ മേഖലകളിൽ നിന്നും കൊണ്ടുവരുകയാണ് ചെയ്യുന്നത്. സാധുക്കൾ ചപ്പുചവറുകൾ പോലും ഭക്ഷണസാധനങ്ങൾ പാകം ചെയ്യുവാൻ ഇന്ധനമായി ഉപയോഗിക്കുന്നുണ്ട്. മണ്ണെണ്ണ ഉപയോഗിക്കുന്ന വീടുകൾ ഏതാണ്ട് 10% വരും വെളിച്ചത്തിനുവേണ്ടി കൂടുതൽ മണ്ണെണ്ണ ഉപയോഗിക്കുന്നു. കറണ്ട് കട്ടും, ഫെയിലിയറും തുടരെയുണ്ടാകുന്നു. എന്നതും മണ്ണെണ്ണയുടെ ഉപഭോഗം വർദ്ധിപ്പിച്ചിട്ടുണ്ട്. വീടുകളിലെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് പരീഷത്ത് അടുപ്പുകളും മറ്റും കൂടുതൽ വ്യാപകമാക്കണം. പുകയില്ലാത്ത അടുപ്പുകൾ ജനങ്ങളുടെ ആരോഗ്യത്തിനും ഗുണകരമാണ്. ഈ പ്രദേശങ്ങളിൽ കന്നുകാലി വളർത്തൽ വ്യാപകമായതിനാൽ ബയോഗ്യാസ് ഉല്പാദനത്തെ പ്രോത്സാഹിപ്പിച്ചാൽ ചെലവുകുറഞ്ഞ ഇന്ധനമാകും. കൂടുതൽ വീടുകളിൽ സർക്കാരിന്റെ സബ് സീഡിയോടെ ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ചാൽ ഇന്ധനക്ഷാമം ഒരു പരിധവരെ ഒഴിവാക്കാം. സോളാർ സെല്ലുകളുടെ ഉപയോഗം ഈ നാട്ടിലെ ജനങ്ങൾക്കു ലഭ്യമാക്കണം.

പാചകവാതക ലഭ്യത തീരെയില്ലാത്ത പ്രദേശമാണ് മുട്ടാർ ഗ്രാമം ഇവിടെ ഒരു എൽ. പി. ജി. ഏജൻസിയേ ഇല്ല. അതിനാൽ ഇവിടത്തേക്ക് ഒരു എൽ. പി. ജി. ഏജൻസിയെ അനുവദിക്കണം. എടത്വ എൽ. പി.ജി. ഏജൻസിയുടെ കീഴിൽ ഈ ഗ്രാമപഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തിയാൽ ഈ മുട്ടാറിൽ പാചകവാതക ക്ഷാമം പരിഹരിക്കുവാൻ സാധിയ്ക്കും.

സാമൂഹ്യവനവൽക്കരണം പ്രോത്സാഹിപ്പിക്കു

ന്നതും പ്രയോജനകരമാകും. അതിന് സോഷ്യൽ ഫോറസ്ട്രറി ഡിപ്പാർട്ടുമെൻറുമായി സഹകരിച്ച് വിവിധതര ത്തിലുള്ള വൃക്ഷതൈകൾ കുറഞ്ഞനിരക്കിൽ ധാരളം വരുത്തി ജനങ്ങൾക്കു വിതരണം നടത്തണം.

ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ

1. കപ്പാസിറ്റി കൂടുതലുള്ള ട്രാൻസുഫോർമറുകൾ സ്ഥാപിക്കണം. ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിയ്ക്കണം. പ്രസരണനഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

2. പഴകിദ്രവിച്ച പോസ്റ്റുകൾ മാറ്റി പുതിയ കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കണം.

3. ഉള്ളവഴിവിളക്കുകൾ കത്തിക്കണം. ആവശ്യമുള്ള സ്ഥലങ്ങളിൽ പഞ്ചായത്ത് കുളികടവുകൾ, കടത്തുവള്ള കടവുകൾ, ഉപറോഡുകളുടെ ജംഗ്ഷനുകൾ, ബോട്ടുജെട്ടികൾ, ഇടവഴികൾ എന്നിവിടങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.

4. ലക്ഷംവീടുകോളനികളും ഹരിജൻ കോളനികളും വൈദ്യുതീകരിക്കണം.

5. അടിയന്തിരമായി എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷനുകൾ നൽകണം.

6. മിത്രക്കരി ഈസ്റ്റും, വെസ്റ്റും പ്രൈമറി സ്കൂളുകൾക്ക് എത്രയും വേഗം വൈദ്യുതികണക്ഷൻ നൽകുക.

7. സെൽഫ് റീഡിംഗ് സംവിധാനത്തോടെ ഉപയോഗിക്കുന്ന ഊർജ്ജത്തിനനുസരിച്ച് മാത്രം ചാർജ്ജ് ഈടാക്കുന്ന നിയമം മുട്ടാറിലും പ്രായോഗികമാക്കുക.

8. കുട്ടനാടിനെ കറണ്ടുകട്ടിൽ നിന്നും ഒഴിവാക്കുക.

9. ഈ പഞ്ചായത്തിൽ ഒരു വൈദ്യുതി സബ് സെൻറർ സ്ഥാപിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുക.

10. വൈദ്യുതിലൈനുകൾ പൊതുവഴികളുടെ സൈഡുകളിലൂടെ തന്നെ വലിക്കുക.

11. എല്ലാ പട്ടികജാതി/വർഗ്ഗക്കാർക്കും വൈദ്യുതി എത്തിക്കുക. രണ്ടു പോയിൻറ് എങ്കിലും സൗജന്യമായി വയർ ചെയ്തുകൊടുക്കണം.

13. യഥാസമയം വൈദ്യുത ലൈനുകളിലെ അറ്റകുറ്റപ്പണികൾ നടത്തുക.

14. പ്രധാനസ്ഥലങ്ങളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക. (ഊർജ്ജലാഭമുള്ള വൈദ്യുതദീപങ്ങൾ)

15. ആശുപത്രികൾ, ബാലവാടികൾ, ലൈബ്രറികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് വൈദ്യുതി സൗജന്യമാക്കുക.

16. ഈ പഞ്ചായത്തിൽ ഒരു ഗ്യാസ് ഏജൻസിയും, ഡീസൽ, പെട്രോൾ പമ്പും അടിയന്തിരമായി അനുവദിക്കുക.

17. ഒറ്റപ്പെട്ടുതാമസിക്കുന്നവർക്കും സൗജന്യമായി വൈദ്യുതി എത്തിക്കുക.

18. പുകയില്ലാത്ത വിറക് അടുപ്പുകൾ സബ് സിഡി നിരക്കിൽ വിതരണം ചെയ്തു ഫിറ്റു ചെയ്തു കൊടുക്കുക.

19. കാറ്റ്, സൗരോർജ്ജം, നദികളിലെ ഒഴുക്കിൻെറ ശക്തി മുതലായവ ഉപയോഗിച്ച് ഊർജ്ജം ഉൽപാദിപ്പിക്കുവാനുള്ള പദ്ധതികൾ സ്ഥാപിച്ച് പ്രശ്നം ലഘൂകരിക്കുക. കൂടുതൽ ഊർജ്ജസ്രോതസ്സുകൾ ചൂഷണം ചെയ്യുക.

20. കച്ചിപ്പെട്ടി, പ്രഷർകുക്കർ, തുടങ്ങിയ ക്ഷമതകൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കുക.

21. കറണ്ടു കട്ട് അവസാനിപ്പിക്കുക.

22. ട്രാൻസ്ഫോർമറുകൾക്ക് സ്ഥിരമായി പ്ലാറ്റുഫോമുകൾ കോൺക്രീറ്റ് ചെയ്തു വെള്ളം കയറാത്ത തരത്തിൽ ഉയർത്തി കോൺക്രീറ്റ് തൂണുകളിൽ സുരക്ഷിതമായി സ്ഥാപിക്കണം.

23. വൈദ്യുത ബോർഡിലെ അധികാരപ്പെട്ട ഉദ്യോഗസ്ഥരല്ലാതെ ട്രാൻസ്ഫോർമറുകളിൽ ചെന്നു കയറി പൊതുജനങ്ങൾ അവർക്ക് തോന്നിയ തരത്തിൽ കണക്ഷൻ കൊടുക്കുന്ന രീതി അവസാനിപ്പിച്ച് ജീവൻ രക്ഷിക്കുക.

24. കെ. എസ്. ഈ. ബി. യിലെ ഒരു ജീവനക്കാരൻ രാത്രിയിൽ ഈ വില്ലേജിൽ ഇത്തരം കാര്യങ്ങൾക്കായി ഡ്യൂട്ടിയിലുണ്ടായിരിക്കണം.

25. കൃത്യതയുള്ള മീറ്ററുകൾ സ്ഥാപിച്ച് ഉപയോഗിക്കുന്ന വൈദ്യുതിയുണിറ്റ് കൃത്യമായി അറിയുക.

26. വൈദ്യുതി കമ്പികളിലേക്ക് മുട്ടിക്കിടക്കുന്ന മുള, പരുത്തി, കൊന്ന, മറ്റുവൃക്ഷങ്ങളുടെ ഭാഗങ്ങൾ യഥാസമയം വെട്ടി നീക്കി അപകടം ഒഴിവാക്കുക. ഊർജ്ജവിതരണം കാര്യക്ഷമമാക്കുക.

30. സർക്കാരിലേക്ക് നിർദ്ദേശിക്കുന്ന തുക അടക്കുന്നുണ്ടെങ്കിലും ഉപഭോക്തക്കൾക്ക് തൃപ്തികരമായ സേവനം കിട്ടുന്നില്ലെന്ന പൊതുജനങ്ങളുടെ പരാതി മെച്ചമായ സേവനം നൽകി പരിഹരിക്കേണ്ടതാണ്.

ഗതാഗതം

ഒരു നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്ക് നിസ്സീമമാണ് റോഡുകളും പാലങ്ങളുമാണ് ഒരു നാടിന്റെ നാനാവിധമായ വികസനത്തിന്റെ അടിത്തറ. 21-ാം നൂറ്റാണ്ടിന്റെ പടിവാതിൽക്കൽ എത്തിയിട്ടും വികസനത്തിന്റെ ശൈശവാവസ്ഥയിലാണ് ഈ പഞ്ചായത്ത്. ഗവൺമെന്റുകൾ പലതും വന്നുപോയി. പഞ്ചവത്സരപദ്ധതികൾ പലതും കഴിഞ്ഞു. എന്നിട്ടും മുട്ടാർ എന്നറിയപ്പെടുന്ന ഈ കൊച്ചുഗ്രാമത്തിന് കാര്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടില്ല. ഈ പദ്ധതിയിലെങ്കിലും മുട്ടാറിനു ശാപമോക്ഷം ലഭിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്.

യാത്രാ സൗകര്യങ്ങൾ വളരെ പരിമിതമായതിനാൽ റോഡുകളുടെ നിർമ്മാണത്തിന് സമഗ്രമായ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു. റോഡുകളുടെ നിർമ്മാണത്തിലുംവികാസത്തിലും നാം പിന്നോക്കം പോകുവാനിടയായത് ഭൂമിശാസ്ത്രപരമായ ഈ ഗ്രാമത്തിന്റെ കിടപ്പുമൂലമാണ്. ആ കാരണം കൊണ്ടുതന്നെ ഈ പഞ്ചായത്തിലെ യാത്രാക്ലേശം പറഞ്ഞറിയിക്കാൻ പറ്റാത്ത വിധം ദുരിത പൂർണ്ണമായിരിക്കുകയാണ്. 4 വശവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു പഞ്ചായത്താണ് മുട്ടാറും മിത്രക്കരിയും ഉൾപ്പെട്ട മുട്ടാർ പഞ്ചായത്ത് ആയതുകൊണ്ട് മറ്റു പ്രദേശങ്ങളുമായി ബന്ധപ്പെടുവാൻ വള്ളങ്ങളെ ആശ്രയിക്കേണ്ടിവന്നു. ഇന്നും ആ അവസ്ഥയ്ക്കു വലിയമാറ്റം സംഭവിച്ചിട്ടില്ല.

റോഡുകൾക്കും പാലങ്ങൾക്കും വേണ്ടി ജനപങ്കാളിത്തത്തോടുകൂടി തലമുറകളായി നടത്തിയ മുന്നേറ്റങ്ങൾ സഫലീകരിച്ചില്ല. ഞങ്ങളുടെ ശ്രമങ്ങൾ പൂവണിയാതിരുന്നതിനു കാരണം ഞങ്ങളുടെ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പുതന്നെ. മറ്റുപ്രദേശങ്ങളുമായി ബന്ധം സ്ഥാപിക്കണമെങ്കിൽ ധാരാളം പാലങ്ങൾ വേണ്ടിവരുന്നു. അത് ഭാരിച്ച സാമ്പത്തിക ബാധ്യതവരുത്തിവയ്ക്കുന്നുമുള്ളതു കൊണ്ട് ഞങ്ങൾ മുട്ടിയ ഭരണസാരഥ്യവാതിലുകൾ പലതും ഞങ്ങൾക്കെതിരായി അടയ്ക്കപ്പെട്ടു. 1954-ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ ഈ പഞ്ചായത്തിലുണ്ടായിരുന്നത് ദശകങ്ങൾ പഴക്കമുള്ള കുറെ നാടൻ പാതകൾ മാത്രം. അന്നത്തെ പൊതുജനപ്രവർത്തകരുടേയും പഞ്ചായത്തധികൃതരുടേയും പ്രയത്നഫലമായി എടത്വാ - തിരുവല്ലാ റോഡിനേയും, ചങ്ങനാശ്ശേരി - ആലപ്പുഴ റോഡിനേയും ബന്ധിപ്പിച്ചുകൊണ്ടുള്ള മുട്ടാർ സെൻട്രൽ റോഡിന് രൂപം നൽകി.

നീണ്ട 42 വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും ആ റോഡ് പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ഈ റോഡിന്റെ ആരംഭസ്ഥാനത്തു സ്ഥിതിചെയ്യുന്ന കൈതത്തോടു പാലത്തിന് 26-6-80 -ൽ ബഹുമാനപ്പെട്ട മന്ത്രി പി. എം. അബുബേക്കർ തറക്കല്ലിട്ടു. 4-10-94 ൽ ബഹുമാനപ്പെട്ട മന്ത്രി പി. കെ. കെ. ബാവ ഉദ്ഘാടനം ചെയ്തു. രണ്ടാമത്തെ പാലമായ പള്ളിപ്പാലം ഏതാണ്ട് ഇതേ കാലഘട്ടത്തിൽ തന്നെ പൂർത്തിയാക്കി.

ആ റോഡിന്റെ പൂർത്തീകരണത്തിനു വിഘാതമായി നില്ക്കുന്ന രണ്ടു പാലങ്ങളിൽ ഒന്നായ മുട്ടാർ പഞ്ചായത്താഫീസിനു സമീപമുള്ള പാലത്തിന്റെ പൂർത്തീകരിച്ചിട്ടില്ല. അതുപോലെ തന്നെ അടുത്ത പാലമായ കിടങ്ങറാ പാലത്തിന്റെ (ഈ റോഡിന്റെ അവസാനഭാഗത്തുള്ളത്) പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആയിട്ടില്ല. ഈ രണ്ടുപാലങ്ങൾ കൂടി തീർന്നെങ്കിൽ മാത്രമേ മുട്ടാർ സെൻട്രൽ റോഡ് പൂർണ്ണമാവുകയുള്ളൂ. അപ്രകാരം ഒരു റോഡു പൂർണ്ണമാകേണ്ടത് ഈ നാടിന്റെ ചിരകാലഭിലാഷമാണ്.

ഇപ്പോൾ ഈ പഞ്ചായത്തിൽ ഭാഗികമായി വാഹനഗതാഗതയോഗ്യമായ വെറും 4 കി. മീ. റോഡുമാത്രമാണുള്ളത്. ഈ പഞ്ചായത്തിലെ 14000ത്തിൽ പരം വരുന്ന ഗ്രാമീണരുടെ ഏക ഗതാഗതാശ്രയം ഈ റോഡുമാത്രമാണ്. ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു ചതുരശ്ര കിലോമീറ്ററിന് .3 കി.മീ./ ച:കി. റോഡ്. സംസ്ഥാന ശരാശരിയായ 3.2. കി.മി./ച:കിലോ മീറ്ററിൽ നിന്നും എത്രയോ താഴെയാണ് ഈ നിരക്കെന്നു ചിന്തിച്ചു നോക്കൂ. ഈ ഒരൊറ്റ ഉദാഹരണത്തിൽ നിന്നുമാത്രം ഈ പഞ്ചായത്ത് എത്രമാത്രം പിന്തള്ളപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കാം.

അതുപോലെ തന്നെ തുല്യ പ്രാധാന്യമുള്ള മറ്റു രണ്ടു റോഡുകളാണ് മുട്ടാർ മിത്രക്കരി റോഡും, മാമ്പുഴക്കരി എടത്വാ റോഡും. ഈ രണ്ടു റോഡുകളും മുട്ടാർ പഞ്ചായത്തു നിവാസികളുടെ യാത്രാക്ലേശം ഒരു പരിധിവരെയെങ്കിലും കുറയ്ക്കുന്നതിനു വേണ്ടി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളവയാണ്.

എന്നാൽ 3 കിലോമീറ്റർ ദൂരമുള്ള മുട്ടാർ മിത്രക്കരി

റോഡിന്റെ വികസനത്തിന് ഈ റോഡിന്റെ അവസാനഭാഗത്തുള്ള മിത്രക്കരി ക്ഷേത്രക്കടവിലും പാലം തീർക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതുപോലെ തന്നെ മാമ്പുഴക്കരി-എടത്വാ റോഡിന്റേയും കുറെ ഭാഗം (3 കിലോ മീറ്ററോളം) മൺ വേലനടത്തി ഇട്ടിരിക്കുകയാണ്. ബാക്കി ഭാഗം കൂടി പൂർത്തീകരിച്ച് മെറ്റലിട്ടു ടാർ ചെയ്ത് മാമ്പുഴക്കരിയുമായി ബന്ധപ്പെടുവാൻ പാലവും തീർത്ത് വാഹന ഗതാഗത യോഗ്യമാക്കി തീർക്കേണ്ടതാണ്.

മേൽപ്പറഞ്ഞ 3 റോഡുകളും മുട്ടാർ പഞ്ചായത്തു നിവാസികളെ സംബന്ധിച്ചിടത്തോളം തുല്യപ്രാധാന്യമുള്ളവയാണ്. ഈ മൂന്നു റോഡുകളും എത്രയും വേഗം പൂർത്തിയാക്കുക എന്ന ആവശ്യം ഈ പഞ്ചായത്തിലെ 1 മുതൽ 8 വരെയുള്ള വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും ഐകൃകണ്ഠേന ഉയർന്നുവന്നിട്ടുള്ളതാകുന്നു. ആകയാൽ ഈ മൂന്നു റോഡുകൾക്കും പരമ പ്രാധാന്യം നൽകി പരിഗണിക്കേണ്ടതും വളരെ വേഗം പണിപൂർത്തീകരിക്കേണ്ടതുമാണ്.

ഈ പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ, അവയുടെ ഉടമസ്ഥത, ദൂരം വീതി യാത്രാസൗകര്യം എന്നിവ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

റോഡുകൾ - പ്രശ്നങ്ങൾ

ടാർ റോഡിന്റെ പ്രശ്നം

1) നിലവിലുള്ള ഏക ടാർ റോഡ് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അപര്യാപ്തമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ ? നിലവിലുള്ള ടാർ റോഡ് വെള്ളപ്പൊക്ക കാലങ്ങളിൽ (ജൂൺ മുതൽ സെപ്തം. വരെ) സഞ്ചാരയോഗ്യമല്ലാതായിത്തീരുന്നു. വെള്ളപ്പൊക്ക കാലങ്ങളിൽ റോഡിൽ 4' വരെ വെള്ളം ഉയരുണ്ട് തന്മൂലം റോഡിലൂടെയുള്ള യാത്ര അസാദ്ധ്യമായിത്തീരുന്നു. ഈ സമയങ്ങളിൽ വഹനങ്ങൾക്കൊന്നും തന്നെ ഈ റോഡിലൂടെ സഞ്ചരിക്കുവാൻ സാധിക്കുകയില്ല.

2) റോഡുകളുടെ നിർമ്മാണത്തിന് ധാരാളം ഫല വൃക്ഷങ്ങളും മറ്റു വൃക്ഷങ്ങളും വെട്ടിമാറ്റപ്പെടേണ്ടതായി വരുന്നു. ഇത് പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കും

പട്ടിക

ഈ പഞ്ചായത്തിലെ ടാർ റോഡ്

നമ്പർ	റോഡിന്റെ പേര്	ഉടമസ്ഥത	ദൂരം കി.മീ.	വീതി	ബസ്സ്/മറ്റുയാത്രാ സൗകര്യങ്ങൾ (കിലോമീറ്ററിൽ)
1.	മുട്ടാർ സെൻട്രൽ റോഡ്	പി.ഡബ്ല്യു.ഡി.	5 കി.മീ.	8 മീ.	ബസ്സ് സൗകര്യം 3 കി. മീ.

സാധ്യതകൾ

മേൽ പ്രസ്താവിച്ച പ്രശ്നങ്ങൾക്കു പരിഹാരമായി നിലവിലുള്ള ടാർ റോഡു 5 അടി എങ്കിലും ഉയർത്തുകയും റോഡിന്റെ ഇരുവശങ്ങളിലും വെച്ചുപിടിപ്പിക്കുന്നതിനു വേണ്ടി വൃക്ഷതൈകൾ ഗ്രാമ സഭകളെ ഏല്പിക്കുകയും ചെയ്യുക.

വെള്ളപ്പൊക്ക കാലങ്ങളിൽ ശക്തിയായ ഒഴുക്കു മൂലം റോഡ് ഒലിച്ചുപോകുന്നതിനും സാദ്ധ്യതയുണ്ട്. ആകയാൽ പാടത്തു കൂടികടന്നുപോകുന്ന റോഡിന്റെ ഇരുവശവും കരിങ്കല്ലു കെട്ടി ഉറപ്പിക്കേണ്ടതാണ്.

ഗ്രാമസഭകളിൽ നിന്നുയർന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള നടപ്പാതകൾ വീതികൂട്ടി പൊക്കം വരുത്തി ഗതാഗതയോഗ്യമാക്കുക എന്നുള്ളതാണ്.

ഈ ഗ്രാമപഞ്ചായത്തിലെ ഒന്നു മുതൽ എട്ടുവരെയുള്ള വാർഡുകളിലെ ഗ്രാമസഭകൾ ഒന്നടങ്കം ആവശ്യപ്പെട്ടിരിക്കുന്ന റോഡുകളുടേയും പാലങ്ങളുടേയും പട്ടിക താഴെ കൊടുക്കുന്നു.

	റോഡിന്റെ പേര്	നീളം	വീതി
1	മാമ്പുഴക്കരി-എടത്വാ	5 കി. മീ.	8 മീ.
2	കൈതത്തോട്-മിത്രക്കരി ക്ഷേത്ര കടവ്	5.5 കി. മീ.	8 മീ.
3.	ജിമംഗലം-ഏ. സി. റോഡ്	4 കി.മീ.	8 മീ.

പാലങ്ങൾ

	പാലത്തിന്റെ പേര്
1.	മുട്ടാർ സെൻട്രൽ റോഡും- ഏ.സി. റോഡുമായി ബന്ധിപ്പിക്കുന്ന പാലം
2.	മിത്രക്കരി ക്ഷേത്രക്കടവു പാലം
3.	തിരുവല്ല-മുട്ടാർ റോഡ്-മുട്ടാർ സെൻട്രൽ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം.

മുട്ടാർ പഞ്ചായത്ത്


റോഡുകൾ സംബന്ധിമായി വിവിധ ഗ്രാമസഭകളിൽ നിന്നു വന്ന നിർദ്ദേശങ്ങൾ

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	കോഡ് ആകെ നമ്പർ
1	1	അമ്പലക്കടവു തോട്ടരുകുവഴി കോയിപ്പുറം വഴിയുള്ള റോഡ് 1 K.M.	01 . 01
2	"	അഞ്ചിൽക്കടവു മുതൽ കോയിപ്പുറം വരെയുള്ള റോഡ് $^1/_2$ K.M.	01 . 02
3	"	അമ്പലക്കടവു തോട്ടരുകുവഴി മുക്കത്തു കൂടി മിത്രക്കരിപള്ളി വരെയുള്ള റോഡ് 1K.M.	01 . 03
4	"	കൈതവന മുതൽ ചൂരക്കുറ്റി വരെയുള്ള റോഡ് $^1/_2$ K.M.	01 . 04
5	"	ചിറയിൽ കലുങ്കു മുതൽ ആശുപത്രിവരെ 1.K. M.	01. 05
6	"	ചിറയിൽ കലുക്കു മുതൽ പള്ളിച്ചിറ കല്ലുപാലം വരെ 1.K. M.	01 . 06
7	"	ചിറയിൽ പാലം മുതൽ ചെറുകാടുവ ഴി തുണ്ടിയിൽവഴിവരെ 1 K.M.	01.07
8	"	നെല്ലാണിക്കൽ മു തൽ വാഴപള്ളിശ്ശേരി വരെ 300 M.	01. 08
9	"	നെല്ലാണിക്കൽ മുതൽ പുളിന്താനം വഴി ചിറക്കുഴി വരെ 1 K. M.400 M	01.09
10	"	ചറിയിൽ പാലം മുതൽ വേലന്തറ വരെറോഡ് 400 M.	01 . 010
11	"	നാലുകെട്ടു മുതൽ സേവ്യർ കറുകക്കളത്തിൽ പടിവരെ	01 . 011
12	"	ഓശാനപ്പടി മു തൽ കൊച്ചുപറമ്പുവരെ റോഡ് 500 M.	01 .012
13	"	നാലുകെട്ടു മുതൽ മു പ്പത്തിനാലുവരെ 400 M.	01 . 13
14	"	മുക്കത്തു കടമുതൽ നികത്തിൽ വീടുവരെ 300 M	01 . 014
15	"	പള്ളിപ്പാലം മുതൽ ളായിക്കരി വരെ 300	01 . 15

16	"	ആശുപത്രി മുതൽ കരുവേലിത്തറ പടിവരെ 1 K. M.	01 . 016
17	"	വേലന്തറ മുതൽ ഇരുപതിൽച്ചിറ വരെ 500 M.	01. 017
18.	"	നാരായണം പാക്ക മുതതൽ പാട്ടത്തിൽ വരെ 600 M.	01. 018
19	"	വാളം പറമ്പു മുതൽ ആശാരുപറമ്പുവരെ 600 M.	01 . 019
20	"	പാട്ടത്തിൽ മുതൽ വരമ്പത്ത് വീടുവരെ 200 M.	01 . 020

മെറ്റൽ ചെയ്ത് പൂർത്തിയാക്കേണ്ട റോഡുകൾ

			ആകെ
1	1	മാമ്പുഴക്കരി - എടത്വാ റോഡ് $1\ ^1/_2$ K.M.	01. 01
2	"	നെല്ലാണിക്കൽ അമ്പലക്കടവ് റോഡ് $^1/_2$	01. 01 2



Sl. No.	Ward No.	നിർദ്ദേശിക്കുന്ന റോഡുകൾ	കോഡ്	ദൂരം	വീതി
1	2	ആലപ്പുറത്തു കാട്, കുന്നമ്പള്ളിത്തുരത്ത് - പാടശേഖരങ്ങൾക്ക്	0201		3 m.
2		കറുകയിൽ - വടകര റോഡ്	0202		3 m.
3		വടകര- പതിനഞ്ചിൽ റോഡ് (വഴി പനക്കശ്ശേരി മണ്ണാരുപറമ്പ്)	0203		3 m.
4		വള്ളവന്തറ - പുന്നപ്പറമ്പ് തോപ്പ് എന്നീ സ്ഥലങ്ങളെ തൈപ്പറമ്പുമായി ബന്ധിപ്പിക്കുന്ന റോഡ്	0205		3 m.
5		തൈപ്പറമ്പു - കാരേക്കാട് റോഡ്	0205		3 m.
6		മിത്രമഠം - വേലംപറമ്പു റോഡ് (വഴി-കോണത്ത്)	0206		3 m.
7		മിത്രമഠം കോളനിയിൽ നിലവിലുള്ള വഴികൾ ഉയർത്തി വീതി കൂട്ടുക.	0207		3m.
8		പുന്നപ്പറമ്പ് - ഇളവങ്കരി റോഡ്	0208		3 m.
9		പുത്തൻ വീട് - തെക്കെമഠം റോഡ് (വഴി- ഇളവങ്കരി, പറമ്പ്, കണിയാൻ പറമ്പ്)	0209		3 m.
10		അമ്പലക്കടവ് - മുട്ടുംപുറം റോഡ് (Via - പുതുക്കരി സഹകരണ ബാങ്ക്)	0210		3 m.
11		ഇളവൻങ്കരി - പറമ്പ് വഴി അമ്പലച്ചിറ റോഡ്	0211		

നിർദ്ദേശിക്കുന്ന റോഡുകൾ

Sl. No.	Ward No.	മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡ്	കോഡ്	ദൂരം	വീതി
1	3	ജിമംഗലം - കണ്ണംകുളം റോഡ് (Via - അമ്പല പാലം)	0301	3.5k.m.	8 m.
		മൺവേല നടത്തി പൂർത്തിയാക്കേണ്ട റോഡുകൾ			
2		തോരണത്തും മൂട് - പുറത്തെ ഇരുപത് റോഡ്	0202	1 k.m.	4 m.
3		ജിമംഗലം പടി - തേവരുപറമ്പിൽ റോഡ്	0303	0.075 k.m.	4 m.
4		മിത്രക്കരി ഈസ്റ്റ് എൽ. പി. എസ്. -പുറത്തെ ഇരുപത് റോഡ്	0304	1k.m.	4 m.
5		എസ്. എൻ. ഡി പി. - മേപ്രത്തുശ്ശേരി റോഡ്	0305	1 k.m	4 m.
6		മാവേലിപടി - ആറുപറ റോഡ് (Via - ചേപ്പുത്തറ)	0306	800m.	4 m.
7		എൽ. പി. സ്കൂൾ- കൊച്ചു കുന്നത്തും പറമ്പ് റോഡ്	0307	500m.	4m.
8		കണ്ണം കുളം - പുറത്തെ ഇരുപതുറോഡ്	0308		4 m.
9					
10		മുട്ടുത്തുശ്ശേരി - മേപ്രത്തുശ്ശേരി റോഡ്	0310	7.5k.m.	4 m.

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ടവ

Sl. No.	Ward No.	നിർദ്ദേശിക്കുന്ന റോഡുകൾ	കോഡ്	നീളം
1	4	M.C. റോഡ് - വാടപ്പറമ്പു പാലം	0401	3 k.m.
		മൺവേല നടത്തി പൂർത്തിയാക്കേണ്ട റോഡുകൾ		
2		കൈതത്തോടു ജീമംഗലം റോഡ് - കുഴിയനടി ഹരിജൻ സെറ്റിൽമെൻറ് കോളനി)	0401	250 m.
3		ജീമംഗലം റോഡ് - വലിയകളം	0402	200 m.
4		ജീമംഗലം റോഡ് - കൊല്ലം മാലിപടി	0403	150 m.
5		ജീമംഗലം - വാലുകളം ജോയിയുടെ വീടുവരെ	0404	100 m.
6		M.C. റോഡ് വാത്യാക ഗീവറിച്ചൻറെ വാതിൽക്കൽക്കൂടി വാട പ്പറമ്പുപാലം	0405	450 m.
7		ജീമംഗലം റോഡ് - പുല്ലം വേലിക്കടവ്	0406	150m.
8		ജീമംഗ ലം റോഡ് - തൈത്തറ	0409	125m.
9		ജീമംഗ ലം റോഡ് - ചൂരക്കുറ്റി ലക്ഷം വീട്	0410	180m.
10		ജീമംഗ ലം റോഡ് - ക്രഷ് വരെ	0411	100 m.
11		ജീമംഗ ലം റോഡ് - മുട്ടംപുറം കുഞ്ഞച്ചൻറെ വീട്	0412	75 m.
12		ജീമംഗ ലം റോഡ് - നടുവിലേപ്പറമ്പ് അന്തോനിച്ചൻറെ വീട്	0413	150 m.
13		ജീമംഗ ലം റോഡ് -മോളിപ്പടവു കടവ്	0414	150 m.
14		ജീമംഗ ലം റോഡ് - മുട്ടുംപുറം പീലച്ചൻറെ വാതിൽക്കൽ കൂടി മോളിപ്പടവു കടവ്	0415	250 m.
16		ജീമംഗ ലം റോഡ് - മുളവനക്കരി കലുങ്കു മുതൽ വടക്കോട്ട് വാലുകുളം തങ്കച്ചൻറെ വീടുവരെ	0416	750 m.

Sl. No.	Ward No.	നിർദ്ദേശിക്കുന്ന റോഡുകൾ	കോഡ്	നീളം
1	4	ജീമംഗലം-വാളപ്രപത്ത് വാലുകളം	0417	200 m.
3		ജിമംഗലം മണലിപ്പറമ്പു ബേബിച്ചന്റെ വീട്	0418	100 m.
4		ജീമംഗലം - കൊല്ലംമാലി മാത്തുക്കുട്ടിയുടെ വീട്	0419	200 m.
5		കണിയാവള്ളി - വാത്യാകരി	0420	200 m.
6		വില്ലേജ് ഓഫീസ് - വൈപ്പിശ്ശേരി	0421	250 m.
7		പടിഞ്ഞാറെ ശ്രാമ്പിക്കൽ പടി - അഞ്ചു മനയ്ക്കൽ	0422	200m.
8		ജീമംഗ ലം റോഡിൽ നിന്ന് നടുവിലേപ്പറത്ത് അപ്പച്ചന്റെ വീടുവരെ	0423	150m.
		പുതുതായി നിർമ്മിക്കേണ്ട റോഡുകൾ		
9		ജീമംഗ ലം റോഡിൽ നിന്ന് കുഴിയനടി സെറ്റിൽമെൻറ് കോളനി ടച്ചുചെയ്തു പഞ്ചായത്താഫീസുമായി ബന്ധി പ്പിക്കുന്ന റോ ഡ്	0424	1.5k.m.

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

Sl. No.	Ward No.	നിർദ്ദേശിക്കുന്ന റോഡുകൾ	കോഡ്	നീളം
1	V	മുട്ടാർ സെൻട്രൽ റോഡ് മുതൽ കന്യക്കോണിൽപ്പടിവരെയുള്ള റോഡ് മെറ്റൽ ചെയ്തു ടാർ ചെയ്യുക	0501	1.5 k.m.
2		സെൻട്രൽ റോഡ് മുതൽ അഞ്ചങ്ങാടിവരെയുള്ള റോഡ് മെറ്റൽ ചെയ്ത് ടാർ ഇടുക	0502	850 m.
		മൺവേല നടത്തി പൂർത്തീകരിക്കേണ്ട റോഡുകൾ		
1		വാലുകുളം കലുങ്കു മുതൽ ശ്മശാനം വരെ 4 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുക	0503	400 m.
2		എം. സി. റോഡിൽ നിന്ന് കളത്തിപ്പറമ്പു വരെ 3 മീ. വീതിയിൽ അപ്രോർച്ച് റോഡും, പാറേപ്പറമ്പു വരെ നടപ്പാതയും നിർമ്മിക്കുക	0501	650 m.
3		കലുങ്കു മുതൽ വള്ളോത്തിപ്പറമ്പുവരെയും, കളിസ്ഥലം മുതൽ പരുവത്തറപടി വരെയും റോഡു നിർമ്മിക്കുക		550 m.
4		അഞ്ചങ്ങാടി മുതൽ പുച്ചാലിൽ കടവു വരെ 4 മീ. വീതിയിൽ റോഡു നിർമ്മിക്കുക.	0502	350m.
5		എം.സി.റോഡ് മുതൽ ഹെൽത്ത് സെൻറർ വഴി പടിയറ ഷട്ടർ വരെ 3 മീ.വീതിയിൽ റോഡു നിർമ്മിക്കുക	0508	300m.
6		വൈപ്പിശ്ശേരി പടിയിലേക്ക് നട പ്പാത നിർമ്മിക്കുക.	0510	200m.
7		എം. സി. റോഡ് മുതൽ ചേരിയിൽപ്പടി വഴി ഏഴുമ്മ പടിയിലേക്ക് 3 മീ. വീതിയിൽ അപ്രോർച്ച് റോഡ്	0505	150m.
8		കൊച്ചുവീട്ടിൽ പടിമുതൽ നടുവിലേപ്പറമ്പുപടി വരെ 3 മീ. വീതിയിൽ അപ്രോർച്ച് റോഡ് നിർമ്മിക്കുക.	0505	275m.
9		ശ്രാമ്പിക്കൽപ്പടി മുതൽ കുടുകുത്തിചിറ വരെയുള്ള വഴി 3 മീ. വീതിയിൽ നിർമ്മിക്കുക	0507	125m.
10		അഞ്ചങ്ങാടി മുതൽ അറക്കൽപ്പടി വരെയും ആറുപറപടി വരെയും നടപ്പാത നിർമ്മിക്കുക	0506	190m.
11		ഇളവുശ്ശേരി മുതൽ പുയപ്പള്ളി വഴി താമരവേലി വരെ 2 1/2 മീ. വീതിയിൽ വഴിയുണ്ടാക്കുക.		
12		എം. സി. റോഡിൽ കുമരംചിറയിൽ നിന്നും ആരാധനാ മഠത്തിലേക്ക്3 മീ.വീതിയിൽറോഡ്നിർമ്മിക്കുക	0509	250m.
13		കന്യക്കോണിൽ മുതൽ പഞ്ചായത്താഫീസുവരെ 3 മീ. വീതിയിൽ റോഡ് നിർമ്മിക്കുക	0512	600m.
14		തറയശ്ശേരി മുതൽ ഒടിപ്പാടം വരെ നടപ്പാത മണ്ണിട്ട് ഉയർത്തുക	0513	100m.

നിർദ്ദേശിക്കുന്ന റോഡുകൾ

Sl. No.	Ward No.	മെറ്റൽ ചെയ്ത് ടാർ ടാർ ചെയ്യേണ്ട റോഡ്	കോഡ്	നീളം
1	VI	ദീപാ ജംഗ്ഷൻ - മണലിൽ കലുങ്ക്	0601	750 m.
		മൺവേല നടത്തി പുർത്തികരിക്കേണ്ടവ		
1	VI	മണലിൽ കലുങ്ക് - പുളിക്കിക്കളം	0602	500 m.
2	"	അത്തിപ്പറമ്പ് പാലം - തുരുത്തേൽ	06020	450 m.
3	"	കവലക്കൽപാലം - പടിയറജെട്ടി	06010	800 m.
4	"	മണലിൽ കലുങ്ക് - കൊട്ടാരത്തിൽ പടി	06021	1k.m.
5	"	വളവനാരി റോഡ്	0609	800m.
6	"	ഇടക്കരിലക്ഷം വീട് വഴി	0608	200m.
7	"	നങ്ങ്യാകരിപാലം - ജി. യു. പി. എസ്.	06017	150m.
		പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ		
1		പുളിക്കളം കലുങ്കു മുതൽ അകത്തുകുടി 10-ൽ കുളിക്കടവ് വരെ	0603	700m.
2		ചാലിൽപടി - നൂറുപറകുളിക്കടവ്	0604	200m.
3		വാതുചിറപടിയിൽ നിന്ന് അകത്തുകുടി ഇടക്കരി ലക്ഷം വീടുമായി ബന്ധിക്കുന്ന വഴി	06013	300m.
4		ചിരം വേലിൽ പടിയിൽ നിന്നു അകത്തകുടി സെൻട്രൽ റോഡുമായി ബന്ധിക്കുന്നവഴി	0605	250m.
5		കച്ചേരി ജട്ടിമുതൽ വടക്കോട്ട് കുറ്റിവളവുമായി ബന്ധിക്കുന്ന വഴിയും കുറ്റിവളവിൽ നിന്ന് മാംകുളത്തിൽ ജട്ടിവരെയും	06011	1k.m.
6		ആറ്റിനകിഴക്കേക്കരയിൽ മർത്തോമ്മപള്ളി മുതൽ ആറാപറ പടിവരെ	0606	800m.
7		നങ്ങ്യാകരി ജംഗ്ഷനിൽ നിന്ന് അകത്തോട്ട് ഉള്ള വഴിയും	0607	350m.
8		10-ൽ ലക്ഷം വീട് മുതൽ വടക്കോട്ട് അത്തിപ്പറമ്പിൽ പടിവരെ	0612	450m.
9		തണ്ടശ്ശേരിൽ വസുദേവന്റെ പടി മുതൽ ആറ്റുതീരം വരെയും	06014	100m.
10		കച്ചേരി ജട്ടിമുതൽ ആറ്റുപുറം പുരുഷന്റെ പടിവരെ	06018	150m.
11		എസ്. എൻ. ഡി. പി. യുടെ വടക്ക് പടിഞ്ഞാറോട്ട് മാംപറമ്പിൽ പടി	06015	125m.
12		കവലക്കൽ പാലം - പഞ്ചായത്താഫീസ് വരെ	06019	950m.
13		പുളിക്കശ്ശേരിപടി മുതൽ അകത്തോട്ട് രക്ഷാസൈന്യപള്ളിവരെ	06016	100m.
14		പാറേൽ കുളികടവു വഴി	06022	
15		കച്ചേരി ജട്ടി - പുളിക്കീക്കളം പാലം	06023	
17		കൊച്ചുമഠം - നങ്ങ്യാരിത്തറകടവ്		800m.

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

Sl. No.	Ward No.	നിർദ്ദേശിക്കുന്ന റോഡുകൾ	കോഡ്	നീളം	വീതി
1	VII	കൈരളി ജംഗ്ഷൻ - നങ്ങ്യാകരിപ്പാലം	0701	$1^1/_4$k.m.	4 m.
2	"	ചാമപറമ്പ് പടി - പള്ളിത്തോടു പാലം	0702	750	4 m.
3	"	ചിരംവേലിപടി - കരിപ്പെട്ടി കടവ് കടത്ത്	0703	500m	4 m.
4	"	ചിരം വേലിപടി - കോണുമടക്കൽ പടി	0704	300m	4 m.
		മൺവേല നടത്തിപുർത്തീകരിക്കേണ്ട റോഡുകൾ			
1	VII	എം. സി. റോഡ് -ചിറക്കുഴി പടി	0705	300k	3m.
2		മാവേലിതുരുത്തുപടി - മാലീസ്ക്കുൾ	0706		
3		എം. സി. റോഡ് - ദേവസ്വം മാലി			
		(Via നല്ലുപ്പറമ്പ് ലക്ഷം വീട്)	0707	700m	3m.
4		വേലിപ്പറമ്പുപടി ചക്കുപുരയ്ക്കൽ പടി	0708	400m	3m.
5		എം. സി. റോഡ് - മിഷൻ ആശുപത്രി	0709	200m	4m.
6		ചിരംവേലി- വേലിപ്പറമ്പുപടി (Via ആറ്റുതീരം)			
		പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ			
1	VII	എം.സി. റോഡ് - പുതു പ്പറമ്പുപടി	0711	300m	3m.
2		നല്ലുപ്പറമ്പ് ലക്ഷം വീടുകോളനിയിലെ നിലവിലുള്ള വഴികൾ	0712		
3		എം. സി. റോഡ് - ഇരുപത്താറിൽ പടി	0713	350m	3m.
4		എം. സി. റോഡ് - ഇരുപറമ്പത്തു പടി	0714	350m	3m.
5		എം. സി. റോഡ് - മുന്നങ്കേരിപ്പടി	0715	200m	3m.
6		ദേവസ്വം മാലി - ചെരിടാകരിപ്പടി	0716	200m	3m.
7		എം. സി. റോഡ് - മണലിപ്പറമ്പ്	0717	150m	3m.
8		കുന്നുകണ്ടം പടി മുതൽ പടിഞ്ഞാറോട്ടുള്ള വഴി	0718	150m	3m.
9		ആറുപറ കുളിക്കടവ് 4048-ാം നമ്പർ സൊസൈറ്റിപ്പടി	0719	100m.	3m.
10		ആറ്റുപുറത്തുപടി - കൊച്ചുപറമ്പുപടി	0720	200m.	3m.
11		മണലിൽപടി- മണലിൽ തെക്കേതിൽ പടി	0721	250m.	3 m.
12		ചെമ്പിലകത്തുപടി - വാണിയപുരയ്ക്കൽപടി	0722	300m.	3 m.
13		ഏഴരപ്പടിയിൽ നിന്നും -പടിഞ്ഞാറോട്ടുള്ളവഴി	0723	200m.	3 m.
14		എം. സി. റോഡ് - പതിനാട്ടിൽപടി	0724	100m.	3 m.

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

Sl. No.	Ward No.	നിർദ്ദേശിക്കുന്ന റോഡുകൾ	കോഡ്	നീളം
1	VIII	പള്ളിത്തോടുപാലം മുതൽ ശ്രാമ്പിക്കൽ പടി വരെ	0801	1k.m.
2	"	എം. സി. റോഡു മുതൽ വാലവഴി മണിമല ആറ്റുതീരം വരെ	0802	150 m.
		മൺവേല നടത്തിപൂർത്തീകരിക്കേണ്ട റോഡുകൾ		
3	VIII	കറുകയിൽ കടവു മുതൽ കൊല്ലമ്മാലിൽ ജോർജ്ജിന്റെ വീടുവരെ	0803	1k.m.
4	"	എം. സി. റോഡിനെയും പള്ളിത്തോടിനെയും ബന്ധിപ്പിച്ച് കൊടുവത്തറ മുണ്ടുവേലിച്ചിറ മാങ്ങായിപ്പടി വഴി റോഡ്	0804	1k.m.
5	"	എം.സി. റോഡിൽ നിന്നും മൃഗാശുപത്രി വഴികൊല്ലമ്മാലിൽ വരെ	0805	150m.
6	"	കറുക കവല മുതൽ ആറുപറ തങ്കച്ചന്റെ വീടുവരെ	0806	200m.
7	"	പുയപ്പള്ളി പടി മുതൽ തേവാരിപ്പറമ്പു വരെ	0807	500m
8	"	കൈതത്തോടു പാലം മുതൽ ആറ്റുതീരം വഴി വന്ന് പള്ളിത്തോട് പാലം വരെ	0808	$1^1/_2$m.
9	"	കൈതത്തോട് മിത്രക്കരി റോഡിൽ നിന്നു ചെത്തിക്കാട് കടവുവരെ	0808	150m.
10		മണിമലയാറു തീരത്തു നിന്നും വാലയിൽ യോഹന്നാന്റെ വീടുവരെ	0810	100m.
11		കൈതത്തോടു മുതൽ പാക്കള്ളിൽ സ്ക്കറിയായുടെ വീടുവരെ	0811	1.50m
12	"	എം. സി. റോഡു മുതൽ വാണിയപ്പുര കുട്ടപ്പന്റെ വീടുവരെ	0812	100m.
13		കൈതത്തോട് മിത്രക്കരി റോഡിൽ നിന്നും പാലച്ചിറ വീടുവരെ	0813	150m.
14		കൈതത്തോട് മിത്രക്കരി റോഡിൽ നിന്നും കൈതത്തോടു-തീരം വഴി ശമുവേലിന്റെ വീടുവരെ	0814	150m.
15		പുത്തൻപുര ബേബിച്ചന്റെ കിഴക്കുവശത്തുകൂടി പള്ളിത്തോടിന്റെ തെക്കേക്കരയിൽ നിന്നും കുറുക്കൻ കുന്നുവരെ	0815	150m.
16		ചെത്തിമറ്റം കടവുമുതൽ മാലിയിൽ പടി വരെ	0816	250m.
17		കരിമ്പും പറമ്പു കടവു മുതൽ മുണ്ടയ്ക്കൽ ജോയിയുടെ വീടുവരെ	0817	250m.
18		കറുക റോഡിൽ നിന്നും കെ. ഐ. ചാക്കോയുടെ വീടുവരെ	0818	50m.
19		എം. സി. റോഡിൽ നിന്നും പാക്കള്ളിൽ തങ്കച്ചന്റെ വടക്കുവശത്തുകൂടി വഴി	0819	200m.
20		കാരുവള്ളി പടി മുതൽ കുറ്റിക്കോട്ടു പാടംവഴി എം.സി. റോഡുവരെ	0820	600m.
21		കൈതത്തോടിന്റെ വടക്കു തീരത്തു കൂടി കറുകവരെ	0821	1k.m.
22		എം. സി. റോഡു മുതൽ കണിച്ചേരി കടവുവരെ	0822	150 m.

പുതിയതായി നിർമ്മിക്കേണ്ട വഴികൾ

Sl. No.	Ward No.	നിർദ്ദേശിക്കുന്ന റോഡുകൾ	കോഡ്	നീളം
1	VIII	കറുക കവല മുതൽ കറുകകോളനി, കൊഞ്ഞാരിപറമ്പ് ഇവയെ ബന്ധിപ്പിച്ച് കരിമ്പും പറമ്പു കടവ്	0823	
2		പഴയപള്ളിക്കു സമീപം എം. സി. റോഡിൽ നിന്ന് ആരംഭിച്ച് പള്ളിത്തോടിനു സമാന്തരമായി വില്ലേജ് ഓഫീസു വരെ കുഴിവയനടി പാടത്തു കൂടി ഒരു റോഡ്.	0824	

നിലവിലുള്ള ബസ്സ് സർവ്വീസുകൾ ഷെഡ്യൂൾ അനുസരിച്ച് കൃത്യസമയത്തുതന്നെ സർവ്വീസ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. നിലവിലുള്ള ബസ്സ് സർവ്വീസുകൾ അപര്യാപ്തമാകയാൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കേണ്ടതാണ്. ജില്ലാ ആസ്ഥാനമായ ആലപ്പുഴയിലേക്കും, മെച്ചപ്പെട്ട വൈദ്യസഹായം ലഭ്യമാക്കുന്നതിന് കോട്ടയം മെഡിക്കൽ കോളേജിലേക്കും മുട്ടാറിൽ നിന്നും സർവ്വീസുകൾ ആരംഭിക്കണം. മുട്ടാറിലേക്ക് സ്റ്റേ ബസ്സുകൾ അനുവദിക്കുക. തിരുവല്ല- ചങ്ങനാശ്ശേരി ചെങ്ങന്നൂർ എന്നി ഡിപ്പോകളിൽ നിന്നും കൂടുതൽ ബസ്സുകൾ അനുവദിച്ചാൽ മേല്പറഞ്ഞ സർവ്വീസുകൾ നടത്തനാവും.

രണ്ടു മണിക്കൂർഇടവിട്ട് കിടങ്ങറാ നീരേറ്റുപുറം റൂട്ടിലും, മാമ്പുഴക്കരി-എടത്വാ റൂട്ടിലും ബോട്ട് സർവ്വീസുകൾ നടത്തേണ്ടതാണ്. മിത്രക്കരി സൊസൈറ്റി ബോട്ടുജട്ടി കഴിവതും വേഗം പുതുക്കി പണിയണം.

കടത്തുകൾ

ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിലുള്ള സർക്കാർ കടത്തുകൾ താഴെപ്പറയുന്നവയാണ്.

1. കരിപ്പെട്ടികടവു കടത്ത്
2. ബസ്സാർ കടത്ത്
3. മിത്രക്കരി ദേവീക്ഷേത്രക്കടവു കടത്ത്

1. കരിപ്പെട്ടിക്കടവു കടത്ത് പത്തനംതിട്ട ജില്ലയേയും ആലപ്പുഴജില്ലയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കടത്താണ്. തിരുവല്ലാ മട്ടാർ റോഡ് (ചാത്തങ്കരിവഴി) വന്നു നില്ക്കുന്നത് കരിപ്പെട്ടി കടവിലാണ്. വിദ്യാർത്ഥികളടക്കം നിരവധിയാളുകൾ അക്കരെയിക്കരെ കടക്കാനുപയോഗിക്കുന്ന കടത്താണിത്. എന്നാൽ ഇവിടെ നടത്തിനായി ഉപയോഗിക്കുന്നത് സർക്കാർ നിർദ്ദേശപ്രകാരമുള്ള വള്ളങ്ങളല്ല. ഇതുമൂലം പലപ്പോഴും വെള്ളപ്പൊക്ക കാലത്ത് അപകടങ്ങളുണ്ടായിട്ടുണ്ട്. യാത്രക്കാരുടെ തിരക്കു കണക്കിലെടുത്ത് ഈ കടവിൽ ഒരു കടത്തുവള്ളം കൂടി അനുവദിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ദുരിതങ്ങൾ തന്നെയാണ് മറ്റുരണ്ടു കടവുകളിലും അനുഭവപ്പെടുന്നത്. ആകയാൽ ഓരോവള്ളം കൂടി അനുവദിച്ച് ഈ രണ്ടു കടത്തുകളിലുംഅനുഭവപ്പെടുന്ന കഷ്ടതകൾ ഒഴിവാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ മൂന്നു കടത്തുകടവുകളും തകർന്നുകിടക്കുകയാണ്. ആകയാൽ ടി കടവുകൾ കരിങ്കല്ലു കെട്ടി ബലപ്പെടുത്തേണ്ടതും വള്ളങ്ങളിൽ സൗകര്യപ്രദമായികയറുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

പുതിയതായി ഏർപ്പെടുത്തേണ്ട ഗവൺമേൻറു കടത്തുകൾ

1. കുമരംച്ചിറ.
2. പടിയറ ജട്ടിയിൽ നിന്നും അക്കരെ മർത്തോമ്മാ പള്ളിക്കടവിലേയ്ക്ക്.

റെയിൽവേ

നിർദ്ദിഷ്ട തകഴി - തിരുവല്ലാ ലിങ്ക് റയിൽവേ പൊതുവേ കുട്ടനാടിനേയും പ്രത്യേകിച്ച് മുട്ടാറിനേയും പ്രതികൂലമായി ബാധിക്കുന്നതാണ്.

നിർദ്ദിഷ്ട റയിൽവേ നടപ്പിലാവുകയാണെങ്കിൽ അത് മുട്ടാറ്റിലൂടെയുള്ള നീരൊഴുക്കിനെ സാരമായിബാധിക്കും. ഇപ്പോൾ തന്നെ വെള്ളപ്പൊക്ക കെടുതികൾ ഏറ്റവുമധികം അനുഭവിക്കുന്നത് മുട്ടാർ നിവാസികളാണ് നേരത്തെ പരന്നൊഴുകിയിരുന്ന വെള്ളം ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് ഉയർത്തിയതോടു കൂടിതടയപ്പെട്ടു.

ഇപ്പോഴത്തെ നിർദ്ദിഷ്ട റയിൽവേ കടന്നുപോകുന്നത് മുട്ടാറിന്റെ ഏറ്റവും കിഴക്കേയറ്റത്തു കൂടിയാണ്.

അങ്ങനെ വരുമ്പോൾ കിഴക്കു ഭാഗത്തു കൂടി കടന്നുപോകുന്ന റെയിൽപ്പാതയ്ക്കും പടിഞ്ഞാറുള്ള ആലപ്പുഴ ചങ്ങനാശ്ശേരി റോഡിനുമിടയിൽ സ്ഥിതിചെയ്യുന്ന മുട്ടാർ എന്ന ഗ്രാമം ഒരു വെള്ളക്കെട്ടു പ്രദേശമായി മാറുകയും, ഇപ്പോൾ തന്നെ രണ്ടു മൂന്നു മാസക്കാലം അനുഭവിക്കുന്ന വെള്ളപ്പൊക്ക ദുരിതങ്ങൾ ഈ ദേശവാസികൾ മാസങ്ങളോളം അനുഭവിക്കേണ്ടതായി വരുകയും ചെയ്യും. ആണ്ടിന്റെ ഭൂരിഭാഗവുംവെള്ളം കെട്ടി നില്ക്കുന്ന ഒരു പ്രദേശമായി ഇതുമാറും അങ്ങനെ ഇപ്പോൾ ഫലപുഷ്ടിയുള്ള ഈ പ്രദേശം ചതുപ്പുപ്രദേശമായിത്തീരും.

ഈ വെള്ളക്കെട്ട് പരിസ്ഥിതി മലിനീകരണത്തിന് കാരണമാകും പരിസ്ഥിമലിനീകരണം മൂലം അടുത്തകാലത്തുണ്ടായ 'ജപ്പാൻ ജ്വരം' പോലെയുള്ള മാരക രോഗങ്ങൾ വീണ്ടും പടർന്നു പിടിച്ചേക്കാം. ആകയാൽ ഇപ്പോഴത്തെ പരിസ്ഥിതിക്ക്കോട്ടം വരത്തക്കരീതിയിലുള്ള യാതൊരു പ്രവർത്തനങ്ങളും ഒരിക്കലും ഉണ്ടാകരുത്.

ഇപ്പോഴത്തെ സർവ്വേ അനുസരിച്ച് റയിൽവേ കടന്നു പോകുന്നത് ഈ ഗ്രാമത്തിലെ ഏക ഹൈസ്കൂളിന്റെ നടുവിലൂടെയാണ്. ഇതും ഈ നാട്ടുകാരെ സംബന്ധിച്ചിടത്തോളം ഒരു തീരാനഷ്ടമാണ്. ഈ ലൈൻ വരുകയാണെങ്കിൽ ആയിരക്കണക്കിന് ഫലവൃക്ഷങ്ങൾ വെട്ടി നശിപ്പിക്കപ്പെടും. ഇത് പാവപ്പെട്ട ഈ ഗ്രാമീണരുടെ സാമ്പത്തിക ഭദ്രതയെ കാര്യമായി ബാധിക്കും. നിരവധിയാളുകൾ ഭൂരഹിതരായിത്തീരും. ഈ റയിൽവേ രണ്ടാറ്റിൻകര, ചക്കുളംവഴി തകഴി തിരുവല്ല റോഡിനുസമാന്തരമായി നിർമ്മിക്കപ്പെട്ടാൽ തലവടി, എടത്വാ, മുട്ടാർ എന്നീ കുട്ടനാടൻ പ്രദേശങ്ങളെ വെള്ളപ്പൊക്ക കെടുതികളിൽ നിന്ന് രക്ഷിക്കാൻ കഴിയും.

ആകയാൽ 22 കിലോമീറ്റർ മാത്രം നീളമുള്ള തിരുവല്ല-തകഴി ലിങ്ക്റയിൽവേ മുട്ടാറിലൂടെയുള്ളത് ഉപേക്ഷിക്കണമെന്നും അതിനുപകരം ചക്കുളത്തു കൂടിയുള്ളത് അംഗീകരിച്ചു നടപ്പാക്കണമെന്നും ഈ പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളും ഒന്നടങ്കം നിർദ്ദേശിച്ചിരിക്കുന്നു.

Sl. No.	വാർഡ്	വിവിധ ഗ്രാമസഭകൾ നിർദ്ദേശിച്ചിരിക്കുന്ന കാർട്ടബിൾ പാലങ്ങൾ
1.	01	ഓശ്ശാനപ്പടിപാലം
2	"	മോഴികാട്പാലം
3	"	കർമ്മ ലീത്താ മഠം പാലം
4	"	പള്ളിപ്പാലം
5	"	ചിറക്കുഴിപ്പാലം
6	"	പുളിന്താനം പാലം
7	"	വരമ്പത്ത് - പുഷ്പസദനം പാലം
8	"	കുത്തുപാക്ക- ഇടംമ്പാടി പാടത്തിന്റെ് കിഴക്കുഭാഗം വഴിയിൽ കലുങ്ക്
9	"	34 ൽ തോടിനു പാലം
10	"	30 ൽ മോട്ടോർതറ- പാലം
11	02	തോരണ ത്തും മൂട പാ ലം
12	"	മണലിൽ പറമ്പിൽ - എട്ടിൽ കേളാനി
13	"	പന്ത്രണ്ടിൽ പാ‍ം
14	"	കിഴക്കേപ്പുറത്തു പാലം
15	03	പന്ത്രണ്ടിൽ ലക്ഷം വീടുകോളനിയിലേക്കുള്ള പാലം
16	"	കവലയ്ക്കൽ പാലം
17	04	കുഴിയനടി സെന്റിൽ മെൻറ് കോളനിയിൽ നിന്നും മുളവനക്കരി പാടത്തേക്കുള്ള പാലം
18	"	മോളിപ്പടവു കടവിൽ
19	"	പുല്ലം വേലിക്കടവിൽ

Sl. No.	വാർഡ്	വിവിധ ഗ്രാമസഭകൾ നിർദ്ദേശിച്ചിരിക്കുന്ന കാർട്ടബിൾ പാലങ്ങൾ
20	05	താമരവേലിപാലം സ്റ്റെപ്പുകൾ കെട്ടി കോൺക്രീറ്റ് സ്ലാബുകൾ ഇടുക
21	06	കവലയ്ക്കൽ പാലം വാഹനങ്ങൾ കയറുന്ന രീതിയിൽ പുതുക്കിപ്പണിയുക
22	"	വളവനാരിപാലം
23	"	പറമ്പത്തുപടി പാലം
24	"	കുറ്റിവിളവു ഭാഗത്ത് 3 സ്ലാബ് ഇടണം.
25	05	അമ്പലത്തോട്ടിൽ വാക്കയിൽ ഭാഗത്ത് ഒരുപാലം പണിയുക
26	05	പുച്ചാലിൽ കടവു പാലം വാഹനങ്ങൾ കയറുന്ന രീതിയിതൽ പുതുക്കിപ്പണിയുക.
27	08	ശ്രാമ്പിക്കൽ റൈസുമില്ലിനു സമീപം
28	08	കറുകക്കടവിൽ കൈതത്തോടിനു കുറുകെ ഒരുപാലം

വിവിധ വാർഡുകളിലെ ഗ്രാമസഭകൾ നിർദ്ദേശിക്കുന്ന കലുങ്കുകൾ

പുതിയതായി നിർമ്മിക്കേണ്ടവ

1	01	കറുകക്കളം തോടിന് കുറുകെ
2	"	ഓശാനപ്പടിയിൽ
3	"	മോഴിക്കാട്ട് സേവ്യറിന്റെ വീടിനു സമീപം
4	"	കുത്തുവാക്കൽ മോട്ടോർ തറയ്ക്കു സമീപം
5	"	ചെറുകാട് വീടിനു സമീപം
6	"	തുരുത്തിൽ വീടിനു സമീപം
7	"	നാരായണം പാക്കൽ റേഷൻ കടയ്ക്കു സമീപം.
8	"	നാല്പതിൽച്ചിറ വീടിനു സമീപം
9	"	മുപ്പതിൽ വീടിനു സമീപം
10	"	മുപ്പതിൽ മോട്ടോർ തറ
11	"	പള്ളിപ്പാടത്തിന്റെ മോട്ടോർ തറയിൽ
12	"	പാട്ടത്തിൽ വീടിനു സമീപം
13	02	മിത്രമഠംതോട്ടിൽ കലുങ്ക്
14	03	ജീമംഗലത്തു നിന്നും വടക്കോട്ടുള്ള കലുങ്ക്.
15	04	കുഴിയനടി ഹരിജൻ സെറ്റിൽമെൻറ് കോളനിയിൽ
16	"	ശ്രാമ്പിക്കൽ പ്പടി
17	"	കുഴിയനടി മോട്ടോർ തറ
18	"	കൊവേന്ത
19	"	ജിമംഗലം റോഡിൽ നിന്ന് ചൂരക്കുറ്റി ലക്ഷം വീടു കോളനിയിലേക്ക്
20	"	താനത്തുമുട്ടാർ

Sl. No.	വാർഡ്	വിവിധ ഗ്രാമസഭകൾ നിർദ്ദേശിച്ചിരിക്കുന്ന നിർദ്ദേശിക്കുന്ന കലുങ്കുകൾ
21	05	അമ്പലപാടശേഖരത്ത് അഞ്ചങ്ങാടിയിൽ
22	"	കണിച്ചേരിപ്പടി
23	"	മണലിൽപ്പടി
24	"	കൊച്ചുവീട്ടിൽപ്പടി
25	05	മണലിപ്പറമ്പുപടിയിൽ
26	"	കുമരംച്ചിറ കലുങ്ക് പുതുക്കിപ്പണിയുക
27	"	അമ്പപാടശേഖര മോട്ടോർ തറയിൽ ഒരു സ്ലാബ് വാർത്തിടുക
28	"	ചേരിക്കലകം പാടശേഖര കലുങ്കുളിലും മോട്ടോർ തറയിലും സ്ലാബുകൾ വാർത്തിടുക.
29	"	പരുത്തിക്കാട്ടുശ്ശേരിപാടശേഖര മോട്ടോർ തറിയിൽ സ്ലാബു വാർത്തിടുക.
30	06	പറമ്പത്തു കലുങ്ക് നിർമ്മിക്കുക.
31	"	നങ്ങ്യാകരിപടിയിൽ കലുങ്ക് നിർമ്മിക്കുക
32	"	ഇടക്കരിലക്ഷം വീടിന്റെ പടിഞ്ഞാറെ അറ്റത്ത് വാച്ചാൽ തോട്ടിൽ തെക്കുറ്റിശ്ശേരി കലുങ്ക് വാഹന ഗതാഗത യോഗ്യമാക്കുക
33	"	ചെത്തിമറ്റം പടി
34	"	ചീരംവേലിൽപടി
35	"	കൊട്ടാരത്തിൽ പടിയിൽ നിന്ന് മഠത്തിന്റെ ജട്ടിയിലോട്ട് 3 സ്ലാബ് വാർത്തിടുക
36	07	മണലിൽ പടി
37	"	ലക്ഷം വീടുറോഡിൽ
38	"	ചിറക്കുഴിയിലേക്കുള്ള വഴിയിൽ
39	"	നൂറ്റഞ്ചിൽ
40	08	ആർ. യു. എൽ. പബ്ലിക് ലൈബ്രറിക്കു സമീപം
41	"	കരിമ്പുംപറമ്പിൽ പൊതുക്കടവിനു സമീപമുള്ള കലു ങ്ക് വീതികൂട്ടുക
42	"	കൊച്ചു പുത്തൻപുര കലുങ്ക്
43	"	കാരുവള്ളി വീടിനു സമീപം
44	"	മാലിയിൽ വീടിനു സമീപം
45	"	ചിറയിൽ പത്രോസിന്റെ വീടിനു സമീപം
46	"	ശ്രാമ്പിക്കൽ കുഞ്ഞിന്റെ തോട്ടിൽ
47	"	ശ്രാമ്പിക്കൽ റോഡിൽ കൊച്ചു വീടിനു സമീപം

Sl. No.	Ward No.	വിവിധ ഗ്രാമസഭകൾ നിർദ്ദേശിച്ചിരിക്കുന്ന നിർദ്ദേശിക്കുന്ന കുളികടവുകൾ (ഇവയിൽ നിലവിലുള്ളവയുടെ അറ്റകുറ്റപണികൾ നടത്തി ഉപയോഗ പ്രദമാക്കേണ്ടതും മറ്റു സ്ഥലങ്ങളിൽ പുതിയവ പണിയേണ്ടതുമാണ്.)	കോഡ് നമ്പർ
1	01	മിത്രക്കരി അമ്പലക്കടവ്	0101
2	"	ചുരക്കുറ്റി പാലത്തിനു സമീപം	0102
3	"	മേപ്രത്തുശ്ശേരിചിറയിൽ	0103
4	"	അഞ്ചിൽക്കടവു പാലത്തിനു സമീപമുള്ള 2 കടവുകൾ	0104
		വാഴച്ചിറ വനീടിനു സമീപം	
5	"	ചിറയിൽ പാലത്തിനുസമീപം	0105
		ഇരുപതിൽ വീടിനു സമീപം	
6	"	ആശുപത്രി പടിക്കൽ	0105
7	02	വരമ്പത്ത് ചിറയിൽ കടവ്	
8	"	മൺപാത്ര വ്യൂസായ സഹകരണ സംഘം കടവ്	
9	"	എസ്. എൻ. ഡി. പി. പാലത്തിന് സമീപം	
10	03	അയലായിൽ കടവ്	
11	"	മാവേലിൽ സമീ പം കടവ്	
12	"	പന്ത്രണ്ടിൽ ലക്ഷം വീടു കടവ്	
13	"	പടിഞ്ഞാറേക്കുറ്റ് കടവ്	
14	"	വെള്ളാഞ്ഞിലിൽ കടവ്	
15	"	തയ്യിൽ പടിഞ്ഞാറുവശം കടവ്	
16	"	ചാത്തനാട്ടു കടവ്	
17	"	വാടപ്പറമ്പിൽ കടവ്	
18	04	പുല്ലിക്കോട്ടുകടവ്	0401
19	"	പുല്ലം വേലിക്കടവ്	0402
20	"	ചുരക്കുറ്റി ലക്ഷം വീടുകടവ്	0403
21	"	മോളിപ്പടിപ്പടവു കടവ്	0404
22	"	ശ്രാമ്പിക്കൽ പടിയിലുള്ള കോണുംമടക്കൽ വീടിനു സമീപമുള്ള പൊതുക്കടവ്	0405
23	"	വാഴത്തറ വീടിനു മുൻവശത്തുള്ള പൊ തുക്കടവ്	0406
24	"	കുഴിയനടി ഹരിജൻ സെറ്റിൽമെൻറ് കോളനിയിലുള്ള പൊതുക്കടവ്	0407
25	05	പഞ്ചായത്തുകടവായ പുച്ചാലിൽ കുളിക്കടവ്	
26	"	എഴുമ്മപടി	
27	"	കൊച്ചുവീട്ടിൽപടി	

Sl. No.	Ward No.	വിവിധ ഗ്രാമസഭകൾ നിർദ്ദേശിച്ചിരിക്കുന്ന നിർദ്ദേശിക്കുന്ന കുളികടവുകൾ	കോഡ് നമ്പർ
28	05	ഹരിജൻ ശ്മശാനത്തിനു സമീപമുള്ള കടവ്	
29	"	ഇളവുശ്ശേരി കടവ്	
19	"	കുമരംച്ചിറ കടത്തുകടവ്	
20	"	ഏ. കെ. ജി. ജംഗ്ഷനിലുള്ള കടവ്	
21	"	ഇളവൻ മഠത്തിനു സമീപമുള്ള കടവ്	
22	"	വൈപ്പിശ്ശേരിക്കടവ്	
23	06	നൂറുപറകടവ്	
24	"	ഇടക്കരിലക്ഷം വീടു കടവ്	
25	"	പാറേൽ കടവ്	
26	"	പത്തിൽ കുളിക്കടവ്	
27	"	മണലിൽ പടിക്കടവ്	
28	"	പുളിക്കീശ്ശേരി പടിക്കടവ്	
29	07	ആശുപത്രിക്കടവ്	
30	"	മുന്നങ്കരിക്കടവ്	
31	"	സൊസൈറ്റിക്കടവ്	
32	"	ആറുപറക്കടവ്	
33	"	ചീരം വേലിൽക്കടവ്	
34	"	കിരപ്പെട്ടിക്കടത്തു കടവ്	
35	08	ബസാർ കടവ്	
36	"	കറുക കടവ്	
37	"	കരിമ്പും പറമ്പ് പൊതുക്കടവ്	
38	"	ചെത്തിക്കാട്ടു കടവ്	
39	"	പുച്ചാലിൽ പൊതുക്കടവ്	
40	"	പള്ളിത്തോടിനു വടക്കേക്കര ശ്രാമ്പിക്കൽ റോഡ്	
41	"	അവസാനിക്കുന്ന സ്ഥലത്ത് ഒരു പുതിയ കടവുനിർമ്മിക്കുക.	
42	"	പള്ളിത്തോടു പാലത്തിനു വടക്കേകരയിൽ പാലത്തിനോടു ചേർന്ന് പടിഞ്ഞാറുവശത്ത്. വാലയിൽ കടവ്.	

ഈ ഗ്രാമത്തിന്റെ പൊതുവായ ആവശ്യങ്ങൾ

ഈ പഞ്ചായത്തിലെ എല്ലാ തോടുകളുടെയും ആറിന്റേയും തീരം കല്ലുകെട്ടി ഉറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കല്ലുകെട്ടാത്ത തീരങ്ങളിൽ ആദ്യം കെട്ടുകയും, പിന്നീട് റിപ്പയറിംഗ് ചെയ്യേണ്ട സ്ഥലങ്ങളിൽ ആയതുചെയ്യുകയും വേണം.

2. പള്ളിത്തോടിന്റെ ആരംഭഭാഗത്ത് 1000 മീറ്റർ ഉള്ളിലോട്ടുള്ള തോടിന്റെ ഇരുവശവും കല്ലുകെട്ടി പടവുകൾ നിർമ്മിച്ച് എല്ലാവർക്കും വിശിഷ്യാ സ്കൂൾ കുട്ടികൾക്കും നീന്തൽ പഠിക്കുന്നതിനുള്ള ഒരു വാട്ടർ സ്റ്റേഡിയം നിർമ്മിക്കേണ്ടതാണ്.

പോലീസ് എയിഡ് പോസ്റ്റ്

സാംസ്കാരിക നിലയം

വാട്ടർ സ്റ്റേഡിയം

ഹൗസിംഗ് കോംപ്ലെക്സ്

പഞ്ചായത്തു മിനി ഓഡിറ്റോറിയം

കുടിൽ വ്യവസായങ്ങൾ

കാർഷിക യന്ത്രങ്ങൾ

ഒരു നെല്ലും ഒരു മീനും പദ്ധതി

Hatchery

Recreation Club കൾ

വ്യാജമദ്യ നിരോധനം

ആയുർവേദ, ഹോമിയോ ആശുപത്രികൾ

Voltage Improvment Scheme

റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ, കൽക്കെട്ടുകൾ

പാർപ്പിടവും സാമൂഹ്യക്ഷേമവും

ആണ്ടുവട്ടത്തിന്റെ അധികപങ്കും വെള്ളത്തള്ളലിനടിപ്പെട്ടു കഴിയുന്ന ഒരു കുട്ടനാടൻ കർഷക ഗ്രാമമാണ്. മുട്ടാറ്. എക്കൽ മണ്ണിനാൽ നിർമ്മിതമായ ഈ ഭൂപ്രദേശം വളരെ ഏറെ പ്രത്യേകതകൾ നിറഞ്ഞതാണ്. വേനൽ കാലത്ത് ജലനിരിപ്പു താഴുകയുംചൂടു വർദ്ധിക്കുകയും ചെയ്യുമ്പോൾ ഭൂമിയുടെ ഉൾഭാഗങ്ങളിൽ ധാരാളം വിള്ളലുകൾ ഉണ്ടാകുന്നു. വർഷകാലത്ത് മണ്ണ് നിറഞ്ഞ് ഈ വിള്ളലുകൾ അടയുന്നു. ഈ പ്രക്രിയ ഭൂസ്ഥിരതയെ ബാധിക്കുന്നു. മണിമല ആറും തോടുകളും നിറഞ്ഞുകവിഞ്ഞുപായുമ്പോൾ ഇരുകരകളും കാർന്നെടുക്കുന്നതിന്റെ ഫലമായുണ്ടാകുന്ന മണ്ണാലിപ്പും ഭൂസ്ഥിരതയെ ബാധിക്കുന്നു. തന്മൂലം ഇവിടുത്തെ സാധാരണ വീടുകൾ പോലും ഒരു വർഷം ഒരു ഇഞ്ച് എന്ന ക്രമത്തിൽ താണുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ബഹുനിലകെട്ടിടങ്ങളും, വാർപ്പു കെട്ടിടങ്ങളും ഈ പ്രദേശത്ത് വളരെ വിരളമാണ്. പണ്ട് 6% വീടുകളും അറയും നിരയും ഉള്ളവീടുകളായിരുന്നു. ഏതാണ്ട് 25% വീടുകൾ മൺഭിത്തികളോ, ചുടുകട്ടകൊണ്ടു ഭിത്തികെട്ടികുമ്മായം തേച്ചതോ ആയിരുന്നു. 15% വീടുകൾ മൺകൂരകളോ, പുൽമാടങ്ങളോ ആയിരുന്നു. മേൽക്കൂരകൾ എല്ലാം തന്നെ ഓലമേഞ്ഞവയായിരുന്നു.

പാർപ്പിട രംഗത്ത് ആദ്യമായി വന്നമാറ്റം മേൽക്കൂരകളിലാണ്. ഓലമേഞ്ഞിരുന്നവയുടെ 60% ത്തോളം ഏതാണ്ടു 10 വർഷങ്ങൾക്കു മുമ്പുതന്നെ ഓടുമേഞ്ഞവയായി മാറി തുടർന്ന മൺകുടിലുകൾ പലതും (ഏതാണ്ട് 75%) തറകെട്ടി, ഭിത്തിക്കെട്ടി ഓടുമേഞ്ഞ വീടകളായിമാറിക്കൊണ്ടിരുന്നു. പിന്നീട് അറയും നിരയും മാറ്റി, ആധുനിക സൗകര്യങ്ങളോടുകൂടി (ബാത്ത് അറ്റാച്ചിഡ്) മുറികളുള്ള വീടുകൾ രൂപപ്പെട്ടു. ഈ രംഗത്തെ പുതിയ പ്രവണത കോൺക്രീറ്റ് മേൽക്കൂരകളോടുകൂടിയ വൻ കെട്ടിടങ്ങളിൽ എത്തിനില്ക്കുന്നു.

ഇന്ന് നിർമ്മാണ രംഗത്ത് ഏറ്റവുംകൂടുതൽ ഉപയോഗിക്കുന്നത്, സിമിൻറ്, കമ്പി, മെറ്റൽ, ഇഷ്ടിക, കരിങ്കല്ല് എന്നിവയാണ്

കട്ടള, ജനൽപടി വെൻറിലേറ്റർ തുടങ്ങിവ എല്ലാം കോൺക്രീറ്റിൽ ചെയ്യുന്നു. ഇവ കഴിഞ്ഞാൽ കൂടുതൽ ഉപയോഗിക്കുന്നതു തടികൊണ്ടുള്ള ഉപകരണങ്ങളാണ്.

ഉപഭോഗം വർദ്ധിക്കുകയും ഉല്പാദനവും ലഭ്യതയും കുറയുകയും ചെയ്യുന്നതിന്റെ ഫലമായി അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുന്ന രണ്ടു വർഷം മുമ്പ് 70 രൂ. വിലയ്ക്കു കിട്ടിരുന്ന സിമിൻറന് 190 രൂപയും, 11 രൂ. വിലയായിരുന്ന കമ്പിക്ക് 18 രൂപയും 75 സ. വിലയായിരുന്ന മൺകട്ടക്ക് 175 പൈസ വിലയും ആണ്. ആറ്റുമണലിന്റെ വിലയിൽ 400 ഇരട്ടി വർദ്ധനവും ഉണ്ടായിട്ടുണ്ട്.

കെട്ടിടനിർമ്മാണ രംഗത്ത് വിദഗ്ധ തൊഴിലാളികളുടെ കുറവ് ഒരു പ്രശ്നമാണ്. പ്രത്യേകിച്ചും കല്ലാശാരി എന്ന വർഗ്ഗം തന്നെ ഇന്ന് ദുർലഭമാണ്. അതിനാൽ ഈ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികൾ പലരും തൊഴിലനോടു നീതിപുലർത്താൻ സാധിക്കാത്തവരാണ്.

തൊഴിലാളികളുടെ ക്ഷാമവും, വീടുകൾ ധാരളമായി നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും, കൂലി വർദ്ധനവിന് ഇടയാക്കിയിട്ടുണ്ട്. രണ്ടു വർഷങ്ങൾക്കു മുമ്പ് - 60 രൂ. ഒരു തച്ചിനുകൂലിയായിരുന്ന സ്ഥാനത്ത് ഇന്ന് 125 രൂ. തച്ചിനു കൂലിയും സാധാരണ തൊഴിലാളി മൈക്കാട് 40 രൂപയുടെ സ്ഥാനത്തു ഇന്ന് 100 രൂപ കൂലിയും കൊടുക്കേണ്ടിയിരിക്കുന്നു.

ഇന്ന് പലരും പണികൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ ചെയ്യിക്കുന്നു. തച്ചിനു പണിയിക്കുന്നവർ വളരെകുറവാണ്.

ഇന്ന് വീടുവയ്ക്കുന്നവർ അധികവും ആർഭാടപൂർണ്ണമായ വീടുകൾ നിർമ്മിക്കുന്നു. പ്രത്യുൽപാദനപരമല്ലാത്ത കാര്യത്തിനു കൂടുതൽ തുക മുടക്കുന്ന പ്രവണത മാറ്റി എടുക്കേണ്ടിയിരിക്കുന്നു നിർമ്മിതികേന്ദ്രം വഴി ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുക എന്ന സന്ദേശം പ്രായോഗികമാക്കുകയും വേണം.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലകൾ ഉള്ളവ	കോൺക്രീറ്റും	ഓട്	ഷീറ്റ്	ഓല	വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ചവ	
							ലക്ഷം വീ.	മറ്റുള്ളവ
I	301	ഇല്ല	4	208		89	20	ഇല്ല
II	349	ഇല്ല	3	206		140	43	''
III	334	ഇല്ല	7	216	2	89	16	''
IV	268	ഇല്ല	14	164		90	10	''
V	292	ഇല്ല	7	216		69	12	''
VI	390	ഇല്ല	9	280		101	19	''
VII	257	ഇല്ല	18	205		34	6	''
VIII	267	6	22	117		68	ഇല്ല	
	2458	6	84	1694		680	126	

ഒരു സാമ്പത്തിക വർഷം നടപ്പിലാക്കേണ്ടവ

വാർഡുകൾ	തീർത്തും മോശമായവ	പുതുക്കേണ്ടവ	പുതുതായി നിർമ്മിക്കേണ്ടവ	കക്കൂസുകൾ ആവശ്യമുള്ളവ	വാടക വീടുകൾ	വീടവയ്ക്കുന്നതിനുള്ള വായ്പകൾ ആവശ്യമുള്ളവ
I	3	20	32	115	-	77
II	5	43	65	143	-	118
III	4	16	29	96	-	76
IV	9	1021	74-79			
V	7	12	26	89	-	55
VI	8	19	34	162	-	86
VII	8	6	11	68	-	29
VIII	10	-	14	61	-	54
	54	126	232	808		

ഈ പഞ്ചായത്തിൽ മൊത്തം 2458 വീടുകൾ ഉണ്ട്. അവയിൽ 1652 വീടുകളുടെ നികുതി പഞ്ചായത്തിനു ലഭിക്കുന്നു. ബാക്കി 806 വീടുകൾ നികുതി ചുമത്താൻ പോലും പറ്റാത്തവാണ്. ഈ പ്രദേശത്തെ വീടുകൾ തുടരെ താഴുന്നതുകൊണ്ടും, വെള്ളപ്പൊക്കം ഈ പ്രദേശങ്ങളിൽ രൂക്ഷമായതുകൊണ്ടും പലവീടുകളുലും വെള്ളം കയറി ജനജീവിതം ദുസ്സഹമാക്കുന്നു. ഇതു ഒരു നല്ല ശതമാനം ആളുകളുടെ ആരോഗ്യത്തെയും ആയുസ്സിനേയും ദോഷ കരമായി ബാധിക്കുന്നു. അതിനാൽ ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഓരോ ഹൗസിംഗ് കോംപ്ലക്സു സ്ഥാപിക്കണം. ഇങ്ങനെയുള്ള സ്ഥലങ്ങൾ വെള്ളം കയറാത്ത വിധം തറ ഉയർത്തി ക്രമീകരിക്കേണ്ടതാണ്. ഒരു വീടിന് രണ്ടുമുറികളും വരാന്തയും ഒരു അടുക്കളയും, ഒരു സെഫ്റ്റി ടാങ്കോടുകൂടിയ കക്കൂസും ഉണ്ടായിരിക്കേണ്ടതാണ്.

പ്രശ്നങ്ങളും പരിഹാരങ്ങളും.

1. ലക്ഷം വീടുകളിൽ ഒരു വീട്ടിൽ രണ്ടു കുടുംബങ്ങൾ എന്ന സ്ഥിതി മാറ്റി, ഒരു വീട് ഒരു കുടുംബത്തിന് നല്കുക.

2. ലക്ഷം വീടുകളും, പാവപ്പെട്ടവരുടെവീടുകളും അറ്റകുറ്റപണികൾ ചെയ്തു വൃത്തിയാക്കുക.

3. വീടുകളുടെ പരിസരംഉയർത്തിവെള്ളം കയറാത്ത സ്ഥിതിയിലാക്കുക.

4. വിദ്യുഛക്തി ലഭിക്കാത്ത വീടുകൾക്ക് സൗജന്യമായി വിദ്യുഛക്തി ലഭ്യമാക്കണം.

5. ശുദ്ധജലം ലഭ്യമാക്കാൻ ആവശ്യമായ പൈപ്പു ലൈൻ ചെയ്തു ടാപ്പുകൾ സ്ഥാപിക്കേണ്ടതാണ്.

6. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളുകൾക്ക് വീടുകൾ വയ്ക്കുന്നതിനോ, പുതുക്കുന്നതിനോ, ഓടുമേയുന്നതിനോ .ഒക്കെ ആവശ്യമായ സാമ്പത്തിക സഹായം നല്കണം.

7. ആറ്റുതീരവും തോട്ടുതീരവും, കല്ലുകെട്ടി സംരക്ഷിച്ച് ഭൂസ്ഥിരത സംരക്ഷിക്കുക.

8. നിർമ്മിതി കേന്ദ്രങ്ങൾ വഴി ഭവനനിർമ്മാണ സാധനങ്ങൾ ഈ നാട്ടിൽ വിതരണം ചെയ്യുക.

9. ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ ബോധവൽക്കരണാ നടത്തുക.

സാമൂഹ്യ ക്ഷേമം

കർഷകരും കർഷക തൊഴിലാളികളും ഇടതിങ്ങി ജീ വിക്കുന്ന ഈ പ്രദേശത്ത് ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. കർഷകത്തൊഴിലാളികൾക്ക് ആണ്ടുവട്ടത്തിൽ അൻപതു ദിവസമേ തൊഴിൽ ലഭിക്കുന്നുള്ളൂ. മറ്റു തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

തച്ചൻ പരിശീലന കേന്ദ്രങ്ങൾ വികസിപ്പിക്കണം. കോഴിവളർത്തൽ, കാലിവളർത്തൽ, പുഷ്പകൃഷി, പച്ചക്കറി കൃഷി തുടങ്ങിയവ എല്ലാ വീടുകളിലും നടത്തത്തക്കവിധം, ബോധവൽക്കരണവും മറ്റു സഹായങ്ങളും നൽകണം. ദാരിദ്ര്യരേഖയ്ക്കു താഴെ 806 കുടുംബങ്ങൾ ഉണ്ട്. ഈ പഞ്ചായത്തിൽ മൊത്തം 46 വികലാംഗരുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത് എല്ലപേർക്കും പെൻഷൻ കിട്ടുന്നു എന്ന കണക്ക് ശരിയല്ല. വിധവാ പെൻഷനും, വാർദ്ധക്യകാല പെൻഷനും കൃത്യമായി വിതരണം ചെയ്യുന്നില്ല. അർഹരായ നിരവധി വൃദ്ധമാരും, വിധവകളും പട്ടികയിൽ ഉൾപ്പെടുത്തപ്പെടേണ്ടതായുണ്ട്. ഇതിന് അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കണം. ഈ പഞ്ചായത്തിൽ 4 മഹിളാ സമാജങ്ങളും മൂന്നു ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ വാർഡുകളിലും മ ഹിളാ സമാജങ്ങളും, ബാലവാടികളും വേണം. എന്ന് ഗ്രാ മസഭകൾ ആവശ്യപ്പെടുന്നു. ഈ പഞ്ചായത്തിലെ മിത്ര ക്കരി 1-ാം വാർഡിലും, മുട്ടാറിന്റെറ ഏഴാം വാർഡിലും വൃദ്ധമന്ദിരങ്ങളുണ്ടാവണം. അമ്പത്തഞ്ചു വയസ്സിനു മുകളിൽ പ്രായമുള്ളവർക്കായി റീഡിംഗ് റൂമുകളും, റിക്രിയേഷൻ സെൻററുകളും സ്ഥാപിക്കണം. മഹിളാസംഘങ്ങളോടനുബന്ധിച്ച് ശുചിത്വം, ആരോഗ്യം, ശിശുസംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തണം.

സേവനങ്ങളും ക്ഷേമപ്രവർത്തനങ്ങളും

ആരോഗ്യം

വെള്ളക്കെട്ടാൽ ചുറ്റപ്പെട്ട ഭൂപ്രദേശമാണ് ഈ ഗ്രാമ പഞ്ചായത്തിലെ പ്രദേശങ്ങൾ. കർഷകനും കർഷക ത്തൊഴിലാളികളും അധിവസിക്കുന്ന ഈ പ്രദേശത്ത് ആരോഗ്യ പരിരക്ഷയ്ക്കു ആവശ്യമായ സാഹചര്യങ്ങൾ തുലോം കുറവാണ്. കൊതുകും ഈച്ചയും, കളയും, പോള യും നിറഞ്ഞ ഈ പ്രദേശത്തിന്റെ രോഗ വ്യാപനപ്രക്രി യ വളരെ വേഗത്തിലാണ്. കീടനാശിനി പ്രയോഗം നിമി ത്തും ജലാശയങ്ങൾ കൂടുതൽ മലീമസമാകുന്നു. മലനീ കൃതമായ അന്തരീക്ഷം മൂലം ഇന്നാട്ടിലെ ജനങ്ങളിൽ അധികപങ്കും പലവിധ രോഗങ്ങൾക്ക് അടിപ്പെടുന്നു. സാം ക്രമിക രോഗങ്ങളുടെ ആക്രമണം അനുദിനം കൂടി ക്കൊണ്ടിരിക്കുന്നതിന്റെ മുഖ്യകാരണവും ഇതുതന്നെ.

ഈ ഗ്രാമപഞ്ചായത്തിലെ ശരാശരി മരണ നിരക്ക് 2.7% ഉം ജനനനിരക്ക് .97% ഉം ആണ്. ഒരുവയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് .25 ഉം ആണ്. പ്ര സവത്തോനുബന്ധിച്ചുള്ള മാതൃമരണം ഇല്ലെന്നുതന്നെ പറയാം. പൊതുവേ ജനന നിരക്കിനെക്കാൾ കുറവാണ്, ഈ പഞ്ചായത്തിലെ മരണനിരക്ക്.

പ്രായഘടന

ഒരു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം .93 ഒന്നു മുതൽ 3 വരെ പ്രായമുള്ള കുട്ടികളുടെ എണ്ണം 1080 മൂന്നു മുതൽ ആറുവരെ പ്രായമുള്ള കുട്ടികൾ 116 ഗർഭിണികൾ 89 -മുലയൂട്ടുന്ന അമ്മമാർ 48 അറുപതു വയസ്സിനു മുകളിലുള്ള ആളുകൾ .4104 വികാലാംഗരായ ആളുകൾ 23% '95-'96 കാലഘട്ടങ്ങളിൽ 5415 രോഗികൾ മുട്ടാർ മിത്രക്കരി ആശുപത്രികളിൽ ചികിത്സയ്ക്കു വിധേയമായിട്ടുണ്ടെന്നു കണക്കുകൾ തെളിയിക്കുന്നു.

ക്ഷയരോഗികൾ .5% മലമ്പനി. 2%, തിമിര ബാധി തർ 1.5% ഇന്നാട്ടിൽ കുഷ്ഠ രോഗികൾ ഇല്ലെന്നുള്ള കാ ര്യം പ്രത്യേകം പറയേണ്ടിയിരിക്കുന്നു. അസാധാരണമാ യ നിലയിൽ വർദ്ധിച്ചുകാണുന്ന മാരകമായ രോഗമാണ് കാൻസർ. ഇതിന്റെ അടിസ്ഥാനകാരണം, കുടിവെ ള്ളത്തിന്റെ മലിനീകരണം കീടനാശിനികളുടെ അമിത മായ പ്രയോഗം പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റം തുട ങ്ങിയവയാണ് കുട്ടികളെ മന്ദബുദ്ധികളാക്കി തീർക്കുന്ന തിനും, ഈ അന്തരീക്ഷം അവസരം ഉണ്ടാക്കുന്നു.

വേനൽക്കാലത്തു കണ്ണുരോഗം, ചൊറിചിരങ്ങ്, അഞ്ചാം പനി, ചിക്കൻ പോക്സ്, തുടങ്ങിയ രോഗങ്ങളും, വർഷകാലത്തു വയറിളക്കം, വയറുകടി, ആസ്മ, ഇസ് നോഫീലിയ, ടൈഫോയിഡ്, എലിപ്പനി തുടങ്ങിയവ യും പൊതുജനങ്ങളെ വല്ലാതെ വലയ്ക്കുന്നു.

പോഷകാഹാരക്കുറവ് ഇന്നാട്ടിലെ കുട്ടികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നുണ്ട്. കർഷക ത്തൊഴിലാളികളുടെ പരിരക്ഷപരിതാപകരമാണ്. കുടും ബനാഥന്റെ അമിതമായ മദ്യാസക്തിയാണ് ഇതിനൊ രുകാരണം.ബാലവാടികളിലെയും, വിദ്യാലയങ്ങളിലെ യും ഉച്ചഭക്ഷണ വിതരണത്തിലെ അപാകതകളും ഈ സ്ഥാപനങ്ങളിലേക്ക് കുട്ടികളെ എത്തിക്കുന്നതിൽ മാതാ പിതാക്കൻമാർ കാണിക്കുന്ന അലസതയും ആണ് മുഖ്യ മായ മറ്റൊരു കാരണം.

രണ്ടു സ്വകാര്യ ആശുപത്രികളും ഒരു മാതൃശിശു സം രക്ഷണ കേന്ദ്രവും ഒരു പൊതുജന ആരോഗ്യ കേന്ദ്രവും മാത്രമാണു ഈ പഞ്ചായത്തതിർത്തിയിലുള്ളത്.

പൊതുജനാരോഗ്യ കേന്ദ്രത്തിലും, മറ്റു ശിശു സംര ക്ഷണ കേന്ദ്രത്തിലും, ആവശ്യാനുസരണം ജീവന ക്കാരും മരുന്നും ലഭ്യമല്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇന്നാട്ടിലെ ജനസംഖ്യയുമായി തട്ടിച്ചു നോക്കുമ്പോൾ, ഇപ്പോഴുള്ള രോഗശുശ്രൂഷാ, കേന്ദ്രങ്ങൾ തികച്ചും പരിമി തമാണ്. ആയുർവേദ ആശുപത്രിയുടെയും, ഹോമിയോ ആശുപത്രിയുടെയും അഭാവം ഈ ഗ്രാമപഞ്ചായത്തു നി വാസികളെ കഷ്ടപ്പെടുത്തുന്നു. ഗവൺമെൻറ് ആയുർ വേദാശുപത്രിയും, ഹോമിയോ ആശുപത്രിയുമെങ്കിലും ഈ പഞ്ചായത്തിൽ ഉടനെ സ്ഥാപിക്കേണ്ടതാണ്.

മഹിളാ സമാജങ്ങളും, യുവജന സംഘടനകളും, സോഷ്യൽ സർവ്വീസ് തുടങ്ങിയ സാമുദായിക സംഘടന കളും ആരോഗ്യരംഗത്ത് ആവുന്നത്ര ബോധവൽക്കരണ വും മറ്റും നടത്തുന്നുണ്ട്.

ഈ നാട്ടിൽ പ്രവർത്തിക്കുന്ന മറ്റു സാമൂഹ്യ-സാം സ്കാരിക- സാമുദായിക സംഘടനകളേ സഹകരിപ്പിച്ച് പ്രവർത്തിച്ചാൽ ഈ നാട്ടിലെ ആരോഗ്യപ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ കഴിയും

ജലലഭ്യത

ജലാവൃതമായ കുട്ടനാട്ടിൽപ്പെട്ട മുട്ടാർ പഞ്ചായത്ത് ജലലഭ്യതയുടെ കാര്യത്തിൽ അനുഗ്രഹീതയാണ്. കുടിവെള്ളത്തിന് ഭൂരിപക്ഷം ആളുകളും ഉപയോഗിക്കുന്നത് പൈപ്പുവെള്ളമാണ്. അപൂർവ്വമായി കിണറു കളിലേയും കുളങ്ങളിലേയും വെള്ളം കുടിക്കാൻ ഉപ യോഗിക്കുന്നു. കുട്ടനാട്ട് വാട്ടർ സ്കീം ഉണ്ടാകുന്നതി നുമുമ്പ് ഈ നാട്ടിലെ ഭൂരിഭാഗം ആളുകളും മണിമല യാറിലേയും അതിനോടുനബന്ധമായികിടക്കുന്നതോ ടുകളിലേയുംവെള്ളമാണ് കുടിക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിനും ഉപയോഗിച്ചിരുന്നത്. വളരെ അപൂർവ്വം ആളുകൾ മാത്രമേ ഇന്ന് നദികളിലേയോ, തോടുകളിലേയാ വെള്ളം കുടിക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിനും ഉപയോഗിക്കുന്നള്ളു.

കാർഷികാവശ്യങ്ങൾക്കും ശുദ്ധികർമ്മങ്ങൾക്കും ഈ പഞ്ചായത്തതീർത്തിയിൽ വെള്ളം സുലഭമാണ്. കാരണം മണിമലയാറും അഞ്ചുവലിയതോടുകളും ഏതാനും ചെറുതോടുകളും ഉണ്ട്. കാലവർഷകാലത്തും, തുലാവർഷകാലത്തും ഈ ജലാശയങ്ങൾ എല്ലാം തന്നെ കരകവിഞ്ഞൊഴുകും. ഇതിനും പുറമേ നെൽകൃഷി ചെയ്യാത്തകാലങ്ങളിൽ പാടശേഖരങ്ങളിലും ധാരാളം ജലം ഉണ്ടായിരിക്കും. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ജല നിരപ്പു താഴുന്നതുകൊണ്ട് കുറേയെല്ലാം ജല ക്ഷാമം കാർഷിക വിളകൾക്ക് അനുവേപ്പെടാറുണ്ട്. വർഷകാ ലങ്ങളിൽ കൃഷിഭൂമികളിൽ ജലം കയറുന്നതും കാർഷി ക വിളകളേ ദോഷകരമായി ബാധിക്കാറുണ്ട്.

കുടിവെള്ളം

ആണ്ടുവട്ടത്തിന്റെ എല്ലാകാലഘട്ടങ്ങളിലും പൈപ്പുവെള്ളം ലഭ്യമാണ്. എന്നാൽ വളരെപഴക്കം ചെന്ന പൈപ്പുകളും, ടാപ്പുകളും അറ്റകുറ്റപ്പണികൾ നടത്താതെ ഇട്ടിരിക്കുന്നതിനാൽ പൈപ്പുകൾ പൊട്ടിയും, ടാപ്പുകൾ പൊളിഞ്ഞും വെള്ളം പാഴായി പോകുന്നതുകൊണ്ട്. ഈ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഇടയ്ക്കിടെ കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. പല വീടുകളിലും കിണറുകൾ ഉണ്ടെങ്കിലും വേനൽക്കാലത്തു വെള്ളം വറ്റുക യോ ജലം ചീത്തയാകുകയോ ചെയ്യാറുണ്ട്. പൊതുക്കിണറുകൾ നിർമ്മിച്ചവയിൽ മിക്കവയും ഉപയോഗ ശൂന്യമാണ്. ചുരുക്കം ചിലവ എങ്കിലും ശുചിയാക്കി സൂക്ഷിച്ചാൽ ശുദ്ധജലം ലഭിക്കുന്നവയുമാണ്. പൈപ്പു വെള്ളത്തിൽ കലർത്തുന്ന അണുനാശകങ്ങളുടെ അളവിന്റെ ഏറ്റക്കുറച്ചിലും, പലസ്ഥലങ്ങളിലും പൊതു പൈപ്പുകളിലുണ്ടാകുന്ന പൊട്ടലുകളിലൂടെ അതിനുള്ളിൽ കയറിപ്പറ്റുന്ന മലിനജലവും, രോഗാണുക്കളും, ഈ നാട്ടിലെ ആളുകളുടെ ആരോഗ്യത്തേ സാരമായി ബാധിക്കുന്നുണ്ട്, ഈ പഞ്ചായത്ത് അതിർത്തിയിൽ കുഴൽ കിണറുകൾ പരാജയമായിരുന്നു. കുഴൽ കിണറിലൂടെ കിട്ടിയ ജലം വളരെ ദുർഗന്ധം ഉള്ളതും കലക്കി കുറുക്കിയതുമായിരുന്നു. നാട്ടുകാർ അത് മൂടുകയായി രുന്നു.

കൃഷിപ്രധാനമായ പ്രദേശമായതുകൊണ്ട് കാർഷിക മേകലയിൽ വ്യാപകമായി ഉപയോഗിക്കുന്ന കീടനാശിനികൾ ഒഴുകി എത്തുന്നതും, ഇതിനുപയോഗിക്കുന്ന ഉപകരണങ്ങൾ കഴുകുകയും മറ്റും ചെയ്യുന്നതും മൂലവും നിലങ്ങളിലെ വെള്ളം ഈ ജലാശയങ്ങളിലേയ്ക്കു പമ്പു ചെയ്യുന്നതുകൊണ്ടും, ജലാശയങ്ങൾ വിഷലിപ്തമാകുകയും പരിസ്ഥിതിപ്രശ്നം സൃഷ്ടിക്കുകയും ചെയ്യുന്നു.

വിസർജ്ജ്യ നിർമ്മാർജ്ജന സൗകര്യങ്ങൾ

വിസർജ്ജ്യ നിർമ്മാർജ്ജന സൗകര്യങ്ങൾ തുലോ കുറവാണ്. ഏതാണ്ട് പകുതിയിലധികം ആളുകളും തുറസായ സ്ഥലങ്ങളിലാണ് മലമൂത്രവിസർജ്ജനം നടത്തുന്നത്. അതോടൊപ്പം കന്നുകാലിവളർത്തലും, താറാവ്, കോഴി തുടങ്ങിയവയുടെ കൃഷിയും ധാരാളം ഉള്ളതുകൊണ്ട് അവയുടെ വിസർജ്ജ്യങ്ങളും ഭക്ഷ്യവി ശിഷ്ട

ങ്ങളും കൂടിവലിയ പ്രശ്നമാണ് സൃഷ്ടിക്കുന്നത്. ഏതാണ്ട് 50% വീടുകളിൽ കക്കൂസുകൾ ഉണ്ട്. ഒരു ബാക്കി വീടുകൾക്ക് കക്കൂസുകൾ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം ആവശ്യമാണ്. പക്ഷേ സഹായം നല്കുമ്പോൾ വൃത്തിയുള്ള കക്കൂസുകൾതന്നെ വയ്ക്കുന്നതിനാവശ്യമായ നടപടികൾകൂടി സ്വീകരിക്കണം. ഈ നാട്ടിൽ പൊതുകക്കൂസുകളുടെ പ്രസക്തി വളരെ കുറവാണ്. ലക്ഷം വീടുകോളനികളിൽ പരീക്ഷണാർത്ഥം ഒന്നോരണ്ടോ പൊതുകക്കൂസുകൾ വയ്ക്കാം. അവിടെ കുടുംബങ്ങളുടെ കൂട്ടായ്മകൾ രൂപപ്പെടുത്തി അതിന്റെ പ്രധാന പ്രവർത്തകരുടെ മേൽനോട്ടത്തിൽ നിലനിർത്തിയാൽ കുറേ എല്ലാം പ്രയോജനകരമാക്കാം.

വെള്ളം കെട്ടികിടക്കുന്ന പാട ശേഖരങ്ങളിലെ വെള്ളക്കെട്ടുകളും, പുരയിടങ്ങളിലെ ഇടത്തോടുകളും കൊതുകു വളരുന്ന കേന്ദ്രങ്ങളാണ്. വർഷകാലങ്ങളിലൊഴികെ കൊതുകിന്റെ ശല്യം വളരെ കൂടുതലാണ്. പലവിധ അവശിഷ്ടങ്ങൾ തുടങ്ങിയവയും, പരിസര മലിനീകരണവും കക്കൂസുകളുടെ സുരക്ഷിതത്വക്കുറവും എല്ലാംകൂടി ഈച്ചകളുടെയും വർദ്ധനവിനും വളരെ സഹായകരമായ സാഹചര്യങ്ങളാണ് ഉള്ളത്. ഇവയെ നശിപ്പിക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ പൊതുപരിപാടികൾ (മരുന്നുതളി തുടങ്ങിയവ) സ്വീകരിക്കുകയും, ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യണം.

വെള്ളക്കെട്ടുകളിൽ പടർന്നുപന്തലിച്ച് വളരുന്ന ആഫ്രിക്കൻ പായലുകൾ തുടങ്ങിയ നശിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഉപയോഗ ശൂന്യമായ പൈപ്പുകൾ		
വാർഡ്	നമ്പർ No	പുതുതായി സ്ഥാപിക്കേണ്ടവ No
1	4	10
2	4	13
3	5	11
4	6	12
5	4	6
6	7	8
7	5	9
8	6	7

ഗ്രാമസഭയിൽ വന്നപൊതു നിർദ്ദേശങ്ങൾ

1. പൊട്ടിയ പൈപ്പുകൾ അടിയന്തിരമായി നന്നാക്കണം.
2. മാറിവയ്ക്കേണ്ടടാപ്പുകൾ എല്ലാം കഴിവതും വേഗം മാറ്റിവയ്ക്കുകയും, നന്നാക്കേണ്ടവ നന്നാക്കുകയും ചെയ്യുക.
3. വിവിധ വാർഡുകളിൽ പൈപ്പു ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ പൈപ്പുകൾ ഇട്ട് ശുദ്ധജലം ലഭ്യമാക്കണം.

വിദ്യാഭ്യാസം

കേരളത്തിന്റെ സാക്ഷരസൗന്ദര്യത്തിന് ഗ്രാമീണ ശാലീനതയുടെ ഈടുവയ്പുകൾ നൽകുന്നതിൽ ഈ കൊച്ചുഗ്രാമം ഒരിക്കലും മറ്റു കുട്ടനാടൻ ഗ്രാമങ്ങൾക്കു പിന്നിലായിരുന്നില്ല. കർഷകരും കർഷകതൊഴിലാളികളും അവരുടെ ലളിതസുന്ദരമായ സൗഹൃദഭാവങ്ങളും ഈ ഗ്രാമത്തിന്റെ ഹൃദയത്തുടുപ്പുകൾക്ക് താളാത്മക സൗകുമാര്യം പകർന്നിരുന്നു. ഞാറ്റുപാട്ടിന്റെയും വഞ്ചിപ്പാട്ടിന്റെയും ഈണത്തിനൊത്തു, ശംഖുനാദങ്ങൾക്കും ദേവാലയമണിസ്വനങ്ങൾക്കും കാതോർത്ത് കഴിഞ്ഞിരുന്ന ഈ കുട്ടനാടൻ ഗ്രാമം, 19-20 നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിൽ തന്നെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ പടിവാതിൽ മലർക്കെ തുറന്ന് സാക്ഷരസംസ്കൃതിയുടെ നടുമുറ്റത്തേക്ക് ആദ്യചുവടു വയ്പുകൾ നടത്തി.

ഒരു വിദ്യാലയത്തിന്റെ ജനനത്തിന് ഈറ്റുനോവനുഭവിച്ച ഈ ഗ്രാമത്തിന്റെ മന:സാക്ഷിയെ താങ്ങിപ്പിടിച്ച് ആശ്വാസം പകർന്ന് വിദ്യാലയം സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സംഭാവന ചെയ്ത മുട്ടാർ കൊച്ചുകൊടുങ്ങല്ലൂർ ദേവസ്വം അധികൃതരുടെ ദീർഘവീക്ഷണവും സാംസ്കാരിക പൈതൃകവും, നന്ദിപൂർവ്വം നാംഅനുസ്മരിക്കേണ്ടതുണ്ട്. അങ്ങനെ കൊല്ലവർഷം 1080 -ൽ 'മാലി' സ്കൂൾ എന്നറിയപ്പെടുന്ന ഇന്നത്തെ ഗവ. യു. പി. സ്കൂൾ മണിമലയാറിന്റെ തീരത്ത് ദേവസ്വം വക പുരയിടത്തിൽ മലയാളം പ്രൈമറി സ്കൂളായി ആരംഭിച്ചു.

ആദ്യാക്ഷരത്തിന്റെ വിസ്മയത്തിലേക്ക് അങ്ങനെ മിഴിതുറന്ന ഈ ഗ്രാമത്തിൽ, പിന്നീട് അഞ്ചു വിദ്യാലയങ്ങൾ കൂടി പിറന്നുവീണു. സെൻറ്. ജോർജ്ജസ് എൽ. പി. സ്കൂൾ മുട്ടാർ, ഗവ. എൽ. പി. എസ്സ്. മിത്രക്കരി ഈസ്റ്റ്, ഗവ. എൽ. പി. എസ്. മിത്രക്കരി വെസ്റ്റ്, സെൻറ് ജോർജസ് എച്ച്. എസ്. മുട്ടാർ, സെൻറ്. സേവ്യഴ്സ് എച്ച്. എസ്. മിത്രക്കരി എന്നീ വിദ്യാലയങ്ങൾകൂടി ഉയർന്നുവന്നതിലൂടെ ഈ ഗ്രാമം ഔപചാരിക വിദ്യാഭ്യാസരംഗത്ത് സ്വയം പര്യാപ്തത നേടുകയായിരുന്നു. ഇതിനിടെ ഒരു സംസ്കൃത സ്കൂൾ ഇവിടെ ഉദയം ചെയ്തു എങ്കിലും കാലക്രമേണ അതു നിന്നു പോകുകയാണുണ്ടായത്.

'മാലി' സ്കൂളിൽ തുടങ്ങി മിത്രക്കരി സെൻറ് സേവ്യഴ്സ് ഹൈസ്കൂളിൽ എത്തിനിൽക്കുന്ന ഈ വിദ്യാലയങ്ങളുടെ ജനനത്തിനും അതിലൂടെ ഈ ഗ്രാമത്തിനാകെ കൈവന്ന സാക്ഷരസംസ്കൃതിക്കും സാമൂഹിക മാറ്റങ്ങൾക്കും അടിസ്ഥാനം, തിരുവിതാംകൂറിലും കൊച്ചിയിലും ഭരണം നടത്തിയ രാജാക്കൻമാരുടെ വിദ്യാഭ്യാസത്തോടുള്ള സ്നേഹവും ക്രിസ്ത്യൻ മിഷനറിമാരുടെ ഈ രംഗത്തെ പ്രവർത്തനവും തന്നെ. 1817-ൽ റാണി ഗൗരിപാർവതീഭായിയുടെ ഭരണകാലത്ത് സ്റ്റേറ്റിന്റെ നേതൃത്വത്തിൽ സൗജന്യവിദ്യാഭ്യാസ പദ്ധതി ആരംഭിച്ചു. സുപ്രധാനമായ ഈ തീരുമാനവും ഈ തീരുമാനത്തിന് ക്രൈസ്തവ സമൂഹം നൽകിയ പിന്തുണയുമാണ് നമ്മുടെ സമ്പൂർണ്ണ സാക്ഷരതയുടെ അടിസ്ഥാന ഘടകമായി നിൽക്കുന്നത്. നമ്മുടെ ഗ്രാമത്തിൽ വിദ്യാഭ്യാസ രംഗത്തുണ്ടായ മുന്നേറ്റങ്ങൾക്കും കാരണം വ്യത്യസ്ഥമല്ല. കൃഷിയെ മാത്രം ആശ്രയിച്ചിരുന്ന ഗ്രാമണീരുടെ ജീവിതരീതിയിലും ഭൂഉടമാ സമ്പ്രദായത്തിലും പ്രകടമായ മാറ്റം വരുത്തുവാൻ വിദ്യാഭ്യാസത്തിലൂടെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കാർഷിക സംസ്കാരത്തിൽ നിന്നും വൈറ്റ് കോളർ ഉദ്യോഗസംസ്ക്കാരത്തിലേക്ക് ഒരു പറിച്ചു നടീൽ തന്നെ ഈ വിദ്യാലയങ്ങളുടെ പ്രവർത്തനത്തലൂടെ നടന്നു കഴിഞ്ഞു.

രണ്ടു ഹൈസ്കൂളുകളും, ഒരു യു. പി. സ്കൂളും, മൂന്നുപ്രൈമറി സ്കൂളുകളും, അമല I.T.C. യും, ഇംഗ്ലീഷ് മീഡിയം പ്രൈമറിസ്കൂളും, 5 ബാലവാടികളും ചേർന്ന് ഈ പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസ രംഗത്തെ സംപുഷ്ടമാക്കിയിരിക്കുന്നു.

അനൗപചാരിക രംഗത്തും നമ്മുടെ ഗ്രാമം മറ്റാരുടെയും പിന്നിലല്ല. സമ്പൂർണ്ണ സാക്ഷരതയിലേക്ക് നമ്മുടെ സംസ്ഥാനത്തെ കൈപിടിച്ച് ഉയർത്തിയ ഐതിഹാസികസംരംഭത്തിന് ഊടുംപാവും നൽകുവാൻ ഈ വിടുത്തെ സമർപ്പിതമാനസരായ സാക്ഷരതാപ്രവർത്തകർ അക്ഷീണം യത്നിച്ചിട്ടുണ്ട്. സാക്ഷരതാപ്രവർത്തനങ്ങൾ ഇപ്പോഴും അനുസ്യൂതം തുടരുന്നു. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഔപചാരിക വിദ്യാഭ്യാസ രംഗത്ത് വിദ്യാലയങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടില്ല. എന്നാൽ ഓരോ വർഷവും സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. കുടുംബാസൂത്രണവും ഇംഗ്ലീഷ് മീഡി

യം വിദ്യാഭ്യാസ ത്തോടുള്ള അതിരുകവിഞ്ഞ അഭിനിവേശവും ഈ ദു:സ്ഥിതിക്ക് വഴി ഒരുക്കുന്നു.

അദ്ധ്യാപകരിൽ 90% വും സ്ത്രീകളാണ്. പ്രൈമറി വിദ്യാഭ്യാസ രംഗത്ത് ഇത് ഏറെ അഭികാമ്യമാണ്.

പഠന നിലവാരം.

നമ്മുടെ രണ്ടു ഹൈസ്കൂളുകളും അതിന്റെ ആരംഭകാലത്ത് സ്റ്റേറ്റ് ലവലിൽ നല്ല നിലവാരം പുലർത്തിയിരുന്നവയാണ്. എന്നാൽ ഇന്ന് നമ്മുടെ എല്ലാ വിദ്യാലയങ്ങളിലേയും പഠനനിലവാരം മൊത്തത്തിൽ പരിശോധിച്ചാൽ അഭിമാനിക്കാൻ വഴികാണുന്നില്ല.

ഫോമുകൾ നിർബ്ബന്ധമാക്കിയിട്ടുണ്ട്. കായികരംഗത്തും കലാരംഗത്തും മികവു കാട്ടിയിട്ടുള്ള പ്രതിഭകളെ വളർത്തിയെടുക്കുവാൻ ചിലപ്പോഴൊക്കെ കഴിഞ്ഞിട്ടുണ്ട്.

ഭൗതിക സാഹചര്യം.

പലസ്കൂളുകളുടെയും കെട്ടിടം ബലവത്തല്ല. അപകട ഭീഷണി നിലനിൽക്കുന്ന കെട്ടിടങ്ങളും ഉണ്ട്. ഗവ. സ്കൂളുകളുടെ കെട്ടിടങ്ങൾക്കാണ് ഈ ദു:സ്ഥിതി ഏറെയുള്ളത്.

ഒരു സ്കൂളിലും നല്ലകളിസ്ഥലമില്ല. കുട്ടികൾക്ക്

വിദ്യാലയങ്ങളുടെ പട്ടിക.

ക്രമ	വിദ്യാലയത്തിന്റെ പേര്	Govt Aided	അധ്യാപകർ			കുട്ടികൾ			SC/ST കുട്ടികൾ		
			M	F	Total	B	G	T	B	G	T
1.	St. Georges H.S. Muttar	Aided	8	22	30	381	363	744	45	30	75
2.	St. Xavier's H.S Mithrakary	"	9	31	40	520	448	968	87	88	175
3.	St. George's L.P.S. Muttar	"	3	5	8	134	122	256	25	27	52
4.	Govt. U.P.S. Mithrakary Eest.	Govt	1	4	5	89	76	165	16	10	26
5	Govt. L.P.S. Mithrakary West	"	2	5	7	111	110	221	18	14	32

മൊത്തം കുട്ടികളിൽ 30% ലധികം വളരെ പിന്നോക്കം നിൽക്കുമ്പോൾ ഏകദേശം അത്രയും തന്നെ കുട്ടികൾ സമർത്ഥരായിട്ടുണ്ട്. പത്താം ക്ലാസിൽ പോലും അക്ഷരജ്ഞാനം വേണ്ടവിധമില്ലാത്ത കുട്ടികളുണ്ട്. എങ്കിലും ഇടയ്ക്കു ചില ബാലപ്രതിഭകൾ ഉണ്ടെന്നുള്ളത് പ്രസ്താവയോഗ്യമാണ്.

പാഠ്യാനുബന്ധ പ്രവർത്തനം.

പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും നടക്കുന്നുണ്ട്. പ്രതിവാര സാഹിത്യസമാജങ്ങൾ വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഹൈസ്കൂളുകളിൽ സയൻസ് ക്ലബുകൾ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നു. കുട്ടികൾ സ്കൂൾ ലൈബ്രറി നന്നായി പ്രയോ ജനപ്പെടുത്തുന്നുണ്ട്. സ്കൂളുകളിൽ യുണി

ഉച്ചഭക്ഷണം കഴിക്കുന്നതിന് പ്രത്യേക കെട്ടിട സൗകര്യം ഒരു സ്കൂളിലുമില്ല. പാചകപ്പുരയുടെയും മൂത്രപ്പുരയുടെയും കാര്യത്തിലും അപര്യാപ്ത നിലനിൽക്കുന്നു. ശുദ്ധ ജലസൗകര്യം എല്ലാ സ്കൂളുകളിലുമില്ല. വൈദ്യുതി എത്തിയിട്ടില്ലാത്ത സ്കൂളുകളും ഇവിടെയുണ്ട്. സ്കൂളുകളിൽ റീഡിംഗ് റൂമുകൾ ഇല്ലാത്തത് കുട്ടികളുടെ വായനാശീലത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

പി. റ്റി. എ.:- എല്ലാ സ്കൂളിലും പി. റ്റി. എ. പ്രവർത്തനമുണ്ട്. ചില സ്കൂളുകളിൽ പി. റ്റി. എ. ശക്തിപ്പെടേണ്ടതുണ്ട്. ചുറ്റുമതിൽ നിർമ്മാണം കുടിവെള്ളം, ഉച്ചഭക്ഷണ പരിപാടി തുടങ്ങിയ സംരംഭങ്ങളിൽ പി.റ്റി. എ. യുടെ സഹകരണം ഉണ്ട്.

മാതൃസംഗമം :- എല്ലാ സ്കൂളിലും മാതൃസംഗ

മം ഉണ്ട്. മാതൃസംഗമം ശക്തിപ്പെടുത്തേണ്ടത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ - മാതാക്കളെ വിളിച്ചുക്കൂട്ടുന്നത് ഏറെ പ്രയോജന പ്രദമായിരിക്കും.

ശിശുവിദ്യാഭ്യാസം :- ശിശുവിദ്യാലയങ്ങൾ ഔപചാരികരംഗത്തും അനൗപചാരിക രംഗത്തും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ നിന്നും ധനസഹായം ചെയ്യുന്ന 4 കളരികളും ഈ രംഗത്തുണ്ട്. ശിശുവിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾക്കും ഏകീകൃത സ്വഭാവം കാണുന്നില്ല. മന:ശാസ്ത്രപരമായി ശിശുവിദ്യാലയങ്ങളുടെ പ്രവർത്തനംശക്തിപ്പെടുത്തി ഏകീകരി ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ബാലവാടികളോ അംഗൻ വാടികളോ ഇല്ലാത്ത വാർഡുകളും ഇവിടെയുണ്ട്.

പ്രശ്നങ്ങളും	പരിഹാര മാർഗ്ഗങ്ങളും
1. വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്നു. വാൻ നടപടി സ്വീകരിക്കുക.	അയൽപക്ക വിദ്യാലയ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുവാൻ രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുക. 5-ാം ക്ലാസു മുതൽ ഓരോ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ എല്ലാ സ്കൂളിലും ആരംഭിക്കു
2. കളിസ്ഥലങ്ങൾ ഇല്ല. പരിശീലകർ ഇല്ല. സ്വിമ്മിംഗ് പൂൾ ഇല്ല.	പഞ്ചായത്തിൽ ഒരു സ്റ്റേഡിയം നിർമ്മിക്കണം. എല്ലാ സ്കൂളുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുകയും, പരിപാലിക്കുകയും, കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കു കയും ചെയ്യണം. ധാരാളം ജലാശയങ്ങളുള്ള ഈ നാട്ടിൽ ഒരു നല്ല സ്വിംമ്മിംഗ് പൂൾ പഞ്ചായത്തിൽ നിന്നും നിർമ്മിക്കാത്ത പക്ഷം അത് അക്ഷന്തവ്യമായ ഒരു അപരാധമായിരിക്കും. നീന്തൽ, ഡൈവിംഗ്, വാട്ടർ പോളോ തുടങ്ങിയ മത്സരക്കളികൾക്ക് പ്രോത്സാഹനം നൽകണം. സൗകര്യമുള്ള സ്ഥലങ്ങളിൽ പൊതുകളിസ്ഥലങ്ങൾ ജനപങ്കാളിത്തത്തോടെ നിർമ്മിക്കുകയും സംരംക്ഷിക്കുകയും ചെയ്യണം.
3. വെള്ളപ്പൊക്കം സ്കൂളുകളുടെ പ്രവർത്തനത്തെ തടസപ്പെടുത്തുന്നു.	സ്കൂൾ പരിസരവും, കെട്ടിടങ്ങളും വെള്ളം കയറാത്ത രീതിയിൽ ഉയർത്തുക.
4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു സൗകര്യമില്ല.	സ്കൂളുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക. ഹൈസ്കൂളിനോടനുബന്ധിച്ച് വൊക്കേഷനൽ ഹയർ സെക്കൻററി അനുവദിക്കുക.
5. കുട്ടികൾക്ക് വായനശീലം കുറവ്	സ്കൂളുകളിൽ റീഡിംഗ് റൂം സൗകര്യം ഏർപ്പെടുത്തുക. ലൈബ്രറി ബുക്കുകൾ വായിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ കൂടുതൽ ബുക്കുകൾ വായിക്കുന്ന കുട്ടികൾക്ക് പ്രോത്സാന സമ്മാനങ്ങൾ നൽകണം.
6. പഠന നിലവാരം കുറയുന്നു.	താഴ്ന്ന നിലവാരത്തിലുള്ള കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുക എല്ലാക്ലാസിലും എത്രപേർക്ക് അക്ഷരബോധം, അക്കബോധം എന്നിവയില്ലെന്ന് കണ്ടെത്തി അവർക്ക് സമയബന്ധിതമായിപരിഹാരബോധനം നടത്തണം. കുട്ടികൾക്ക് എല്ലാവിഷയത്തിലും അടിസ്ഥാന ധാരണകളുണ്ടായി എന്ന് ഉറപ്പുവരുത്തണം. ബോധന രീതി കൂടുതൽ ഫലപ്രദമാക്കുവാൻ മാർഗ്ഗങ്ങൾ കണ്ടെത്തണം. അദ്ധ്യാപകർക്ക് ലീഡ് സ്കൂളുകളിൽ നിരന്തരമായി പുന:പരിശീലനം നൽകണം. പുതിയ

	അദ്ധ്യാപന തന്ത്രങ്ങളും, പഠനരീതിയും മറ്റ് അക്കാഡമിക്ക് സംശയങ്ങളും ഇവിടെ ചർച്ചചെയ്യണം. പത്താം ക്ലാസിലെ പരീക്ഷാഫലം മെച്ചപ്പെടുത്താൻ പ്രത്യേക പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണം. ''അക്ഷരപ്പുലരി'' സജീവമാക്കി നാലാം ക്ലാസിൽ നിന്നും വിടുതൽ ചെയ്യുന്ന കുട്ടികൾക്ക് എഴുത്തും വായന യും അറിയാമെന്ന് ഉറപ്പുവരുത്തുക. പുതിയ മൂല്യനിർണ്ണയ രീതികൾ ആവിഷ്ക്കരിക്കുക. സമർത്ഥരായ കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് നൽകാനുള്ള സംവിധാനം സ്കൂളുകളിൽ ഉണ്ടാക്കുക. സ്കൂളുകളിൽ ഉണ്ടാകുന്ന അദ്ധ്യാപക ഒഴിവുകൾ ഉടനടി നികത്തുക. പാരാ അക്കാദമിക്ക് പ്രവർത്തനങ്ങളും സ്കൂളുകളിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കണം. മാതൃസംഗമം പി. റ്റി.എ. ഇവ ശക്തിപ്പെടുത്തുക.
7. ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങൾ ഇല്ലാത്തതു മൂലം പഠനം വേണ്ടത്ര ഫലപ്രദമല്ല.	ഈ പഞ്ചായത്തിലെ എല്ലാ സ്കൂളുകൾക്കും കളർ റ്റി.വി. ന ൽകുക ഓഡിയോ-വീഡിയോ ഉപകരണങ്ങളും നൽകുക.
8. കമ്പ്യൂട്ടർ വിദ്യാഭ്യാസമില്ല.	ഈ പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലും കമ്പ്യൂട്ടർ വിദ്യാഭ്യാസം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

ഗ്രാമസഭയിൽ വന്ന നിർദ്ദേശം

തകർന്ന മേൽക്കൂരയോടു കൂടി ഏതു സമയത്തും നിലംപതിക്കാറായി നില്ക്കുന്ന മിത്രക്കരി ഗവ. ഈസ്റ്റ് എൽ. പി. എസ്സ്. തകർന്നുവീട് അപകടം ഉണ്ടാകുന്നതിനു മുൻപ് പൊളിച്ചുപണിയാനുള്ള നടപടികൾ സ്വീകരിക്കണം.

സംസ്കാരം

വളരെ പുരാതനമായ ഒരു സംസ്ക്കാരിക പാരമ്പര്യത്തിന്റെ ഉടമകളാണ് മുട്ടാർ പഞ്ചായത്തിലെ ജനങ്ങൾ ഒന്നാം നൂറ്റാണ്ടിൽ തുടങ്ങുന്ന ചരിത്ര പശ്ചാത്തലമുള്ള ഈ നാട് പരാതന കാർഷിക സംസ്ക്കാരിക കേന്ദ്രത്തിലൊന്നായിരുന്നതായി വിശ്വിക്കപ്പെടുന്നു. പറപ്പാട്ടും, ഞാറ്റുപാട്ടും, വഞ്ചിപ്പാട്ടും, സർപ്പം പാട്ടും, പാണപ്പാട്ടും പാണൻപാട്ടും, പടയണിയും, കോലം തുള്ളലും താവതിയും, പരിചമുട്ടു കളിയും, ഇവിടുത്തെ ജനങ്ങളുടെ ജീവന്റെ അംശങ്ങളായി നിലനിന്നിരുന്നു ഒരു നല്ലകാലം ഉണ്ടായിരുന്നു . പറപ്പാട്ടും ഞാറ്റുപ്പാട്ടും, വഞ്ചിപ്പാട്ടു മൊക്കെ ജനങ്ങളുടെ ഉപജീവനമാർഗ്ഗമായ കൃഷിയുമായി അഭേദ്യമായി ബന്ധപ്പെട്ടവയായിരുന്നെങ്കിൽ മറ്റുള്ളവ അവരുടെ മത സാമൂഹ്യ ആചാരങ്ങളുടെ ഭാഗമായിരുന്നു. ഈ കലാപരിപാടികളിൽ മുതലാളിതൊഴിലാളിഭേദം കൂടാതെ എല്ലാവിഭാഗം ജനങ്ങളും പങ്കെടുത്തിരുന്നു ഒരുമയുടെ സാഹോദര്യത്തിന്റെ സൗഹൃദത്തിന്റെ അടയാളമായിരുന്നു അവയിൽ പലതും പക്ഷേ കാലത്തിന്റെ ഗതിവിഗതികളിൽ പെട്ടും, ശാസ്ത്രസാങ്കേതിക മേഖലകളിലെ വളർച്ചയും ഈ നാടൻ കലകളുടെ നാശത്തിന കാരണമായി.

ഹിന്ദുക്കളും ക്രൈസ്തവരും ഏകോദര സഹോദരങ്ങളായി കഴിയുന്ന ഒരു നാടാണ് മുട്ടാർ. കൂട്ടുമ്മേൽ ഗണപതി ക്ഷേത്രം കൊച്ചുകൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം, മിത്രക്കരി ദേവീക്ഷേത്രം എന്നിവ ഈ നാട്ടിലെ വളരെ പുരാതനാങ്ങളായ ഹൈന്ദവക്ഷേത്രങ്ങളാണ്. ഇതോടൊപ്പം എസ്. എൻ. ഡി. പി. വകമാലത്തുശ്ശേരി അമ്പലവും, ചേരമാർ ഹിന്ദുക്കളുടെ വകയായ നന്ദ്യാകരിക്കാവും ഹൈന്ദവ ആരാധനാസ്ഥലങ്ങളാണ്. മിത്രക്കരി ദേവീക്ഷേത്രത്തിലെ പത്താമുദയമഹോത്സവം പുരാതന പ്രസിദ്ധമാണ്. മേടം 1-ാം തീയതി വിഷുദിനത്തിൽ ആരംഭിക്കുന്ന ഉത്സവം പതിനൊന്നാം ദിവസം തൂക്കവും ഗരുഡൻ തൂക്കവും നടക്കുന്നതോടെയാണ് സമാപിക്കുന്നത്. കൊടിമരമില്ലാത്ത ഈ ക്ഷേത്രത്തിൽ ചൂട്ടുകറ്റകത്തിച്ച് ക്ഷേത്രപ്രദിക്ഷണം നടത്തിയാണ് കൊടികയറ്റുന്നതും കൊടിഇറക്കുന്നതും. കൊച്ചുകൊടുങ്ങല്ലൂർ ദേവീക്ഷേത്രത്തിൽ വിവിധ പരിപാടികളോടെ പത്താമുദയ മഹോത്സവം ആഘോഷിക്കുമ്പോൾ, അടുത്തുള്ള മാലത്തുശ്ശേരി അമ്പലത്തിലും പത്താമുദയമഹോത്സവം ആഘോഷിക്കുന്നു. ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് പടയണി, കോലം തുള്ളൽ, കാക്കാരിശിനാടകം തുടങ്ങിയ പ്രാചീന കലകൾ അവതരിപ്പിക്കപ്പെടാറുണ്ട്. അർജ്ജുന വൃതത്തിന് പ്രസിദ്ധമാണ് മിത്രക്കരി ക്ഷേത്രം. ക്ഷേത്ര കലകളിൽ പ്രധാനപ്പെട്ട കഥകളിക്ക് മുട്ടാർ വളരെ പ്രസിദ്ധമാണ്. ഇവിടുത്തെ ഉത്സവങ്ങളോടനുബന്ധിച്ച് ഒരു ദിവസം കഥകളി നടത്താറുണ്ട്. വളരെ പ്രിസദ്ധമായ ഒരു കഥകളി ക്ലബ് മുട്ടാറിൽ പ്രവർത്തിക്കുന്നു എന്നുതുതന്നെ ഈ നാട്ടുകാർക്ക് ആ കാലയോടുള്ള താല്പര്യം വ്യക്തമാക്കുന്നുതാണ്.

മുട്ടാർ സെൻറ് ജോർജ്ജ് ദേവലായം മുട്ടാർ സെൻറ് തോമസ് വൈലയം മിത്രക്കരി സെൻറ് സേവ്യഴ്സ് ദേവാലയം, മുട്ടാർ അമലോത്ഭവമാതാ ദൈവാലയം, മിത്രക്കരി തിരുഹൃദയ ദേവാലയം എന്നിവയാണ്. ഈ പഞ്ചായത്തിലെ കത്തോലിക്കാ ഇടവക ദേവാലയങ്ങൾ വിശുദ്ധ ഗീവർഗീസിന്റെ തിരുനാൾ മേടം 22 നും പരിശുദ്ധാമാതാവിന്റെ ശുദ്ധീകരണ തിരുനാൾ ഫെബ്രുവരി മാസം 2-ാം തീയതിയും, സെൻറ് ജോർജ്ജസ് ഇടവകയിൽ ആചരിക്കുന്നു. സെൻറ് തോമസ് ഇടവകയിലെ പ്രധാന തിരുനാളുകൾ മേടമാസത്തിൽ പുതുഞായറാഴ്ച വി. തോമ്മാശ്ലീഹായുടേയും മകര മാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ച വി. അന്തോനീസിന്റേയും തിരുനാളുകൾ ആണ്. മാസത്തിന്റെ എല്ലാ ആദ്യചൊവ്വാഴ്ചകളിലും കേരള ത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം ഭക്തജനങ്ങൾ, ഈ ദേവാലയത്തിൽ എത്തി വിശുദ്ധന്റെ അനുഗ്രഹങ്ങൾ തേടുന്നു. ഇതൊരു പ്രധാന തീർത്ഥാടന കേന്ദ്രമാണ്. പരിശുദ്ധ അമലോത്ഭവ മാതാവിന്റെ നാമത്തിലുള്ള ആശ്രമ ദേവായലത്തിലെ പ്രധാന തിരുനാൾ ജനുവരി 1-ാം തീയതി ആചരിക്കുന്നു. മിത്രക്കരി സെൻറ് സേവ്യഴ്സ് പള്ളിയിൽ ഈസ്റ്ററിനു ശേഷമുള്ള പുതുഞായറാഴ്ചയാണ് പെരുനാൾ ആഘോഷിക്കുന്നത്.

ഉത്സവങ്ങളിലും പെരുന്നാളുകളിലുംഈ നാട്ടിലെ വിവിധ സമുദായക്കാരായ ആളുകൾ അന്യോന്യം സഹകരിക്കുന്നു. നാട്ടിൽ പൊതുവായി ഓണാഘോഷങ്ങൾ നടക്കുന്നു. വിവിധ കായികകലാമത്സരങ്ങൾ പൊതുവേദികളിൽ സംഘടിപ്പിക്കുന്നു.

നായർ ഈഴവർ, ക്രൈസ്തവർ, ചേരമർ, മണ്ണാർ, വേളാർ , പുലയർ, പറയർ, വേലൻ, വെളുത്തേടത്തു നായർ തുടങ്ങി വിവിധ സമുദായങ്ങളിൽ പെട്ടവർ ഇടകലർന്ന് താമസിക്കുന്നു. സാമ്പത്തികമായി വളരെ ഉയർന്ന ആളുകൾ ഇല്ല. ഇടത്തരക്കാരാണ്. ഭൂരിപക്ഷവും ദാരിദ്ര്യരേഖയ്ക്കു താഴെ വരുമാനമുള്ള 10% ത്തോളം കുടുംബങ്ങളുമുണ്ട്. ബാക്കി സാധാരണക്കാരും വലിയസാമ്പത്തിക അന്തരങ്ങൾ ഇല്ലാത്തതുകൊണ്ടാവാം ഈ നാട്ടിൽ പൊതുവേ മുലതാളിതൊഴിലാളി വേർതിരിവ് കാണപ്പെടാത്തത്.

സാമുദായികസംഘടനകളായ എൻ. എസ്.എസ്സും, എസ്. എൻ. ഡി. പി. യും കത്തോലിക്കാ കോൺഗ്രസ്സും ചേരമർ സംഘവും, വിശ്വകർമ്മസഭയും പുലയർ മഹാസഭയും ഒക്കെ അതാതു സംഘടനകളുടെ ആരംഭകാലം മുതൽ തന്നെ ഈ നാട്ടിലും പ്രവർത്തനം ആരംഭിക്കുകയും ഇന്നു പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുകയും ചെയ്യുന്നു.

ഈ നാടിന്റെ പുരോഗതിയിൽ വളരെ ഏറെ സ്വാധീനം ചെലുത്തിയ ഒരു സാമൂഹ്യ സംഘടനയാണ് മുട്ടാർ ഗ്രാമോദ്ധാരണ സമാജം. സ്വാതന്ത്ര്യലബ്ധിക്കു മുമ്പു തന്നെ മുട്ടാറിന്റെ വികസന പ്രവർത്തനങ്ങൾക്ക് സജീവ നേതൃത്വം ഈ സംഘടന നല്കിയിരുന്നു. ഇതിന്റെ നേതൃത്വത്തിൽ ആരംഭിച്ച ആർ. യു. എൽ. പബ്ലിക്ക് ലൈബ്രറി ഈ നാടിന്റെ സാമൂഹ്യ സാംസ്ക്കാരിപുരോഗതിയിൽ നിർണ്ണായകമായ പങ്കുവഹിച്ചുവരുന്നു പഞ്ചവത്സര പദ്ധതികൾ ആരംഭിച്ച കാലഘട്ടത്തിൽ തന്നെ ഈ നാട്ടിലും യുവജനങ്ങൾ ക്ലബ്ബുകൾ ആരംഭിച്ചതും ഈ നാടിന്റെ കലാകായിക വളർച്ചയ്ക്കു വളരെ ഏറെ സഹായിച്ച ഇത്തരം യുവജന ക്ലബ്ബുകളാണ്. വിജയ യംഗ്മെൻസ് ക്ലബ്ബും, നാഷണൽ ക്ലബ്ബും പിൽക്കാലത്തു പ്രവർത്തനം നിലച്ചുപോയി എങ്കിലും ഒരു വ്യാഴവട്ടക്കാലം ഈ നാട്ടിലും പുറനാട്ടുകളിലും അംഗീകാരം നേടിയ നാടക സംഘങ്ങളും സ്പോർട്ട്സ് ക്ലബ്ബുകളുമായിരുന്നു അവ. ഇന്ന് സജീവമായി പ്രവർത്തിക്കുന്ന ദീപാ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബും, ഹീറോസ് ക്ലബ്ബും മുൻ ക്ലബ്ബുകളുടെ പിൻമുറക്കാരാണ്. അഖില കേരളാടിസ്ഥാനത്തിൽ രണ്ടുപ്രശസ്തങ്ങളായ വോളിബോൾ ടൂർണ്ണമെൻറുകൾ ഈ ക്ലാബ്ബുകളുടെ ആഭിമുഖ്യത്തിൽ വർഷം തോറും നടക്കുന്നുണ്ട്. മറ്റു സാമൂഹ്യ പ്രവർത്തനങ്ങളിലും അവർ സജീവമായി പങ്കെടുക്കുന്നു. സ്ക്കാഡോ മിത്രക്കരി ബ്രദേഴ്സ് മിത്രക്കരി എന്നീ ക്ലബുകളും ഈ നാടിന്റെ പുരോഗതിയിൽ ഗണ്യമായ സംഭാവനകൾ നല്കിവരുന്നു. മിത്രക്കരി പബ്ലിക് ലൈബ്രറി ആൻറ് റീഡിംഗ് റൂം, ശ്ലാഘനീയമായ നിലയിൽ പ്രവർത്തിച്ചുവരുന്നു. സ്ക്കാഡോ മിത്രക്കരിയുടെ രക്തദാന സന്നദ്ധ സംഘടന സജീവമായി പ്രവർത്തിക്കുന്നു.

ഇന്ന് ഈ പഞ്ചായത്ത് പ്രദേശത്ത് വിവിധവാർഡുകളിലായി വിവിധയുവജനക്ലബ്ബുകളും മഹിളാ സംഘങ്ങളും, ബാലവാടികളും പ്രവർത്തിക്കുന്നു. അവയെല്ലാം തന്നെ നാടിന്റെയും നാട്ടാരുടേയും നന്മക്കുപകരിക്കുന്ന ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്തുവരുന്നു ഇവയിൽ പ്രീയദർശിനി മഹിളാ സമാജം , ജ്യോതിമഹിളാ സമാജം, ഉഷസ് മഹിളാ സമാജം, തുടങ്ങിയ പ്രവർത്തനരംഗത്ത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുള്ളവയാണ്.

ഈ പഞ്ചായത്തിൽ ഒരു ഗ്രാമവികസന സമിതിയും സജീവമായി പ്രവർത്തിക്കുന്നുണ്ട്.

പേര്	സ്ഥാപനം വർഷം	ഗ്രേഡ്	പുസ്തകങ്ങൾ	ആനുകാലിക പ്രസിദ്ധീകരണം	സ്വ. കെട്ടിടം
R.U.L. Public ലൈബ്രറി, മുട്ടാർ	1956	C	5800	9	സ്വ. കെട്ടിടം
മിത്രക്കരി പബ്ലിക് ലൈബ്രറി	1976	E	3000	4	സ്വ. കെട്ടിടം

കെട്ടിങ്ങൾ ജീർണ്ണാവസ്ഥയിലാണ്. രണ്ടിടങ്ങളിലും വായന ശീലം പൊതുവിൽ കുറഞ്ഞുവരുന്നു. പ്രായം കൂടിയവരാണ് (55നുമേൽ പ്രായം) കൂടുതൽ വായനക്കാരും ഗവൺമെൻറിന്റെ സാമ്പത്തീക സഹായം വർദ്ധിപ്പിക്കുകയും കെട്ടിട നിർമ്മാണത്തിന് പ്രോത്സാഹനം നല്കുകയും ചെയ്തു ഈ രണ്ടു സാംസ്കാരിക സ്ഥാപനങ്ങളേയും പുരുദ്ധരിക്കേണ്ടതുവളരെ അത്യാവശ്യമാണ്.

ഈ പഞ്ചായത്തിലെ 20% വീടുകളിൽ ടെലിവിഷൻ സെറ്റുകൾ ഉണ്ട്. രണ്ട് കേബിൾ ടി.വി. വിഭാഗങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സിനിമാശാലകളില്ല. നാടൻ കലകൾ പലതും നിലവിലുണ്ട്. തിരുവാതിര, കോലടി, തുള്ളൽ തുടങ്ങിയവ നാടൻ കളികളായ നാടൻ പന്ത്, കിളിതട്ട്, കുടുകുടു, കുട്ടീംകോലും, പകിട, ചതുരംഗം, ചീട്ടുകളി,തുടങ്ങിയവയും, വേളിബോൾ, ബാറ്റ് മിൻറൻ, തുടങ്ങി ക്രിക്കറ്റ് വരെയും കൈകാര്യം ചെയ്യുന്ന ചെറിയ ചെറിയ യൂണിറ്റുകൾ ഉണ്ട്. നൃത്തം, നാടകം, സംഗീതം ഇവ ഇവർക്കു സർവ്വസാധാരണമായ കലാപ്രകടനങ്ങളാണ്. വളരെ പുരാതനകാലത്തേ ആരംഭിക്കപ്പെട്ട ഗവൺമെൻറു എൽ. പി. സ്കൂളുകളും പ്രൈവറ്റ് എൽ. പി. സ്കൂളും, ഈ നാട്ടിലെ പൂർവ്വികരുടെ സാംസ്കാരിക വളർച്ചയിൽ സാരമായ പങ്കുവഹിക്കുന്നവയാണ്. അവ പിന്നീട് വളർന്ന് മുട്ടാറിൽ ഒരു ഗവൺമേൻറ് എൽ. പി. സ്കൂളും, ഒരു പ്രൈവറ്റ് ഹൈസ്കൂളും. മിത്രക്കരിയിൽ രണ്ടു ഗവ. യു. പി. സ്കൂളുകളും, ഒരു പ്രൈവറ്റ് ഹൈസ്കൂളുമായി തീർന്നു. ഇവ ഈ നാടിൻെറ വിദ്യാസമ്പന്നതയ്ക്കും സാമൂഹ്യസാംസ്കാരിക വളർച്ചയ്ക്കും വളരെ ഏറെ സഹായിച്ചിട്ടുണ്ട്. ക്രൈസ്തവ സമുദായ ദേവാലയങ്ങളോടനുബന്ധിച്ചാണ് രണ്ട് ഹൈസ്കൂളുകളും പ്രവർത്തിക്കുന്നത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. മുട്ടാർ സി. എം. ഐ. ആശ്രമത്തോടനുബന്ധിച്ച് ഒരു ഇംഗ്ലീഷ് മിഡിയം സ്കൂളും ഒരു ഐ.റ്റി.സി.യും പ്രവർത്തിക്കുന്നു ഏതാനും ബാലവാടികളും ഒരു നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

ഗവ. യു. പി. സ്കൂളിനോടനുബന്ധിച്ചു ഹൈസ്കൂളുകളോടനുബന്ധിച്ചും കളിസ്ഥലങ്ങൾ ഉണ്ടെങ്കിലും തീരെ താഴ്ന്ന സ്ഥലമായതുകൊണ്ട് മഴയും വെള്ളപ്പൊക്കവും മിക്ക കാലങ്ങളിലും വെള്ളം കയറി, ഈ സ്ഥലം ഉപയോഗശൂന്യമാക്കുന്നു. പഞ്ചായത്തിൽ ഒരു പൊതുകളിസ്ഥലം ഉള്ളതും തീർത്തും ഉപയോഗശൂന്യമായ നിലയിലാണ് കായികരംഗത്തു കഴിവുള്ള ധാരാളം പ്രതിഭകളുള്ള ഈ നാട്ടിൽ അവരുടെ വളർച്ചയ്ക്കു സാഹചര്യങ്ങൾ ഒരുക്കേണ്ടിയിരിക്കുന്നു. കളിസ്ഥലങ്ങൾ ഉയർത്തി മതിൽ കെട്ടി സംരക്ഷിക്കണം. പഞ്ചായത്തു വക സ്ഥലത്തു ഒരു സ്റ്റേഡിയം നിർമ്മിക്കണം. ഒരു സ്വിമ്മിംഗ് പൂൾ ഉണ്ടാവണം. വള്ളവും വെള്ളവുമായി കഴിയുന്നതു കൊണ്ട് നാട്ടിലെ ആളുകൾ വാട്ടർ സ്പോർട്ടസിൽ ഉന്നത നിലവാരത്തിൽ എത്താൻ കഴിയുന്നവരാണ്. ഇപ്പോൾ തന്നെ വള്ളം തുഴച്ചിലിൽ അന്തർ ദേശീയ പ്രശസ്തരായ പലരും ഈ നാട്ടിലുണ്ട് നീന്തലിൽ ദേശീയ പ്രശസ്തരായ ഏതാനും ആൾക്കാരും ഉണ്ട്.

പലകലാസമിതികളും കായികസമിതികളും പ്രവർത്തിക്കുന്നു ണ്ടെങ്കിലും കാര്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല. കായിക കലാരംഗങ്ങളിൽ കഴിവും മിഴിവും ഉള്ള ധാരാ ളം പ്രതിഭകൾ ഈ നാട്ടിൽ ഉണ്ട്. അവർക്ക് നേരായ മാർഗ്ഗ നിർദ്ദേശവും പ്രോത്സാഹനവും നല്കിയാൽ അവർ, ഈ നാടിനെന്നല്ല നമ്മുടെ രാജ്യത്തിനുതന്നെ ഒരു മുതൽ ക്കൂട്ടായിരിക്കും.

ഈ പഞ്ചായത്തിലെ സ്ത്രീകളിൽ നല്ലപങ്കും കർഷകത്തൊഴിലാളികളും ഒരുചെറിയ ശതമാനം അഭ്യസ്ഥവിദ്യരായ ഉദ്യോഗസ്ഥകളുമാണ്. മറ്റുള്ളവർ കുടുംബകാര്യങ്ങളിൽ ഏർപ്പെട്ടുകഴിയുന്നു. ഇലക്ട്രോണിക് മാദ്ധ്യമങ്ങളായ, ടെലിവിഷനും, റേഡിയോയും നാട്ടിലെ സ്ത്രീകളിൽ നല്ല സ്വാധീനം ചെലുത്തുന്നുണ്ട്. അല്പസമയം വീട്ടിൽ വിശ്രമത്തിനു കിട്ടിയാൽ ഒന്നുകിൽ ടി. വി. അല്ലെങ്കിൽ റേഡിയോ പ്രവർത്തിപ്പിച്ചിരിക്കും. അതിനാൽ തന്നെ വായനാശീലം അവരിൽ കുറവാണ്. സ്ത്രീകളിൽ രണ്ടുശതമാനത്തിൽ താഴെ ആളുകൾമാത്രമേ വായനശീലം പുലർത്തുന്നുള്ളൂ. പുരുഷൻമാരിലും വർദ്ധിതമായവായനാശീലം ഇല്ല. ഏതാണ്ട് ഇരുപതുശതമാനം ആളുകൾ വിവിധ ഇനം പുസ്തകങ്ങൾ വായിക്കുന്നവരായിട്ടുണ്ട്. പുരുഷൻമാരിൽ അറുപതു ശതമാനവും സ്ത്രീകളിൽ പത്തു ശതമാനവും പത്രം വായിക്കുന്നവരാണ്. പുരുഷൻമാരിൽ പത്തുശതമാനവും മാസികകളോ, വാരികകളോ വായിക്കുന്നതിൽ തല്പരരാണ്.

ഇവിടെ പ്രചാരമുള്ള ദിനപത്രങ്ങൾ മലയാളമനോരമ, ദീപിക, ദേശാഭിമാനി, മാതൃഭൂമി, കേരളകൗമുദി. മംഗളം, രാഷ്ട്ര ദീപിക, തുടങ്ങിയവയാണ്

മൊത്തത്തിൽ ഉയർന്ന സാംസ്കാരിക നിലവാരം പുലർത്തുന്ന നാടാണ് മുട്ടാർ ജാതിമത ഭേദചിന്തകളുടെ പേരിൽ ചേരിതിരിവുകൾ ഒട്ടും ഇല്ലാത്ത പ്രദേശം. സാമ്പത്തികസാമൂഹിക രംഗങ്ങളിലെ അന്തരങ്ങളും സാഹോദര്യത്തെ ബാധിച്ചിട്ടില്ല. വിവിധ ജാതിമതസ്ഥർ അധിവസിക്കുന്ന ഈ പ്രദേശത്ത് പൗരാണിക കാലം മുതൽ ഇന്നോളം മതസൗഹാർദ്ദത്തിന് കോട്ടം സംഭവിച്ചിട്ടില്ല.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 6%ത്തോളം പട്ടികജാതി വിഭാഗക്കാരാണ്. 175 പട്ടിക ജാതികുടുംബങ്ങൾ ഇവിടെ വസിക്കുന്നു. പട്ടികവർ ഗ്ഗകുടുംബങ്ങൾ ഒന്നും തന്നെയില്ല. പട്ടികജാതിയിൽ പ്പെട്ട ആകെ ആളുകൾ - 766.

വിദ്യാഭ്യാസം

സാമ്പത്തിക സ്ഥിതിയും വിദ്യാഭ്യാസനിലവാര വുമാണ് സമൂഹത്തിൽ സ്ഥാനം നിർണ്ണയിക്കുന്ന മുഖ്യ ഘടകങ്ങൾ. രണ്ടിലും കേരളത്തിൽ പൊതുവേ എന്ന തുപോലെ ഈ പഞ്ചായത്തിലും ഹരിജനങ്ങൾക്ക് മു ന്നേറാൻ സാധിച്ചിട്ടില്ല. വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര നേട്ടങ്ങൾ കൈവരിക്കുവാൻ ഇവർക്കു കഴിഞ്ഞിട്ടില്ല. നിരക്ഷരർ കുറവാണെങ്കിലും ഉന്നത വിദ്യാഭ്യാസം ല ഭിച്ചവർ വളരെ ചുരുക്കമാണ്. വീടുകളിലെ സാമ്പ ത്തിക പരാധീനതമൂലമാണ് പലർക്കും പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയാതെ പോവുന്നത്. ഹൈസ്കൂൾ വിദ്യാഭ്യാസം പോലും പൂർത്തീകരിക്കു വാൻ കഴിയാത്ത ഹരിജൻ കുട്ടികൾ ധാരാളം ഉണ്ട്. സന്നദ്ധസംഘടനകൾ മുന്നോട്ടുവന്ന് പഠനത്തിൽ പി ന്നോക്കം നില്ക്കുന്ന പിന്നോക്ക വിഭാഗവിദ്യാർത്ഥിക ളുടെ പഠനനില വാരം ഉയർത്തുന്നതിനുള്ള പരിപാടി കൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്. ഇട യ്ക്കുവെച്ച് പഠനം നിർത്തി പോകുന്ന വിദ്യാർത്ഥിക ളുടെ എണ്ണവും കുറവല്ല.

സാധ്യതകൾ

1. ഗവൺമെൻറിൽ നിന്നും ഇപ്പോൾ നൽകുന്ന സ്റ്റൈഫൻഡ് തുക കാലോചിതമായി വർദ്ധിപ്പിക്കേ ണ്ടതാണ്.

2. സന്നദ്ധ സംഘടനകൾ ഗ്രാമപഞ്ചായത്തുകൾ, മഹിളാ സമാജങ്ങൾ എന്നിവ മുഖേന യൂണിഫോമും -പഠനോപകരണങ്ങളും വിതരണം ചെയ്യുക.

2. ഗ്രാമസഭാ ഭാരവാഹികൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നല്കുന്നതിനുവേണ്ടി വാർഡുതലത്തിൽ ഫണ്ടു ശേഖരിക്കുക.

4. പഠനത്തിൽ നിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികളെ ഗ്രാമസഭാതലത്തിൽ കണ്ടെത്തി തുടർന്നു പഠിക്കുന്നതിനുള്ള പ്രോത്സാഹനം കൊടുക്കുക.

5. ഓരോ ടേമിലും ഓരോ ക്ലാസ്സിൽ നിന്നും കൂടു തൽ മാർക്കുവാങ്ങുന്ന പിന്നോക്ക വിഭാഗ വിദ്യാർത്ഥി കളെ കണ്ടെത്തി ഗ്രാമസഭാതലത്തിലും പഞ്ചായത്തു തലത്തിലും അനുമോദന സമ്മേളനങ്ങൾ നടത്തി അവ രെ പ്രോത്സാഹിപ്പിക്കുക.

6. 5 മുതൽ 10 യരെ സ്റ്റാൻേറർഡിലെ കുട്ടികൾ ക്കായി പ്രീ-മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.

7. അഭ്യസ്തവിദ്യരായവരുടെ സേവനം ഇവരുടെ പഠനനിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

8. എസ്.എസ്.എൽ.സി. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതി ന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂ ത്രണം ചെയ്യുക. (സ്കോളർഷിപ്പ് ഏർപ്പെടുത്തുക)

9. ബോധവൽക്കരണത്തിന്റെ ഭാഗമായി കോള നികളിൽ ടി.വി. സെറ്റുകൾ സ്ഥാപിക്കുക.

10. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവ രുന്ന 3 മുതൽ 5 വരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാ ടികൾ രണ്ടോമൂന്നോ കോളനികൾക്ക് സംയുക്തമായി ഏർപ്പെടുത്തുക.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവരുന്നവരാണ്. എന്നാൽ കാർഷിക മേഖലയിൽ അങ്ങേയറ്റം അവർക്കു ലഭിക്കുന്ന പ്രവൃത്തി ദിവസങ്ങൾ വർഷത്തിൽ എൺപതോ തൊണ്ണൂറോ മാത്രമാണ്. ബാക്കിയുള്ള സമയം മുഴുവൻ അലസമായി സമയം ചെലവിടുകയും വരുമാനം ഇല്ലാതാവുകയും ചെയ്യുന്നു. കാർഷിക മേഖലയെ മാത്രം ആശ്രയിച്ച് ഉപജീവിനം നടത്തുകയെന്നത് അസാദ്ധ്യമാണ്. ആകയാൽ വർഷത്തിലെ ബാക്കിയുള്ള ദിവസങ്ങൾ കൂടി പണിലഭിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് ഇവരുടെ തൊഴിലില്ലായ്മക്ക് ഒരു പരിധിവരെയെങ്കിലും ആശ്വാസം കണ്ടെത്താവുന്നതാണ്.

1. പായ് നെയ്ത്ത്, കൊട്ട, പനമ്പ്, എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാത്തിൽ സംഘടിപ്പിക്കുക.

2. പെൺകുട്ടികളെ കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഇതിന് എല്ലാവിധ സഹായങ്ങളും അധികൃതർ ചെയ്യുക.

3. വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമാകുന്നവർക്ക് വ്യവസായങ്ങൾ തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക.

4. സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ചന്ദനത്തിരി നിർമ്മാണം, സോപ്പുനിർമ്മാണം, മെഴുകുതിരി നിർമ്മാണം, കൊതുകുതിരി നിർമ്മാണം, അച്ചാർ നിർമ്മാണം, റെഡിമെയ്ഡു വസ്ത്ര നിർമ്മാണം എന്നവയിൽ പരിശീലനം കൊടുക്കുകയും പരിശീലനം ലഭിക്കുന്നവർക്ക് പലിശ രഹിത വായ്പകൾ അനുവദിക്കുകയും ചെയ്യുക.

തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർ

ഈ പഞ്ചായത്തിൽ തൊഴിൽ രഹിതരായ 150 ഓളം അഭ്യസ്തവിദ്യരാണുള്ളത്. ഇവർക്ക് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം കൊടുക്കുകയും വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായിടത്തോളം തുക ഗ്രാമപഞ്ചായത്തു മുഖേന സർക്കാരിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുക. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

പാർപ്പിടം

ഈ പഞ്ചായത്തിൽ ഓടിട്ട ഹരിജൻ വീടുകളുടെ എണ്ണം - 199 ആണ്. ചെറ്റപ്പുരകളുടെ എണ്ണം - 48. പണി പൂർത്തിയാക്കാത്ത വീടുകളുടെ എണ്ണം - 18.

ചെറ്റപ്പുരകളിൽ താമസിക്കുന്നവർക്ക് വീടു നിർമ്മാണസഹായം നല്കുക. വീടു വയ്ക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം കൊടുക്കുക. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകുക.

വീട് പുതുക്കി പണിയുന്നതിനും അറ്റുകുറ്റപ്പണികൾക്കു പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക. വീടുനിർമ്മാണത്തിനു അനുവദിക്കുന്ന തുകയുടെ അപര്യാപ്തതമൂലമാണ് പലവീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നത് പുരപണി പൂർത്തീകരിക്കാതെ കിടക്കുന്നതിന്റെ കാരണം കണ്ടെത്തി ഗ്രാമപഞ്ചായത്തധികൃതർ വേണ്ടപരിഹാരം ചെയ്തുകൊടുക്കുക.

ഭൂരഹിതർ

സ്വന്തം പേരിൽ ഭൂമിയല്ലാത്ത മുപ്പതോളം ഹരിജൻ കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഇതിനു പുറമേ ഒരേ വീട്ടിൽ താമസിക്കുന്ന ഒന്നിലധികം കുടുംബങ്ങളുണ്ട്. അവർക്കു മാറിതാമസിക്കുന്നതിന് ആവശ്യമായ ഭൂമിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പാക്കിവരുന്ന ഭൂരഹിത, ഭവന രഹിത പുനരധിവാസ പദ്ധതി ഈ പഞ്ചായത്തിൽ നടപ്പിലാക്കി നിലവും സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.

കൃഷിഭൂമി വാങ്ങുന്നതിനുവേണ്ടിസൗജന്യമായി അനുവദിക്കുന്ന തുക പഞ്ചായത്തുകളിൽക്കൂടി വിതരണം ചെയ്യുവാനുള്ള സംവിധാനംഏർപ്പെടുത്തുക.

ഭൂരഹിതരായ പട്ടികജാതി കർഷകതൊഴിലാളികൾക്ക് ഈ പഞ്ചായത്തിൽ തന്നെ കിടക്കുന്ന മിച്ചഭൂമിപതിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

പട്ടികജാതി കോളനികൾ

ഈ പഞ്ചായത്തിലെ ഒന്ന്, രണ്ട്, നാല്, അഞ്ച് , ഏഴ് വാർഡുകളിൽ ഓരോ പട്ടികജാതി കോളനികൾ ഉണ്ട്. എന്നാൽ ഈ അഞ്ചു കോളനികളുടേയും നില വളരെ ശോചനീയമായിട്ടുള്ളതാണ്. ഈ കോളനികളിൽ കുടിവെള്ള സൗകര്യമില്ല. വൈദ്യുതി ഇല്ല. വെള്ളപ്പൊക്കകാലത്ത് കോളനിയിലെ താമസം വളരെ യധികം ദുരിതപൂർണ്ണമാണ്. കോളനികളിൽ കക്കൂസുകളില്ല.

മേൽ പറഞ്ഞ കോളനികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

വെള്ളപ്പൊക്ക ദുരിതങ്ങളിൽ നിന്നും മോചനം ലഭിക്കുന്നതിനും, പുരയിടത്തിലെ മണ്ണാലിപ്പുതടയുന്നതിനും, താമസിക്കുന്ന പുരയിടം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

കോളനികളിലല്ലാതെ താമസിക്കുന്ന പട്ടികജാതിവിഭാഗത്തിൽപ്പെട്ട ആളുകൾക്കും ഈ പദ്ധതിയുടെ പ്രയോജനം ഉറപ്പുവരുത്തുക.

എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. അതോടൊപ്പം വൈദ്യുതിലഭിക്കാത്ത ഇതര പട്ടികജാതി കുടുംബങ്ങൾക്കും വൈദ്യുതി നല്കുക.

എല്ലാ കേളാനികളിലും ശുദ്ധജലവിതരണ സംവിധാനം ഏർപ്പെടുത്തുക. കോളനികളിലും ഇതര പട്ടികജാതികുടുംബങ്ങളിലും കക്കൂസ്നിർമ്മിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

ഓരോ വാർഡുകളിലേയും 5 വീടുകൾ ഉൾപ്പെടുത്തി കോളനികൾ സ്ഥാപിക്കുക. ചുറ്റുമതിലോടുകൂടിയ ഒരു ഹരിജൻ ശ്മശാനം ഉണ്ടെങ്കിലും അവിടേക്ക് എത്തിച്ചേരുന്നതിന് സൗകര്യപ്രദമായ വഴികളില്ല. ആകയാൽ പഞ്ചായത്തുപാലത്തിന്റെ പടിഞ്ഞാറുവശത്തു നിന്നും ശ്മശാനത്തിലേക്ക് കിടക്കുന്ന വഴി വീതികൂട്ടി പൊക്കം വരുത്തി സൗകര്യപ്രദമാക്കുക.

ഈ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാരുടെ ആകെ വീടുകൾ അടുത്ത അഞ്ചുവർഷത്തേക്ക് വേണ്ടിവരുന്ന വീടുകൾ, ഇവയിൽ കക്കൂസ് ഉള്ളവ, ഇല്ലാത്തവ അടുത്ത അഞ്ചുവർഷത്തേക്ക് വേണ്ടിവരുന്ന കക്കൂസുകൾ എന്നിവ വേർതിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

വാർഡ് നമ്പർ	ഇപ്പോഴുള്ള വീടുകൾ	അടുത്ത 5 വർഷത്തേക്ക് വേണ്ട വീടുകൾ	കകൂസ് ഉള്ളവർ	കക്കൂസ് ഇല്ലാത്തവർ	അടുത്ത 5 വർഷത്തേക്ക് വേണ്ട കക്കൂസുകൾ
I	21	9	11	10	9
II	31	12	10	18	12
III	22	9	12	10	9
IV	35	15	9	26	15
V	24	9	11	13	9
VI	25	9	8	17	9
VII	10	5	6	4	5
VII	7	3	2	5	3

വനിതാ മേഖല

കുടുംബത്തിന്റെ മണിവിളക്കാണ് സ്ത്രീ ഭർത്താവിനെ പരിചരിക്കുകയും കുട്ടികളെ വളർത്തുകയുമായിരുന്നു പ്രാചീന പതിവ്. ഉത്തമയായ സ്ത്രീ ഭർത്താവിനെ ഹൃദയം തുറന്നു സ്നേഹിക്കുന്നു മക്കളെ കൺമണി പോലെ കാത്തു പരിപാലിക്കുന്നു.

വഴിപിഴച്ച ഭാര്യ വീടിനെ നരകതുല്യമാക്കുന്നു. സ്നേഹം പകർന്നു കൊടുക്കുവാൻ അവളെക്കൊണ്ടു കഴിയാതെ വരുന്നു. അയൽക്കാർക്കും നാട്ടുകാർക്കും അവളൊരു ശാപമാണ്. നമ്മുടെ ഗ്രാമപഞ്ചായത്തുകളിലെ സ്ത്രീകളെ ബോധന പ്രക്രിയയിലൂടെ വളർത്തിയെടുത്താൽ നാട്ടിൽ ഐശ്വര്യത്തിന്റെ ദീപശിഖ ഉയരും.

ഈ ഗ്രാമപഞ്ചായത്തിൽ പുരുഷൻമാരെക്കാൾ സ്ത്രീകളാണ് കൂടുതൽ. സ്വാതന്ത്ര്യ പ്രാപ്തിയുടെ കാല ഘട്ടങ്ങളിലേക്കു കണ്ണോടിക്കുമ്പോൾ വിദ്യാഭ്യാസകാര്യത്തിൽ നമ്മുടെ സ്ത്രീകൾ തികച്ചും പിന്നിലായിരുന്നു. സാമൂഹ്യ സാംസ്കാരിക വളർച്ചയുടെ ഫലമായി വളരുന്ന തലമുറകൾക്കു വിദ്യാഭ്യാസം അനിവാര്യമാണെന്ന ബോധ്യം സ്ത്രീകൾക്കു വന്നു. ഏതാണ്ട് 50 വർഷങ്ങൾക്കുമുൻപ് പ്രൈമറി വിദ്യാഭ്യാസം പോലുമില്ലാത്ത സ്ത്രീകളാണീഗ്രാമത്തിലുണ്ടായിരുന്നത്. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സ്ത്രീകൾക്കു തൊഴിലവസരങ്ങൾ കുറവാണ്. സ്ത്രീകൾ മാന്യമായി ചെയ്യാവുന്ന നിരവധി തൊഴിലുകൾ ഉണ്ട് കുടിൽ വ്യവസായാടിസ്ഥനത്തിൽ അവരെ അണിനിരത്തേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. നൂൽനൂൽപ്പ്, വസ്ത്രം നെയ്യുക- പനമ്പൊളികൊണ്ടു കുട്ടയും, പനമ്പും നെയ്യുകയും, പായ് നെയ്യുക, വട്ടി, കുട്ട, നിർമ്മാണം തുടങ്ങിയ കൈത്തൊഴിലു കൾ വനിതകൾക്ക് അനുപേക്ഷിണീയമാണ്. ഈ ഗ്രാപഞ്ചായത്തിൽ ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി രണ്ടു സഹകരണ സംഘങ്ങൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

കുടിൽ വ്യവസായങ്ങളിലൂടെയും സഹകരണ പ്രസ്ഥാനങ്ങളിലൂടെയുള്ള താഴെക്കിടയിലുള്ള വനിതകളുടെ ഉന്നമനത്തിനും പദ്ധതികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

സ്ത്രീ പീഡനങ്ങൾ വളരെയുള്ള ഈ കാലയളവിൽ, അങ്ങനെയൊരപവാദം ഈ ഗ്രാമപഞ്ചായത്തിലില്ലാ. വനിതകൾക്കു മാന്യത കല്പിക്കുന്നതിൽ ഇന്നാട്ടുകർ മുൻപന്തിയിലാണ്. സാംസ്കാരി ബോധമുള്ള മാതാക്കൾ ശിശുക്കളുടെ വളർത്തലിൽ അതീവശ്രദ്ധരാണ്. അതു കൊണ്ട് സ്ഥിതിമാറി. വിദ്യാസമ്പന്നകളായ സ്ത്രീകളാൽ സമൃദ്ധമാണ് ഇന്നീഗ്രാമം. എന്നാൽ പാടത്തുപണിയെടുത്തു കാലയാപനം കഴിയുന്ന കർഷകത്തൊഴിലാളികളായ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം വളരെ പിന്നോക്കമാണ്. സാമൂഹ്യ സംഘടനകളുടെയുംട സാക്ഷരതാസമിതികളുടെയും ഫ്രവർത്തന ഫലമായി ഇന്ന് ഈ ഗ്രാമത്തിലെ എല്ലാ സ്ത്രീകളും സാക്ഷരരായിമാറിയിട്ടുണ്ട്. ഈ ഗ്രാമത്തിലെ മാതാക്കളായ സ്ത്രീകൾ അവരുടെ മക്കളുടെ വിദ്യാഭ്യസത്തിന്റെ കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തുന്നവരാണ്.

ആരോഗ്യനിലവാരത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ നമ്മുടെ വനിതകൾ പിന്നാണെന്ന് പറയാതിരിക്കുവാൻ നിവർത്തിയില്ല. കർഷകരുടെയും കർഷകത്തൊഴിലാളികളുടെ സ്ത്രീകൾ അവിശ്രമം പണിയെടുക്കുന്നവരാണ്. പോഷകാഹാരക്കുറവ് അമിതമായ അദ്ധ്വാനം എന്നിവ അവരുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. കാര്യമായ രോഗബാധ ഉണ്ടായാൽ ചികിത്സിക്കുന്നതിനുപോലും കഴിവില്ലാത്തവർ നിരവധിയാണ്. ചികിത്സയുടെ അഭാവത്തിൽ പിടഞ്ഞു മരിച്ചിട്ടുള്ള ഗർഭിണികൾ ഈ ഗ്രാമപഞ്ചാത്തിൽ കുറവല്ല. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ സജീവമായ പ്രവർത്തനങ്ങളിൽ കൂടി മാത്രമെ ഈ ദുർബല വിഭാഗം സ്ത്രീകളുടെ ആരോഗ്യം പുനരുദ്ധാരണം സാദ്ധ്യമാകു. ശിശുമരണം തുലോം കുറഞ്ഞിരിക്കുന്നതിന് ദാരിദ്ര്യരേഖക്ക് താഴെയുള്ള സ്ത്രീകളുടെ പ്രസവരക്ഷയ്ക്കു സാമ്പത്തിക സഹായം അനവദിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഓരോ വാർഡിലെയും വനിതാ സമാജങ്ങൾ ഉയർത്തെഴുന്നേല്ക്കേണ്ടിയിരിക്കുന്നു. മഹിളാ സമാജത്തിനു വനിതകളുടെ ഉന്നതിക്കുവേണ്ടി പലതും ചെയ്യുവാൻ കഴിയും.

മഹിളാ സമാജത്തിന്റെ മേൽനോട്ടത്തിൽ വനിതകൾക്കു വേണ്ടി വായനശാലകൾ തുറക്കേണ്ടതു പുരോഗതിയുടെ നാന്ദിയായിരിക്കും. അർഹരായ വനിതകൾക്ക് യഥാസമയങ്ങളിൽ പെൻഷൻ തുക കിട്ടിന്നുല്ലെന്ന് പരക്കെ പരാതിയുണ്ട്.

കന്നുകാലിവളർത്തൽ, കോഴിവളർത്തൽ എന്നിവയ്ക്കു തല്പരരാണ് വനിതകൾ. അതിനാവശ്യമായ സാമ്പത്തിക സഹായം യഥാസമത്തു ലഭിക്കുന്നില്ലായെന്നു പരാതി ഉണ്ട്. അടുക്കളത്തോട്ട നിർമ്മാണത്തിന് കാര്യമായ പ്രോത്സാഹനം നല്കണം.

നിർദ്ദേശങ്ങൾ

1. സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ പണിയെടുക്കുന്ന വനിതകളെ സമൂഹം അംഗീകരിക്കുക. അവർക്ക് പുരസ്കാരം നൽകുന്ന കാര്യത്തിൽ ശ്രദ്ധപതിപ്പിക്കേണ്ട എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ ശക്തിപ്പെടുത്തുക പട്ടികജാതി പട്ടികവർഗ്ഗ സ്ത്രീകൾക്കു വേണ്ടി ക്ഷേമപരിപാടികൾ ഏർപ്പെടുത്തുക.

5. വനതികളെ താല്പര്യമുള്ള കുടിൽ വ്യവസായങ്ങളിൽ ഏർപ്പെടുത്തുക.

6. വനിതകൾക്കുവേണ്ടി കായികകലാമത്സരങ്ങൾ സംഘടിപ്പിക്കുക പഞ്ചായത്ത്-ബ്ലോക്ക്-ജില്ലാ തലങ്ങളിൽ വിജയം നേടുന്നവരെ സംസ്ഥാനതലത്തിൽ മത്സരിപ്പിക്കുക. വിജയകിരീടം നേടുന്നവരെ-ആഘോഷപൂർവ്വം ആദരിക്കുക.

8. ലഘു നിക്ഷേപ പദ്ധതി നിർബന്ധിതമായും നടപ്പിലാക്കുക.

സഹകരണ മേഖല

'ഒരുവനുവേണ്ടി എല്ലാവരും എല്ലാവനും വേണ്ടി ഒരുവനും' എന്നുള്ളതാണ് സഹകരണപ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വം. വ്യക്തികൾ പരസ്പരം സഹായിക്കുകയും സഹകരിക്കുകയും ചെയ്തെങ്കിൽ മാത്രമേ സമൂഹത്തിനും അവനവനുതന്നെയും പുരോഗതിയും ശ്രേയസ്സും കൈവരിക്കുവാൻ സാദ്ധ്യമാകൂ. ഈ പഞ്ചായത്തിലെ വിവിധ സഹകരണപ്രസ്ഥാനങ്ങൾ ഈ നാടിന്റേയും നാട്ടാരുടേയും പുരോഗതിക്കുവേണ്ടി ചെയ്യുന്ന സേവനങ്ങൾ മഹത്തരമാണ്. സ്വാതന്ത്ര്യലബ്ധിയോടനുബന്ധിച്ച് ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങളെ ഋണബാദ്ധ്യതയിൽ നിന്ന് വിമുക്തമാക്കുന്നതിനും, ഇടനിലക്കാരുടെ ചൂഷണങ്ങളിൽ നിന്നും രക്ഷിക്കുന്നതിനും, മറ്റു ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടി 1948 ൽ രൂപീകൃത മായതാണ് മുട്ടാർ വിവിദോദ്ദേശ സഹകരണസംഘം. ഏതാനും യുവാക്കളുടെ അശ്രാന്ത പരിശ്രമഫലമായി 25 അംഗങ്ങളോടുകൂടി ആരംഭിച്ചതാണ് ഈ സ്ഥാപന. ഈ പഞ്ചായത്തിൽ വിവിധ മേഖലകളിൽ പ്രവർക്കുന്ന സഹകരണസ്ഥാപനങ്ങൾ മുട്ടാർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 4048, പുതുക്കരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2041, പാൽ ഉല്പാദക സഹകര ണ സംഘങ്ങൾ, സ്കൂൾ സൊസൈറ്റികൾ മൺപാത്ര നിർമ്മാണ വ്യവസായ സഹകരണസംഘങ്ങൾ എന്നിവ യാണ്.

മുട്ടാർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 4048

മുട്ടാർ പഞ്ചായത്തിൽ 7-ാം വാർഡിൽ സ്ഥിതിചെയ്യുന്നു. 27-2-1957 ൽ മുട്ടാർ വിവിദ്ദോദ്ദേശ സഹകരണസംഘം ക്ലിപ്തം 4048 എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു 23-1-1961 മുതൽ മുട്ടാർ വിവിദ്ദോദേശ സഹകരണസംഘം മുട്ടാർ സർവ്വീസ് സഹകരണബാങ്കായി പ്രവർത്തിച്ചുപേരുന്നു. ആരം ഭകാലത്ത് സഹകാരികളുടെ ആവശ്യങ്ങൾ മതിയായത്ര നിറവേറ്റുവാൻകഴിഞ്ഞില്ലായെങ്കിലും ഇന്ന് ഈ ബാങ്ക് വളർച്ചയുടെ പാതയിലാണ്. ചെറുകിട പരിമിത കർഷകരുടേയും, ദുർബല വിഭാഗങ്ങളുടെയും, കർഷകതൊഴിലാളികളുടെയും ഉന്നമനത്തിന് ഉതകുന്ന കാർഷിക ഹ്രസ്വകാല, മദ്ധ്യ കാല, ദീർഘകാല വായ്പകളും IRDP വായ്പകളും സഹകരണ വായ്പകളും, സ്വർണ്ണപണയ വായ്പകളും, കൺസ്യൂ മർ വായ്പകളും അർഹരായ അംഗങ്ങൾക്ക് ആവശ്യനുസരണം വിതരണം ചെയ്യുകയും, ചിട്ടി, വളം വ്യാപാരം, കീടനാശിനി വ്യാപാരംഎന്നിവ നടത്തുകയും ചെയ്യുന്നതോടൊപ്പം സ്ഥിരനിക്ഷേപം ക്യാഷ് സർട്ടിഫിക്കേറ്റ് നിക്ഷേപം, റെക്കറിംഗ് നിക്ഷേപം സേവിംഗ് ബാങ്ക് നിക്ഷേപം തുടങ്ങിയ നിക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു.


ഇവിടെ നെല്ല്, തെങ്ങ്, വാഴ എന്നിവയുടെ കൃഷിക്ക് കാർഷിക വായ്പകളും, കറവമാടുകളെ വാങ്ങുന്നതിനും, ചെറുകിട കച്ചവടം നടത്തുന്നതിനും സ്വയം തൊഴിൽ (IRDP) വായപകളും, വീട്ടുപകരണങ്ങൾ വാങ്ങുന്നതിന് കൺസ്യൂമർ വായ്പകളും, കക്കൂസ് നിർമ്മാണത്തിനും, ഒലമേഞ്ഞ പുര ഓടിടിന്നതിനും, പമ്പുസെറ്റുകൾ വാങ്ങുന്നതിനും ദീർഘ കാലവായ്പകളും നൽകുമ്പോൾ ഈ നാട്ടിലെ മുഴുവൻ ജനവിഭാഗങ്ങളുടെയും ആവശ്യങ്ങൾ പൂർണ്ണമായ തോ തിൽ നിറവേറ്റുന്നതിനു സാധിക്കുന്നുണ്ട്.

കുട്ടനാടിന്റെ പ്രത്യേക പരിതസ്ഥിതിയിൽ പ്രവർത്തിക്കുന്ന ഈ ബാങ്കിന് ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ലെങ്കിലും, ലാഭകരമാക്കുന്നതിനുവേണ്ടിയുള്ള തീവ്ര ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. നിക്ഷേപ സമാഹരണകാലത്ത്, നിക്ഷേപം സമാഹരിക്കുന്നതിൽ വിജയകരമായ നേട്ടം കൈ വരിക്കുവാൻ ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ബാങ്കിനുണ്ടായ അത്ഭുതപൂർവ്വമായ പുരോഗതി വ്യക്തമാക്കുന്നു ചാർട്ട് താഴെ കൊടുക്കുന്നു.

ചാർട്ട് -2

മുട്ടാർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 4048

പ്രവർത്തന സ്ഥിതിവിവരങ്ങൾ




പുതുക്കരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 2041

മിത്രക്കരിയിൽ സ്ഥിതിചെയ്യുന്ന പുതുക്കരി സർവ്വീസ് സഹകരണബാങ്ക് കൊല്ലവർഷം 1112-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരമഭിച്ചു. എളിയ തോതിലാരംഭിച്ച ഈ സഹകരണസംഘം ഇന്ന് വളർച്ചയുടെ പാതയിലാണ്. കർഷകരുടെയും, സാധാരണക്കാരുടേയും, കർഷകതൊഴിലാളികളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ വിവിധ വായ്പകൾ ഈ ബാങ്ക് മുഖേനവിതരണം ചെയ്യുന്നു. സ്വർണ്ണപ്പണയത്തിന്മേൽ ഈ ബാങ്കിൽ നിന്നും സാധാരണ പലിശയ്ക്കു പണം നൽകുന്നത് ഈ ദേശവാസികളെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹമാണ്.

മൺപാത്രനിർമ്മാണ വ്യവസായ സഹകരണസംഘം

ഈ പഞ്ചായത്തിലുൾപ്പെട്ട മിത്രക്കരിയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു മൺപാത്ര നിർമ്മാണ വ്യവസായ സഹകരണസംഘമുണ്ട്. ഈ സഹകരണ



സംഘം 9-10-1956 ൽ രജിസ്റ്റർ ചെയ്ത് 21-11-1956 ലാണ് മൺപാത്ര നിർമ്മാണമാരംഭിക്കുന്നത്. ഇന്ന് ഈ സഹകരണസംഘം വിവിധ പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

മിത്രക്കരി ക്ഷീരോല്പാദക സഹകരണസംഘം നമ്പർ A - 184 (D) APCOS

മിത്രക്കരിയിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. പ്രതിദിനം 500 ലിറ്റർ പാൽ സംഭരിക്കുന്നു. പ്രാദേശികാവശ്യങ്ങൾക്ക് 100 ലിറ്റർ വില്ക്കപെടുന്നു. 190 അംഗങ്ങളുണ്ട്.

മുട്ടാർ ഈസ്റ്റ് ക്ഷീരോല്പാദക സഹകരണ സംഘം

22-7-93 ൽ ആരംഭിച്ചു. ഇന്നും വിജയകരമായി പ്രവർത്തിക്കുന്നു. ആകെ അംഗങ്ങളുൾ 94-ഉം വോട്ടുവകാശമുള്ളവർ മുപ്പത്തിനാലുമാണ്. പ്രതിദിനം ശരാശരി മൊത്തം 150 ലിറ്റർ പാൽ ശേഖരിക്കുകയും അതിൽ 30 ലിറ്റർ പഞ്ചായത്തിൽ തന്നെ വിൽക്കുകയും ബാക്കി പ്ലാൻറിലേക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു. പ്രവർത്തന പരിധി അഞ്ചാം വാർഡിൻെറ പകുതിയും ആറും ഏഴും വാർഡുകളും ഉൾപ്പെട്ട ഭാഗവുമാണ്.

മുട്ടാർ വെസ്റ്റ് ക്ഷീരോല്പാദക സഹകരണ സംഘം

പ്രവർത്തനം ആരംഭിച്ച് അധികനാൾ കഴിയും മുമ്പ് പ്രവർത്തന രഹിതമായിത്തീർന്നു.

മുട്ടാർ ഹരിജൻ സഹകരണ സംഘം

ഇപ്പോൾ പ്രവർത്തനരഹിതമാണ്. പുനരുദ്ധരിക്കുവാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

മുട്ടാർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ - 4048

(A)

1. സ്ഥാപനത്തിൻെറ പേര് :
   എസ്. സി. ബി. ലിമിറ്റഡ് - 4048, മുട്ടാർ
2. പ്രവർത്തന പരിധി 4 മുതൽ 8 വരെ വാർഡുകൾ (4-ാം വാർഡിൻെറ ഒരു ഭാഗം)
3. പ്രവർത്തനാരംഭ വർഷം : 27-2-57
4. ആകെ അംഗങ്ങൾ : 2339
5. ഒരു ഷയറിൻെറ വില : 10/-രൂപ
6. അംഗീകൃത ഓഹരിമൂലധനം : 350000/- രൂപ.
7. പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം :339610 രൂപ.
8. സർക്കാർ ഓഹരി ഉണ്ടോ : ഉണ്ട്
   എത്ര തുക : (50000 രൂപ)
9. പരമാവധി ഒരാൾക്ക് കടംകൊടുക്കാവുന്ന തുക -
   1) കാർഷിക ഹ്യസ്വകാല മദ്ധ്യകാല, സാധാരണ വായ്പ : 10000
   2) പദ്ധതി വായ്പകൾ: ദീർഘകാല വായ്പകൾ : 25000
   ആകെ : 35000 രൂപ.

(B)

I. പരമാവധി സ്വീകരിച്ച നിക്ഷേപം Rs. 5853502 (F.D)
Rs. 5116241 (S.B.)

II. നാൾകിയിട്ടുള്ള വായ്പകൾ -

A. കാർഷിക വായ്പകൾ:

1. നെല്ല് Rs. 975650/-
2. തെങ്ങ് Rs. 345550/-
3. വാഴ Rs. 1433200/-

B മറ്റിനം വായ്പകൾ :-

1. സ്വർണ്ണം Rs. 4003420/-
2. Consumer Loan Rs. 279950/-
3. O.L.C.S. Rs. 212500/-

C. പ്രത്യേക വായ്പകൾ

IRDP Rs. 271250/-

3. സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ -
District Bank ൽ നിന്ന് Rs. 424999/-

4. ആകെ നൽകിയ വായ്പകൾ Rs. 7883375/-
5. കാലവധിക്കഴിഞ്ഞിട്ട് കിട്ടാനുള്ളത് Rs. 228764/-
6. സ്ഥാപനത്തിൻെറ ചെലവുകൾ
   Establishment Rs. 228764/-
   Contingent Rs. 75136 /-

7. നടത്തുന്ന പ്രവർത്തനങ്ങൾ:-

വായ്പകൊടുക്കൽ, സ്വർണ്ണ പണയം, ചിട്ടി, വളം കീടനാശിനി വ്യ[illegible]രം

അനുബന്ധം 13

പുതുക്കരി സർവ്വീസ് സഹകരണ ബാക്ക് സംബന്ധിച്ച വിവരങ്ങൾ

1.	സ്ഥാപനത്തിന്റെ പേര്	-	പുതുക്കരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. 2041
2.	പ്രവർത്തനപരിധി	-	മുട്ടാർ പഞ്ചായത്തിൽ പെട്ട 2, 3, 4, വാർഡുകൾ
2.	രാമങ്കരി പഞ്ചായത്തിലെ	-	8-ാം വാർഡ്
3.	ക്രഡിറ്റ് / നോൺ ക്രെഡിറ്റ്	-	ക്രെഡിറ്റ്
4.	പ്രവർത്തനം ആരംഭിച്ച വർഷം	-	1114 M.F
5.	ആകെ അംഗങ്ങൾ	-	1279
6.	ഒരു ഓഹരി മൂലധനം	-	Rs. 5 /-
7.	അംഗീകൃത ഓഹരി മൂലധനം	-	3 Lakhs
8.	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	-	Rs. 259960
9.	സർക്കാർ ഓഹരിഉണ്ടോ ?	-	ഉണ്ട്
10.	ഉണ്ടെങ്കിൽ ലഭിച്ച തുക	-	Rs. 11,10.000/-
11.	പരമാവധി കടം എടുക്കാവുന്ന തുക	-	Rs. 10,000/-

II. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a) സ്ഥരി നിക്ഷേപം - 1087314/-

b) ഹ്രസ്വകാലം - 483695/-

592409/-

III. *(a) കാർഷിക വായ്പകൾ :* Rs. 1334380/-

(ഹ്രസകാല കാർഷിക വായ്പ)

(b) മറ്റു വായ്പകൾ

i) വിദ്യാഭ്യാസ വായ്പ Rs. 15086 /-

ii) ഭവന നിർമ്മാണ വായ്പ 8476 /-

iii) പമ്പു സെറ്റുവാങ്ങുന്നതിനു നൽകിയ വായ്പ Rs. 11500 /-

(c) പ്രത്യേക വായ്പകൾ - ഇല്ല.

ചാർട്ട് - 2

മുട്ടാർ സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് - 4043

പ്രവർത്തന സ്ഥിതിവിവരങ്ങൾ

പ്രവർത്തനം ആരംഭിച്ച തീയതി	ഓഹരി മൂല്യം	സർക്കാർ ഓഹരി	വായ്പകൾ							ആകെ വായ്പകൾ	ആകെ ജീവനക്കാർ
			കാർഷിക വായ്പകൾ	സാധാരണ വായ്പകൾ	IRDP വായ്പകൾ	ദീർഘകാല വായ്പകൾ	നിക്ഷേപ വായ്പകൾ	ദീർഘകാല വായ്പകൾ	സർഫ്ഫ് ചന്തയാ	കൺസ്യൂമർ വായ്പകൾ	
27 - 2 -57	Rs. 339610	Rs. 50000	Rs. 5747416	Rs. 2754400	Rs. 212500	Rs. 271250	Rs. 32900	Rs. 328955	Rs. 4003420	Rs. 279950	Rs. 7883375 (എട്ടുപതിനായിരത്തി ലക്ഷത്തി എൺപത്തിമൂവായിരത്തി മുന്നൂറ്റി എഴുപത്തഞ്ചേ)	4 (സെക്രട്ടറി -1, അക്കൗണ്ടന്റ്-1, കാഷ്യർ -1, ജൂ. ക്ലർക്ക് -1)

ചാർട്ട് - 3

ചുനുക്കരി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് - 4041

പ്രവർത്തന സ്ഥിതിവിവരങ്ങൾ

പ്രവർത്തനം ആരംഭിച്ച തീയതി	ഓഹരി മൂല്യം	സർക്കാർ ഓഹരി	ആകെ നിക്ഷേപം	വായ്പകൾ				ആകെ വായ്പകൾ	ആകെ ജീവനക്കാർ
				കാർഷിക വായ്പകൾ	വിദ്യാഭ്യാസ വായ്പകൾ	വേന നിർമ്മാണ വായ്പകൾ	പമ്പു സെറ്റ് വാങ്ങുന്നതിനുള്ള വായ്പകൾ		
114 (M.E)	Rs. 259360	Rs. 110000	Rs. 5924109	Rs. 1334380	Rs. 180186	Rs. 84476	Rs. 11500	Rs. 1372442	3

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. ഈ പഞ്ചായത്തിലെ രണ്ടു സർവ്വീസ് ബാങ്കുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടം പരിഹരിക്കുന്നതിന് ഗവൺമെൻറിൽ നിന്നും പലിശയില്ലാത്തദീർഘകാല വായ്പകളോ, ഗ്രാന്റോ,കൂടുതൽ ഗവൺമെൻറ് ഷെയറുകളോ അനുവദിക്കേണ്ടതാണ്.

2. നെൽകർഷകർക്കും, നാളികേര കർഷകർക്കും മതിയായ വില ലഭിക്കുന്നില്ല. നെല്ലിനും, കൊപ്രയ്ക്കും തറവിലപ്രഖ്യാപിക്കുകയും, ഉൽപന്നങ്ങൾ സംഭരിച്ച് വയ്ക്കുന്നതിനുവേണ്ടി സർവ്വീസ് ബാങ്കുകളോടനുബന്ധിച്ച് ഗോഡൗണുകൾ പണിയുന്നതിന് ഗ്രാൻറ് അനുവദിക്കുകയോ, ഗോഡൗണുകൾ പണിയിച്ചു സംഭരിച്ചുവെയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കുകയോ ചെയ്യേണ്ടതാണ്.

3. പഞ്ചായത്തിൽ മിൽമായുടെ ബൂത്തുകൾ ഒന്നും തന്നെയില്ല. 2 ബൂത്തുകൾ ആരംഭിക്കുകയും, കൂടുതൽ പലുൽപാദന സൊസൈറ്റികൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. നാലാം വാർഡിലെ നിലച്ചുപോയ ബൂത്ത് പുനരാരംഭിക്കേണ്ടതാണ്.

4. കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവ് കാലി വളർത്തലിന് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. അതുകൊണ്ട് എല്ലാ സൊസൈറ്റികളിലും മിൽമായുടെ സബ്സിഡി നിരക്കിലുള്ള കാലിത്തീറ്റ ലഭ്യമാക്കണം.


5. അത്യുല്പാദന ശേഷിയുള്ള കറവമാടുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് അത്തരം കറവമാടുകളെ വാങ്ങുന്നതിന് വായ്പയും, ചികിത്സാ സൗകര്യവും ലഭ്യമാക്കണം.

6. ഹരിജൻ സൊസൈറ്റി പ്രവർത്തന രഹിതമായി കിടക്കുന്നത് പുനരുദ്ധരിക്കുകയും, പുതിയതായി മിത്രക്കരി ഭാഗത്ത് ഒരു ഹരിജൻ സൊസൈറ്റികൾ ആരംഭിക്കുകയും ചെയ്യുക.

7. നിത്യോപയോഗ സാധനങ്ങൾ സ്വകാര്യകടകളിൽ നിന്നും വാങ്ങുന്നതുമൂലം അമിതമായ വിലകൊടുക്കേണ്ടിവരുന്നു. അതിനാൽ, മുട്ടാർ എസ്. സി. ബിയോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന, ഇപ്പോൾ പ്രവർത്തനം നിന്നുപോയ മാവേലിസ്റ്റോറിനു പകരം, ഒരു സിവിൽ സപ്ലൈസ് സ്റ്റോർ ആരംഭിക്കേണ്ടതാണ്. അതിനുവേണ്ട മുറിയും, മറ്റുസൗകര്യങ്ങളും സൗജന്യമായി സർവ്വീസ് ബാങ്ക് നൽകുവാൻ സന്നദ്ധമാണ്. കൂടാതെ, ഒരു മൊബൈൽ മാവേലിസ്റ്റോറിന്റെ സേവനം പഞ്ചായത്താകമാനം ലഭ്യമാക്കണം.

8. വനിതകളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി വനിതാ സൊസൈറ്റികൾ സ്ഥാപിച്ചു, റെഡിമെയ്ഡ് വസ്ത്രങ്ങൾ, അച്ചാറുകൾ, ജാമുകൾ, സ്കൂൾ ബാഗ്, നോട്ടു ബുക്കുകൾ, കുടകൾ ഇവയുടെ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കണം.

9. കോഴി വളർത്തൽ സഹകരണ സംഘങ്ങൾ ആരംഭിച്ചു, വീടുകൾതോറും ചെറിയ യൂണിറ്റുകൾ സ്ഥാപിച്ചു കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കാൻ ധനസഹായവും, ശാസ്ത്രീയപരിജ്ഞാനവും നൽകണം.



വിഭവ സമാഹരണം

മണിമലയാറും അതിന്റെ ശാഖകളും താരാട്ടുപാടി ഉറക്കുന്ന മനോഹരമായ ഈ കുട്ടനാടൻ ഗ്രാമ വികസനത്തിന്റെ പാതയിൽ അധികമൊന്നു സഞ്ചരിച്ചിട്ടില്ല: 10.48 Sq. K.m വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിന്റെ ഏറിയഭാഗവും നെൽവയലുകളാണ്. കാർഷിക വൃത്തി ജീവനോപാധിയാക്കിയ ഇവിടുത്തെ ജനങ്ങളിൽ നല്ല പങ്കും ദരിദ്രരാണ്. വ്യവസായം എത്തിനോക്കിയിട്ടില്ലാത്ത ഈ ഗ്രാമത്തിൽ കൃഷി ഒരു തിരിച്ചു പോക്കിന്റെ പാതയിലാണ്. കിഴക്ക് നല്ല രണ്ടു മഴപെയ്താൽ അപ്പർ കുട്ടനാട്ടിൽ പെടുന്ന ഈ ഗ്രാമം വെള്ളത്തിനടിയിലാകും. പ്രധാന കാർഷികവിളകളായ നെല്ല്, തെങ്ങ്, വാഴ, പച്ചക്കറികൾ ഇവയെല്ലാം പൂർണ്ണമായി നശിക്കും. ഈ പഞ്ചായത്തിൽ ആകെയുള്ളത് 5 കിലോമീറ്റർ ടാർ റോഡുമാത്രമാണ്. വെള്ളപ്പൊക്കക്കാലത്ത് അതും വെള്ളത്തിനടിയിലാകും. വെള്ളപ്പൊക്കം ശാശ്വതമായി നിയന്ത്രിക്കാതെ വികസനമോ വിഭവസമാഹരണമോ ഇവിടെ ദുഷ്ക്കരമാണ്.

ബഹുനിലക്കെട്ടിടങ്ങൾ ഒന്നും ഇല്ലാത്തതുകൊണ്ട് കെട്ടിടനികുതി വളരെ കുറവാണ്. തൊഴിൽ നികുതിയും വളരെ പരിമിതമാണ്. വരുമാനമാർഗ്ഗങ്ങളായ ചന്തകൾ വിനോദശാലകൾ വ്യവസായ ശാലകൾ കമ്പോളങ്ങൾ ഒന്നും ഇല്ലാത്തതുകൊണ്ട് ഈ ഇനത്തിലും വരവ് വളരെ കുറവാണ്. ഭാഗ്യമോ നിർഭാഗ്യമോ എന്തുമാകട്ടെ ഇത് ഒരു ഒന്നാം ഗ്രേഡ് പഞ്ചായത്ത് ആണ്. അതിന് അനുസൃതമായ എസ്റ്റാബ്ളിഷ്മെൻറ് ചെലവുകൾ, പഞ്ചായത്തിന് താങ്ങാൻ പാടില്ലാത്തവിധം ഉയർന്നിരിക്കുന്നു. ഗവൺമെൻറ് പ്രത്യേക പരിഗണന നൽകി ഗ്രാൻറുകൾ വർദ്ധിപ്പിക്കാത്ത പക്ഷം ഈ പഞ്ചായത്തിന്റെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെടേണ്ടിവരും.

പഞ്ചായത്തിന്റെ വരുമാനത്തിലെ വ്യത്യാസം കാണിക്കുന്ന പട്ടിക

	ഇനം	91 - 92	95 - 96	വ്യത്യാസം	%
1	തനതുവരുമാനം	134049-00	207024-00	+72975-0	54.43
a	കെട്ടിട നികുതി	55685-00	75500-00	+19812-0	35.37
b	സർവീസ് നികുതി	20619-00	27996-00	+7377-0	35.77
c	തൊഴിൽ നികുതി	32882-00	57525-0	+24642	74.9
d	മണൽ ലേലം	10350-00	19550-0	+9200	88
2	ഉപാധി രഹിതധനം	205000-00	326000-0	+121000-0	59
3	ജെ. ആർ. വൈ.	211400-00	99866-0	-111534	53
4	ഗ്രാൻറുകൾ, സംഭാവനകൾ				
		146855-00	851238-0	+7043830	480
	ആകെ വരവ്	682795-00	1058262-00	375467	55
	ചെലവ്-എസ്റ്റാബ്ലിഷ്മെൻറ്	150204-00	31987-00	169653	113

ഈ അഞ്ചുകൊല്ലത്തിനിടയിൽ പഞ്ചായത്തിന്റെ തനതുവരുമാനത്തിൽ 54% വർദ്ധനവ് ഉള്ളപ്പോൾ എസ്റ്റാബ്ലിഷ്മെൻറ് ചെലവിനത്തിൽ 113% വർദ്ധനവാണ് ഉണ്ടായത്. ഇത്രകണ്ട് ചെലവു വർദ്ധിക്കുവാനുണ്ടായ പ്രധാനകാരണം ഉദ്യോഗസ്ഥരുടെ ശമ്പള പരിഷ്കരണമാണ്. മുൻപട്ടിക പരിശോധിച്ചാൽ, ഈ പഞ്ചായത്തിലെ വികസന പ്രവർത്തനത്തിനുള്ള ആളോഹരി വിഹിതം 110 രൂ. 20 സ. ആണ് എന്നുകാണാം.

ഈ കാലയളവിൽ ഗവ: തലത്തിലുള്ള -alottment തുകയിൽ 127 % വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഉണ്ടെന്നുപറയപ്പെടുന്ന വർദ്ധനവ് ഇക്കാലത്തുണ്ടായ വിലക്കയറ്റത്തോട് തട്ടിച്ചുനോക്കുമ്പോൾ നാമമാത്രമാണെന്നുപറയാം. വരും കാല പദ്ധതികളെപ്പറ്റി വ്യക്തമായ ധാരണകളില്ല. മുകളിൽ നിന്നും ലഭിക്കാവുന്ന തുകയെപ്പറ്റിയും വേണ്ടത്ര വിവരമില്ല. അതുകൊണ്ട് വികസനശതമാനമോ വിഭവസമാഹരണമോ എത്രയെന്നു പറയുക സാധ്യമല്ല. മുൻപഞ്ചായത്തിന്റെ കാലത്ത് 1993 മുതൽ 10-95 വരെ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിൽ അടയ്ക്കുവാനുണ്ടായിരുന്ന കുടിശിഖ $1^{1}/_{4}$ ലക്ഷത്തോളം രൂപയും 92-95 വർഷങ്ങളിൽ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ പ്രോവിഡൻറ് ഫണ്ട് ഇനത്തിൽ പഞ്ചായത്തിൽ നിന്നും ഗവൺമെൻറിലേക്ക് അടയ്ക്കേണ്ടിയിരുന്ന വിഹിതമായ 35000 രൂപയും ഈ ഭരണസമിതിയുടെ കാലത്ത് അടച്ചുതീർക്കേണ്ടി വന്നത് ഒരു വലിയ ഭാരമായിത്തീർന്നു.

ബാങ്കുകൾ, ഫൈനാൻസിയേഴ്സ്

ഈ പഞ്ചായത്തിൽ രണ്ടു സർവീസ് സഹകരണ ബാങ്കുകളും ഫെഡറൽ ബാങ്കിന്റെ ഒരു ശാഖയുമുണ്ട്. ചുരുക്കം ചില, ദിവസച്ചിട്ടിക്കാർ മാത്രമെ ചിട്ടിയുടെ മേഖലയിലുള്ളൂ. സഹകരണ ബാങ്കിൽ നിന്നും നൽകുന്ന വായ്പകൾ നിക്ഷേപങ്ങളെ അപേക്ഷിച്ചു കുടുതലാണെന്നുള്ളത് അഭികാമ്യമാണ്. എന്നാൽ മറ്റു ബാങ്കിൽ നിന്നും അത്രയും വായ്പാ സഹായം ജനങ്ങൾക്ക് ലഭിക്കുന്നില്ല. ഇവിടെ നിന്നും സമാഹരിക്കുന്ന തുകയുടെ 60 % എങ്കിലും ഇവിടത്തെ ഉൽപാദന പ്രദമായ മേഖല കളിൽ നിക്ഷേപിക്കുന്നതിനുവേണ്ടി വായ്പയായി ബാങ്കു നൽകേണ്ടതാണ്.

ബാങ്ക് തയ്യാറാക്കുന്ന ക്രെഡിറ്റ് പ്ലാൻ പഞ്ചായത്തു തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുമായി ബന്ധിപ്പിക്കണം. കാർഷിക രംഗത്തെ ഉൽപാദന വർദ്ധനവ് ലക്ഷ്യമാക്കിയായിരിക്കണം പ്രധാനമായും വായ്പകൾ നൽകേണ്ടത്. കാർഷിക വ്യാവസായിക വളർച്ചയ്ക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിക്കാൻ വേണ്ട വായ്പകൾ പഞ്ചായത്തിന് ബാങ്കിൽ നിന്നും ലഭിക്കണം. വായ്പയോടൊപ്പം സാങ്കേതിക ഉപദേശത്തിനും ബാങ്കിന് കഴിയണം. അതോടൊപ്പം ചെറുകിട വായ്പാ നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യണം. സന്നദ്ധപ്രവർത്തനങ്ങളിലൂടെയും സ്വകാര്യമുതൽ മുടക്കായും ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളായും കഴിയുന്നത്ര തുക ഉൽപാദന മേഖലകളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

സന്നദ്ധ പ്രവർത്തനങ്ങൾ വഴിയുള്ള വിഭവസമാഹരണം.

വികസനത്തിന്റെ ചുടും ചുരും എത്തിയിട്ടില്ലാത്ത നമ്മുടെ ഗ്രാമത്തിൽ ജനങ്ങളെ ഉൽബുദ്ധരാക്കിയാൽ വളരെ ഏറെ ജനശക്തി നാടിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഒരുക്കൂട്ടുവാൻ സാധിക്കും. വെള്ളപ്പൊക്കം മൂലം ഉപയോഗശൂന്യമായ റോഡുനന്നാക്കി സഞ്ചാരയോഗ്യമാക്കുവാൻ ജനങ്ങൾ, ജാതിമത വ്യത്യാസമെന്യേ മുന്നോട്ടുവന്ന അനുഭവങ്ങൾ ഈ ഗ്രാമത്തിലുണ്ട്. ജനങ്ങളെ ബോധവാൻമാരാക്കുക വഴി സന്നദ്ധ സംഘങ്ങൾ രൂപവൽക്കരിക്കുവാനും വളരെ ഏറെ കാര്യങ്ങൾ അവർ വഴിനേടുവാനും സാധിക്കും. ഉദാഹരണമായി കാർഷിക രംഗത്ത് നിസ്വാർത്ഥ സേവനം നടത്തുന്ന നെല്ലുൽപാദക സംഘങ്ങളും കേരവികസന സമിതികളും അതാതു രംഗങ്ങളിൽ അഭിമാനാർഹമായ സേവനങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സന്നദ്ധപ്രവർത്തനങ്ങൾ വഴിയായി വിദ്യാഭ്യാസ രംഗത്ത് വളരെ ഏറെ പ്രവർത്തിക്കാൻ സാധിക്കും ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുവാനും, നിധികൾ സ്വരൂപിക്കാനും സന്നദ്ധ സംഘങ്ങൾ വഴി സാധിക്കും. സ്കൂൾ പി. റ്റി. എ. കൾക്ക് സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ കാര്യമായ പങ്കുനിർവഹിക്കുവാൻ സാധിക്കും. ഫണ്ടുകൾ സ്വരൂക്കുട്ടുന്നതിനും അത് കളിസ്ഥലങ്ങൾ നിർമ്മിക്കുക മതിൽ കെട്ടുക തുടങ്ങിയ സൗകര്യങ്ങൾ സ്കൂളുകളിൽ ഉണ്ടാക്കുന്നതിന് വിനിയോഗിക്കുന്നതിനും സാധിക്കും.

ഗ്രാമത്തിന്റെ സമഗ്രമായ വികസനത്തിന് വിദേശത്തു ജോലിചെയ്യുന്ന ഗ്രാമത്തിലെ വ്യക്തികൾക്ക് വളരെയെറെ ചെയ്യുവാൻ സാധിക്കും. ഇവരിൽ ഏതാനും പേർ ഗൾഫ് രാജ്യങ്ങളിലും, ചുരുക്കം ചിലർ അമേരിക്കയിലും യൂറോപ്പ്യൻ രാജ്യങ്ങളിലുമായി ജോലിച്ചെയ്യുന്നു. ഇവർ സംഘടിച്ച് ഗ്രാമത്തിൽ ഒരു വ്യവസായംആരംഭിക്കുന്നതിന് പ്രേരിപ്പിച്ചാൽ അത് നമ്മുടെ

ഗ്രാമത്തിന്റെ മുഖച്ഛായ തന്നെ മാറ്റും. കെട്ടിട നിർമ്മാണത്തിനുവേണ്ട കോൺക്രീറ്റ് കട്ടിള, ജനൽ തുടങ്ങിയവ നിർമ്മിക്കുക, തീപ്പെട്ടിവ്യവസായം, റേഡിയോ, ടി.വി. തുടങ്ങിയവയുടെ അസംബ്ലിംങ് യൂണിറ്റുകൾ മുതലായവ നമ്മുടെ നാട്ടിൽ ആരംഭിക്കാവുന്ന ചെറിയ വ്യവസായങ്ങളാണ്. നമ്മുടെ തോടുകളുടെയും നദികളുടെയും തീരങ്ങളിൽ പുഷ്പവൃക്ഷങ്ങളായ വാക, കണിക്കൊന്ന മുതലായവ വച്ചുപിടിപ്പിക്കുക വഴി ഗ്രാമം വളരെ ഏറെ ആകർഷകമാകും, ടൂറിസ്റ്റുകൾക്ക് വളരെ പ്രിയപ്പെട്ടതും ആകും. ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രികയിലെ നിക്ഷേപത്തിന്റെ 20 % ആ പഞ്ചായത്തിനു തന്നെ ലഭിക്കും. ഭരണസമിതി മുൻകൈ എടുത്ത് ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കുക.

പ്രശ്നങ്ങളും	പരിഹാരമാർഗ്ഗങ്ങളും
1. പഞ്ചായത്തിന്റെ വരുമാനം ഉപയോഗപ്പെടുത്തുന്നില്ല.	നികുതികൾ 100 ശതമാനവും പിരിച്ചെടുക്കുക.
2. ഭരണച്ചെലവു വർദ്ധനവ്.	ഭരണച്ചെലവ് കഴിയുന്നതും കുറയ്ക്കുക
3. കോൺട്രാക്റ്റർമാരും ഇടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിതലാഭം.	മരാമത്തു പണികൾക്ക് പഞ്ചായത്തു സമിതി അംഗങ്ങൾ മേൽനോട്ടം വഹിക്കുക. ഇടത്തട്ടുകാരെ ഒഴുവാക്കുക.
4. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ	ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം. ബാങ്കുകളിലേക്ക് ജനങ്ങളെ അടുപ്പിക്കത്തക്ക വണ്ണം ജനങ്ങളെ ബോധവൽക്കരിക്കുക.
5. സന്നദ്ധപ്രവർത്തനങ്ങളിലെ താല്പര്യ കുറവ്	ജനങ്ങളെ ബോധവാൻമാരാക്കുക വഴി അവർ സന്നദ്ധപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കും.

വിഭവസമാഹരണം ഗ്രാമസഭയിൽ മുന്നോട്ടു വച്ച ആവശ്യങ്ങൾ

1. പൊതുചന്ത, മത്സ്യച്ചന്ത, പച്ചക്കറിച്ചന്ത, കന്നുകാലിച്ചന്ത എന്നിവ സൗകര്യപ്രദമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.
2. ഷോപ്പിംഗ് കോംപ്ലെക്സ് സ്ഥാപിക്കണം.
3. കമ്മ്യൂണിറ്റി ഹാൾ, കല്യാണ മണ്ഡപം എന്നിവ പണിയുക.
4. ബങ്കുകൾ നിർമ്മിച്ച് വാടകയ്ക്കു നൽകുക.
5. പഞ്ചായത്തു വക സൗകര്യപ്രദമായ സ്ഥലങ്ങളിൽ (പുറമ്പോക്ക്) കടകൾ നിർമ്മിച്ച് വാടകയ്ക്കു നൽകുക.
7. അഴിച്ചുവിടുന്ന കന്നുകാലികളുടെയും, പട്ടികളുടെയും ഉടമസ്ഥരിൽ നിന്ന് പിഴ ഈടാക്കണം.

മുട്ടാർ
4- 12 -99

നാട്ടുകാരേ സുഹൃത്തുക്കളേ !

അധികാരം ജനങ്ങളിൽ എത്തിനിൽക്കുന്ന ഇന്നിന്റെ പ്രത്യേകത ജനകീയ ആസൂത്രണ പ്രക്രിയയിൽ അധിഷ്ഠിതമാണ്. അധികാരത്തിന്റെ ഉന്നത ശ്രേണികളിൽ നിന്നും രൂപപ്പെട്ട് താഴേത്തട്ടിലേക്ക് ഒഴുകിയെത്തിയിരുന്ന വികസന ആസൂത്രണം, താഴേത്തട്ടിൽ രൂപപ്പെടുത്തി ഉന്നതങ്ങളിൽ എത്തിക്കേണ്ട സ്ഥിതി ഒരു ഗിരിപ്രയത്നം തന്നെയാണ്. പരിമിതമായ സമയപരിധിക്കുള്ളിൽ പരാധീനതകളുടെ പരമ്പരതന്നെ മറികടന്ന് നാടിനും നാട്ടാർക്കും നേട്ടങ്ങൾ കിട്ടത്തക്കവിധം കോട്ടങ്ങൾ കൂടാതെ പദ്ധതി രൂപപ്പെടുത്തുന്നിന് പരമാവധി പരിശ്രമം നടത്തിയിട്ടുണ്ട്. എങ്കിലും ആസൂത്രണ പ്രക്രിയയിൽ വൈദഗ്ധ്യം നേടിയിട്ടില്ലാത്ത സാധാരണക്കാരുടെ പ്രതിനിധികൾ പ്രായോഗിക പരിജ്ഞാനത്തിന്റെ പശ്ചാത്തലത്തിൽ ക്രമപ്പെടുത്തിയെടുത്ത വികസനരേഖ പരിണത പ്രജ്ഞരായ കുറെ ആളുകളുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണ്. പരിമിതികളും പരാധീനതകളും കുറ്റങ്ങളും കുറവുകളും കണ്ടേക്കാം. കൂട്ടായ ചർച്ചകളിലൂടെ അവ പരിഹരിക്കത്തക്കവിധം നമുക്ക് സഹകരിച്ച് പ്രവർത്തിക്കാം. നാടിന്റെ പുരോഗതി, നാട്ടുകാരുടെ നന്മ അത്രയിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

കഴിഞ്ഞ ഏഴാനും ആഴ്ചകളായി ഇനതടവില്ലാതെ ഈ രംഗത്ത് പണിയെടുത്ത് ഞങ്ങളോടു സഹകരിച്ച നല്ലയാളുകളെ ഞങ്ങൾ ഇന്നും എന്നും നന്ദിയോടെ സ്മരിക്കുകതന്നെ ചെയ്യും. അവരുടെ ആത്മാർത്ഥത നിറഞ്ഞ അദ്ധ്വാനത്തെ ഞങ്ങൾ ഹൃദയപൂർവ്വം അംഗീകരിക്കുന്നു. തുടർന്നും ഈ നാടിന്റെ വികസന പ്രവർത്തന രംഗങ്ങളിലെല്ലാം അവരുടെ വിലയേറിയ നേതൃത്വവും സഹായ സഹകരണങ്ങളും ഞങ്ങൾ സാദരം ചെയ്യുന്നു. ഇത്രയൊപ്പം എല്ലാ നാട്ടുകാരുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങളും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

കുറ്റങ്ങളും കുറവുകളും അംഗീകരിച്ചു കൊണ്ടുതന്നെ ഞങ്ങൾ ഈ വികസന റിപ്പോർട്ട് വിനയപൂർവ്വം ബഹുജനങ്ങൾക്ക് സമർപ്പിച്ചുകൊള്ളുന്നു.

എന്ന് പഞ്ചായത്ത് കമ്മറ്റിക്കു വേണ്ടി,

പ്രസിഡന്റ്.

ആശംസകൾ!

മുട്ടാർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ്

നമ്പർ : 4048

ഫോൺ: 212404

അറുപത് മാസങ്ങൾ കൊണ്ട് അവസാനിക്കുന്ന

നിക്ഷേപ പദ്ധതി ഉടൻ ആരംഭിക്കുന്നു.

ആശംസകൾ!!

ബോംബേ ഹാർഡുവെയർ

&

സെയിൽസ് ഏജൻസീസ്

എം.സി. റോഡ്, ചെങ്ങന്നൂർ

ഫോൺ : 452544, റെസി. 454142

എല്ലാവിധ പെയിന്റുകളുടെയും ചില്ലറ മൊത്ത വ്യാപാരികൾ